KOTTAYAM PUBLIC LIBRARY

Call No. M200 JOS-D Acc. No. 14077

Author ജോസഫ്. എം. മേപ്പുറത്ത്

Title ദിവ്യന്യായാധിപൻ.

856

14077

# ദിവ്യ ന്യായാധിപൻ

അഥവാ

## ലോകാവസാനവും അന്തിക്രിസ്തുവും

(തമിഴിൽനിന്ന് ഭാഷാന്തരം ചെയ്തത്)

"ചങ്ങനാശേരി
രൂപതയുടെ അഭിവന്ദ്യ മെത്രാൻ
മാർ മാത്യു കാവുകാട്ട് തിരുമനസ്സിലെ
മെത്രാപ്പോലീത്താ സ്ഥാനലബ്ധിസ്മാരകമായി
പ്രസിദ്ധപ്പെടുത്തുന്നത്."

**മേപ്രത്ത് എം. ജോസഫ്,**
തത്തമ്പള്ളി, ആലപ്പുഴ.

കോപ്പി 1000

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്)

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

Printed at the St. Joseph's Press, Mannanam. 1957

Nihil obstat.

Censor Deputatus.

Fr. Joseph Valiaveetil.

Imprimatur.

† Mathew Kavukatt,

Bp. of Changanacherry.

*Changanacherry,*
*27 - 4 - 1954.*

M200

# അവതാരിക

കേരള കത്തോലിക്കാ സാഹിത്യനഭസ്സിൽ വിജ്ഞാനരശ്മി വിതറിക്കൊണ്ടിരിക്കുന്ന ഒരു ജ്യോതിസ്സാണ് ശ്രീ മേപ്രത്തു് എം. ജോസഫ് അവർകൾ. സാഹിത്യമെന്നതു് ജീവിതത്തിന്റെ പ്രതിഫലനവും വ്യക്തിവിലാസത്തിന്റെ നിഴലാട്ടവുമെന്നു് പറയാമെങ്കിൽ ശ്രീ മേപ്രത്തിന്റെ തേമ്പാവണി പരിഭാഷ, മാർപ്പാപ്പാമാരും മഹാശക്തികളും, വി. ഫിലോമിനാ എന്നിത്യാദി ഗ്രന്ഥങ്ങൾ സാഹിത്യത്തിന്റെ മഹനീയ മാതൃകകൾതന്നെയാണു്. ഗ്രന്ഥകർത്താവിന്റെ അന്തരാത്മാവിൽ കുടികൊള്ളുന്ന കത്തോലിക്കാ ജീവിതപ്രബുദ്ധതയുടെയും ഭക്തി ചൈതന്യത്തിന്റെയും നിദർശനങ്ങൾ തന്നെയാണവ. അദ്ദേഹത്തിന്റെ ഏതാദൃശമായ ഒരു കൃതി— 'ദിവ്യന്യായാധിപൻ അഥവാ ലോകാവസാനവും അന്തിക്രിസ്തുവും'— ഇത് ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. പ്രസിദ്ധ മിഷനറി വൈദികനായ റോബർട്ടു ഡി നോബിലി തമിഴ്ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടകൃതിയുടെ വിവർത്തനമാണ് പ്രസ്തുത ഗ്രന്ഥമെന്ന വസ്തുത നമ്മുടെ പാരായണാസക്തിയെ വർദ്ധിപ്പിക്കുന്നു.

ലോകാവസാനത്തെയും പൊതുവിധിയേയും സംബന്ധി
6 ക്കുന്ന അധികൃതവിവരങ്ങൾ സുവിശേഷങ്ങളിലും വി. പൗലോസിന്റെ ലേഖനങ്ങളിലും വി. യോഹന്നാന്റെ വെളിപാടിലുംനിന്നു് നമുക്കു് ലഭിക്കുന്നുണ്ട്. സുവിശേഷത്തിലെ പ്രസ്താവങ്ങൾ നമ്മുടെ കർത്താവു നേരിട്ടു് അരുളിച്ചെയ്തിട്ടുള്ളവയാണു്. ലേഖനങ്ങളിലേതു വി. പൗലോസിന്റെ വിശദീകരണങ്ങളാണു്. വെളിപാടിലേതു് ക്രിസ്തുവിന്റെ പ്രിയശിഷ്യനായ യോഹന്നാൻവഴിയായി നമുക്കു് ലഭിച്ചിട്ടുള്ളതുമാകുന്നു. പൊതുവായ വെളിപാടു് വി. യോഹന്നാന്റെ കാലത്തോടുകൂടി അവസാനിച്ചു. പിന്നീടുണ്ടായിട്ടുള്ള വെളിപാടുകൾ ഔദ്യോഗികമായ വെളിപാടുകളല്ല. വ്യക്തിഗതമായ യോഗ്യതയെ പുരസ്കരിച്ചു് ഓരോരോ വിശുദ്ധാത്മാക്കൾക്കു് പ്രത്യേകം ദൈവം നൽകിയിട്ടുള്ളവയാണു്. നമ്മുടെ കർത്താവിന്റെ തിരുവാക്യങ്ങളിൽനിന്നും ആവിഷ്കരണങ്ങളുടെ സാഹചര്യങ്ങളിൽനിന്നും അവസാനകാലങ്ങളുടെ ലക്ഷണങ്ങൾ നമുക്കു്
P1 ഏതാണ്ടു് ഊഹിക്കാമെന്നല്ലാതെ അതിന്റെ 'സമയമോ മണിക്കൂറോ' ദൈവദൂതന്മാർക്കുപോലും നിശ്ചയമുള്ളതല്ല.

വെളിപാടിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നത് മിശിഹായുടെ ആഗമനത്തിനും ലോകാവസാനത്തിനും ഇടയ്ക്ക് സുദീർഘമായ ഒരു കാലഘട്ടം ഉണ്ടെന്നാണ്. 'ആയിരം വത്സരകാലം' എന്നു വെളിപാടിൽ പറയുന്നത് അക്ഷരാർത്ഥത്തിൽ നാം മനസ്സിലാക്കേണ്ടതില്ല.

വി. യോഹന്നാൻെറ വെളിപാടിൽ ക്രൈസ്തവസഭയുടെ ആദിമദശകളിലേയും പിൽക്കാലത്ത് ലോകാവസാനംവരെയുള്ള കാലങ്ങളിലെയും കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്.

പുണ്യപാപങ്ങൾക്കനുസൃതമായി ദിവ്യന്യായാധിപൻ ഓരോരുത്തനെയും വിധിക്കുവാൻ പ്രാഭവത്തോടെ എഴുന്നള്ളുമെന്ന വസ്തുത വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാണ്.

വി. യോഹന്നാൻെറ വെളിപാടിൽ അന്തിക്രിസ്തുവിനെ സംബന്ധിച്ച സുസ്പഷ്ടമായ പ്രവചനങ്ങൾ അടങ്ങിയിട്ടുണ്ട്. സാത്താന് മനുഷ്യരുടെയിടയിലുള്ള പ്രതിനിധികളായ രണ്ടു "മൃഗങ്ങളെ"പ്പറ്റി വെളിപാട് 13-ം 18-ം അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നു. ക്രിസ്തുവിനെതിരായി രാഷ്ട്രീയം ആദർശപരം ഇങ്ങനെ രണ്ടു വീക്ഷണഗതികളിൽ സദാതന്നായി വർത്തിക്കുന്ന അന്തിക്രിസ്തുവിൻെറ നിദർശനമാണ് ആ മൃഗങ്ങൾ. വ്യക്തിരൂപനായ ഒരു അന്തിക്രിസ്തുവിനെപ്പറ്റിയുള്ള പരാമർശം വി. യോഹന്നാൻെറ വെളിപാടിൽനിന്ന് നമുക്ക് ലഭിക്കുന്നില്ല. കമ്യൂണിസം, അന്തിക്രിസ്തു (Anti Christ= ക്രിസ്തുവിനെതിരായത്) ആണെന്നുള്ളതിന് യാതൊരു സന്ദേഹവുമില്ലല്ലൊ. സോവ്യറ്റു, വ്യവസ്ഥിതിക്ക് വെളിപാടിലെ മൃഗത്തോടുള്ള സാമ്യത്തെപ്പറ്റി അഭിനന്ദനാർഹമാംവിധം സമ്യക്കായി ശ്രീ മേപ്രത്തു് ജോസഫ് പ്രതിപാദിക്കുന്നു.

ദിവ്യന്യായാധിപൻെറ ആഗമനത്തെയും പൊതുവിധിയെയും മനുഷ്യൻെറ അന്ത്യങ്ങളെയും സംബന്ധിച്ച് ഗ്രന്ഥകാരൻ നൽകുന്ന സരളവും സരസവുമായ വിവരണങ്ങൾ നമ്മിൽ രക്ഷാകരമായ ചിന്ത ഉദിപ്പിക്കുന്നതിന് പര്യാപ്തമാണ്.

"ലോകാവസാനവും അന്തിക്രിസ്തുവും" എല്ലാവരുടേയും അവഗാഢമായ പഠനത്തിന് സമർപ്പിച്ചുകൊണ്ട് പരിഭാഷകന് ഹാർദ്ദമായ അനുമോദനവും ശോഭനമായ വിജയവും ആശംസിച്ചുകൊള്ളുന്നു.

ഫാദർ ജോസഫ് വലിയവീട്ടിൽ ബി. ഏ.

# മുഖവുര

ഇതാ, നേത്രാനന്ദകരമായ ഒരു അൾമാരി ദർശിക്കുക. അതിന്റെ ചരിത്രം ഒന്നു് പരിശോധിക്കതന്നെ. അതിനുപയോഗിച്ച ഉരുപ്പടികളെ ഉൾക്കൊണ്ടിരുന്ന ആ രാജകീയ വൻവൃക്ഷം, അങ്ങനെ പ്രശാന്തമായി നിലകൊള്ളുകയായിരുന്നു. അതു് ശീതളമോഹനച്ഛായ നൽകിയും, സൌരഭ്യം പരത്തിയും, ഫലദലങ്ങളേകിയും ഏതോ പുണ്യഭൂമിയെ അലങ്കരിച്ചു് വിരാജിച്ചിരുന്നു. സമർത്ഥന്മാരായ ആരോ മരംവെട്ടുകാർ അതിന്റെ ഒരു ശാഖ മുറിച്ചു് വേർപെടുത്തി. വിദഗ്ദ്ധന്മാരായ തടി അറുപ്പുകാർ അതറുത്തു് പലതരം ഉരുപ്പടികളാക്കി. വാസ്തുവിദ്യാവിശാരദനായ പണിക്കാരൻ അതിൽനിന്നു് കുറഞ്ഞൊരു ഭാഗം എടുത്തു് കണക്കിനു് മുറിച്ചു; മിനുസമായി ചെത്തി മിനുക്കി ഉറപ്പായടിച്ചുകൂട്ടി. വ്യവസായ വിചക്ഷണരായ ഏതോ കമ്പനിക്കാരുണ്ടാക്കിയ ഭാസുരമായ വിജാഗിരിയും മഞ്ജുളസ്വനം മുഴക്കുന്ന പൂട്ടും യഥാവിധം വച്ചുപിടിപ്പിച്ചു. രസതന്ത്രപടുക്കളായ മറ്റൊരു കമ്പനിക്കാരുണ്ടാക്കിയ വർണ്ണോജ്ജ്വലമായ വാർണ്ണീഷും ഭംഗിയായി പൂശി. ഇങ്ങനെ പലേടത്തായി സ്ഥിതിചെയ്തിരുന്ന പലേ സാധനങ്ങളും, അന്യാദൃശ തച്ചുകലാവല്ലഭനായ ആ മരപ്പണിക്കാരന്റെ പേശലകുശലമായ കരകൌശലംമൂലം സുന്ദരമനോഹരമായ അൾമാരിയായി പരിണമിച്ചു. ഇങ്ങനെ നിർമ്മിതമായ അൾമാരിയാണു് നാം ആദ്യമേ ദർശിച്ചതു്. ഈ അൾമാരി പണിയിൽ, ആ പണിക്കാരനെന്നപോലെ, പലേടത്തു കിടന്നതു് ഒരുമിച്ചു് ചേർത്തു എന്നൊരു സ്ഥാനമേ ഈ പുസ്തകരചനയിൽ എനിക്കുള്ളു. അതെങ്ങനെയെന്നുകൂടി പ്രസ്താവിക്കാം.

മേൽപ്രസ്താവിച്ച രാജകീയ വൻവൃക്ഷംപോലെ, തമിഴു് ക്രൈസ്തവസാഹിത്യനഭോമണ്ഡലത്തിൽ വിജ്ഞാനരശ്മി വിതറിയും, ജ്ഞാനസൌരഭ്യം പരത്തിയും, ആത്മീയഫലങ്ങളേകിയും ഉജ്ജ്വലത്തായി പ്രശോഭിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു്, നാലുവാല്യങ്ങളായി എഴുതപ്പെട്ടിരിക്കുന്ന "ജ്ഞാനോപ

ദേശം" എന്ന വിപുലവും വിശിഷ്ടവുമായ ആ മഹൽഗ്രന്ഥം. ആ വൃക്ഷശാഖ വേർപെടുത്തി എടുത്തെന്നവിധം, ആ ഗ്രന്ഥത്തിലെ മൂന്നാം വാല്യം മുപ്പത്തേഴുമുതലുള്ള ഏതാനും അദ്ധ്യായങ്ങളാണ്, ഞാൻ ഈ പുസ്തകത്തിൻെറ മൂലമായി സ്വീകരിച്ചിട്ടുള്ളത്. അവയുടെ മിക്കവാറും സ്വതന്ത്രമായ വിവൎത്തനമാണ്, ഈ പുസ്തകത്തിലെ നാലുമുതലുള്ള എല്ലാ അദ്ധ്യായങ്ങളും. ആ പുസ്തകം മുഴുവനും തൎജ്ജിമചെയ്തുകൊള്ളുന്നതിനു്, തൃശ്ശിനാപ്പള്ളി സെൻറു ജോസഫ് പ്രസ്സ് സൂപ്രണ്ടവർകൾ, സന്തോഷപൂൎവ്വം അനുമതി തരികയുണ്ടായി എന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്. ഈ പുസ്തകത്തിലെ ഒന്നാം അദ്ധ്യായം പലേടത്തുനിന്നും ലഭിച്ചിട്ടുള്ള അറിവുകളെ ആസ്പദമാക്കി ഞാൻതന്നെ എഴുതീട്ടുള്ളതാണ്. അവസരോചിതമായി കണ്ട ചില മഹത്തുക്കളുടെ വാക്യശകലങ്ങൾപോലും അതേപടി സ്വീകരിച്ചിട്ടുണ്ട്. പ്രവചനങ്ങളിൽ അധികപങ്കം "ലോകാവസാനം" എന്നപേരിൽ റവ. ഫാദർ ജോസഫ് വലിയവീട്ടിൽ അവർകൾ "മദ്ധ്യസ്ഥൻ" മാസികയിൽ (പു. 22. ല. 10) പ്രസിദ്ധപ്പെടുത്തീട്ടുള്ളതാകുന്നു. അതു് അദ്ദേഹത്തിൻെറ അനുമതിയോടെ ചേൎത്തിരിക്കയാണ്. "വെളിപാടിലെ മൃഗം" പരേതനായ റവ. ഫാദർ സിറിയക്ക് മണ്ണനാൽ അവർകൾ അതേ മാസികയിൽ (പു. 5. ല. 8-9) എഴുതിയിരുന്നതാണ്. ഇപ്പോൾ "മദ്ധ്യസ്ഥൻ" മാനേജിംഗ് എഡിററരുടെ പ്രത്യേകാനുമതിയോടെ അതിവിടെ ചേൎത്തിരിക്കയുമാകുന്നു. ഇതിൽ ഉദ്ധരിച്ചിരിക്കുന്ന പദ്യങ്ങളിൽ സ്വന്തം എന്ന് കാണിച്ചിട്ടുള്ളതു മാത്രമെ എൻേറതായിട്ടുള്ളു. ശേഷമുള്ളവ ഓരോ കവിശ്രേഷ്ഠന്മാരുടേതുമാകുന്നു. ഇപ്രകാരം അൽമാരി നിൎമ്മാതാവായ തൊഴിലാളിയെ അനുകരിച്ചെന്നവിധമാണ്, ഈ കൃതി ഞാനും നിൎമ്മിച്ചിരിക്കുന്നതു്. ഇതു് ആ അൽമാരിപോലെ പ്രയോജനപ്രദമായിട്ടുണ്ടോ എന്നു് നിൎണ്ണയിക്കേണ്ടതു് സഹൃദയരായ വായനക്കാർതന്നെയാണ്.

ഇനി, ഈ തമിഴ് ഗ്രന്ഥത്തിൻെറ കൎത്താവായ ആ വേദശാസ്ത്രമഹാപണ്ഡിതനെക്കുറിച്ചുകൂടി രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ. സുപ്രസിദ്ധ കർദ്ദിനാൽ ബല്ലൎമ്മിൻ തിരുമനസ്സിലെ ജ്യേഷ്ഠസഹോദരപുത്രനായ വെറി. റവ. ഫാദർ റോബർട്ട് ഡി നോബിലി എസ്. ജെ. അവർകളാണ് ആ മഹാപുരു

ഷൻ. ഇദ്ദേഹം, ഇററലിയിലുള്ള ടക്സ്സനി ദേശത്തു് മൊന്തേ പുത്സ്യാനോ എന്ന നഗരത്തിൽ 1577 സെപ്ററംബറിൽ ജാതനായി. ഇരുപതാമത്തെ വയസ്സിൽ ഇദ്ദേഹം നേപ്പിൾസ്സ് നഗരത്തിൽ ചെന്നു് ഈശോസഭയിൽ പ്രവേശിച്ചു. തർക്കശാസ്ത്രം വേദശാസ്ത്രം മുതലായ അനേകം ശാസ്ത്രങ്ങളിൽ പ്രാവീണ്യം സമ്പാദിച്ചു. അനന്തരം വൈദികവൃത്തിയെ അവലംബിക്കയുണ്ടായി. ഈ ഘട്ടത്തിൽതന്നെ അദ്ദേഹത്തിൻെറ അഭിലാഷം അനുസരിച്ചു് പ്രേഷിതജോലിക്കായി അദ്ദേഹം ഈ ഭാരതഭൂമിയിലേക്ക് അയയ്ക്കപ്പെട്ടു. 1605-ൽ ഗോവയിലും കൊച്ചിയിലും ആയി അദ്ദേഹം കുറച്ചുനാൾ കഴിച്ചു. അനന്തരം 1606 ജനുവരിയിൽ അദ്ദേഹത്തെ മധുരയിലേക്ക് നിയമിക്കയുണ്ടായി. അദ്ദേഹം അവിടെച്ചെന്നു് മധുരമിഷ്യൻ സ്ഥാപിച്ചു് അൻപതു് വർഷത്തോളം സ്തുത്യർഹമാംവണ്ണം വേദപ്രചരണജോലി നിർവ്വഹിക്കയുണ്ടായി. വി. ശൌര്യാക്ക്ശേഷം ഇത്രയധികംപേരെ അതും ഹൈന്ദവസമുദായത്തിൽ നിലയും വിലയും ഉള്ള ഉൽകൃഷ്ട വംശജരായ ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തിയിട്ടുള്ള പുണ്യപുരുഷന്മാർ വേറെ ആരുമില്ലെന്നാണു്, മിഷ്യനറിപ്രവരന്മാർപോലും ഇദ്ദേഹത്തെ പ്രശംസിച്ചു പറയുന്നതു്. ഇദ്ദേഹം 1656 ജനുവരി 10-ാം നു- മൈലാപ്പൂരിൽവെച്ചു് ദിവംഗതനായി. "ദൂഷണധിക്കാരം" "ജ്ഞാനോപദേശം" "നിത്യജീവനസല്ലാപം" "ആത്മനിർണ്ണയം" എന്നിവ അദ്ദേഹത്തിൻെറ വിശിഷ്ടഗ്രന്ഥങ്ങളിൽ ചിലതുമാത്രമാണു്. ഈ മഹാത്മാവിനു് നിത്യശാന്തി ലഭിക്കുമാറാകട്ടെ.

എൻെറ അപേക്ഷാനുസരണം ചങ്ങനാശേരി അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടു് തിരുമേനിയുടെ മെത്രാപ്പോലീത്താ സ്ഥാനലബ്ധിസ്മാരകമായി ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനു് സദയം കല്പിച്ചനുവദിക്കയും എൻെറ ഉദ്യമത്തെ ആശീർവ്വദിക്കയും ചെയ്തു തിരുമനസ്സിലേക്കു് എനിക്കുള്ള അപാരമായ കൃതജ്ഞതയെ ആദ്യംതന്നെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

എൻെറ അഭ്യർത്ഥനയനുസരിച്ചു് ഈ പുസ്തകം മുഴുവനും സദയം വായിച്ചുനോക്കി വേണ്ട ഉപദേശങ്ങൾ നൽകുകയും അതി വിശിഷ്ടമായ ഒരു ആശീർവ്വാദലേഖനം എഴുതിത്തന്നു് എന്നെ അനുഗ്രഹിക്കയും ചെയ്തു ആലപ്പുഴ രൂപതയുടെ മെ

ത്രാൻ റൈററ് റവ. ഡോക്ടർ മൈക്കിൽ ആറാട്ടുകുളം തിരുമേനിയോട്ട് എനിക്കുള്ള അകൈതവമായ ഭക്ത്യാദരങ്ങളും കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

എൻെറ ആഗ്രഹാനുസരണം ഈ പുസ്തകത്തിനു് അനവദ്യസുന്ദരമായ ഒരു അവതാരിക എഴുതിത്തന്നു് ഇതിനെ അലങ്കരിച്ച റവ. ഫാദർ ജോസഫ് വല്ല്യവീട്ടിൽ ബി. ഏ. അവർകളോട്ട് ഞാൻ എന്നെന്നും കടപ്പെട്ടിരിക്കയാണു്.

ഈ പുസ്തകത്തിനു് സ്നേഹമസൃണമായ ഒരഭിപ്രായം എഴുതിത്തന്ന അഡ്വക്കേററു് കെ. ജെ. ചാക്കോ ബി. ഏ; ബി. എൽ. അവർകളോട്ട് ഞാൻ അത്യധികം നന്ദിയുള്ളവനായിരിക്കുന്നു.

എൻെറ അപേക്ഷാനുസരണം ഈ പുസ്തകം ഭംഗിയായി മുദ്രണം ചെയ്യിക്കുന്നതിനു് കരുണയുണ്ടായ മാന്നാനം സെൻറു് ജോസഫ് പ്രസ്സ് സൂപ്രണ്ടു് അവർകളോട്ടു് എനിക്കുള്ള നിർവ്യാജമായ നന്ദിയും പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്നു്,

ഗ്രന്ഥകർത്താ.

തത്തമ്പള്ളി
15–2–57.

ഈ പുസ്തകം [illegible]

[illegible]

[illegible]

[illegible] നിങ്ങളെ [illegible]

[illegible] ദൈവം [illegible]

[illegible]

[illegible]

[illegible]

[illegible]

യുക്തിവാദികളെ സംബന്ധിച്ചടത്തോളം

ഈ പുസ്തകം നിരർത്ഥകമാണ്.

പഴയകാലത്തെ വിസ്മൃതിയാണ്



ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ
മോസ്റ്റ് റവ. ഡോക്ടർ മാത്യൂ കാവുകാട്ടു
തിരുമനസ്സുകൊണ്ടു്.

# സമർപ്പണം

ചങ്ങനാശേരി രൂപതയെ അതിരൂപതയായും, ചങ്ങനാശേരി രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ മാത്യു കാവുകാട്ടു തിരുമേനിയെ പ്രസ്തുത ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ ആയും (29-7-56-ൽ) പരിശുദ്ധ സിംഹാസനത്തിൽനിന്നും കരുണാസമേതം കല്പിച്ചു നിയമിച്ചിരിക്കുന്ന ഈ ശുഭാവസരത്തിൽ, അത്ഭുതപൂർവ്വവും അഭിനവവുമായ ഈ മഹൽസംഭവത്തിൻെറ സ്മാരകമായി, തിരുമനസ്സിലെ അനേകസഹസ്രം ആത്മീയമക്കളിൽ ഒരുവനായ ഈ എളിയദാസൻ ഈ വിനീത കൃതിയെ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ അത്യന്തഭക്ത്യാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

നി. വ. ദി. ശ്രീ

ആലപ്പുഴ രൂപതയുടെ മെത്രാൻ

റൈററ് റവ. ഡോകടർ മൈക്കൾ

ആറാട്ടുകുളം തിരുമനസ്സിലെ

## ആശീർവ്വാദം

ശ്രീ മേല്പ്രത്തു് എം. ജോസഫിനാൽ വിരചിതമായ "ദിവ്യന്യായാധിപൻ" അഥവാ "ലോകാവസാനവും അന്തിക്രിസ്തുവും" എന്ന കൃതി നാം വായിച്ചു. അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങൾ ഏററം ശ്ലാഘനീയവും എല്ലാവരുടെയും പ്രോത്സാഹനം അർഹിക്കുന്നതുമായിട്ടാണു് നാം കാണുന്നതു്.

അദ്ദേഹത്തേയും അദ്ദേഹത്തിൻെറ പരിശ്രമങ്ങളെയും നാം ഹൃദയംഗമമായി അനുഗ്രഹിക്കുന്നു.

† Michael Arattukulam
Bishop of Alleppey.

*Alleppey;*
*27 - 10 - '54.*

# അഭിപ്രായം

“തേമ്പാവണി” “മാർപ്പാപ്പാമാരും മഹാശക്തികളും” തുടങ്ങിയ മററു പല ഗ്രന്ഥങ്ങളുടെ പരിഭാഷവഴിയായി കേരളീയർക്കു് സുപരിചിതനാണു് മേല്പ്രത്തു് ശ്രീ എം. ജോസഫ്. ഇദ്ദേഹം തമിഴിൽനിന്നും വിവർത്തനം ചെയ്തിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണു് “ലോകാവസാനം.” ആത്മാർത്ഥമായ സാഹിത്യവ്യവസായ തല്പരതമൂലം അനുകരണാർഹമായ ക്രിസ്തീയചൈതന്യവിശേഷം അദ്ദേഹത്തിന്റെ മററു കൃതികളിലെല്ലാം തെളിഞ്ഞുകാണുന്നതോടൊപ്പം ഈ ചെറുകൃതിയിലും പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. സരസവും ലളിതവുമായ പ്രതിപാദനരീതിയും സുന്ദരമായ പദവിന്യാസവും കാരണത്താൽ ഈ ചെറുകൃതി വായനക്കാർക്കു് വളരെ രസകരമായിരിക്കും. ഈ ചെറുകൃതി വായിച്ചു് അതിലെ ഉള്ളടക്കം ഗ്രഹിക്കുന്നതു് വളരെ നല്ലതും ക്രിസ്തീയജീവിതത്തിനു് ഉപകാരപ്രദവുമാണു്. ഈ കൃതിയെ സകല ക്രിസ്ത്യാനികളും സ്വാഗതം ചെയ്യേണ്ടതാണു്. ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും വിജയം ആശംസിക്കുന്നു.

K. J. Chacko. B. A., B. L.
Advocate
(ഒപ്പ്)

Alleppey
12th Sept. '51.

# ദിവ്യ ന്യായാധിപൻ

അഥവാ

# ലോകാവസാനവും അന്തിക്രിസ്തുവും

## അദ്ധ്യായം ഒന്നു്.

## ലോകാവസാനം.

### അതിന്റെ ആവശ്യകത

"എന്തൊന്നത്യന്തധൈര്യാൽ മരുവതിനുബലം?
പാർക്കിലീ മെയ്ക്കരുത്തോ
ബന്ധുശ്രീയോ മിടുക്കോ പെരുകിന ധനമോ
ഹന്ത! വൈദുഷ്യമോ താൻ?
അന്ത്യശ്വാസത്തെയോ നാമിഹവിടുവതുപം-
ന്ത്യത്തെയോയെന്നു ചിത്തേ
ചിന്തിക്കുമ്പോൾ മറന്നീശനെയൊരു നിമിഷം
പോലുമേ വാഴുമോ നാം?"

ഈ പ്രപഞ്ചത്തെ നിരീക്ഷണം ചെയ്യുന്നപക്ഷം, ആരംഭമുള്ളതിനെല്ലാം അവസാനമുണ്ടു്; സൃഷ്ടിക്ക് സംഹാരമുണ്ടു്; ഉണ്ടായതെല്ലാം നശിക്കണം; ജനിച്ചവരെല്ലാം മരിക്കണം എന്നീപ്രകാരം വിളിച്ചറിയിച്ചുകൊണ്ടെന്നപോലെ പഞ്ചഭൂതനിർമ്മിതമായ ഭൌതികവസ്തുക്കളെല്ലാം നാശത്തിലേക്ക് [illegible] ചെയ്യുകയാണെന്നു കാണാം. മനുഷ്യന്റെ ആത്മാവു മാത്രമേ ഈ നാശത്തെ ഉല്ലംഘിച്ച് ശാശ്വതമായി സ്ഥിതിചെയ്യുന്നുള്ളു. ഈ സത്യത്തെ സകല മതങ്ങളും ഉൽഘോഷിക്കുന്നു. സകലജാതി ജനങ്ങളും അനുകൂലിക്കുന്നു; ആധുനികശാസ്ത്രവും ഇതു സംവദിക്കുന്നു. നമ്മുടെ അനുഭവ

വും ഇതു് തെളിയിക്കുന്നു. തന്മൂലം ഇതു് അനിഷേധ്യമായ പരമാർത്ഥമാകുന്നു; നിസ്തർക്കമായ യാഥാർത്ഥ്യവുമത്രെ. അതിനാൽ ഇതു് സർവ്വസമ്മതമായ സത്യംതന്നെ. ഇങ്ങനെ, പ്രാപഞ്ചിക വസ്തുക്കളെല്ലാം യഥാകാലം നശിച്ചു നാശമടയുമെന്നും ഈശ്വരച്ഛായയിൽ നിർമ്മിച്ചിട്ടുള്ളതും അനർഘസുന്ദരവുമായ മനുഷ്യാത്മാവു മാത്രമേ അനശ്വരമായി സ്ഥിതിചെയ്യുകയുള്ളുവെന്നും സിദ്ധിക്കുന്നു.

ഇനി, ഇതാ ഒരു മനുഷ്യൻ. അയാളുടെ യൌവ്വനകാലം സുഖമായിക്കഴിഞ്ഞു; വാർദ്ധക്യദശയിലെത്തി; മഹാരോഗിയായി; ശയ്യയെ അവലംബിച്ചു; മരണാസന്നനായി; രോഗത്തിൻെറ കഠിനവേദനകൾ അയാളെ ഞെരുക്കുകയാണു്. ആ കിടപ്പിലും ലോകം വിട്ടുപിരിയുന്നതിനു് അയാൾക്കു് മനസ്സില്ല.

"ഹാ! ഹാ! ഭൂതലവാസമിന്നെത്രപരമാനന്ദത്തിനാസ്പദം
ഹാ! ഹാ! സൂര്യ്യസുധാകരാദികൾ വിളങ്ങീടുന്നൊരാകാശവും
ഹാ! ഹാ! പുഷ്പഫലാദിപൂർണ്ണതരുജാലോല്ലാസിനീ ഭൂമിയും
ഹാ! ഹാ! സതസമസ്സൂഷ്ടരും തരുമൊരസ്സൌഖ്യങ്ങളോ
ർക്കാവതോ."

ഇങ്ങനെയാണു് അയാളുടെ വിചാരം പോകുന്നതു്. അതിനാൽ ലോകം വിട്ടുപിരിയുന്നതിനെക്കുറിച്ചു് ഓർക്കുമ്പോൾ അയാൾക്കു് മഹാദുഃഖമുളവാകുന്നു. ഈ ദുഃഖമാണു് അയാളെ അത്യധികമായി അലട്ടുന്നതു്. ഈ സന്ദർഭം നോക്കി ആ നാരകീയശത്രു, അയാളുടെ ലഘുപാപങ്ങൾപോലും ഏററം ഭീകരതയോടെ അയാളുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു. ഭാവി ഇരുളടഞ്ഞതായി തോന്നിക്കുന്നു. ആകപ്പാടെ വിഭ്രമം കൊള്ളിക്കുന്നു. അയാളെ നിരാശയുടെ കുഴിയിൽ വീഴിക്കാൻ ആ അന്ധകാരശക്തി പരിശ്രമിക്കയാണു്. വീണ്ടും, [illegible]പുത്രാദികൾ, പ്രിയജനങ്ങൾ, ഇഷ്ടവസ്തുക്കൾ, ലോകസു[illegible]ൾ എന്നിവയെ വിട്ടുപിരിയുന്നതിലുള്ള വ്യസനം അയാ[illegible] അസഹനീയമായിത്തീരുന്നു. എത്ര ശ്രമിച്ചിട്ടും അവയെ മറക്കാൻ സാധിക്കുന്നില്ല. പെട്ടന്നയാൾ ആ സ്വർഗ്ഗീയ അമ്മയെ ഓർക്കുന്നു. അയാൾ എത്രയോ പ്രാവശ്യം അപേക്ഷിച്ചിട്ടുള്ളതാണു്, "പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ

മരണനേരത്തും തമ്പുരാനോടപേക്ഷിച്ചുകൊള്ളണമേ"യെന്ന്, ഭക്തിനിർഭരനായി, ഏകാഗ്രചിത്തനായി കരുണാനിലയനമായ ആ ദിവ്യാംബികയോട്. അതു വിഫലമായിപ്പോകുമോ? പാപികൾക്കാശ്രയമായ ആ ദിവ്യജനനി ഈ സമയത്തു് അയാൾക്കാശ്വാസമരുളുന്നു. അതോടെ, അയാളുടെ ഹൃദയത്തിൽ സമാധാനത്തിന്റെ സുന്ദരമോഹനകിരണങ്ങൾ പ്രകാശിക്കുന്നു. അയാൾ സസന്തോഷം മരണത്തിനു് സന്നദ്ധനാകുന്നു. "ഈശോ മറിയം യൗസേപ്പേ, എന്റെ ആത്മാവിന് കൂട്ടായിരിക്കേണമേ" എന്ന മധുരമധുരമായ ആ പരമപവിത്രമന്ത്രം ആശാപൂർവ്വം ജപിച്ചുകൊണ്ടു് അയാൾ സമാധാനത്തിൽ മൃതിയടയുന്നു. ഇതാ, അയാളുടെ ആത്മാവു് നിത്യതയുടെ പൊൻമടിയിലേക്ക് പറന്നുപോകുന്നു. ശരീരം ക്ഷണേന മണ്ണായിത്തീരുന്നു.

"എല്ലാവർക്കുമിവണ്ണമന്ത്യഗതിതാൻ വന്നീടുമെന്നുള്ളതി-
ന്നില്ലാസംശയമാകയാൽ സകലരും സന്മാർഗ്ഗകർമ്മങ്ങളിൽ
ഉല്ലാസേനമനസ്സുവച്ചു ജഗതീസന്താനമാം ശാന്തിയാൽ
നല്ലാനന്ദമിയന്നമന്ദമവറിതശ്രീ പൂണ്ടുമേവീടണം."

ഇനി, ഈ പ്രപഞ്ചത്തെ ഒന്നുകൂടി വീക്ഷിക്കാം. വൃക്ഷലതാദികൾ ഉത്ഭവിക്കുന്നതും നശിക്കുന്നതും നാം അനുദിനം കാണുന്നു. പക്ഷിമൃഗമത്സ്യാദികളും അപ്രകാരം തന്നെ. ഇങ്ങനെ സകല ജീവജാലങ്ങളും ഉണ്ടാകുകയും നശിക്കുകയും ചെയ്യുന്നതായി നാം കാണുന്നു. ഏററം ഉൽകൃഷ്ടസൃഷ്ടിയായ മനുഷ്യനും ഇതിന് വ്യത്യസ്തനല്ലെന്ന് നാം കണ്ടു. അവനും അനുനിമിഷമെന്നപോലെ മരണം സംഭവിക്കുന്നു. ഒരുത്തൻ കിടന്നകിടപ്പിലും മററൊരുത്തൻ നടന്ന നടപ്പിലും മരണം കൈവരിക്കുന്നു. ഒരാൾ ഇരുന്ന ഇരിപ്പിലാണെങ്കിൽ, മററൊരാൾ വീണവീഴ്ചയിൽ; ഒരുവനു് ഹൃദയസ്തംഭനം; അപരനു് ഉദരരോഗം; കാസം, ക്ഷയം, മഹോദരം, വാതം, ശ്ലേഷ്മം, കഫം, കണ്ഠമാല, കവിൾവീക്കം, പടതാമര, അതിസാരം, അജീർണ്ണം, അർശസ്സെന്നോരോതരം രോഗങ്ങളാലൊട്ടധികംപേർ; ജ്വരം, കുഷ്ഠം, മസൂരി, വിഷൂചിക, പ്ലേഗെന്നിവയാലധികം ജനം; ഗ്രഹണി, വയറുകടി, മഞ്ഞപ്പിത്തം, ഗുന്മം, അർബ്ബുദഭഗന്ദരപ്രമേഹാദികളെന്നിവയാൽ മററനവധി ജനം;

കപ്പൽ മുങ്ങിയും വള്ളംമുങ്ങിയും വളരെപ്പേർ; തീവണ്ടി, ബോട്ട്, കാറ്, വിമാനം എന്നീവക അപകടങ്ങളിൽപെട്ട് വേറെ അനവധി ജനം; അമിതമായ മദ്യപാനംകൊണ്ട് വളരെപ്പേർ; കൊടുംപട്ടിണികൊണ്ട് വളരെ വളരെപ്പേർ; അമിത ഭക്ഷണംകൊണ്ടധികംജനം; സുഖലോലുപതയുടെ വിരിമാറിൽ നിന്നു തന്നെ ബഹുജനം; ദാരിദ്ര്യത്തിൻെറ ക്രൂരവക്ത്രത്തിൽ നിന്ന് കോടിക്കണക്കിന്; യാതനകളാലും പീഡനങ്ങളാലും ലക്ഷക്കണക്കിന്. വാശിയാലും വൈരാഗ്യത്താലും; വഴക്കിലും ലഹളയിലും; കലഹത്തിലും യുദ്ധത്തിലും, ഇടിവെട്ടിയും പാമ്പ് കടിച്ചും; വെള്ളംപൊങ്ങിയും ഭൂമികുലുങ്ങിയും; കൊടുങ്കാററിലും പെരുമഴയിലും; യന്ത്രങ്ങളിൽ കടുങ്ങിയും തന്ത്രങ്ങളിൽപ്പെട്ടും; എന്നുവേണ്ട, രാത്രിയിലും പകലും, ഉഷസ്സിലും സന്ധ്യയിലും, അവിചാരിതമായും അപ്രതീക്ഷിതമായും, അറിഞ്ഞും അറിയാതെയും ഏതുസമയത്തും ഇങ്ങനെ എത്രയെത്ര പേർ നിര്യാതരാകുന്നു. ബാലനും ബാലികയും, യുവാവും യുവതിയും, വൃദ്ധനും വൃദ്ധയും, സുന്ദരനും സുന്ദരിയും ഇതിന് വ്യത്യസ്തരല്ല.

മഹാപ്രതാപവാന്മാരായ രാജാക്കന്മാരും വീരപരാക്രമികളായ ചക്രവർത്തികളും രണശൂരന്മാരായ സൈന്യാധിപന്മാരും എത്രയെത്രപേർ ദിവംഗതരായി. സൌന്ദര്യധാമങ്ങൾ, സംഗീതവിദുഷികൾ, സിനിമാതാരങ്ങൾ, ഗൃഹണീമണികൾ എന്നിവരും ലോകരംഗത്തുനിന്ന് തിരോധാനം ചെയ്യുന്നു. പ്രഗത്ഭമതികളായ പുരുഷശ്രേഷ്ഠന്മാരും എത്രയെത്ര മൺമറഞ്ഞു. ചികിത്സാനൈപുണികൊണ്ട് ലോകത്തെ വിസ്മയിപ്പിച്ചിട്ടുള്ള മഹാവൈദ്യന്മാരും, അത്ഭുതകരമാംവണ്ണം ശസ്ത്രക്രിയകൾചെയ്ത് കീർത്തിനേടിയിട്ടുള്ള ഡാക്ടറന്മാരും, നിരവധി നൂതന വിദ്യകൾ കണ്ടുപിടിച്ച് ലോകത്തെ ആശ്ചര്യസ്തബ്ധരാക്കിയിട്ടുള്ള വിശ്രുതന്മാരായ ശാസ്ത്രജ്ഞന്മാരും മൃതിക്കിരയായി. അതേ പണ്ഡിതനും പാമരനും, ധനവാനും ദരിദ്രനും മൃതിയടയുന്നു. ബലവാനും ബലഹീനനും, സമർത്ഥനും അസമർത്ഥനും, തൊഴിലാളിയും മുതലാളിയും, നേതാവും വിധേയനും ഇങ്ങനെ നാനാതരത്തിൽപ്പെട്ടവരെല്ലാം നിര്യാതരാകുന്നു. എന്തിനേറെ, ആബാലവൃദ്ധം, സ്ത്രീപുരുഷഭേദമെന്യേ തീയിലും വെള്ളത്തി

ലും കരയ്ക്കും കടലിലുമായി നിത്യം മരിച്ച് മണ്ണോട്ട് മണ്ണ് ചേരുന്നു.

അത്യഗാധവും വിശാലവിപുലവുമായ ആഴിപ്പരപ്പിലുയരുകയും, മുന്നോട്ടു പാഞ്ഞ് വന്നടിച്ച് വീണുടഞ്ഞ് എന്നേക്കുമായി തിരോധാനം ചെയ്യുകയും ചെയ്യുന്ന സാഗരാന്തരത്തിലെ ജലകണങ്ങളെ ഉൾക്കൊള്ളുന്ന തരംഗപരമ്പരകൾപോലെ ഒന്നിനുപുറകെ ഒന്നായി കോടാനുകോടി മനുഷ്യവൃന്ദങ്ങൾ ജനിച്ച് വളൎന്ന് നിമിഷനേരം ജീവിച്ച് ഭൂമുഖത്തെ മണ്ണിൽ ഇടകലൎന്ന് ചേരുന്നു.

ഇതോടെ ഇവരുടെ ലൌകികങ്ങളായ മഹത്വങ്ങളെല്ലാം വിഫലങ്ങളായിപ്പോകുന്നു. ഇതാ ഓരോന്നിനെയും ദൎശിക്കുക. മനുഷ്യന്റെ ഭുജബലമെവിടെ? ധനശ്ശക്തിയെവിടെ? പൌരുഷമെവിടെ? പ്രതാപമെവിടെ? സൌന്ദൎയ്യമെവിടെ? സാമൎത്ഥ്യമെവിടെ? ഇവയെല്ലാം വെള്ളത്തിലെ കുമളപോലെ, കാററത്തെപ്പുകപോലെ, രാത്രിയിൽ കണ്ട മിന്നാമിനുങ്ങുപോലെ, ആകാശത്തിലെ മിന്നൽക്കൊടിപോലെ ക്ഷണനേരം പൊലിഞ്ഞ് മറഞ്ഞുപോകുന്നു. അചിരേണ ഇവരുടെ നാമംപോലും വിസ്മൃതിയിലാണ്ടുപോകുന്നു. ഇതാണ് സകല മനുഷ്യരുടെയും ഗതി.

ഇനിയൊരു ആയിരംവൎഷം കഴിഞ്ഞാൽ, വേണ്ട ഏതാനും നൂററാണ്ടു കഴിഞ്ഞാൽ ഇവരെയാരോൎക്കും? ഇവരുടെ പേരാരു പറയും? ഇവരുടെ കഥയാരു വൎണ്ണിക്കും? ഇവരെയാരു് പുകഴ്ത്തും? ഇവരുടെ ജയാപജയങ്ങളെന്താകും? ഇവരുടെ മണിമന്ദിരങ്ങളെവിടെപ്പോകും? ഇവരുടെ പട്ടാംബരങ്ങളെങ്ങനെയിരിക്കും? ഇവരുടെ ഭൃത്യവൎഗ്ഗങ്ങളെവിടെയായിരിക്കും? ഇവരുടെ സുഖഭോഗവസ്തുക്കൾ മണ്ണടിഞ്ഞ് മറഞ്ഞുപോകയില്ലേ?

ഈ നാശങ്ങളെയെല്ലാം അതിലംഘിച്ച് ശാശ്വതമായി സ്ഥിതിചെയ്യുന്നത് മനുഷ്യന്റെ ആത്മാവ് മാത്രമല്ലയോ? അതിനാൽ

"സമസ്തവസ്തുക്കളുമൊന്നുപോലെ
നശിച്ചുപോകട്ടെ, ഗണിച്ചിടേണ്ട
സൎവ്വേശകാരുണ്യമതൊന്നുമാത്രം
മുട്ടാതെകിട്ടാൻ കരുതിടേണം നീ."

മേൽപ്രകാരം ആരംഭമുള്ള വസ്തുക്കളെല്ലാം അതിന്റെ അന്ത്യത്തിലേക്ക് ത്വരിതഗമനം ചെയ്യുന്നതായി നാം കാണുന്നു. ഇങ്ങനെ ലോകത്തിലുള്ള സമസ്തവസ്തുക്കൾക്കും നാശം സംഭവിക്കുന്നു. ഇതുപോലെതന്നെ ഒരു സമൂലനാശം— ഭൂമുഖത്തെ സകല ജീവികളോടുംകൂടിയ ഒരു പൊതുസംഹാരം— ഈ ഭൂതലത്തിനും അവശ്യം സംഭവിച്ചേ കഴിയൂ. അതിന്റെ അസ്ഥിത്വംകൊണ്ടുതന്നെ അതിന്റെ ആവശ്യകത തെളിയുന്നു. അതു് പ്രാവർത്തികമാകുമ്പോഴാണ് പ്രപഞ്ചസമാപ്തിയുണ്ടാകുന്നതു്. അതുതന്നെയാണ് ലോകാവസാനവും.

ഇതു് സ്പഷ്ടമാക്കുന്നതിന് വി. വേദപുസ്തകത്തിൽ അനേകം പ്രബലങ്ങളായ തെളിവുകളുണ്ടു്. അവയൊന്നും ഇവിടെ എടുത്തു് വിവരിക്കുന്നില്ല. സാന്ദർഭികമായി നമ്മുടെ സ്നേഹരക്ഷകന്റെ വിശ്രുതമായ ഗിരിപ്രഭാഷണത്തിന്റെ ആദ്യഭാഗം മാത്രം നമുക്കൊന്നു് ശ്രവിക്കാം.

"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

ദുഃഖിതന്മാർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.

താഴ്മയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ഭൂമി അവകാശമായി അനുഭവിക്കും.

നീതിയേക്കുറിച്ചു് വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു് വിളിക്കപ്പെടും.

നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

ഞാൻനിമിത്തം (മനുഷ്യർ) നിങ്ങളെ നിന്ദിക്കയും, പീഡിപ്പിക്കയും, നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിച്ചു് സന്തോഷിക്കുവിൻ.

എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു." (മത്താ. 5. 3-12)

സ്വാഭാവികമായിത്തന്നെ നന്മചെയ്യുന്നവൻ സംഭാവനയേയും, തിന്മചെയ്യുന്നവൻ ശിക്ഷയേയും ന്യായമായർഹിക്കുന്നു. അത് നമ്മുടെ സ്നേഹരക്ഷകൻെറ തിരുവചനംകൊണ്ടും സ്പഷ്ടമായിരിക്കുന്നുവല്ലോ. അതിനാൽ, അതവർക്ക് ലഭിക്കണം. അത് യഥാകാലം നടക്കണം. അതിനൊരവസരം വേണം. അല്ലെങ്കിൽ പ്രപഞ്ചത്തിനൊരു നാഥനില്ലെന്ന് വരും. ലോകം വെറും കുരുപ്പില്ലാക്കളരിക്കു സമാനമാകും. സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വനന്മയുമായ ദൈവത്തിൻെറ ദിവ്യപരിപാലനം വെറും മിഥ്യയാണെന്ന് വരും. അതിനാൽ ഈ ലോകത്തിനൊരവസാനവും, ന്യായവിധിയും ഉണ്ടാകുമെന്നുള്ള മുന്നറിയിപ്പും വിശ്വാസവും എത്ര സമാശ്വാസകരവും സയുക്തികവുമാകുന്നു.

കൂടാതെയും, ദൈവം സർവ്വനീതിമാനാണ്; കരുണാവാരിധിയാണ്; വാഗ്ദാനത്തിൽ പരമവിശ്വസ്തനുമാകുന്നു. അതിനാൽ അവിടത്തെ കല്പനകളനുസരിച്ച് വർത്തിച്ചുപോരുന്ന സുകൃതികൾക്ക് ആവിടന്ന് നിത്യസംഭാവന നൽകേണ്ടതല്ലേ? അതിനെ ലംഘിച്ചവർക്ക് നിത്യശിക്ഷയും ലഭിക്കേണ്ടതല്ലേ? ഈ ശിക്ഷാരക്ഷകൾ എല്ലാവരുടെയും അറിവിലേക്കായി പരസ്യമായി നൽകേണ്ടതല്ലേ? അതെപ്പോഴായിരിക്കും? അതിനൊരു കാലവും സമയവും വേണ്ടയോ? അതേ, അതുതന്നെ ലോകത്തിന്ന് ഒരവസാനം സംഭവിച്ചേ കഴിയൂ എന്ന് വ്യക്തമാക്കുന്നുവല്ലോ.

ഇനി, വേറൊന്ന് ചിന്തിക്കാം. നാം ഒരു കൃഷിക്കായി ഉദ്യമിക്കുമ്പോൾ അതിനുള്ള ഭൂമി ആദ്യംതന്നെ ഉഴുത് കിളച്ച് പാകപ്പെടുത്തുന്നു. പിന്നീട് വിത്ത് വിതയ്ക്കുകയും നടുകയും ചെയ്യുന്നു. യഥാകാലം വളമിട്ടു നനയ്ക്കുന്നു. കളകൾ പറിച്ചുകളയുന്നു. അതിൻെറ വളർച്ചയ്ക്കാവശ്യമായതെല്ലാം വേണ്ടത്ര ജാഗ്രതയോടെ നോക്കിച്ചെയ്യുന്നു. ഇതിനിടെ വേണ്ടിവന്നാൽ, നമ്മുടെ ഉടമാവകാശത്തിന്ന് യാതൊരു ഭംഗവും വരാതെ അതു ഭദ്രവും സുരക്ഷിതവുമാക്കിത്തീർക്കുന്നു. ഒടുവിൽ, നാമർഹിക്കുന്നപ്രകാരം വിളവ് പ്രതീക്ഷിച്ചിരിക്കയും അത് പാകമാകുമ്പോൾ ന്യായമായി നാം കൊയ്തെടുക്കുകയും ചെയ്യുന്നു.

ഇതുപോലെതന്നെ ലോകരക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത ദൈവകുമാരൻ ഒരു തോട്ടം ഒരുക്കുകയും, വിത്തു് വിതയ്ക്കുകയും നടുകയും ചെയ്തു. പിന്നീടു് അവിടന്നു് തെളിച്ച മാർഗ്ഗത്തിൽക്കൂടെ നടക്കുന്നവർക്കു് വഴി കാണിക്കുക, ശക്തി നൽകുക, സത്യവിശ്വാസവല്ലിക്കു് വളമിട്ടു നനയ്ക്കുക, പുണ്യഫലം പുറപ്പെടുവിക്കുക, അവിടുത്തെ ദിവ്യോദ്യാനത്തിൽ മുളയ്ക്കുന്ന കളകളെ പിഴുതു നശിപ്പിക്കുക മുതലായവ പവിത്രാത്മാവുവഴിയായി അവിടന്നു് നിർവ്വഹിച്ചു. ഇനി, ആ വിളവു കൊയ്തെടുക്കുന്നതിനും കൂലി കൊടുക്കുന്നതിനുമായി അവിടന്നു് വരും. ആ വരവു് സ്നേഹത്തോടെ നടുകയും അനുഗ്രഹത്തോടെ വളമിട്ടു നനയ്ക്കുകയും ചെയ്തതിന്റെ ഫലം ശേഖരിക്കുന്നതിനായി നീതിയോടെ ആകുന്നു. അവിടുത്തെ തിരുവചനം തന്നെ കേൾക്കുക:- "അപ്പോൾ മണികളെ അറയിൽ ശേഖരിക്കുന്നതിനും പതിരിനെ അഗ്നിയിൽ ദഹിപ്പിക്കുന്നതിനും ഞാൻ പറയും." (മത്താ. 13-30) ഇവയെല്ലാം എത്രയോ സ്വാഭാവികങ്ങളാണു്.

ദൈവസുതന്റെ സുന്ദരസുരഭിലമായ ആ പൂവാടി, നാനാവിധ തരുപുഷ്പലതാദികളാലും സമസ്ത ജീവജാലങ്ങളാലും സമലംകൃതമായ ഈ ലോകമാകുന്നു. അതിലെ ധാന്യം, സൃഷ്ടിയുടെ മകുടമായി ശോഭിക്കുന്ന മനുഷ്യവർഗ്ഗവുമത്രെ. പവിത്രാത്മാവു് വഴിയായി ആ പുണ്യാരാമത്തിലെ അതിവിശിഷ്ട ധാന്യത്തെ ഫലസമൃദ്ധമാക്കിത്തീർക്കുന്നതിനു് അവിടുന്നു് വേണ്ടതെല്ലാം ചെയ്തു. ഇനി വിളവെടുപ്പുകാലമായ ലോകസംഹാരകാലത്തു് ദിവ്യന്യായാധിപനായ അവിടുന്നു് വരും. തേനിനേക്കാൾ ഇൻപരസമായ പുഞ്ചിരിയോടുകൂടി ശിഷ്ടരെ അനുഗ്രഹിച്ചു് സ്വർഗ്ഗത്തിലേക്കു് കൊണ്ടുപോകും; വെള്ളിടിയേക്കാൾ ഭയങ്കരമായ അമർഷത്തോടെ ദുഷ്ടരെ ശപിച്ചു് നരകാഗ്നിയിലേക്കു് തള്ളുകയും ചെയ്യും. ഇവയിലേതിലെങ്കിലും അസ്വാഭാവികതയോ അസംഭാവ്യതയോ പറയാനുണ്ടോ? അസാംഗത്യമോ അയുക്തതയോ തോന്നുന്നുണ്ടോ? ഇവയെല്ലാം എത്ര സമഞ്ജസങ്ങളും അർത്ഥഗർഭങ്ങളും അകൃത്രിമങ്ങളുമാകുന്നു!! അതെ, സർവ്വശക്തന്റെ സർവ്വ കൃത്യങ്ങളും സർവ്വഥാ സ്തുത്യർഹങ്ങളത്രെ.

എന്നാൽ, ഇവയൊന്നും ചിന്തിക്കാതെ, മരണം ഉണ്ടെന്നുള്ള വിശ്വാസംപോലും ഇല്ലാത്തവനെപ്പോലെയാണു് മനു

ച്ചുൻ ജീവിക്കുന്നതു്. സർവ്വനീതിമാനായ ഒരു പരമന്യായാധി
പൻ ഉണ്ടെന്നുള്ള വിശ്വാസം ഇല്ലാത്തവനെപ്പോലെയാണവൻ
വർത്തിക്കുന്നതു്. അയൽക്കാരനിൽ ഈശോയെ ദർശിക്കണമെന്നു
ള്ള ദിവ്യശാസനത്തെ തൃണവൽഗ്ഗണിച്ചാണവൻ പ്രവർത്തിക്കു
ന്നതു്. ധനമാനാദികളെല്ലാം ക്ഷണഭംഗുരങ്ങളാണെങ്കിലും അ
വയെ അനശ്വരനിധിയായിട്ടാണവൻ കരുതുന്നതു്. ദൈവം
മനുഷ്യരുടെ സ്നേഹപിതാവാണെന്നും മനുഷ്യരവിടത്തെ വ
ത്സലമക്കളാണെന്നും മനുഷ്യരന്യോന്യം സഹോദരരാണെന്നും
അവനറിയാമെങ്കിലും അവനതു് വിശ്വസിച്ചു് പ്രവർത്തിക്കു
വയ്യ. പരസ്നേഹമെന്നതൊരു പഴങ്കഥ മാത്രമായി. അതിനാൽ
സ്വാർത്ഥമല്ലാതെ പരാർത്ഥമെന്തെന്നവനറിവില്ല. ലുബ്ധോ പൂർ
ത്തോ അല്ലാതെ അനുകമ്പാന്വിതമായ ഔദാര്യമെന്നതു് അവ
നറിവില്ല. ദുഃഖങ്ങൾ സഹിക്കാനവനു മനസ്സില്ല. ത്യാഗങ്ങള
നുഷ്ഠിക്കാനവനിഷ്ടമില്ല. അതിനാൽ സമാധാനത്തിന്റെ കാ
ന്തികിരണങ്ങൾ ഭൂമുഖത്തുനിന്നും മങ്ങിമറയുന്നതവനറിയുന്നി
ല്ല. സുഖംതന്നെ സുഖമെന്നാണവന്റെ ചിന്ത. തന്നിമിത്തം
ദുഃഖവേദനകളെ വെറുപ്പോടെയാണവൻ വീക്ഷിക്കുന്നതു്. ഘോ
രതപസ്സിനേക്കാൾ വിലയേറിയതാണവയെന്നവൻ അറിയുന്നി
ല്ല. അവന്റെ ഹിതാനുസരണമുള്ള തപസ്സിനേക്കാൾ ദൈവേ
ഷ്ടപ്രകാരമുള്ള ദുഃഖങ്ങളാണമൂല്യമെന്നു് അവൻ ഗ്രഹിക്കുന്നില്ല.
ദൈവേഷ്ടം പൂർത്തിയാകുമ്പോൾ ഒരുവിധത്തിൽ അവിടന്നു്
നമുക്കു് കടപ്പെടുകയാണെന്നു് പോലും അവനറിയുന്നില്ല. തന്മൂ
ലം ഒരുത്തമ പിതാവിനെ മക്കളെന്നപോലെ, നിഷ്കാമമാ
യി ദൈവത്തെ സ്നേഹിക്കുവാനറിഞ്ഞുകൂട. ബഹുമതിയാശിച്ചു്
പ്രഭുക്കന്മാർ രാജസേവ ചെയ്യുന്നപോലെ, ബഹുമാനമാഗ്രഹി
ച്ചെങ്കിലും ദൈവത്തെ സ്നേഹിക്കാനവനറിവില്ല. കൂലിയി
ച്ഛിച്ചു് പണിയെടുക്കുന്ന കൂലിക്കാരനെപ്പോലെ പ്രതിഫല
മാശിച്ചെങ്കിലുംദൈവത്തെ സ്നേഹിക്കാനവനറിഞ്ഞുകൂട. ശിക്ഷ
യെ ഭയന്നു് ജോലിചെയ്യുന്ന ദാസനെപ്പോലെ, നരകശിക്ഷ
യെ ഭയന്നെങ്കിലും ദൈവത്തെ സ്നേഹിക്കാനവനു് വൈമന
സ്യം. ഹാ! പഠിച്ചു പരിചയിച്ച പണിയെടുക്കുന്നതിനു് പ്ര
യാസമില്ലാത്തപോലെ, സുനിശ്ചിതമെങ്കിലും അവിചാരിതമായ
മരണം കൈവരിക്കുന്നതിനുവേണ്ടി അവനൊന്നു് മരിച്ചു
പഠിച്ചിരുന്നെങ്കിൽ! ഹാ! ഒരു മഴകൊണ്ടാൽ നനഞ്ഞു കുതി

ന്ന് നിലംപതിക്കുന്ന മൺക്കൂരയെക്കാൾ മോശമാണവൻെറ ബലിഷ്ഠഗാത്രമെന്നവനോത്തിരുന്നെങ്കിൽ! അതിനെക്കാൾ നികൃഷ്ടമായി പഴുത്ത് ചീഞ്ഞ് ദുർഗ്ഗന്ധം വമിക്കുന്നതാണവൻെറ സുന്ദരമോഹനദേഹമെന്നവൻ നിനച്ചിരുന്നെങ്കിൽ! അവൻെറ മൃദുലകോമളകളേബരം, അതെ, ആ ഭൗതികവസ്തു, കൃമികളുടെ വിളനിലമാണ്, അവയ്ക്കാഹാരമാണെന്നവൻ സ്മരിച്ചിരുന്നെങ്കിൽ! അതിൻെറ അവകാശികൾ പുഴുക്കളാണെന്നവൻ നിരൂപിച്ചിരുന്നെങ്കിൽ! അതിൻെറ അവശ്യത്തിൽ കവിഞ്ഞുള്ള വേഷഭൂഷാദികൾക്കും അഴകിനും മോടിക്കുംവേണ്ടി അവൻ ധനവും സമയവും നഷ്ടപ്പെടുത്തുമോ? അഹങ്കാരംകൊണ്ടുയരുന്നവനിൽനിന്ന് ദൈവവും ഉയൻപോകുമെന്നും എളിമകൊണ്ട് താഴുന്നവനിലേക്ക് ദൈവവും താഴ്ന്നുവരുമെന്നും ഉള്ള വാസ്തവം അവൻ ഗ്രഹിച്ചിരുന്നെങ്കിൽ! ഒരു മനുഷ്യനു് ഒരാത്മാവേ ഉള്ളുവെന്നും അതു് നഷ്ടപ്പെട്ടാൽ അവനു് സവ്വവും നഷ്ടപ്പെട്ട് നിത്യദുരിതമാണനുഭവപ്പെടുന്നതെന്നും ഉള്ള യാഥാത്ഥ്യം അവൻ നിരൂപിച്ചിരുന്നെങ്കിൽ! നിത്യം എന്നുള്ളതു് എന്താണെന്നവൻ ചിന്തിച്ചിരുന്നെങ്കിൽ!

ഇങ്ങനെ, ഇവയൊന്നും ചിന്തിക്കാതെ, തൻെറ പരമാന്ത്യത്തെക്കുറിച്ചു് വിചാരമില്ലാതെ നടക്കുന്ന മൂഢനോടായി ഒരു മഹാകവി ചോദിക്കയാണ്:

"മാനുഷാ! തവവിശേഷബുദ്ധികൊ-
ണ്ടെന്തുവാനൊരു ഫലം നിനക്കുകിൽ?"

അതേ, ചിന്തിക്കാഞ്ഞിട്ടാണ് മനുഷ്യൻ നശിക്കുന്നതെന്ന് വി. ഇഗ്നാസ്യോസ് ലെയോളാ പറഞ്ഞിരിക്കുന്നതു് എത്ര പരമാത്ഥമാകുന്നു. അതിനാൽ ബുദ്ധിമാനായ മനുഷ്യൻ, മേൽപറഞ്ഞ വിനാശകാലത്തെയും അതേ, ലോകാവസാനത്തെയും അതിൻെറ ഭീകരവൃത്തികളെയും തൻെറ പരമാന്ത്യത്തെയുംകുറിച്ചു് ഇപ്രകാരം അല്പം ചില സംഗതികളെങ്കിലും അവശ്യം അറിയുകയും അതിനെക്കുറിച്ചു് ഗാഢമായി ചിന്തിക്കയും ചെയ്യേണ്ടതല്ലയോ? അവൻ, തൻെറ ജീവിതോദ്ദേശ്യം ഗ്രഹിച്ചു് സവ്വോപരി സുകൃതവാനായി ജീവിക്കാനുത്സാഹിക്കേണ്ടതു് അവൻെറ അവശ്യ കത്തവ്യവുമാകുന്നു.

## അദ്ധ്യായം രണ്ട്

# ലോകാവസാന ലക്ഷണങ്ങൾ

### ദിവ്യരക്ഷകൻ വെളിപ്പെടുത്തിയതും, ചില പ്രവചനങ്ങളും.

ഏതാനുംകാലമല്ലേ ഭുവനതലമിതിൽ
പാർപ്പ് മർത്ത്യർക്ക് പാർത്താൽ!
ഏതാനും കാലമല്ലേ മരുഭുവനമതിൽ
പാർപ്പുമർത്ത്യർക്ക് പാർത്താൽ!
ഏതാനും കാര്യമാണോ ധരണിയിതിലിവ-
ർക്കിന്നുസാധിച്ചുപോകാൻ?
ഏതാനും കാര്യമുണ്ടോ ധരണിയിതിലിവ-
ർക്കിന്നുസാധിച്ചുപോകാൻ? (സ്വ)

കോപത്തിലും കരുണകാണിക്കുന്നവനും തള്ളമാരേക്കാൾ സ്നേഹമുള്ളവനുമായ ഒരു പരമനിയന്താവിന്റെ നിയന്ത്രണത്തിലാണ്, ഈ ലോകാവസാനസംഭവങ്ങളെല്ലാം നടക്കുന്നതെന്നുള്ളത് സമാശ്വാസഹേതുകമാകുന്നു. എങ്കിലും സൃഷ്ടിസ്ഥിതിസംഹാരമൂർത്തിയായി വിരാജിക്കുന്ന ആ പരാശക്തി ആരാണ്? എന്തിനാണവിടന്നീസൃഷ്ടികർമ്മം നിർവ്വഹിച്ചത്? സൃഷ്ടിയുടെ കിരീടമായി പരിലസിക്കുന്ന മനുഷ്യനെ സൃഷ്ടിച്ചതെന്തിനാണ്? അധഃപതിച്ച മനുഷ്യനെ സമുദ്ധരിക്കുന്നതിനായി അവിടന്നെന്തു ചെയ്തു? ആ രക്ഷാകരകർമ്മത്തിൽ ദൈവജനനിയുടെ ഭാഗഭാഗിത്വം എന്തായിരുന്നു? ഏററം ഗൗരവതരങ്ങളായ ഈ സംഗതികൾ പ്രത്യേകം നമ്മുടെ സ്മൃതിപഥത്തിൽ ആഴമായി പതിഞ്ഞിരിക്കേണ്ടതുമാണ്. അവയേക്കുറിച്ച് ഇവിടെ വിസ്തരിക്കുന്നില്ല.. അനന്തരം, അവിടന്നെങ്ങനെയാണ് ലോകത്തെ സംഹരിക്കുന്നത്? അതിന്റെ ലക്ഷണങ്ങൾ എന്തെല്ലാമായിരിക്കും? മരിച്ചവരുടെ ഉയിർപ്പ്, പൊതുവിധി, പര

മാന്ത്യപ്രാപ്തി ഇവയെല്ലാമെങ്ങനെ? ഇത്രയും കാര്യങ്ങൾ വിശദമാക്കാൻ ശ്രമിക്കാം.

ലോകാവസാനത്തെക്കുറിച്ചും അതിന്റെ ലക്ഷണങ്ങളെക്കുറിച്ചുമുള്ള അറിവ് നമുക്ക് രണ്ടു പ്രകാരത്തിലാണ് സിദ്ധിച്ചിട്ടുള്ളത്. വിശ്വസനീയവും സർവ്വപ്രധാനവുമായ അറിവ് ലഭിച്ചിട്ടുള്ളത്, നമ്മുടെ ദിവ്യരക്ഷകൻ തന്റെ വത്സലശിഷ്യർക്ക് വെളിപ്പെടുത്തിയതിൽനിന്നാണ്. മറ്റൊന്ന് ദീർഘദർശികൾ തുടങ്ങിയ ചില മഹാത്മാക്കളുടെ പ്രവചനങ്ങളിൽനിന്നുമാകുന്നു. പ്രവചനങ്ങളിൽവച്ച് സർവ്വപ്രകർഷേണയും പ്രാധാന്യം അർഹിക്കുന്നത് വി. യോഹന്നാന്റേതായ വെളിപാടാണ്. അത് അദ്ദേഹം വെളിപാട് ഗ്രന്ഥത്തിൽ സമ്യക്കായി വിവരിച്ചിരിക്കുന്നു. ഇത് സാധാരണക്കാർക്ക് ദുർഗ്രഹവും ന്ദുശ്രദ്ധാർഹപ്രതിപാദകവുമാകുന്നു. ഇതിൽ ഒരു മൃഗത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്ന ഭാഗം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെ ഏററം സമഞ്ജസവും രസകരവുമായ ഒരു വ്യാഖ്യാനം കുറച്ചു മുൻപേ പുറത്തായിട്ടുണ്ട്. ഈ വ്യാഖ്യാനപ്രകാരം ആ ഭയങ്കരമൃഗം സംജാതമാകുകയും അതിന്റെ ക്രൂരവക്ത്രം പിളക്കുകയും ചെയ്തിരിക്കുന്നുവോ എന്നുപോലും ശങ്കിക്കേണ്ടിയിരിക്കുന്നു. വളരെ ഗൌരവതരമായി കരുതേണ്ട ഈ കാര്യം അടുത്ത അദ്ധ്യായത്തിൽ പ്രത്യേകം പ്രസ്താവിച്ചുകൊള്ളാം. അതിനാൽ മററു പ്രവാചകരുടെ ചില പ്രവചനങ്ങളിലേക്ക് കടക്കാം.

## ഒരു വ്യാഖ്യാനം

"വി. അംബ്രോസീസ്, വി. അഗുസ്തീനോസ് തുടങ്ങിയ വേദശാസ്ത്രമഹാപണ്ഡിതന്മാർ മിശിഹാക്കാലം രണ്ടായിരം കഴിയുമ്പോൾ ലോകാവസാനം ഉണ്ടാകുമെന്ന് അഭിപ്രായപ്പെടുന്നു. "പിന്നീട് ആറു ദിവസങ്ങൾക്കുശേഷം അവിടന്ന് മറുരൂപമായി" എന്ന വേദവാക്യത്തിന് അവർ ഇങ്ങനെയാണ് വ്യാഖ്യാനം നൽകുന്നത്, "ആറു ദിവസങ്ങൾ" ലോകാരംഭംമുതലുള്ള ആറായിരം വത്സരങ്ങളെ സൂചിപ്പിക്കുന്നു. ക്രിസ്തുവിനു മുൻപ് നാലായിരം വർഷങ്ങൾ കഴിഞ്ഞുപോയി.

ക്രിസ്തുവിനുശേഷം രണ്ടായിരം വർഷങ്ങൾ കഴിയുമ്പോൾ ക്രിസ്തുവിന്റെ രണ്ടാമത്തെ രൂപാന്തരവും ഉണ്ടാകും.'' എന്നാണ്.

## രണ്ടു ദർശനങ്ങൾ

"1774-ൽ ജർമ്മനിയിൽ ഫ്ലാസ്ക എന്ന ഗ്രാമത്തിൽ ജനിച്ച് 1824-ൽ ദിവംഗതയായ എമരീച്ച അന്നകത്രീനാ എന്ന പുണ്യവതി, നമ്മുടെ കർത്താവിന്റെ പീഡാനുഭവദർശനത്തിന്റെ ഒടുവിൽ നരകത്തിൽ കണ്ട കാഴ്ചകളെ വിവരിക്കുന്ന കൂട്ടത്തിൽ ഇപ്രകാരം പറയുന്നു:- "മാലാഖമാർ നരകകവാടം തുറന്നു; അപ്പോൾ ഇടിനാദംപോലുള്ള ഭയങ്കരശബ്ദം കേൾക്കപ്പെട്ടു. നിരാശരായ നരകവാസികളുടെ ഭീകരരോദനങ്ങളും ഘോരഗർജ്ജനങ്ങളും ആക്ക വർണ്ണിക്കുവാൻ സാധിക്കും! അവരുടെ അലർച്ചകൾ, അട്ടഹാസങ്ങൾ, ദൈവദൂഷണവാക്കുകൾ എന്നിവ എത്ര കണ്ണുകഠോരം! ദിവ്യരക്ഷകൻ യൂദാസിന്റെ ആത്മാവിനോട് ചില കാര്യങ്ങൾ കല്പിച്ച് സംസാരിച്ചു. അപ്പോൾ ആ ഘോരഗർത്തത്തിലെ ദുഷ്ടാരൂപികൾ ആസകലം നിശ്ശബ്ദരായി. അവിടത്തെ സ്തുതിച്ചാരാധിക്കുന്നതിനു മാലാഖമാർ അവരോടാജ്ഞാപിച്ചു. അഹങ്കാരമൂർത്തികളായ അവർ, ആ കല്പന അനുസരിച്ച് സർവ്വേശപുത്രനെ സ്തുതിക്കുന്നതിനേക്കാൾ അനേകായിരം മടങ്ങ് നരകയാതനകളനുഭവിക്കാൻ സന്നദ്ധരായി; എങ്കിലും മാററമില്ലാത്ത ആ കല്പന അനുസരിക്കാൻ അവർ നിർബന്ധിതരായിത്തീർന്നു."

പല ക്രൂരപിശാചുക്കളും ആ ഭയാനകമായ അഗ്നികുണ്ഡത്തിൽ ഓരോ പരിധികളിലായി ബന്ധിക്കപ്പെട്ടിരുന്നു. എന്നാൽ നരകമദ്ധ്യത്തിലുള്ള അന്ധകാരപൂരിതമായ ആ പാതാളഗഹ്വരത്തിൽ ലൂസിഫറെന്ന പിശാചമുഖ്യനെ ഭയങ്കരശൃംഖലകളാൽ ദൃഢമായി ബന്ധിച്ചിരിക്കുന്നതായും കാണപ്പെട്ടു. ആ ദാരുണഗർത്തത്തിന്റെ അഗാധതയിൽനിന്ന് വമിച്ചിരുന്ന അന്ധകാരനിബിഡമായ ധൂമപടലങ്ങൾ അവന്റെ ഘോരരൂപത്തെ ആവരണം ചെയ്യപ്പെട്ടിരുന്നു. അഖിലേശപരൻതന്നെയാണ്, ഈ ക്രൂരനായ ഖലനെ ഈവിധമായ കഠിനാശിക്ഷയ്ക്ക് വിധേയനാക്കിയത്. എങ്കിലും (അവസാനകാലത്ത്) മനുഷ്യരെ അത്യുഗ്രമായി പരീക്ഷിക്കുന്നതിനും ഈശ്വര

പ്രതീകാരത്തിന്റെ കരുക്കളാക്കുന്നതിനും ഇവനെയും ഇവന്റെ സഹകാരികളേയും അവിടന്ന് നിയോഗിക്കും; തന്മൂലം ക്രിസ്തുവർഷം രണ്ടായിരം തികയുന്നതിന് അൻപതോ അറുപതോ വത്സരങ്ങൾക്കുമുൻപേ ഈ ഭയങ്കരനെയും ഇതരപിശാചുക്കളേയും ബന്ധനവിമുക്തരാക്കുമെന്ന് എന്നോട്ട് പറഞ്ഞതായും ഞാനോൎക്കുന്നു. എന്നു മാത്രമല്ല, ഇവന്റെ അനുചരന്മാരായ പല പിശാചുക്കളെയും ഇപ്പോൾത്തന്നെ വിടപ്പെട്ടിരിക്കുന്നു. മററു ചിലരെ താമസിയാതെ വിടപ്പെട്ടുമെന്നും വിചാരിക്കുന്നു.”

ഇതിനെ ഒന്നുകൂടി ദൃഢീകരിക്കുന്നതാണ് താഴെ കാണുന്ന മറെറാരു സംഭവം. 1863-ൽ ബെൎണ്ണർദീൻ സഭക്കാരിയും ദൈവജനനിയുടെ അതിഭക്തയുമായിരുന്ന ഒരു കന്യാസ്ത്രീ ഒരു സ്വൎഗ്ഗീയദൎശനത്തിൽ, പിശാചുക്കൾ ലോകത്തിൽ സൎവ്വത്ര വ്യാപിച്ച് അവൎണ്ണനീയനാശങ്ങൾ ചെയ്യുന്നതായി കാണുകയുണ്ടായി. അതേസമയംതന്നെ പരിശുദ്ധ ദൈവജനനി “പിശാചുക്കൾ ഇപ്പോൾ അഴിച്ചുവിടപ്പെട്ടിരിക്കയാകുന്നു. ആകയാൽ സ്വൎഗ്ഗീയസേനകളെ അയച്ച് ഈ നരകശത്രുക്കളെ ഓടിച്ചുകളയുവാൻ സ്വൎഗ്ഗരാജ്ഞിയായ എന്നോട്ട് പ്രാൎത്ഥിക്കേണ്ട സമയം ആസന്നമായിരിക്കുന്നു.” എന്ന് അരുളിച്ചെയ്യുന്നത് കേൾക്കുകയുമുണ്ടായി. അപ്പോൾ ആ കന്യക എന്റെ അമ്മേ, അവിടന്ന് ഇത്ര കരുണാൎദ്രയായിരിക്കെ, സ്വയം മാലാഖമാരെ അയച്ചു തരുവാൻ കഴിവില്ലയോ? എന്നുണൎത്തിച്ചതിനു “അങ്ങനെയല്ല; പ്രാൎത്ഥനമൂലം അനുഗ്രഹങ്ങൾ പ്രാപിക്കണമെന്നാണ് ദൈവനിശ്ചയം. ആകയാൽ നീ ഇപ്രകാരം പ്രാൎത്ഥിക്കണം” എന്നരുളിച്ചെയ്തുകൊണ്ട് താഴെ ഉദ്ധരിക്കുന്ന ജപം മാതാവുതന്നെ പറഞ്ഞുകൊടുക്കയുണ്ടായി.

---

## ജപം.

മഹത്വമുള്ള സ്വൎഗ്ഗരാജ്ഞിയും മാലാഖാമാരുടെ നാഥയുമായുള്ളോവേ! പിശാചിന്റെ തലയെ തകൎക്കുന്നതിനുള്ള ശക്തിയും ഉദ്യോഗവും ദൈവത്തിൽനിന്ന് ലഭിച്ചിരിക്കുന്ന അവിടന്ന് സ്വൎഗ്ഗീയസേനകളെ അയച്ച് അവർ നിന്റെ ആജ്ഞാനുസരണം പിശാചുക്കളെ സൎവ്വത്ര പിന്തുടൎന്ന് അവ

## ചില പ്രവചനങ്ങൾ

16–ാം നൂററാണ്ടിൽ ജീവിച്ചിരുന്ന റവ. ബർത്തലോമ്യൂ ഹോൾസാവുസർ എന്ന ദേഹം പ്രവചനവരത്താൽ അനുഗ്രഹീതനായിരുന്നു. അദ്ദേഹം പറയുന്നു:– "മഹായുദ്ധങ്ങൾ ആവിർഭവിക്കും. കത്തോലിക്കാസഭ കഠിനമായി പീഡിപ്പിക്കപ്പെടും. പിന്നീടു പെട്ടെന്നൊരു പരിവർത്തനമുണ്ടാകും. ലോകം മാനസാന്തരപ്പെടും. ആ സ്ഥിതിയിൽ അവസാനത്തോളം നിലനിൽക്കും."

1775–ൽ നിര്യാതനായ റവ. ലോറൻസായൂസ് റിക്കി താഴെപ്പറയുന്ന ദീർഘദർശനം ചെയ്തു:– "യുദ്ധം, ദാരിദ്ര്യം, ക്ഷാമം, സാംക്രമികരോഗം ഇവയാൽ ലോകം കഷ്ടപ്പെടും. സർവവും

---

രോടു പോരാടി അവരുടെ ഉന്നിവിനെ അമർത്തി നരകപാതാളത്തിലേക്ക് അവരെ തള്ളിയിട്ടമാറാകണമെന്ന് താഴ്മയായി അങ്ങയോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

"ദൈവത്തെപ്പോലെ ആർ?"

ദൂതന്മാരും അതിദൂതന്മാരുമായ വിശുദ്ധ മാലാഖമാരേ! നിങ്ങൾ ഞങ്ങളെ ആദരിച്ചു കാത്തുകൊള്ളണമെ. കരുണയും ദയയും നിറഞ്ഞ മാതാവേ! എപ്പോഴും ഞങ്ങളുടെ സ്നേഹവും ഞങ്ങളുടെ ശരണവും നീ ആയിരിക്കണമെ. ആമ്മേ നീശോ.

ഈ ജപം അബെ എസ്റ്റാക്ക് എന്ന വൈദികൻ ബയോണിലെ മെത്രാനായ നി. വ. ദി. ശ്രീ ലക്രോവ എന്ന ദേഹത്തെ കാണിച്ച് അംഗീകരണം സമ്പാദിക്കുകയും ഉടനെ അൻപതിനായിരം കോപ്പികൾ അടിച്ച് ഫ്രാൻസിൽ വിതരണം ചെയ്കയും ചെയ്തു. പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈ ജപം ചൊല്ലുന്നവക്ക് പ്രതിദിനം 300 ദിവസത്തെ ദണ്ഡവിമോചനവും കല്പിച്ചനുവദിച്ചിട്ടുണ്ട്.

നി. വ. ദി. ശ്രീ കാളാശ്ശേരിൽ മാർ ജെയിംസ് മെത്രാനച്ചൻ തിരുമനസ്സിലെ (26–8–'36ലെ) അനുമതിയോടുകൂടി ഈ ജപം മന്നാനം എസ്. ജെ. പ്രസ്സിൽനിന്നും ധാരാളം പ്രതികൾ അടിച്ച് ഈ ദേശത്തും പ്രചരിപ്പിച്ചിട്ടുള്ളതാകുന്നു.

നഷ്ടമായി എന്ന് കാണപ്പെടുമ്പോൾ ദൈവം ഇടപെടും. പ്രോട്ടസ്റ്റൻറു മതം ഇല്ലാതാകും. തുർക്കിസാമ്രാജ്യം നാമാവശേഷമാകും. ലോകത്തെ ഭരിക്കുന്ന ഒരു അധിപൻ ജർമ്മനിയിൽ ഉദയം ചെയ്യും. ഭൂമുഖത്ത് എവിടെയും ഒരു ഇടയനും ഒരു തൊഴുത്തുമാകും.”

1840-ൽ ചരമമടഞ്ഞ ഫ്രാൻസിസ്കൻ തൃണസഹോദരനായ ലൂഡോവിക്കോ റോക്കോ അത്ഭുതാവഹമായ പ്രവചനങ്ങൾ ചെയ്യുകയുണ്ടായി. അവയിൽ ചിലത് ഇപ്പോൾ യാഥാർത്ഥ്യങ്ങളായിത്തീർന്നിട്ടുമുണ്ട്:- “റഷ്യ, വലിയ അതിക്രമങ്ങളുടെ രംഗഭൂമിയാകും. അവിടെ വിപ്ലവം ഉടലെടുക്കും. ആസ്ട്രിയാ ഒരു സാമ്രാജ്യമെന്ന നിലയിൽ ഉടഞ്ഞുപോകും. ജർമ്മനിയിലെ രാജാക്കന്മാരും പ്രഭുക്കളും സ്ഥാനത്യാഗംചെയ്യും. പ്രഷ്യാ വിശേഷവിധിയായി ക്ലേശമനുഭവിക്കും. തുർക്കികൾ മാനസാന്തരപ്പെടും. മനുഷ്യരാശിയുടെ അർദ്ധഭാഗം നശിപ്പിക്കപ്പെടും. അനന്തരം അവസാനംവരെ സമാധാനം ഉണ്ടാകും”

1682-ൽ ഡയനിഷ്യസ് എന്നുപേരായ ഒരു കപ്പൂച്ചിൻ സന്യാസി, അന്തിക്രിസ്തുവിനെസ്സംബന്ധിച്ച് ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ പറയുന്നു:- “പര്യാകലതകളുടെ കാലഘട്ടങ്ങളിലെല്ലാം ദൈവം വിശുദ്ധരേയും നേതാക്കളേയും ഉയർത്തിയിട്ടുണ്ട്. ലോകാവസാനത്തിനുമുൻപ് അവിടന്ന് അതു വിശേഷവിധിയായി പ്രവർത്തിക്കും. വളരെ ശക്തനും വിശുദ്ധനുമായ ഒരുവൻെറ കരങ്ങളിൽ ലോകഭരണത്തിൻെറ കടിഞ്ഞാൺ നൽകപ്പെടും. അജ്ഞതയുടെ വഴിയിൽ ചരിക്കുന്നവരിൽ ഭൂരിഭാഗത്തെയും സത്യവിശ്വാസത്തിലേക്ക് അദ്ദേഹം പ്രത്യാനയിക്കും.”

12-ാം ശതകത്തിൽ ജീവിച്ചിരുന്ന ബ്രദർ ജോൺ നൽകുന്ന പ്രവചനം ശ്രദ്ധേയമാണ്:- “ലോകാവസാനത്തിനു മുൻപായി മെത്രാന്മാരും വൈദികരും ആക്രമിക്കപ്പെടും. അവരെ അവമാനിക്കുന്നവരെ ആദരിക്കും, ജനത വളരെ അധികം ബഹുമാനിക്കുക. മാർപ്പാപ്പാ റോമിൽനിന്ന് പലായനം ചെയ്യും. അദ്ദേഹം പീഡകളിലും ആകുലതകളിലും ജീവിതം കഴിക്കും. ആ ഞെരുക്കങ്ങളുടെ കാലങ്ങൾ തിരുസ്സഭയുടെ ആരംഭകാലങ്ങളിലെ മതപീഡനങ്ങളേയും അതിശയിക്കുന്നവയായിരിക്കും.”

1760-ൽ ബൽജിയംകാരനായ ഫാദർ നെക്റ്റോവ് എന്നൊരു ഈശോസഭാ വൈദികൻ ഇപ്രകാരം പ്രവചിക്കയുണ്ടായി:- "തിരുസ്സഭയെ വിജയത്തിലേക്കു നയിക്കുന്ന സംഭവങ്ങളുടെ സാമീപ്യത്തിൽതന്നെ, ദൈവം മനുഷ്യനെ അവന്റെ ദുഷിപിഴച്ച മാൎഗ്ഗങ്ങളിൽ കൈവെടിഞ്ഞെന്നും ലോകത്തോടു ദൈവപരിപാലനയ്ക്കു യാതൊരു ബന്ധവുമില്ലെന്നും ആളുകൾ വിചാരിക്കത്തക്കവണ്ണമുള്ള കുഴപ്പങ്ങൾ ഭൂമുഖത്തുണ്ടാകും. അന്ത്യമായ ആ നിൎണ്ണായകവേളയിൽ ദൈവം നിയോഗിച്ചിരിക്കുന്ന സ്ഥാനത്തു് ഒരുവനു് ഉറച്ചു നിൽക്കുകയും ആന്തരികമായ ഏകാന്തധ്യാനത്തിലേക്കു് പിന്തിരിഞ്ഞു് ദൈവകോപത്തെയും നീതിയേയും തൃപ്തിപ്പെടുത്തുന്നതിനു് പ്രാൎത്ഥിക്കയുമല്ലാതെ മററു വഴിയില്ലാതാകും. അങ്ങനെ സൎവ്വവും നഷ്ടമായി എന്നു തോന്നുന്ന നിമിഷത്തിൽ സൎവ്വവും രക്ഷിക്കപ്പെടും. അപ്പോഴാണു് സഭക്കു് വിജയം കൈവരുന്നതു്. മനുഷ്യപുത്രന്റെ ആഗമനത്തിനു മുൻപുള്ള അവസാനത്തേ വിജയം അതായിരിക്കും."

1878-ൽ ഷർമമടഞ്ഞ മരിയെ ബോർഡിയുടെ ദൎശനങ്ങളും ചിന്തനീയങ്ങളാണു്:- "ലോകാവസാനത്തിനു മുൻപായി മൂന്നു ദിവസം മുഴുവനും അന്ധകാരം ഭൂമിയിൽ വ്യാപിക്കും. അപ്പോൾ അധൎമ്മചാരികൾക്കു് നാശമുണ്ടാകും. തന്മൂലം മനുഷ്യരാശിയിൽ നാലിലൊന്നു മാത്രമേ അവശേഷിക്കുകയുള്ളു. മതത്തിനും രാഷ്ട്രത്തിനുംവേണ്ടി ജീവൻ ബലികഴിക്കുന്നതുകൊണ്ടു് വൈദികഗണവും എണ്ണത്തിൽ വളരെ കുറഞ്ഞുപോകും."

10-ാം ശതകത്തിൽ ജീവിച്ചിരുന്ന വി. മാലാഖിയുടെ പ്രവചനങ്ങൾ പ്രസിദ്ധങ്ങളാണു്:- "കാലത്തിന്റെ അവസാനനാളുകളോടടുക്കുമ്പോൾ, 'ദൈവദൂതോപമനായ ഇടയൻ' എന്നറിയപ്പെടുന്ന ഒരു പാപ്പാ വാഴും. ഇതിനുമുൻപു് 'ഉജ്ജ്വലാഗ്നി' എന്ന പേരിൽ ഒരു പാപ്പായും 'അചഞ്ചലവിശ്വാസം' എന്നറിയപ്പെടുന്ന മറെറാരു പാപ്പായും ഉണ്ടായിരിക്കും."

ഈ അടുത്ത കാലങ്ങളിൽ വാണിട്ടുള്ള പാപ്പാമാരിൽ ഈ വിശേഷലക്ഷണങ്ങൾ അന്വൎത്ഥങ്ങളാകുന്നതായി പലരും കരുതുന്നു.

ഇനി നമുക്ക് കരുണാവത്സലയായ നമ്മുടെ ദൈവജനനിയുടെ ഒരു ചുരുങ്ങിയ സൂചനകൂടി ശ്രവിക്കാം. 1846-ൽ ഫ്രാൻസിലുള്ള ലാസലെററ് എന്ന സ്ഥലത്തുവെച്ച് പരിശുദ്ധ കന്യക രണ്ടു കൊച്ചുകുട്ടികൾക്ക് ദർശനമരുളുകയുണ്ടായി. അപ്പോഴാണ് ആ ലോകനാഥ ഇതു കല്പിച്ചു വെളിപ്പെടുത്തിയതു്:- "പശ്ചാത്താപം, പ്രായശ്ചിത്തം, പ്രാർത്ഥന എന്നിവ വഴിയായി മനുഷ്യൻ ദൈവകോപത്തെ ശമിപ്പിക്കണം. അവൻെറ പാപമാലിന്യങ്ങളെ അങ്ങനെ കഴുകിക്കളയണം. ഇപ്രകാരം അവൻ ദൈവത്തെ സമീപിക്കണം. അല്ലെങ്കിൽ ലോകം കഠിനമായി ശിക്ഷിക്കപ്പെടും. യൂറോപ്പിൽ മഹായുദ്ധങ്ങൾ ആവിർഭവിക്കും. കത്തോലിക്കാസഭ കഠിനമായി പീഡിപ്പിക്കപ്പെടും. പിന്നീട് പെട്ടെന്നൊരു പരിവർത്തനമുണ്ടാകും. ലോകം മാനസാന്തരപ്പെടുകയും ആ സ്ഥിതിയിൽ അവസാനംവരെ നിലനിൽക്കുകയും ചെയ്യും."

ദയാനിധിയായ നമ്മുടെ പരിശുദ്ധ അമ്മതന്നെ 1917 ജൂലായ് 13-ാം നു- ഫാത്തിമായിലെ തൃതീയ ദർശനത്തിൽ ലൂസിയോടു് ഇതല്പംകൂടി വിശദമായി സൂചിപ്പിച്ചു കല്പിച്ചിട്ടുണ്ടു്. രോഗത്തിന്നു് ശരിയായ ഔഷധം നിർദ്ദേശിച്ചിട്ടു്, അതു് യഥാവിധി പ്രയോഗിക്കാതിരുന്നാൽ വന്നുകൂടുന്ന വിപത്തു് എന്ന നിലയിലാണു് ആ ദിവ്യമാതാവു് ഇതു് വെളിപ്പെടുത്തുന്നതു്.

"പാപികൾക്കായി നിന്നെത്തന്നെ ബലിയായി കാഴ്ചവെക്കുക. ഓ! എൻെറ ഈശോയേ! നിന്നോടുള്ള സ്നേഹത്തെക്കുറിച്ചും പാപികളുടെ മാനസാന്തരത്തിനായും ദിവ്യജനനിയായ പരിശുദ്ധ മറിയത്തിൻെറ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു് പരിഹാരമായും ഇതു ഞാൻ കാഴ്ചവെക്കുന്നു." എന്നു് കൂടെക്കൂടെ ചൊല്ലുക; പ്രത്യേകിച്ചു് പ്രായശ്ചിത്തപ്രവൃത്തി ചെയ്യുമ്പോഴൊക്കെയും. ജീവിതനവീകരണം, പ്രാർത്ഥനാപ്രായശ്ചിത്തങ്ങൾ ഇവയാൽ വേണം കോപോജ്ജ്വലമായ ദൈവനീതിയെ സാന്ത്വനപ്പെടുത്തുവാൻ.

"അജ്ഞാതമായ ഒരു പ്രകാശം ആകാശത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ, ലോകം അതിൻെറ നിരവധി പാപങ്ങളുടെ ഫലമായി യുദ്ധത്താലും ദാരിദ്ര്യത്താലും, സഭക്കും സഭാത

ലവനുമെതിരായുള്ള പീഡനങ്ങളാലും ഞെരുക്കപ്പെട്ടുവാൻ പോകുന്നുവെന്നറിയിക്കുന്നതിനു് ദൈവം നൽകുന്ന ഒരടയാളമായി അതിനെ കരുതിക്കൊള്ളുക. ഇതു തടയുന്നതിന്നു് ലോകത്തെ എൻെറ വിമലഹൃദയത്തിനു് പ്രതിഷ്ഠിക്കുന്നതിനും മാസാദ്യശനിയാഴ്ചകളിൽ പാപപരിഹാരമായി വിശുദ്ധ ഭോജ്യം സ്വീകരിക്കുന്നതിനും ഞാൻ ആവശ്യപ്പെടുന്നു. എൻെറ ആഗ്രഹങ്ങൾ നിറവേറുമെങ്കിൽ റഷ്യാ മാനസാന്തരപ്പെടും. ഭൂമുഖത്തു് സമാധാനം കളിയാടും. അല്ലെങ്കിൽ, അതിനീചമായ പ്രചരണസംഘം ലോകം മുഴുവനും അതിൻെറ അബദ്ധതത്വങ്ങൾ പ്രചരിപ്പിക്കും; സഭയ്ക്കെതിരായി പീഡനവും സമരവും ഇളക്കിവിടുകയും ചെയ്യും. അനേകം പാവനചരിതർ സ്വജീവൻ ബലികഴിക്കേണ്ടിവരും. പരിശുദ്ധ പിതാവു് അനവധി ക്ലേശങ്ങൾ സഹിക്കേണ്ടിവരും. നിരവധിരാജ്യങ്ങൾ നാമാവശേഷമാകും. ആകയാൽ അന്തരീക്ഷം മ്ലാനമായിരിക്കുന്നു. എങ്കിലും ഒരാശാകിരണമുണ്ടു്. എൻെറ വിമല ഹൃദയം അവസാനം വിജയിക്കും.''

ഇനി നമുക്കു് ലോകാവസാനത്തെക്കുറിച്ചുള്ള നമ്മുടെ ദിവ്യനാഥൻെറ തിരുവായ്മൊഴിതന്നെ ശ്രവിക്കാം. അവിടന്നു് തൻെറ വാത്സല്യശിഷ്യരോടു് ഇപ്രകാരം കല്പിച്ചു:– ''യുദ്ധങ്ങളും യുദ്ധശ്രുതികളും സംബന്ധിച്ചു് നിങ്ങൾ കേൾക്കും. ജനം ജനത്തിനെതിരായും, രാജ്യം രാജ്യത്തിനെതിരായും നില്ക്കും. ക്ഷാമങ്ങളും പകർച്ചരോഗങ്ങളും ഭൂകമ്പങ്ങളും അവിടവിടെയുണ്ടാകും. ഇവയെല്ലാം വേദനകളുടെ ആരംഭമാകുന്നു. അപ്പോൾ അവർ നിങ്ങളെ ഞെരുക്കത്തിനു കയ്യേല്പിക്കയും, കൊല്ലുകയും ചെയ്യും. നിങ്ങൾ എൻെറ നാമംനിമിത്തം സകല ജാതികളാലും ദ്വേഷിക്കപ്പെടും. അപ്പോൾ പലരും ഇടറുകയും ഒരുത്തൻ മറെറാരുത്തനെ ദ്വേഷിക്കയും ഒരുത്തൻ മറെറാരുത്തനെ ഒററിക്കൊടുക്കയും ചെയ്യും. വളരെ വ്യാജപ്രവാചകർ പുറപ്പെട്ടുവരികയും പലരേയും തെററിക്കയും ചെയ്യും. ദുഷ്ടതയുടെ പെരുപ്പംനിമിത്തം പലരുടേയും സ്നേഹം മന്ദീഭവിച്ചുപോകും. അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപ്രാപിക്കും. രാജ്യത്തിൻെറ ഈ സുവിശേഷം സകല

ജാതികൾക്കും- ലോകമെങ്ങും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരികയും ചെയ്യും."

"ലോകാരംഭംമുതൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകയില്ലാത്തതുമായ അത്ര വലിയ ഞെരുക്കം അപ്പോൾ ഉണ്ടാകും. ആ നാളുകൾ ചുരുക്കപ്പെടാതിരുന്നെങ്കിൽ യാതൊരു ജഡവും ജീവിക്കയില്ലായിരുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ നിമിത്തം ആ നാൾ ചുരുക്കപ്പെടും. അപ്പോൾ ആരെങ്കിലും നിങ്ങളോട് ഇതാ മിശിഹാ ഇവിടെയുണ്ട്, അല്ലെങ്കിൽ അവിടെയുണ്ട് എന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. എന്തെന്നാൽ വ്യാജമിശിഹാകളും വ്യാജപ്രവാചകന്മാരും പുറപ്പെടുകയും കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെക്കൂടിയും വഞ്ചിക്കുവാൻ തക്കവണ്ണം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും. ആ ദിവസങ്ങളിലെ ഞെരുക്കങ്ങളുടെശേഷം സൂര്യൻ ഇരുണ്ടുപോകുകയും ചന്ദ്രൻ അതിന്റെ പ്രകാശം നൽകാതിരിക്കുകയും ചെയ്യും. ആകാശത്തുനിന്ന് നക്ഷത്രങ്ങൾ വീഴുകയും ആകാശശക്തികൾ ചലിക്കുകയും ചെയ്യും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ കാണപ്പെടും. അപ്പോൾ ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിക്കും. മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടി വാനമേഘങ്ങളിന്മേൽ എഴുന്നള്ളിവരുന്നത് അവർ കാണുകയും ചെയ്യും. അവൻ തന്റെ ദൂതന്മാരെ വലിയ കാഹളത്തോടുകൂടി അയയ്ക്കും. അവർ അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരേ ആകാശത്തിന്റെ ഒരറ്റംമുതൽ മറേറ അററം വരെ നാലു വായുക്കളിൽനിന്നും കൂട്ടിച്ചേർക്കുകയും ചെയ്യും. എന്നാൽ വിചാരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. ആകാശവും ഭൂമിയും കടന്നുപോകും. എന്റെ വചനങ്ങൾ കടന്നുപോകയില്ല." (മത്താ. 24-6-35)

ഈ പ്രവചനങ്ങൾ, അതിന്റെ ചൈതന്യത്തിൽ നാം ജീവിക്കുന്നെങ്കിൽ നമുക്കധികം പ്രയോജനപ്രദങ്ങളാകും. ലോകാവസാനം പാപിക്കു ഭീകരമെങ്കിൽ സുകൃതിക്കു സുമധുരവുമാണ്. ക്ഷണികലോകത്തിന്റെ അവസാനം നിത്യതയുടെ പടിവാതിലാണെന്ന് അനുസ്മരിക്കണം. അവസാനനാളുക

ളിലും സഭാമാതാവിൻെറ പരിചര്യകളനുഭവിച്ചുകൊണ്ടു് ദിവ്യന്യായാധിപൻെറ അടുക്കലേക്ക് നാം ആനയിക്കപ്പെടുന്നതിനായി സർവ്വദാ പരിശ്രമിക്കേണ്ടതത്രെ.

"നമ്മൾക്കിഹത്തിലൊരു ശാശ്വതദേശമില്ല,
ഇമ്മന്നിടം മനുജ! തേ പരദേശമത്രെ.
ഈ ഭൂമിയോ, അതിലെഴും ക്ഷണികങ്ങളാകും
ആ ഭൌമവസ്തുവോ തവാന്ത്യവുമല്ല നൂനം."

---

## അദ്ധ്യായം മൂന്നു്.

# അവസാനലക്ഷണങ്ങൾ

### വി. യോഹന്നാൻെറ "വെളിപാടിലെ മൃഗം"

ഈ നൂതനവ്യാഖ്യാനത്തേക്കുറിച്ചുള്ള "ലാമ്പ്" മാസികാ പത്രാധിപരുടെ മുഖവുര:- "ബ്രാൻഡു് ഇക്കൊണോക്ലാസ്റ്റ്" എന്ന നാമത്തിൽ മുൻപു് അറിയപ്പെട്ടിരുന്നതും ഇപ്പോൾ "ദി ലിബറൽ" എന്ന പേരിൽ നടത്തപ്പെടുന്നതുമായ ഒരു പത്രത്തിൻെറ അധിപരാണു്, ചാറത്സു എ. വ്ണ്ടിൽ. ഊർജ്ജസ്വലങ്ങളായ ലേഖനങ്ങൾ എഴുതി പ്രസിദ്ധം ചെയ്യുന്ന വിഷയത്തിൽ ഇദ്ദേഹത്തോടു കിടപിടിക്കുന്ന പത്രപ്രവർത്തകന്മാർ ഇന്നു് അമേരിക്കയിൽ അധികമില്ല. ഇദ്ദേഹം "ട്രൂത്ത് ആൻഡു്ലയിററു്" (സത്യവും പ്രകാശവും) എന്ന അഭിധാനത്തിൽ ഒരു മാസികാഗ്രന്ഥം കുറെക്കാലത്തേക്ക് പ്രസാധനം ചെയ്തുകൊണ്ടിരുന്നു. "കുക്ളൂസ്ക്ലാൻ", "എ. പി. ഏ" മുതലായ സംഘക്കാർ കത്തോലിക്കാസഭയ്ക്കെതിരായിച്ചെയ്തിരുന്ന ദുഷ്യപ്രസ്താവനകൾക്ക് പ്രത്യാഖ്യാനം ചെയ്യുന്ന വിഷയത്തിലാണു് ഇദ്ദേഹം പ്രസ്തുത മാസിക വിനിയോഗിച്ചിരുന്നതു്. അമേരിക്കൻ പ്രബന്ധകർത്താക്കളിൽ വളരെ ചുരുക്കംപേർ മാത്രമേ ഇത്ര ശക്തിമത്തായി കത്തോലിക്കാസഭയെ അവലംബിച്ച് എഴുതിയിട്ടുള്ളു. എങ്കിലും ഇന്നും അദ്ദേഹം അകത്തോലിക്കനായിത്തന്നെ സ്ഥിതിചെയ്യുന്നു.

"വി. യോഹന്നാന്റെ വെളിപാട്" 13-ാം അദ്ധ്യായത്തിൽ ഒരു മൃഗത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഈ മൃഗത്തെ സംബന്ധിച്ച ഒരു വ്യാഖ്യാനമാണ്, മിസ്റ്റർ വിൻഡിൽ ഈയിടെ ഒരു ലഘുകൃതിരൂപത്തിൽ പുറത്തിറക്കിയിരിക്കുന്നത്. പ്രസ്തുത വ്യാഖ്യാനമാകുന്നു ഇപ്പോൾ ഈ മാസികയിൽ (ട്രാംപ് മാസികയിൽ) ഞങ്ങൾ പ്രസിദ്ധം ചെയ്യുന്നത്. എന്നാൽ ഈ വ്യാഖ്യാനത്തിന് കത്തോലിക്കാസഭയുടെ അംഗീകരണം ഇല്ലെന്നുള്ള വസ്തുത ഞങ്ങൾ ഇവിടെ തുറന്നു പ്രസ്താവിച്ചുകൊള്ളുന്നു. "വെളിപാട്" പുസ്തകത്തെപ്പററി കത്തോലിക്കാസഭ ഔദ്യോഗികമായ യാതൊരു വ്യാഖ്യാനവും ഇതേവരെ ചെയ്തിട്ടില്ല. പ്രോട്ടസ്റ്റന്റ് നവീകരണകാലഘട്ടത്തിൽ ഏതാനും പ്രോട്ടസ്റ്റന്റ് ഗ്രന്ഥകാരന്മാർ ചെയ്തിട്ടുള്ള വ്യാഖ്യാനങ്ങളെ നിഷേധിച്ചിട്ടുണ്ടെന്നുള്ളതു മാത്രമേ ഏതദ്വിഷയകമായി സഭ അനുഷ്ഠിച്ച ഔദ്യോഗിക കൃത്യമായി എടുത്തുപറയാനുള്ളു. തന്നിമിത്തം ഇപ്പോൾ മിസ്റ്റർ വിൻഡിൽ കൊടുക്കുന്ന ഈ വ്യാഖ്യാനത്തെ സ്വീകരിക്കുന്നതിന് കത്തോലിക്കർക്ക് യാതൊരു അസ്വാതന്ത്ര്യവുമില്ലെന്ന് വിശേഷാൽ പറയേണ്ടതില്ലല്ലോ. ഇദ്ദേഹത്തിന്റെ വ്യാഖ്യാനം ഒരു പക്ഷേ ആകെപ്പാടെ തെററാണെന്നും വന്നേക്കാം. വി. യോഹന്നാന്റെ വെളിപാട് 12-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന 'രക്തവർണ്ണമുള്ള മഹാസർപ്പം' അല്ലെങ്കിൽ ഏഴു തലയും പത്തു കൊമ്പുമുള്ളതായി 13-ാം അദ്ധ്യായത്തിൽ അദ്ദേഹം വർണ്ണിച്ചിരിക്കുന്ന "രണ്ടാമത്തെ മൃഗം" സോവിയററ് ഐക്യരാജ്യമാണെന്ന് സ്ഥാപിപ്പാൻ മിസ്റ്റർ വിൻഡിൽ ചെയ്തിരിക്കുന്ന ശ്രമം സർവ്വരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്ക ഒന്നുതന്നെയാണ്.

ഇന്ന് അന്തിക്രിസ്തുവിന്റെ മഹാരാജ്യമായി ലോകത്തിൽ സ്ഥിതിചെയ്യുന്നത് സോവ്യററ് റഷ്യാ ആണ്. കമ്യൂണിസ്ററുകാരുടെ ലോകവിപ്ലവമഹാകാര്യപരിപാടിയിൽ പ്രകടമായി കാണുന്നത് ആ മഹാരാജ്യത്തെ ലോകമാസകലം വ്യാപിപ്പിക്കുന്നതിന് സാത്താനുള്ള ഉദ്ദേശ്യംതന്നെയുമാണ് എന്നുള്ളതിൽ ഞങ്ങൾക്ക് തെല്ലും സംശയമില്ലതന്നെ.

പ്രസ്താവന:- ഇന്ന് ലോകത്തിലുള്ളതിലേക്കും വിശ്രുതമായ വാക്ചിത്രശാല ബൈബിൾ ആകുന്നു. കാര്യവിവരമുള്ളവരാരും ഈ വസ്തുത നിഷേധിക്കയില്ല. അതീതകാലത്തിൽ

ഉണ്ടായിരുന്നതോ ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതോ ആയ സമസ്തവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഒരു പ്രതിഛായ നമുക്ക് ക്രിസ്തീയ വേദപുസ്തകത്തിൽ കണ്ടെത്താൻ കഴിയും. ഭാവി സംഭവങ്ങളുടെ വിശ്വവിശ്രുത ചിത്രകാരനായ യോഹന്നാൻ, പാത്മോസ് ദ്വീപിൽവച്ചു "കമ്യൂണിസ"ത്തെ ചിത്രീകരിച്ചിരിക്കുന്നതു കാണാൻ കൌതുകമുള്ളവർ ഈ ലേഖകനെ അനുഗമിച്ച് ആ ചിത്രശാലയിൽ പ്രവേശിച്ചാൽ ഈ പ്രദർശനംകണ്ടു തൃപ്തിയടയാവുന്നതാണ്.

വി. യോഹന്നാന്റെ വർണ്ണനാചാതുര്യവും കർമ്മകുശലതയും ഗ്രഹിക്കുന്നതിനുവേണ്ടി, ഈദൃശവിദ്യയിൽ അദ്വിതീയനായിരുന്ന ദാനിയേൽ ദീർഘദർശി ഏതാണ്ടിതുപോലെ രചിച്ചിട്ടുള്ള ഒരു ചിത്രംകൂടെ ആദ്യമേതന്നെ ഒരു നോക്ക് കാണേണ്ടതാണ്. അദ്ദേഹത്തിന്റെ ഈ വിചിത്രപ്രദർശനം 8-ാം നമ്പർ ശാല (അദ്ധ്യായം) 3-ാം ഉപവിഭാഗ (വാക്യ)ത്തിൽ വച്ചിരിക്കുന്നു. ഒന്നു മറേറതിനേക്കാൾ ഉയരമേറിയ രണ്ടു കൊമ്പുകളോടുകൂടിയവനും, സർവ്വത്തും യഥേഷ്ടം പ്രവർത്തിച്ചിരുന്നവനുമായ ഒരു പ്രബലനായ മേഷവീരന്റെ ചിത്രമാണ് ദീർഘദർശി ഇവിടെ ലേഖനം ചെയ്തുവച്ചിരിക്കുന്നതു്.

"പടിഞ്ഞാറുനിന്നു ഒരു കോലാട്ടുമുട്ടൻ പ്രത്യക്ഷനായതിനോടുകൂടെ മേഷവീരന്റെ ആധിപത്യം അധഃപതിച്ചു. ഈ കോലാട്ടുമുട്ടന്റെ നേത്രങ്ങളുടെ മദ്ധ്യസ്ഥാനത്തു ഒരു ശൃംഗവിശേഷമുണ്ടായിരുന്നു. ഇവൻ മേഷവീരനെ കുത്തി അവന്റെ ഇരുകൊമ്പുകളും ഒടിച്ചശേഷം അവനെ നിലംപതിപ്പിച്ച് പാദതാഡനം ചെയ്തു. അവന്റെ കയ്യിൽനിന്നു മേഷശ്രേഷ്ഠനെ രക്ഷിക്കുന്നതിന് ആരുമുണ്ടായില്ല." (ദാനിയേൽ 8. 5-7)

ഈ മേഷവീരനാൽ നിർദ്ദേശിക്കപ്പെടുന്നതു്— ദാനിയേൽ. 8-19 മുതലുള്ള വാക്യങ്ങളിൽ ഗബ്രിയേൽ ദൈവദൂതൻ നൽകിയിരിക്കുന്ന വ്യാഖ്യാനാനുസരണം— മിഡോ-പേർഷ്യൻ സാമ്രാജ്യവും, അതിന്റെ ശൃംഗദ്വയങ്ങൾ ഡാരിയസ് സൈറസ് എന്ന ചക്രവർത്തികളുമത്രെ. ഭയങ്കരനായ ആ കോലാട്ടുമുട്ടനാകട്ടെ, മാസിഡോനിയൻ സാമ്രാജ്യമാകുന്നു. ഇരു കണ്ണുകളുടെയും മദ്ധ്യസ്ഥാനത്തുണ്ടായിരുന്ന ശൃംഗവിശേഷമോ എന്നാൽ, തന്റെ ഏകാഗ്രചിത്തതയാലും ദൃഢനിശ്ചയത്താലും

അജയ്യനായി ഭവിച്ച അലക്സാണ്ടർ മഹാനുമാകുന്നു. ദാനിയേലിന്റെ ഈ 8-ാം അദ്ധ്യായത്തിൽതന്നെ, പ്രസ്തുത കോലാട്ടുമുട്ടൻ വളന്നു തഴച്ചു് ഭീമകായനായപ്പോൾ അവന്റെ ബൃഹത്തായ ശൃംഗം ഒടിഞ്ഞുപോയിട്ടു് തൽസ്ഥാനത്തു് നാലു ശൃംഗവിശേഷങ്ങൾ ദിഗന്തങ്ങളെ ലക്ഷ്യമാക്കി പുറപ്പെട്ടു എന്നു് നാം കാണുന്നു. ഇതു പൂർത്തികരിച്ചതു് അലക്സാണ്ടറിന്റെ നിര്യാണശേഷം അയാളുടെ നാലു സേനാനായകന്മാരായ പെടാളമി. കസാൻഡ്റാ, ലിസിമാക്കസ്, സെലെയൂക്കസ് എന്നിവർ അയാളുടെ സാമ്രാജ്യത്തേ നാലു രാജ്യങ്ങളായി വിഭജിച്ചെടുത്തപ്പോഴത്രെ. ചരിത്രപരങ്ങളായ ഈ സംഭവങ്ങളിൽ ദാനിയേലിന്റെ ദീഘദർശനവിഷയകമായ മേഷവീരന്റേയും ഭയങ്കര കോലാടിന്റേയും സൂചകങ്ങളായ ചിഹ്നങ്ങൾ പൂർണ്ണമായി സാത്ഥികരിച്ചു.

ഇനി നമുക്കു് നമ്മുടെ പ്രതിപാദ്യവിഷയമായ അടുത്ത മുറിയിലേക്കു് കടക്കാം. ഇവിടെ "വെളിപാടു്" എന്ന ചിത്രശാലയുടെ 12-13 വിഭാഗത്തിലാണു് നാം കാണാൻ പോകുന്ന ചിത്രം പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നതു്. ഇതിനെ വി. യോഹന്നാൻ നാമകരണം ചെയ്തിരിക്കുന്നതു് "രക്തവർണ്ണസമന്വിതനായ മഹാസർപ്പം" "മൃഗം" എന്നീ സംജ്ഞകളാലാണു്. ദൈവനിവേശിതനായ നമ്മുടെ ഗ്രന്ഥകാരന്റെ തൂലികാചിത്രംതന്നെ കണ്ടാലും:- "ഞാൻ കടല്ക്കരെയുള്ള മണലിൽ നില്ക്കയായിരുന്നു. അപ്പോൾ കടലിൽനിന്നു് ഒരു മൃഗം കയറിവരുന്നതു ഞാൻ കണ്ടു. അതിനു ഏഴു തലകളും പത്തു കൊമ്പുകളും കൊമ്പുകളിന്മേൽ പത്തു കിരീടങ്ങളും ഉണ്ടായിരുന്നു. അതിന്റെ തലകളിന്മേൽ ദൈവദൂഷണനാമവും ഉണ്ടായിരുന്നു. ഞാൻ കണ്ട ആ മൃഗം ഒരു പുള്ളിപ്പുലിക്കു സദൃശനുമായിരുന്നു. അതിന്റെ പാദങ്ങൾ കരടിയുടേതുപോലെയും, വക്ത്രം സിംഹത്തിന്റേതുപോലെയും ആയിരുന്നു. അതിന്റെ തലകളിൽ ഒന്നു് മരണകരമായ ഒരു മുറിവേററിരുന്നതായും, ഈ മൃത്യുകരമായ ക്ഷതം സുഖംപ്രാപിച്ചിരുന്നതായും ഞാൻ കണ്ടു. എന്നാൽ അതു് വായുറന്നു് ദൈവത്തിന്റെ നാമത്തിനു വിരുദ്ധമായി- ദൈവത്തേയും അവിടത്തെ ആലയത്തേയും, ആകാശവാസികളേയും- ദൂഷണം പറഞ്ഞു. വിശുദ്ധന്മാക്കു് എതിരായി സമരംചെയ്യുന്നതിനു് അതിനു ശക്തി ലഭിച്ചു...

 14077.

ആയുസ്സിൻെറ പുസ്തകത്തിൽ പേരെഴുതപ്പെടാത്ത സകലരും അതിനെ ആരാധിക്കും." (വെളിപാട് 13. 1-8)

ലോകാരംഭംമുതൽ മനുഷ്യർ പലേ തരത്തിലുള്ള ഭരണകൂടങ്ങൾ സ്ഥാപിച്ച് പരീക്ഷണം നടത്തിയിട്ടുണ്ട്. വി. യോഹന്നാൻെറ വർണ്ണനാവിഷയമായ ഈ മൃഗമാകട്ടെ, അനിയന്ത്രിതനായ ഒരു അധിപതിയാൽ അഭൂതപൂർവ്വമായ ഒരു രീതിയിൽ ഭരിക്കപ്പെടുന്ന ഒരു രാഷ്ട്രം അഥവാ സാമ്രാജ്യമാകുന്നു. അതു് രാജാധിപത്യത്തിൻെറ ബദ്ധവൈരിയാണ്, പ്രഭുത്വത്തിൻെറ പരമശത്രുവുമത്രെ. ദൈവാസ്തികൃത്തേ അടിസ്ഥാനമാക്കിയുള്ള സമസ്തമതത്തിൻേറയും കൊടിയ അന്തകനുമാണ്. തന്നിമിത്തം രാജാധിപത്യം, പ്രജാപ്രഭുത്വം, ദൈവാധിപത്യം എന്ന സംജ്ഞകൾ അതിനു ഒട്ടും അന്വത്ഥങ്ങളല്ല തന്നെ. ഒരു ഭരണകൂടമെന്ന നിലയിൽ അതു് തികച്ചും നവീനമായ ഒന്നാണ്.

അതീതകാലങ്ങളിൽ വേദപുസ്തകവ്യാഖ്യാതാക്കൾ വെളിപാടിലേ ഈ മൃഗവും ചില പൌരാണിക സാമ്രാജ്യങ്ങളും തമ്മിൽ ചില സാമ്യങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ അവയിൽ ഒന്നിനുപോലും ഇതിൻെറ പൂർണ്ണ ലക്ഷണമുള്ളതായി കണ്ടിട്ടില്ല. ഏതന്നിമിത്തം അവയിൽ ഏതെങ്കിലുമൊന്ന് പ്രസ്തുത "മൃഗം" അഥവാ "മഹാസർപ്പ"മാണ് എന്ന് സ്ഥാപിക്കാനുള്ള ശ്രമവും പരാജയമടയുകയാണ് ചെയ്തിട്ടുള്ളതു്.

പ്രത്യുത, വി. യോഹന്നാൻ ചിത്രീകരിച്ചിരിക്കുന്ന ആ മൃഗത്തിൻെറ പന്ത്രണ്ടു ലക്ഷണങ്ങളും "കൊമ്യൂണിസം" അല്ലെങ്കിൽ "സോവിയററ് യൂണിയൻ" എന്നതിൽ പരിപൂർണ്ണമായിരിക്കുന്നതായി എനിക്കു തോന്നുന്നു. സംഭവങ്ങൾ കാലയവനികയെ നീക്കി യുഗങ്ങളുടെ രഹസ്യത്തേ പുറത്താക്കുന്നതുവരെ യോഹന്നാൻെറ ഈ 13-ാം അദ്ധ്യായത്തേ ശരിയായി വ്യാഖ്യാനിക്കാൻ ആക്കും ശക്യമായിരുന്നില്ല.

എൻെറ മാന്യവായനക്കാരൻ വി. ലിഖിതങ്ങളുടെ ദൈവനിവേശനത്തിൽ വിശ്വാസമുള്ള ആളാണെങ്കിൽ, എൻെറ ഈ വ്യാഖ്യാനം അതിൽ അയാൾക്കുള്ള വിശ്വാസത്തേ കൂടുതൽ സ്ഥിരീകരിക്കുന്നതിന് ഏററം പററിയ ഒരു ഉപകരണമായിത്തീരും. നേരേമറിച്ച്, അയാൾക്കു് അതിൽ വിശ്വാസമില്ലെങ്കിൽ, ദീർഘദർശി രേഖപ്പെടുത്തിയിട്ടുള്ള ചിഹ്ന

ങ്ങൾ ചരിത്രസംഭവങ്ങളോട്ട് അത്ഭുതകരമായി അനുരൂപപ്പെടുന്നു എന്നും, തന്നിമിത്തം ദൈവനിവേശനം സമ്മതിക്കാതെ ഇതിനെ വ്യാഖ്യാനിക്കാൻ നിവൃത്തിയില്ലെന്നും, ഞാൻ കാണിച്ചിരിക്കുന്ന തെളിവുകളിൽനിന്നും അയാൾക്കു ഗ്രഹിപ്പവാൻ സാധിക്കും.

## വ്യാഖ്യാനം

### മൃഗത്തിൻെറ പന്ത്രണ്ടു ലക്ഷണങ്ങൾ

1. "ഒരു മൃഗം കടലിൽനിന്ന് കയറിവരുന്നതു ഞാൻ കണ്ടു" (13–1)

"കടൽ" എല്ലാക്കാലത്തും ജനസാമാന്യത്തിൻെറ ഒരു ചിഹ്നമായിട്ടാണ് ഗണിക്കപ്പെട്ടിട്ടുള്ളതു്. കൊമ്യൂണിസം സംജാതമായതുതന്നെ വർഗ്ഗീയവിദ്വേഷഫലമായിട്ടാണല്ലൊ. ഇന്നു ഭൂമുഖത്തുള്ള ഏക "സാമാന്യജന" ("പ്രൊലെറേറിയൻ") ഭരണകൂടമാണ് അതു്. അതു "കടലിൽനിന്നു കയറിവന്നു" എന്ന വിവരണം അതിനു ജനസാമാന്യത്തിൻെറപേരിൽ രൂപം പ്രാപിച്ചതിനെ കാണിക്കുന്നു.

2. "ആ മൃഗത്തിനു് ഏഴു തലയുണ്ടായിരുന്നു." (13–1)

ഇതു് രാഷ്ട്രീയവിഭാഗങ്ങളെ സൂചിപ്പിക്കുന്നു. ഈ ചിഹ്നത്തെ സാർത്ഥീകരിക്കുമാറു് ജനാധിപത്യഭരണകൂടങ്ങൾ എന്ന് അറിയപ്പെടുന്ന ഏഴ് എണ്ണം സോവിയററു യൂണിയൻെറ ഐറോപ്യഭൂവിഭാഗത്തിൽ ഉൾപ്പെട്ടു കിടക്കുന്നതായി നാം കാണുന്നു. അവ, കരേലിയാ, ടാർട്ടാർ, ബാഷ്കീർ, വോൾഗാ, ഡാജെസ്റ്റാൻ, ക്രിമിയാ, മൊൾഡേവിയാ, എന്നിവയത്രെ.

3. "മൃഗത്തിനു പത്തു കൊമ്പും കൊമ്പുകളിന്മേൽ പത്തു കിരീടങ്ങളുമുണ്ടായിരുന്നു." (13–1)

ദീർഘദർശനത്തിൽ "കൊമ്പു്" ശക്തിയേയും "കിരീടം" അധികാരത്തേയുമാണല്ലൊ കാണിക്കുന്നതു്. സോവിയററു ഭരണം നിർവ്വഹിക്കപ്പെടുന്നതു് പല കമ്മററികളും ആലോചനാസംഘങ്ങളും മുഖാന്തരമാണ്. എന്നാൽ സോവിയററു യൂണിയ

ൻെറ പ്രധാന കാൎയ്യങ്ങൾ നടത്തുന്നതു് പ്രത്യേകമായി പത്തു കമ്മററികൾവഴിയാണു്. ഈ കമ്മററികൾ പത്തു കൊമ്പുകളെ സൂചിപ്പിക്കുന്നു. കിരീടം ധരിച്ചിരിക്കുന്നു എന്നു വച്ചാൽ, രാജസമാനമായ അധികാരങ്ങൾ ഇവയ്ക്കുണ്ടെന്നു് പ്രദ്യോതിപ്പിക്കുന്നു. ഇവയാകട്ടെ, 1. വിദേശകാൎയ്യം, 2. സൈന്യം, 3. ധനം, 4 കൈത്തൊഴിൽ, 5. കൃഷി, 6. വിദ്യാഭ്യാസം, 7. വേല, 8. വ്യവസായം, 9. വാണിജ്യം, 10. നാടുകടത്തൽ എന്നിവയെ നിയന്ത്രിക്കാനുള്ള കമ്മററികൾ ആകുന്നു. ഈ കമ്മററികളുടെ നിൎദ്ദേശങ്ങളെ പരിപൂൎണ്ണമായ നിഷ്ഠുരശാസനമെന്നവണ്ണം നടപ്പിൽവരുത്തുന്നതിനു് അതിവിപുലവും സുശക്തവുമായ രഹസ്യപ്പോലീസിൻെറ സഹായം ഇവയ്ക്കുണ്ടുതാനും.

4. "അതിൻെറ തലകളിന്മേൽ ഈശ്വരനിന്ദാപരമായ നാമമുണ്ടായിരുന്നു" (13-1)

ഈ ചിഹ്നം "ദൈവവിരോധികളുടെ സംഘ"ത്തിൻെറ പ്രവൎത്തനങ്ങളിൽ അക്ഷരംപ്രതി നിറവേറിയിരിക്കുന്നു. പ്രസ്തുത സംഘംമൂലമാണു് നിരീശ്വരന്മാരുടെ ശക്തി കേന്ദ്രീകരിച്ചു് പ്രവൎത്തനം നടത്തുന്നതു്. സമസ്തമതങ്ങളേയും, ദൈവം എന്ന ആശയംകൂടെയും ഭൂമുഖത്തുനിന്നു് ഉന്മൂലനം ചെയ്യണം എന്ന ശപഥത്തോടുകൂടെയാണു് ഇതിൻെറ പുറപ്പാടു്. മൃഗത്തിൻെറ സ്വരം ദിഗന്തങ്ങളിൽ കേൾപ്പിക്കുന്നതിനുള്ള വക്ത്രമായിട്ടാണു് ഈ സംഘടന കാൎയ്യനിൎവ്വഹണം ചെയ്യുന്നതും. ക്രിസ്തുമസ്സ്, ഈസ്റ്റർ എന്ന കാലഘട്ടങ്ങളിൽ റഷ്യയിൽ ഇതിൻെറ അംഗങ്ങൾ ക്രിസ്തുവിൻെറ പിറവി, മരണം, ഉയിൎപ്പു് എന്നിവയെ പരിഹാസപാത്രങ്ങളായ നാടകങ്ങളാക്കി അഭിനയിക്കുന്നു. ദൈവനാമത്തിനെതിരായി സോവിയററുസംഘം സമരത്തിലേൎപ്പെട്ടില്ലായിരുന്നെങ്കിൽ ഈ ലഘുകൃതി രചിക്കുന്നതിനു് ഞാൻ മുതിരുകയില്ലായിരുന്നു. ക്രിസ്ത്യാനികൾ പരിപാവനമായി കരുതുന്ന പ്രസ്തുത ദിവസങ്ങളിൽ "ക്രിസ്തു, നാമാവശേഷനാകട്ടെ" എന്നു് എഴുതിയിട്ടുള്ള കൊടിയുംപിടിച്ചുകൊണ്ടു് പള്ളിക്കുചുററും പ്രദക്ഷിണം നടത്തുന്നു. ടാം വണ്ടികളിൽ പരിഹാസദ്യോതകങ്ങളായ കൃത്രിമബലിപീഠങ്ങൾ ചമച്ചുകൊണ്ടു് നിരീശ്വരന്മാർ ക്രിസ്തീയപുരോഹിതന്മാരുടെ വസ്ത്രങ്ങൾ അണിഞ്ഞു്, അതീവ പരിപാവനമായ സമസ്തവും

നിന്ദാപാത്രമായി തോന്നുമാറു് വ്യാജമത ശുശ്രൂഷകൾ നടത്തിക്കൊണ്ടു് ജനനിബിഡമായ നഗരവീഥികളിൽക്കൂടെ മന്ദം മന്ദം യാത്രചെയ്യുന്നു. അഹോ! ദൈവദ്രോഹങ്ങളുടെ അരങ്ങേറ്റം!!

"മൃഗം ഈശ്വരനിന്ദനത്തിൽ, അവിടത്തെ നാമത്തേയും, ആലയത്തേയും, സ്വർഗ്ഗനിവാസികളേയും ദൂഷിക്കുന്നതിനു് അതിന്റെ വാ തുറന്നു" (13–6)

സോവിയറ്റു യൂണിയന്റെ മൃഗീയവും പൈശാചികവുമായ പ്രകൃതത്തെ ശക്തിമത്തായി പ്രകടിപ്പിക്കുന്നതിനു് ഈശ്വരനിന്ദാപരങ്ങളായ വികൃതങ്ങളും വിരൂപങ്ങളുമായ ഈ കോമാളിവേഷങ്ങളേക്കാൾ കൂടുതൽ പറ്റിയ പ്രകടനങ്ങളായി മറ്റൊന്നുമില്ലതന്നെ. കൊമ്യൂണിസത്തിന്മേൽ അടിസ്ഥാനമുറപ്പിച്ചതായി ഇന്നു ഭൂമുഖത്തുള്ള ഏക ഭരണക്രമം ഇതാണു്. ഇതിനു മുൻപ് ഇത്തരം ഒന്നു് ഉണ്ടായിട്ടേ ഇല്ല. എന്നാൽ ഈ കൊമ്യൂണിസമാകട്ടെ, നിരീശ്വരത്വത്തിന്റെ തത്വശാസ്ത്രവുമാണു്. ഈ അടയാളം ഒന്നുകൊണ്ടുമാത്രം, യു. എസ്. എസ്. ആർ = യൂണിയൻ ഓഫ് സോവിയറ്റു് സോഷ്യലിസ്റ്റു് റിപ്പബ്ളിക്ക്സ് = അതായതു് "സോവിയറ്റു് സോഷ്യലിസ്റ്റു് ജനാധിപത്യൈക്യസംഘം," ഏഴു തലകളോടും, പത്തു കൊമ്പുകളോടും, തലകളിന്മേൽ "ദൈവദൂഷണനാമ"ത്തോടുംകൂടെ കടലിൽനിന്നു കയറിവരുന്നതായി യോഹന്നാൻ കണ്ട "മൃഗ"മാണെന്നു് സ്ഥാപിക്കാൻ കഴിയുന്നതാണു്.

5. "ഞാൻ കണ്ട മൃഗമാകട്ടെ ഒരു പുള്ളിപ്പുലിക്കു തുല്യമായിരുന്നു." (13–2)

ക്രൗര്യത്തിൽ പുള്ളിപ്പുലിയെ വെല്ലുന്ന മൃഗമില്ലത്രെ. തന്നിമിത്തം അതു് കൊമ്യൂണിസ്റ്റു് രാഷ്ട്രത്തിന്റെ സാക്ഷാൽ ഛായതന്നെയാണു്. എന്തെന്നാൽ, ജനങ്ങളുടെ ജീവൻ, വസ്തുവുടമാവകാശം, സിവിൽസ്വാതന്ത്ര്യങ്ങൾ എന്നിവയോടു് ഇത്ര ഭയങ്കരവും ക്രൂരവുമായ ദ്രോഹം പ്രവർത്തിക്കുന്ന മറ്റൊരു ഭരണക്രമവും ഇതുവരെ ഈ ജഗത്തിൽ ഉണ്ടായിട്ടില്ല. ഗയി–പയി–ഉ എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന രഹസ്യപ്പോലീസ് വഴിയാണു് സോവിയറ്റു് യൂണിയൻ അതിന്റെ ചിത്രവ്യാഘ്രപ്രകൃതിയേ പ്രദർശിപ്പിക്കുന്നതു്.

6. "അതിന്റെ പാദങ്ങൾ കരടിയുടെ പാദങ്ങൾ പോലെ ആയിരുന്നു." (13-2)

കരടി റഷ്യൻസാമ്രാജ്യത്തിന്റെ രാഷ്ട്രീയചിഹ്നമാണു്. ഇതിനുംപുറമേ, വേദപുസ്തകപ്രകാരം അതു് ക്രൂരതയുടെ അടയാളവുമാകുന്നു. ഏലീശാനിബ്യായേ അധിക്ഷേപിച്ച നാല്പത്തിരണ്ടു കുട്ടികളെ കാട്ടിൽനിന്നു് രണ്ടു കരടികൾ വന്നു് കടിച്ചുകൊന്ന കഥ (4 രാജാക്കൾ 2-24) ഇതിനു തെളിവാണു്. കൊമ്യൂണിസം ദുർവൃത്തമായ ഒന്നാണെന്നു മാത്രമല്ല, പ്രജാപീഡകന്മാരായ ഉഗ്രനാടുവാഴികളെപ്പററി പറഞ്ഞു കേട്ടിട്ടുള്ളതിനേയും അതിശയിക്കുന്നതാണു് ഈ ഭരണക്രൂടത്തിന്റെ ക്രൂരത. ഈ വിഷയത്തിൽ സോവിയററു റഷ്യയോടു കിടപിടിക്കുന്നതായി ഒരു സ്ഥാപനത്തേയോ ഒരു ഒററ വ്യക്തിയേയോ പോലും ലോകചരിത്രത്തിൽ ഇന്നുവരെ കാണാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രതിഷ്ഠാപനംതന്നെ സാമുദായികവും, ധനപരവും, വ്യക്തിപരവും, സിവിൽസംബന്ധമായും, മതാത്മകമായുമുള്ള മനുഷ്യന്റെ സമസ്താവകാശങ്ങളുടേയും വിധ്വംസനത്തിൽ അടിയുറച്ചിരിക്കുന്നതു്. റഷ്യയിൽ ഈ നൂതന ഭരണക്രൂടം സ്ഥാപിക്കുന്നതിനുതന്നെ ലക്ഷക്കണക്കിനു് ആളുകളുടെ ഗളച്ഛേദം ചെയ്യേണ്ടതു് ഈ മൃഗത്തിനു് അവശ്യം ആവശ്യകമായിത്തീർന്നു. ജലപ്രളയംകണക്കേ അതു് രുധിരധാര ചൊരിഞ്ഞു. ഈദൃശമായ ഭയങ്കര വധമദ്ധ്യേ ലെനിൻ പറഞ്ഞതു്:- "കൊമ്യൂണിസം സ്ഥാപിക്കുന്നതിനു് ജനങ്ങളുടെ മൂന്നിൽ രണ്ടുഭാഗത്തേപ്പോലും കൊന്നൊടുക്കേണ്ടിവന്നാൽ തന്നെയും താൻ അതിനു് തയാറാണെ"ന്നാണു്. കരടിയുടേതുപോലുള്ള ശീഘ്രഗമനപാദങ്ങൾ ഈ ഹിംസ്രമൃഗത്തെ അക്രമത്തിന്റേയും ക്രൂരതയുടേയും സന്ദേശവാഹിയായിട്ടു് അതിവിസ്തൃതവും പ്രബലവുമായ ഒരു സാമ്രാജ്യത്തിന്റെ പര്യന്തംവരെ പ്രയാണം ചെയ്യുന്നതിനു് പര്യാപ്തമാക്കിയിരിക്കുന്നു.

7. "അതിന്റെ വക്ത്രം സിംഹത്തിന്റേതുപോലെ ആയിരുന്നു." (13-2)

വേദപുസ്തകപ്രകാരം സിംഹം അതിഭക്ഷകന്റെ അടയാളമാണു്. സിംഹവക്ത്രംകൊണ്ടു സൂചിപ്പിക്കുന്നതു് ഈ മൃഗം ഒരു ബുഭുക്ഷുവാകുന്നുവെന്നാണു്, ഈ കൊമ്യൂണിസ്ററു

മൃഗം അതിൻെറ സിംഹവക്ത്രദ്വാരാ റഷ്യയിലേ ബാങ്കുകളേയും ഖനികളേയും ശില്പശാലകളേയും കച്ചവടപ്പീടികകളേയും റെയിൽപ്പാതകളേയും വിഴുങ്ങിക്കളഞ്ഞില്ലയോ? കൃഷിസ്ഥലങ്ങളേയും നാനാതരത്തിൽപെട്ട വ്യക്തിപരമായ വസ്തുവുടമസ്ഥാവകാശത്തേയും അതു് ഇപ്പോൾ വിഴുങ്ങിക്കൊണ്ടിരിക്കയല്ലയോ? "പഞ്ചവത്സരപദ്ധതി" എന്നതുതന്നെ അത്യാർത്തിയോടെ വെട്ടിവിഴുങ്ങി അജീർണ്ണഹേതുകമായി അതിൻെറ ഉദരഗഹ്വരത്തിൽ കിടക്കുന്ന സങ്കീർണ്ണപിണ്ഡത്തെ ദഹിപ്പിക്കുന്നതിനുള്ള ഭേഷജപ്രയോഗം മാത്രമത്രെ. കണ്ടുകെട്ടി പണ്ടാരവകയാക്കിയ വസ്തുവകകളെ വാരിവിഴുങ്ങി, കിട്ടുകിടെ വിറയ്ക്കുന്ന മനുഷ്യഗാത്രങ്ങളെ തൊണ്ടനിറയെ കുത്തിക്കയററി, അവരുടെ രക്തം ക്രൂരവക്ത്രദ്വാരാ സ്രവണംചെയ്തുകൊണ്ടിരിക്കുന്ന സോവിയററു യൂണിയൻെറ പരിപൂർണ്ണ ചിഹ്നമാണ് ഈ സിംഹമുഖം.

8. "അതിൻെറ തലകളിലൊന്നിൽ മരണകരമായ മുറിവേററതായും, ആ മുറിവു് സുഖപ്പെട്ടിട്ടുള്ളതായും ഞാൻ കണ്ടു." (13–3)

അപായകരമായി അതു മുറിവേററതു് 1920-ൽ റാങ്കൽ, പിൽസുഡിസ്ക്കി എന്നവരുടെ സഹായസമേതം ഡെനിക്കിൻ, കോൾചാക്ക് എന്ന നേതാക്കന്മാർ നടത്തിയ "വെള്ളറഷ്യന്മാരു"ടെ ഒരു പ്രതിവിപ്ലവത്തിൽവച്ചാണു്. ഈ വിപ്ലവം ഊർജ്ജിതത്തിലിരുന്ന കാലഘട്ടം പരിഗണിക്കുന്നതായാൽ, ലോകചരിത്രത്തിൽ ഇതുവരെ കണ്ടിട്ടുള്ളതിലേക്കും കൂടുതൽ രക്തച്ചൊരിച്ചിൽ ഉണ്ടാക്കിയ ഒരു ഘോരസമരമായിരുന്നു അതു്. ഈ വിപ്ലവം ഏതാനും മാസങ്ങൾ മാത്രമേ ഊർജ്ജിതത്തിൽ നിന്നുള്ളു എങ്കിലും ഈ കാലത്തിനിടയ്ക്കു് 6500000 വധങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നു് ചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു് മൃഗത്തിനു പററിയ മുറിവിൻെറ കാഠിന്യം ഗ്രഹിക്കാവുന്നതാണു്.

ഈ ക്രൂരമർദ്ദനം അതികഠോരമായി നിപതിച്ചതു് പോളണ്ടിനോടു് തൊട്ടുകിടക്കുന്ന മോൽഡേവിയാ, യൂക്രെയിൻ എന്ന അതിർത്തിപ്രദേശങ്ങളിന്മേലാണു്. ഈ കൂട്ടക്കൊല മൃഗത്തിൻെറ ക്ഷതമേററ തലയുടെ അടയാളമാണെന്നതിനു പ്ര

മേ അത്ര സിംഹത്തിൻേറയും കരടിയുടേയും പുള്ളിപ്പുലിയുടേയും ക്രൂരസ്വഭാവത്തെ ഒരുമിച്ചു വെളിപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രതിവിപ്ലവത്തെ അമർച്ചവരുത്തിയതു് സ്റ്റാലിൻേറയും ട്രോട്സ്ക്കിയുടേയും നേതൃത്വത്തിലുള്ള ചുവന്ന പട്ടാളമാണു്. സോവിയററു യൂണിയനു് എതിരായ പ്രതിവിപ്ലവകാരികളോടു് അനുഭാവം പ്രദർശിപ്പിച്ചിരുന്നവരെ ഭയപ്പെടുത്തുന്നതിനുവേണ്ടി വെള്ളപ്പട്ടാളക്കാരെ സഹായിച്ചിരുന്ന പൌരപ്രധാനികളോടു് ഇവർ പ്രവത്തിച്ചിരുന്ന ക്രൂരതയ്ക്കു് കയ്യുംകണക്കുമില്ലതന്നെ. ഇവരുടെ നിർബന്ധനിർദ്ദേശപ്രകാരം ചിലർ പർവ്വതശൃംഗങ്ങളുടെ കിഴക്കാൻതൂക്കായ ഭാഗത്തുനിന്നു് താഴെയോട്ടു ചാടിയും മററുചിലർ കെട്ടിഞാന്നും മരിക്കുന്നതിനിടയായി. ഇങ്ങനെ ഭീകരപ്രസ്ഥാനംകൊണ്ടു് ജനതതിയെ അവർ കീഴടക്കി. ഇപ്രകാരമത്രെ മൃഗത്തിൻെറ മുറിവു് കരിഞ്ഞതു്.

9. "മൃഗം വിശുദ്ധന്മാരോടു് സമരത്തിനു് ഏർപ്പെട്ടു." (13–7)

മൃഗം സഭയ്ക്കു് അഥവാ ക്രിസ്ത്യാനികൾക്കു് എതിരായി യുദ്ധം ചെയ്യു എന്നു് വി. യോഹന്നാൻ പറഞ്ഞിരുന്നെങ്കിൽ അതു് അത്രതന്നെ അർത്ഥസംപുഷ്ടമാകയില്ലായിരുന്നു. വിശുദ്ധന്മാരോടു് യുദ്ധത്തിനൊരുങ്ങി എന്ന പ്രസ്താവന തികച്ചും സോവിയററുയൂണിയനേ കുറിക്കുന്നു. ഇദംപ്രഥമമായിട്ടു് ഒരു ഭരണക്രമം നിരീശ്വരത്വത്തിന്മേൽ അസ്ഥിവാരമുറപ്പിച്ചുകൊണ്ടു് ദൈവത്തിനെതിരായി സമരത്തിൽ ഏർപ്പെട്ടിരിക്കുന്നതു് സോവിയററു യൂണിയൻ ഒന്നു മാത്രമാണു്. കൊമ്യൂണിസ്ററു ഭരണചക്രത്തിൻെറ പ്രതിഷ്ഠാപനംതന്നെ ദൈവത്തിനും മതത്തിനും സകല സാന്മാർഗ്ഗികനിയമങ്ങൾക്കും കടകവിരുദ്ധമായ തത്വങ്ങളേ അവശ്യപ്പെടുന്നു. ഇവ നിശ്ശേഷം വിധ്വംസിതമാക്കിയിട്ടുമാത്രമേ സോവിയററു ഭരണക്രമത്തിൻെറ സ്വച്ഛന്ദവിഹാരത്തിനു് സൌകയ്യം സുലഭമാകുന്നുള്ളു.

10. "അതു എല്ലാവരുടേയും വലത്തുകയ്യിന്മേൽ അല്ലെങ്കിൽ നെററിമേൽ ഒരു മുദ്രപതിച്ചു." (13–16)

ലക്ഷോപലക്ഷം വരുന്ന പൌരസംഖ്യയത്തെ കന്നുകാലികണക്കെ "കാച്ചി" അടയാളപ്പെടുത്തുന്നതിനു വേണ്ട ഊററ

വും തന്റേടവുമുള്ള വേറൊരു ഗവൺമെന്റും ഇന്നുവരെ ഭൂമുഖത്തുണ്ടായിട്ടില്ല. സോവിയററ് യൂണിയനുമാത്രമേ അതു സാധിച്ചിട്ടുള്ളൂ. ചെങ്കുപ്പായക്കാരായ കൊമ്യൂണിസ്ററുകാർ മൃഗത്തിന്റെ ഈ അടയാളം നെററിമേലും ഇതരന്മാർ വലത്തുകരത്തിന്മേലും ധരിക്കുന്നുവത്രെ.

11. "ഈ അടയാളമോ, മൃഗത്തിന്റെ പേരോ, അ പേരിന്റെ നമ്പരോ ധരിച്ചിട്ടില്ലാത്ത യാവനൊരുത്തനും ക്രയവിക്രയങ്ങൾ ചെയ്യാൻ നിവൃത്തിയില്ല." (13-17)

സോവിയററു യൂണിയനു ജനങ്ങളുടെമേലും അവക്ക് നിത്യവൃത്തി കഴിച്ചുകൂട്ടുന്നതിനു അത്യാവശ്യകങ്ങളായ പദാർത്ഥങ്ങളിന്മേലും അനിയന്ത്രിതമായ അധികാരമുണ്ട്. ഇങ്ങനെ ഒരു കാര്യം പണ്ടെങ്ങും കേട്ടുകേൾവിപോലുമുണ്ടായിട്ടില്ല. പൌരന്മാരുടെ ഇടയിൽ ഭക്ഷണവിതരണം ചെയ്യുന്നതിനു "അപ്പച്ചീട്ടു" എന്നൊരു സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. മൃഗത്തിന്റെ ഈ ചിഹ്നം സോവിയററു റഷ്യയിൽ എത്ര വ്യക്തമായി നിറവേററിയിരിക്കുന്നു എന്നു ശ്രദ്ധിക്കുക. കാർഷികങ്ങളും വ്യാവസായികങ്ങളുമായ സമസ്ത ഉല്പന്നങ്ങളുടേയും പരിപൂർണ്ണ കർത്തൃത്വമാകുന്ന സോവിയററുയൂണിയനിൽ നിക്ഷിപ്തമായിരിക്കുന്നതു്. തന്നിമിത്തം ഈ മൃഗചിഹ്നമോ മൃഗത്തിന്റെ നമ്പരോ നെററിമേൽ അല്ലെങ്കിൽ വലത്തുകരത്തിന്മേൽ ധരിച്ചിട്ടില്ലാത്ത യാതൊരുത്തനും യാതൊന്നും വിൽക്കുന്നതിനും വാങ്ങുന്നതിനും നിവൃത്തിയില്ല. ഈ ചിഹ്നമില്ലെങ്കിൽ ഒരു കഷണം അപ്പമൊ ഒരുപിടി കൽക്കരിയോ പോലും വാങ്ങുന്നതിന് ആർക്കും സാധിക്കയില്ല.

ഈ ദുരവസ്ഥയേ പരാമർശിച്ചു് "ചിക്കാഗൊ ട്രിബ്യൂണിൽ" ഹെൻറി വെയിത്സു് ഇങ്ങനെ പ്രസ്താവിക്കുന്നു. "രാഷ്ട്രീയകുററങ്ങൾ ഒഴികെ മറെറാന്നിനും റഷ്യയിൽ നിയമാനുസരണം മരണശിക്ഷയില്ല. എങ്കിലും തീരെ നിസ്സാര കുററങ്ങൾക്കുപോലും, ചിലപ്പോൾ ലേശംപോലും കാരണമില്ലാതെയും വ്യക്തികളുടെ പേരു് "അപ്പച്ചീട്ടു" ലിസ്റ്റിൽനിന്നു് അധികൃതന്മാർ വെട്ടിക്കളയാറുണ്ടു്. ഇങ്ങനെ പട്ടിണികിടന്നു് ചാകുന്നതിനു് അവരെ പരോക്ഷമായി വിധിക്കുന്നു. ചിത്രവ്യാഘ്രത്തിന്റെ ക്രൂരതയും, സിംഹത്തിന്റെ ബുഭുക്ഷാവക്ത്രവും,

കരടിയുടെ കഠിനഹൃദയവുമുള്ള ഒരു മൃഗത്തിനു മാത്രമേ ഇത്ര ഭയങ്കരമായ ശിക്ഷാവിധി നിർവ്വഹിക്കുന്നതിനു സാധിക്കയുള്ളൂ.

12. "ബുദ്ധിയുള്ളവൻ മൃഗത്തിന്റെ നമ്പർ എണ്ണി നോക്കട്ടെ. എന്തെന്നാൽ അതു് ഒരു മനുഷ്യന്റെ നമ്പരത്രെ. അതിന്റെ സംഖ്യ 666 ആകുന്നു."

"ഒരു മനുഷ്യന്റെ നമ്പർ" സൂചിപ്പിക്കുന്നതു് സ്വേച്ഛാധിപത്യമാകുന്നു. ഇങ്ങനെ ഒരാൾ പരമാധികാരം കരസ്ഥമാക്കിക്കൊണ്ടു് മൃഗത്തിന്റെ മുഴ നമ്പരിനേയും സ്വയം വഹിക്കുന്നു.

കുറേമുൻപു് "ചിക്കാഗോ ഡെയിലി ന്യൂസി"ന്റെ റഷ്യൻ ലേഖകൻ മോസ്കോവിൽനിന്നു് എഴുതിയ ഒരു കത്തിൽ, സോവിയററു് യൂണിയൻ, അഥവാ സോവിയററു് കോൺഗ്രസ്സിന്റെ സെൻട്രൽ എക്സിക്യൂട്ടീവു് കമ്മററിയുടെ 660 അംഗങ്ങളിൽ ഒരുവൻ" എന്ന നിലയിൽ സ്റ്റാലിനെപ്പററി പറഞ്ഞിരുന്നു. വി. യോഹന്നാൻ കണ്ട മൃഗത്തിന്റെ തുക തികയാൻ ഇനി ആറുകൂടെ മതിയല്ലൊ. ഈ വസ്തുതയെപ്പററി അന്നു ഞാൻ ഇങ്ങനെ പ്രസ്താവിച്ചു. "ദീർഘദർശനങ്ങളുടെ വ്യാഖ്യാനം സാധുവാകുന്നതിനു് സഖ്യകളും സംഭവങ്ങളും പ്രവാചകൻ നിർദ്ദേശിച്ചിരിക്കുന്നതിനോടു് അടുത്തുവന്നാൽ ധാരാളംമതി. "മൃഗം" കൊമ്യൂണിസം ആണെന്നു സ്ഥാപിക്കാൻ 660 എന്ന നമ്പർ വേണ്ടുവോളം മതിയായിരിക്കുന്നു. സെൻട്രൽ എക്സിക്യൂട്ടിവുകമ്മററിയിൽ ഇനിയും ആറുപേരേക്കൂടെ ചേർക്കാവുന്നതുമാണല്ലൊ"

ഈയിടെ ഞാൻ "മോസ്കോന്യൂസു്" എന്ന ഒരു വൃത്താന്തപത്രം വാങ്ങി വായിച്ചു. "പഞ്ചവത്സരപദ്ധതി" നടപ്പിൽ വരുത്തുന്നതിനു അഞ്ചുപേരേക്കൂടെ പുതുതായി ചേർക്കേണ്ടിവന്നിരിക്കുന്നു എന്നു് അതിൽ കാണുകയുണ്ടായി. ഇങ്ങനെ നമ്പർ 665 വരെ എത്തിയല്ലൊ. ഇനി യോഹന്നാൻ കണ്ട മൃഗത്തിന്റെ നമ്പർ തികയാൻ ഒന്നുമാത്രമേ പോരാതുള്ളൂ.

ഇങ്ങനെ കൊമ്യൂണിസ്ററു ഭരണക്രമം വെളിപാടിലെ മൃഗത്തിന്റെ 12 ലക്ഷണങ്ങളേയും സ്വയം പ്രകടിപ്പിക്കുന്ന സ്ഥിതിക്കു് ബൈബിൾ ദൈവനിവേശിതമാണെന്നു് വിശ്വസിക്കുന്ന യാതൊരുത്തനും പ്രസ്തുത മൃഗം ഇതുതന്നെയാണെന്നു് സമ്മതിക്കാതിരിക്കാൻ ഒരു നിവൃത്തിയുമില്ല. എന്നാൽ ഈ

വിശ്വാസം സ്വീകരിക്കാത്തവർക്ക് ഇത്ര കണിശമായി ഇത് ഒത്തുവന്നിരിക്കുന്നത് എങ്ങനെ എന്ന ചോദ്യത്തിന് ശരിയായ സമാധാനം പറയുവാൻ കഴിവുമില്ല.

വി. യോഹന്നാൻെറ വെളിപാടിലെ മൃഗമാണെന്ന് സ്ഥാപിക്കുന്നതിന് കഴിയുമാറ് അത്ര പൂർണ്ണ ലക്ഷണങ്ങളോടു കൂടിയ ഒരു സമുദായഘടന അഥവാ ഭരണകൂടം ഇതുവരെ ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ലായിരുന്നു. കൊമ്യൂണിസ്ററു ഭരണക്രമം ഒന്നിനുമാത്രമാകട്ടെ ഇന്ന് ആ ലക്ഷണങ്ങളെല്ലാം യോജിക്കുന്നുമുണ്ട്. അതൊഴികെ വേറൊന്നിനും അവ യോജിക്കുന്നുമില്ല. ദൈവനിവേശിതനായ വി. ചിത്രകാരൻെറ രൂപവർണ്ണന അതിൽ പൂർണ്ണമായി പ്രതിബിംബിക്കുന്നു. ഈ വി. യോഹന്നാനാകട്ടെ, ഏകദേശം രണ്ടായിരം വത്സരം മുൻപ് അതിശക്തിമത്തായ ഒരു ദൂരദർശിനിയന്ത്രം മുഖേന നോക്കിക്കൊണ്ട് എന്നവണ്ണം, ഇന്നും പരിഷ്കൃതലോകത്തിന് ഒരു ഭയങ്കരവിപത്തായിത്തീർന്നിരിക്കുന്ന രക്തവർണ്ണസമന്വിതനായ മഹാസർപ്പത്തെ അല്ലെങ്കിൽ മൃഗത്തെ കാണുകയും അതിൻെറ ഒരു പരിപൂർണ്ണ പ്രതിച്ഛായ തൻെറ വാക്ചിത്രപാടവത്താൽ നിർമ്മിക്കയും ചെയ്തു.

ഓരാത്തനേരത്തു വിപത്തു മർത്ത്യ-
ന്നോരോന്നുവന്നെത്തുമോരോ തരത്തിൽ
ഏത്താരിലെപ്പോഴുമിതോർത്തു നിത്യം
കർത്താവിനോടർത്ഥന ചെയ്തിടേണം. (സ്വ)

---

## അദ്ധ്യായം നാല്

# അന്തിക്രിസ്തു

അവൻെറ ജനനം. അവൻെറ ക്രൂരവാഴ്ച. അവൻെറ വിസ്മയക്രിയകൾ. ഹെനോക്ക്, ഏലിയാസ് എന്ന ദീർഘദർശികൾ. അന്തിക്രിസ്തുവിൻെറ അകാലചരമം.

മേൽപ്രസ്താവിച്ചിട്ടുള്ള ലക്ഷണങ്ങൾ കൂടാതെ, ലോകാവസാനകാലങ്ങളിൽ യഹൂദവംശത്തിൽനിന്ന് പരമദുഷ്ടനായ

ഒരു മഹാപാപി ജനിക്കും. "ബാറോമിനാൻ" അഥവാ വിനാശ മൂർത്തി എന്നതാണ് അവനർഹിക്കുന്ന സാക്ഷാൽ നാമധേയം. അവൻ സകല ദുഷ്കൃതങ്ങളുടേയും ജന്മഭൂമിയായി ഭവിക്കും. അവൻ രക്ഷകൻെറ കൊടിയശത്രുവായി വർത്തിക്കും. അവൻ ക്രിസ്തു എന്ന പരിശുദ്ധനാമം അന്യായമായി സ്വീകരിക്കും. എല്ലാവരും ഇവനെ ദൈവമായി വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യണമെന്ന് ഇവൻ ശക്തിയായി നിർബന്ധിക്കും. അതിനായി ഇവൻ ചതുരുപായങ്ങളും പ്രയോഗിക്കും; എന്നല്ല, സകല വിദ്യകളും തന്നെ പ്രയോഗിക്കും. ഈ പരമദുഷ്ടനെ ഉപയ്യ പരിദുഷ്കർമ്മത്തിനു പ്രേരിപ്പിക്കുന്നതിനുവേണ്ടി പിശാചുകൾ ഇവനു സകലവിധ സഹായങ്ങളും നൽകും. സമുദ്രാന്തർഭാഗത്തുള്ള സമൃദ്ധങ്ങളായ ധനവിഭവങ്ങളും ഭൂഗർഭത്തിൽ മറഞ്ഞു കിടക്കുന്ന ദ്രവ്യസഞ്ചയങ്ങളും പിശാചുകൾ അവനു കരഗതമാക്കിക്കൊടുക്കും. ഇപ്രകാരം ഈ മഹാപാപിക്ക് അളവററ ധനസമൃദ്ധിയുണ്ടാകും. അവൻെറ അക്രമമായ സമരോദ്യമങ്ങളിലും എല്ലാവരും അവനേ ആശ്രയിച്ചു അടിപണിയത്തക്കവണ്ണം അവന് പിശാചുകളുടെ സുശക്തങ്ങളായ സഹായസഹകരണങ്ങളുണ്ടാകും. അതിനാൽ ലോകംമുഴുവനും അവൻെറ സ്വേച്ഛാധികാര പ്രമത്തമായ ഏകാധിപത്യത്തിലാകും. കൂടാതെയും, ഇവൻ ദൈവവും മനുഷ്യനുമായ ലോകരക്ഷകനാണെന്ന് വിശ്വസിപ്പിച്ച് ജനത്തേ വഞ്ചിക്കുന്നതിനായി പരിശ്രമിക്കും. അതിനായി അവൻ പിശാചുകളുടെ പിന്തുണയോടേ അത്യാശ്ചര്യകരങ്ങളായ അനേകം കൃത്യങ്ങളും ചെയ്തുകാണിക്കും. എല്ലാവരേയും ചതിക്കുന്നതിനും നശിപ്പിക്കുന്നതിനും പ്രധാനമായി ശക്തിയേറിയ നാലുമാർഗ്ഗങ്ങളിൽക്കൂടി അവൻ പ്രയത്നിക്കും. ഒന്നാമതായി, അവനേ ദൈവമായി വിശ്വസിച്ച് ആരാധിക്കുന്നവർക്ക് അവരുടെ സർവ്വാഭിലാഷങ്ങളും സാധിച്ചുകൊടുക്കും. ധാരാളമായ ധനസഹായവും ചെയ്യും. മറെറാന്ന്, പിശാചുകളുടെ സഹായത്തോടേ അത്ഭുതാവഹങ്ങളായ അനേകം കൃത്യങ്ങൾ ചെയ്തുകാണിച്ച് ജനത്തേ വിസ്മയസ്തബ്ധരാക്കുന്നതായിരിക്കും.

ഇതുകൊണ്ടും അവൻെറ ഹിതാനുവർത്തികളാകാത്തവരെ നാനാവിധ ബാധകളേല്പിച്ച് ഘോരമായി പീഡിപ്പിക്കും. ദൈവത്തിൽ സ്ഥിരവിശ്വാസമില്ലാത്തവർ, ഈ യാതനകളുടെ കാഠി

ന്യത്താൽ യാഥാർത്ഥ ദൈവത്തെ സംത്യജിച്ച് ആ മഹാപാപിയെ ദൈവമായി സ്വീകരിക്കും. ക്രൂടാതെയും, അവൻ വലിയൊരു വാചാലനായിരിക്കും. അതിനാൽ അവന്റെ കാപട്യപൂർണ്ണമായ വാഗ്വിലാസംകൊണ്ടും അവൻ അനേകംപേരെ മയക്കി പാട്ടിലാക്കും. ഇങ്ങനെ നാനാമാർഗ്ഗങ്ങളിലുംകൂടി മനുഷ്യവർഗ്ഗത്തെ വിനാശഗർത്തത്തിലേക്ക് വലിച്ചെടുക്കുന്ന ഈ ദുഷ്ടാഗ്രേസരന്റെ വാഴ്ചക്കാലം കുറയ്ക്കപ്പെടാതിരുന്നാൽ മനുഷ്യരിൽ ഒരുത്തൻപോലും രക്ഷപ്പെടുകയില്ലെന്ന് ക്രിസ്തുനാഥൻ അരുൾചെയ്തിരിക്കുന്നു.

ഈ മഹാപാപി, ബാബിലോൺ നഗരത്തിൽ യഹൂദവംശത്തിൽ ദാൻ എന്ന ഗോത്രത്തിൽ വിധവയും മഹാപരാധിനിയും ആയ ഒരു സ്ത്രീയിൽനിന്ന് ജനിക്കുമെന്നാണ് അറിയപ്പെട്ടിരിക്കുന്നത്. പരമദുഷ്ടനായ അവന്റെ ബാല്യകാലം തുടങ്ങി പിശാചുകൾ അവനിൽ പ്രവേശിച്ച് യഥേഷ്ടം കുടികൊള്ളും. അവൻ, അവന്റെ സ്വാതന്ത്ര്യംമുഴുവ, അവന്റെ പൂർണ്ണമനസ്സോടുകൂടി അവനെ മുഴുവനും പിശാചിനായി സമർപ്പിക്കും. ദൈവത്തിന്റെ പ്രസാദവരത്താലുളവാകുന്ന സദ്വിചാരത്തിന്റെ ഒരു കണികപോലും അവന്റെ മനസ്സിൽ പ്രവേശിക്കാൻ അവൻ അനുവദിക്കയില്ല. ഈ കാരണങ്ങളാൽ, സർവ്വേശ്വരന്റെ നീതിപ്രകാരം അവനും കാവൽമാലാഖയുണ്ടെങ്കിലും അവൻ മഹാ ഖലമൂർത്തിയും പിശാചുക്കളുടെ അധിവാസകേന്ദ്രവുമായിരിക്കും. അവനിപ്രകാരം സകല പാപങ്ങളുടേയും വിളനിലമായി വർത്തിച്ചിരുന്നാലും അവന്റെ പാപദുർഗ്ഗുണങ്ങളെ പരസ്യമാകാതെ ഗോപനം ചെയ്യുകയും. പുറമേ, ഒരു സുകൃതീരത്നം എന്ന ഭാവത്തിൽ, താൻ യഹൂദന്മാർക്കായി അയക്കപ്പെട്ട ക്രിസ്തുവാണെന്ന് അവൻ ബാല്യംമുതൽക്കേ ഘോഷിച്ചുകൊണ്ടിരിക്കും. അതുകൊണ്ടാണ് ഇവനെ അന്തിക്രിസ്തുവെന്ന് വേദത്തിൽ വ്യവഹരിക്കപ്പെടുന്നത്. യഥാർത്ഥ ദൈവവും മനുഷ്യനുമായ ക്രിസ്തുനാഥനെ സ്വീകരിക്കാതിരുന്ന ഈശ്വരദ്രോഹികളായ യൂദജനം, അവരുടെ പരിപൂർണ്ണവിനാശത്തിനായി ഈ മഹാപാപിയേ ലോകരക്ഷകനായ ക്രിസ്തുവായി വിശ്വസിച്ചാരാധിക്കും.

ആ യഹൂദജനം നീതിപൂർവ്വം ശിക്ഷിക്കപ്പെടേണ്ടതാണ്. തന്നിമിത്തം, ഈ ദുഷ്ടാഗ്രിമന്റെ ഭയങ്കരങ്ങളായ പാപ

കൃത്യങ്ങളെ നീതിസ്വരൂപനായ സർവ്വേശ്വരൻ തൽക്കാലം നിരോധിക്കയില്ല. അതു് സകാരണമാണു്; അതവരുടെ ഘോരാപരാധങ്ങളാണു്. ഈ വസ്തുത സ്പഷ്ടമായി മനസ്സിലാകുന്നതിനുവേണ്ടിയാണു്, ക്രിസ്തുനാഥൻ യൂദജനത്തോടു് ഇപ്രകാരം കല്പിച്ചിട്ടുള്ളതു്. "നിങ്ങൾ ഇപ്പോൾ നമ്മെ അംഗീകരിക്കാതിരിക്കുന്നുവല്ലൊ. ഇനി വേറൊരുത്തൻ എന്റെ നാമത്തെ അന്യായമായി ധരിച്ചുകൊണ്ടു് നിങ്ങളുടെ അടുക്കൽ വരും. അവനെ നിങ്ങൾ സ്വീകരിച്ചുകൊള്ളുക." കൂടാതെയും സദ്വൃത്തരായ ജനങ്ങൾ വഞ്ചിക്കപ്പെടാതിരിക്കുന്നതിനു് കരുണാസമേതം അവിടന്നിപ്രകാരം കല്പിച്ചിരിക്കുന്നു. "ഇതാ എന്റെ നാമം പറഞ്ഞു് അനേകം വ്യാജോപദേഷ്ടാക്കൾ പുറപ്പെട്ടുവരും, അവർ അത്യാശ്ചര്യകരങ്ങളായ പല കൃത്യങ്ങളും ചെയ്തുകാണിക്കും. അവരെ നിങ്ങൾ വിശ്വസിക്കരുതു്." തുടർന്നു കല്പിച്ചു:– "ക്രിസ്തു ഇതാ വനത്തിൽ വന്നിരിക്കുന്നു എന്നു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കരുതു്. ക്രിസ്തു ഇതാ വീട്ടിൽ വന്നിരിക്കുന്നു എന്നു പറഞ്ഞാൽ അതിനേയും നിങ്ങൾ വിശ്വസിക്കരുതു്." ഈ മുന്നറിയിപ്പുമൂലം, അവനേയോ അവന്റെ അനുയായികളേയോ വിശ്വസിച്ചനുസരിച്ച കുററത്തിനു് അക്കാലത്തെ വിശ്വാസികൾക്കു് സമാധാനം പറയാനുണ്ടാകയില്ല. അവന്റെ അത്ഭുതകൃത്യങ്ങൾ കണ്ടതുകൊണ്ടാണു് യഥാർത്ഥരക്ഷകനായ അവിടത്തെ സന്ത്യജിച്ചു്, അവിടത്തെ ശത്രുവായ അവനെ വിശ്വസിച്ചു് ആരാധിച്ചുപോയതു്, എന്നു പറഞ്ഞാലും ന്യായമാകുകയില്ല. അവർ നിർദ്ദോഷികളാണെന്നു് പറയാനും സാധിക്കയില്ല. സർവ്വജ്ഞാനിയായ അവിടന്നു്, ആരും വഞ്ചിതരാകാതെ എപ്പോഴും ജാഗ്രതയായിരിക്കണമെന്നു കരുതി, ഇപ്രകാരമെല്ലാം സംഭവിക്കുമെന്നു് കനിവാർന്നു് മുൻകൂട്ടി അറിയിച്ചിരിക്കുന്നു.

ദിവ്യരക്ഷിതാവിന്റെ ബദ്ധവൈരിയായ ആ ദുഷ്ടാഗ്രണി, അവൻതന്നെയാണു് യഥാർത്ഥ ക്രിസ്തുവെന്നു് യൂദജനം നിസ്സന്ദേഹം വിശ്വസിക്കുന്നതിനുവേണ്ടി അവൻ ബുദ്ധിപൂർവ്വം പരിശ്രമിക്കും. ക്രിസ്തുനാഥൻ കല്പിച്ചിട്ടുള്ള സാന്മാർഗ്ഗികനിയമങ്ങളെല്ലാം വെറും അബദ്ധങ്ങളാണു്; അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദേവദ്രവ്യാനുമാനങ്ങളും സുകൃതാനുഷ്ഠാനങ്ങളുമെല്ലാം നിഷ്പ്രയോജനങ്ങളാണു്; മോശയുടെ നിയമങ്ങളും

പ്രത്യേകം ഭേദനാചാരവും അവശ്യം അനുഷ്ഠേയങ്ങളാകുന്നു. എന്നിങ്ങനെ അവൻ വാഗ്മിത്വത്തോടുകൂടി പ്രസംഗിക്കും. അവൻ മോശയുടെ പ്രമാണങ്ങളനുസരിക്കണമെന്നുപദേശിക്കുമ്പോൾ അവയേക്കുറിച്ച് അവനുശേഷം ഭക്തിബഹുമാനങ്ങളുണ്ടായിരിക്കയില്ല. ഈശ്വരവിശ്വാസമോ, പാപപുണ്യങ്ങൾ, സ്വർഗ്ഗനരകങ്ങൾ എന്ന പരമാന്ത്യത്തേക്കുറിച്ചുള്ള ചിന്തയോ അവന്റെ മനസ്സിൽ ലേശവും ഉണ്ടായിരിക്കുന്നതല്ല. അവനെ ഭരിക്കുന്ന ദുഷ്ടസാത്താനേ പ്രസാദിപ്പിക്കുന്നതിനായിമാത്രം അവൻ പരിശ്രമിക്കും. അങ്ങനെ ആ ദുർബ്ബുദ്ധി, സാത്താനെമാത്രം ആരാധിക്കും. മേൽപ്രകാരം നാനാവിധ കൌശലങ്ങളും നയതന്ത്രങ്ങളും പ്രയോഗിച്ച് അനേകം രാജ്യങ്ങളേ അവൻ കീഴ്പ്പെടുത്തും. അവയിലെ ജനങ്ങൾമുഖേന കാലാന്തരത്തിൽ അവൻ ലോകം മുഴുവനിലും ഉള്ള ജനങ്ങളേയും രാജ്യങ്ങളേയും സ്വാധീനമാക്കും. അവിടെയെല്ലാം അവൻ അവന്റെ പ്രതിമകൾ സ്ഥാപിച്ച് അവരേക്കൊണ്ട് അവനെ ദൈവമായി ആരാധിപ്പിക്കും.

പൂർവ്വകാലത്ത് സുപ്രസിദ്ധമായി വിളങ്ങിയിരുന്ന ജറൂസലം ദേവാലയം വീണ്ടും പണിയിക്കുന്നതാണെന്ന് അവൻ പ്രഖ്യാപനം ചെയ്യും. ഈ മധുരമോഹനമായ സന്തോഷവാർത്ത ശ്രവിക്കുന്ന വിദൂരദേശവാസികളായ യഹൂദന്മാരും, അവനിൽ വിശ്വസിച്ച മറ്റു ജനങ്ങളും കുതൂഹലിതചിത്തരായി ജറൂസലം നഗരത്തിൽ ചെന്നുചേരും. അപ്പോൾ, വിസ്മയാവഹങ്ങളായ കൃത്യവിശേഷങ്ങളോടും, അന്യാദൃശമായ ശ്രീവിലാസത്തോടും കൂടി അവൻ രാജ്യം ഭരിക്കുന്നതു് കാണാറാകും. ഇതുകണ്ടു് ബുദ്ധിമയങ്ങി അനേകം ജനങ്ങൾ ഇവൻതന്നെയാണ് യഥാർത്ഥ രക്ഷകനെന്ന് അന്ധമായി വിശ്വസിക്കും. ജനങ്ങളേ ആശ്ചര്യഭരിതരാക്കുന്ന അവന്റെ ക്രിയകൾ യഥാർത്ഥ അത്ഭുതങ്ങളായിരിക്കയില്ല. അവയിൽ ചിലതു്, പിശാചിന്റെ മായാവിദ്യകൾകൊണ്ടും ചിലതു് വെറും കൺകെട്ടുവിദ്യകൾകൊണ്ടും മാത്രം ചെയ്യുന്നതായിരിക്കും. പൈശാചികകൃത്യങ്ങളാൽ അവൻ വിമലമോഹനമായ നീലാകാശത്തേ കൂട്ടിപിടിപ്പിക്കയും ദൃഷ്ടിഗോചരങ്ങളായ വസ്തുക്കളേ അതുമൂലം അദൃശ്യങ്ങളാക്കിത്തീർക്കയും ചെയ്യും. അതുപോലെതന്നെ അദൃശ്യവസ്തുക്കളേ നഭോമണ്ഡലത്തിൽ നിറുത്തി, അവ മനുഷ്യനേ

ങ്ങളിലേക്ക് പ്രതിഫലിപ്പിക്കുമ്പോൾ, അവ അത്ഭുതകരങ്ങളായ നവീന വസ്തുക്കളെപ്പോലെ അക്ഷിക്ക് ലക്ഷീഭവിക്കും.

കൂടാതെയും, പിശാച് സ്വശക്തികൊണ്ട് അന്ധന്ക്ക് കാഴ്ചനൽകാൻ ശക്തനല്ലെന്നുള്ളത് സുനിശ്ചിതമാണല്ലൊ. എന്നാലും അവൻെറ കൌശലങ്ങൾ അവൻ ഒന്നൊന്നായി പ്രകടിപ്പിക്കതന്നെ ചെയ്യും. അവൻ വിശാലവിപുലമായ അംബരമണ്ഡലത്തെ സ്തംഭിപ്പിച്ചിട്ട് അന്ധനയനങ്ങൾക്ക് വിഷയീഭവിപ്പിച്ചു നോക്കും. അപ്പോൾ അവരുടെ ചക്ഷുസ്സുകൾ അന്ധമായിത്തന്നെയിരിക്കുന്നതാകുന്നു. അതിനാൽ അവൻ അന്തരീക്ഷത്തെ വീണ്ടും സ്തംഭിപ്പിച്ച്, ആ സ്തംഭനം നീക്കിക്കഴിഞ്ഞാൽ അന്ധ വിലോചനങ്ങൾക്ക് കാഴ്ചലഭിച്ചതുപോലെ ഒരു വിഭ്രാന്തി ജനിക്കും. ഇങ്ങനെ ഒരു വിജയം കരസ്ഥമാക്കിയാൽ പിന്നെ മറെറാന്നിലേക്കായി അവൻെറ ഗമനം. ലോകത്തിൽ മനുഷ്യർക്ക് നാനാവിധ രോഗങ്ങളും അവയ്ക്കെല്ലാം പ്രതിവിധികളായി പലവിധ സിദ്ധൌഷധങ്ങളും ഉണ്ടല്ലൊ. പലപ്പോഴും രോഗശമനത്തിനുള്ള ഔഷധം മനുഷ്യർക്ക് സുഗ്രഹമല്ലാതെയും വരാറുണ്ടല്ലൊ. എന്നാൽ പിശാചാകട്ടെ, രോഗശാന്തിക്കുള്ള ശരിയായ ഔഷധംകൊടുത്ത്, മനുഷ്യർ അസാദ്ധ്യമെന്ന് വിചാരിക്കുന്ന പല രോഗങ്ങളും സുഖപ്പെടുത്തും. അങ്ങനെ അവൻെറ വ്യാമോഹശക്തിയാൽ അസാദ്ധ്യരോഗം അത്ഭുതമായി സുഖപ്പെടുത്തിയതാണെന്ന് മന്ദബുദ്ധികളായ മനുഷ്യരെ അവൻ ഗ്രഹിപ്പിക്കും. രോഗോല്പാദനങ്ങൾക്ക് നിദാനഭൂതങ്ങളായ വാത, പിത്ത, ശ്ലേഷ്മങ്ങളുടെ ന്യൂനാധികസ്വഭാവങ്ങളെ അന്യകരണങ്ങൾകൊണ്ടും ക്രമീകരിക്കുവാൻ പിശാചിനു കഴിയും, അതിനാൽ അരോഗ്യഹാനിക്ക് ഹേതുക്കളായ ദുഷ്ടുകളെ ശരീരത്തിൽനിന്ന് ബഹിഷ്കരിച്ച് ത്രിദോഷകോപങ്ങളെ ശമിപ്പിച്ചും ആരോഗ്യം നൽകും. ഈ കൃത്യങ്ങളും വേണ്ടത്ര ജ്ഞാനമില്ലാത്ത മനുഷ്യൻ കാണുമ്പോൾ അവൻെറ അതുല്യശക്തിയെക്കുറിച്ച് വിസ്മയിക്കുമെന്നുള്ളതിനു സംശയമില്ല.

ഇതുപോലെതന്നെ വ്യോമമണ്ഡലത്തിൽ പല നൂതന കാഴ്ചകൾ കാണിക്കുന്നതിനും പിശാചിനു കഴിയും. കൂടാതെയും, ചില വിഗ്രഹങ്ങളെക്കൊണ്ട് സംസാരിപ്പിക്കുന്നതിനും, ചോദ്യങ്ങൾക്ക് മറുപടി പറയിക്കുന്നതിനും, വിദൂരസ്ഥലങ്ങളിൽ നടക്കുന്ന വിശേഷസംഭവങ്ങൾ അറിയിക്കുന്നതിനും പിശാ

ചിനു സാധിക്കും. മാത്രമല്ല, ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ചില കാൎയ്യങ്ങളും പിശാചിനറിയാം. അങ്ങനെയുള്ള കാൎയ്യങ്ങൾ സംഭവിക്കുന്നതിനുമുൻപേ, ഇന്ന കാൎയ്യം ഇന്നപ്പോൾ സംഭവിക്കുമെന്ന് പ്രവചിക്കാനും പിശാചിനു കഴിയും. ഈദൃശവിദ്യകൾകൊണ്ടും, ഇതര മാൎഗ്ഗങ്ങൾവഴിയായും, നവീനമായി തോന്നുന്ന ഓരോ കൗശലങ്ങൾ മൂലവും പിശാച് ഓരോന്നു പ്രവൎത്തിക്കുമ്പോൾ, അതിന്റെ പരമാൎത്ഥമറിയാത്ത കിഞ്ചിജ്ഞരായ മനുഷ്യർ അവകണ്ട് വിസ്മയപരതന്ത്രരാകുമെന്നുള്ളതിനു സംശയമില്ല. ഇപ്രകാരമുള്ള വിചിത്ര കൎമ്മങ്ങളെല്ലാം ആ അന്തിക്രിസ്തു, തന്നിൽ കുടികൊള്ളുന്ന ദുഷ്ടാരൂപികളെക്കൊണ്ടുതന്നെ നിൎവ്വഹിപ്പിക്കും. ദൃഢമായ ദൈവവിശ്വാസമില്ലാത്ത ചഞ്ചലചേതസ്സുകളായ മനുഷ്യർ ഇവയെല്ലാംകണ്ട് വഞ്ചിതരായിപ്പോകുമെന്നുള്ളതിനു സംശയമില്ല. തന്നിമിത്തം, അവർ യഥാൎത്ഥദൈവത്തെ വിസ്മരിച്ച് ആ പരമദുഷ്ടനെ സത്യദൈവമായി വിശ്വസിക്കും. അതിനാലവർ ദൈവാരാധനയും സ്തോത്രബലികളും ഈ മഹാപാപിക്ക് നൽകും. ഇനിയും അവൻ അനേകംപേൎക്ക്, ധാരാളം ധനം സൌജന്യമായി നൽകിയിട്ട് അവർ വഴിയായി അനവധിയാളുകളെ വഞ്ചിക്കും. പിന്നീട് ആ ദുഷ്ടാഗ്രണി, അവന്റെ വാഗ്വൈഭവംകൊണ്ടും വ്യാജവാൎത്താപ്രചരണതന്ത്രംകൊണ്ടും നിരവധിയാളുകളെ മയക്കിപ്പാട്ടിലാക്കും. ഇവയൊന്നുകൊണ്ടും കുലുങ്ങാത്ത സ്ഥിരചിത്തരേ അവൻ ഘോരമായി മർദ്ദിക്കയും നിർദ്ദയം വധിക്കയും ചെയ്യും. ചില അല്പവിശ്വാസികൾ ഈ ഭയങ്കരമർദ്ദനം കാണുമ്പോഴും, പീഡകളുടെ വേദന ഉഗ്രമാകുമ്പോഴും യഥാൎത്ഥദൈവത്തെ ത്യജിച്ച് ആ മഹാപാപിയേ വിശ്വസിച്ചാരാധിക്കും.

ഈ ദുഷ്ടാഗ്രേസരനും, അവന്റെ പാൎശ്വസേവികളായ വ്യാജോപദേഷ്ടാക്കളും, രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവരും ചേൎന്ന് ലോകംമുഴുവനിലും ഉള്ള ക്രിസ്ത്യാനികളെ ഭയങ്കരമായി പീഡിപ്പിക്കും. അവൻ എത്ര അധികമായി പീഡിപ്പിച്ചാലും കൎത്താവിന്റെ വിശുദ്ധ സഭ ലോകത്തിൽ എപ്പോഴും ഉണ്ടായിരിക്കുമെന്നുള്ളതു് നിസ്തൎക്കമാകുന്നു. അതു് ഏതു ഘോരാന്ധകാരത്തിലും ഞെരുക്കത്തിലും വിശ്വാസികൾക്ക് വെളിച്ചംവീശിക്കൊണ്ടിരിക്കുമെന്നുള്ളതു് എത്രയോ ആശ്വാസസന്ദേ

യകമാകുന്നു. ഇവൻ ജറുസലം നഗരത്തേ തൻെറ തലസ്ഥാനമാക്കുകയും അവിടെ അവൻെറ സിംഹാസനം സ്ഥാപിക്കുകയും ചെയ്യും. ഈ രാജധാനിയിലധിവസിച്ചുകൊണ്ട് അവൻ ലോകം മുഴുവനേയും മൂന്നരവർഷത്തേക്ക് അവൻെറ സ്വേച്ഛാധിപത്യത്തിൽ അടക്കിഭരിക്കും.

ഇവൻെറ രാജ്യഭരണനിയമങ്ങൾ വളരെ വിചിത്രങ്ങളായിരിക്കും. അവ, അവൻെറ ക്രൂരതയ്ക്കും ദുഷ്ടതയ്ക്കും മകുടോദാഹരണങ്ങളായിരിക്കുമെന്നല്ലാതെ ഒന്നും പറയാനില്ല. അവയിൽ ചിലതു് ഇവിടെ പ്രസ്താവിക്കാം:– "യേശുക്രിസ്തുവിൻെറ കുരിശിൻെറ അടയാളം ഭൂമുഖത്തുനിന്നു് മായിച്ചുകളയണം." അതിനുപകരം, "നസ്രായക്കാരൻ ഈശോയേ ഞാനറിയുകയില്ല" എന്ന വാചകം എല്ലാവരും അവരവരുടെ നെററിയിലോ കൈകളിലോ അടയാളപ്പെടുത്തണം. അങ്ങനെ ചെയ്യാത്തവർക്ക് യാതൊരു സാധനവും ക്രയവിക്രയം ചെയ്യാൻ പാടില്ല." ഇങ്ങനെ, സുകൃതികളുടെ വായും വയറും വരിഞ്ഞുകെട്ടി അവരേ ഇഞ്ചിഞ്ചായി കൊല്ലുന്ന നിയമങ്ങൾ!!

ഇതിനിടെ ഈ കശ്മലമൂർത്തി, പുരാതനപ്രസിദ്ധമായ ജറുസലംദേവാലയമാണെന്നും പറഞ്ഞു് ഒരു ബ്രഹ്മാണ്ഡമായ കെട്ടിടം പണിയിക്കും. ഇതുകേട്ട് വിശ്വസിച്ച് ലോകത്തിൻെറ നാനാഭാഗങ്ങളിലായി ചിതറിത്താമസിക്കുന്ന യഹൂദജനമെല്ലാം പിന്നെയും അവിടെ എത്തിക്കൂടും. അവർ ഈ മഹാപാപിയുടെ പ്രതാപമഹത്വങ്ങളും ധാടിമോടികളും ആഡംബരപ്രൗഢികളുംകണ്ടു് ഇവനെ യഥാർത്ഥ ക്രിസ്തുവായി വിശ്വസിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാലിവൻ, വിശ്വവിശ്രുതമായ ജറുസലം ദേവാലയമെന്നും പറഞ്ഞു് അതിഭീമമായ ഒരു കെട്ടിടം പണിയിച്ചിട്ടുള്ളതിൽ എല്ലാവരും ചെന്നു് പൂർവ്വകാലത്തു് സർവ്വേശ്വരനു ചെയ്തിരുന്നപോലുള്ള ബലിപൂജകളും ദൈവാരാധനകളും തനിക്കായിച്ചെയ്യണമെന്നു് കല്പിക്കും. ഈ മാർഗ്ഗേണയും അനവധി പാപിഷ്ഠർ ഇവനേ ദൈവമായി വിശ്വസിച്ചാരാധിക്കും. ആ കാലത്താണു്, ഹെനോക്കു്, ഏലിയാസ് എന്നീ രണ്ടു ദീർഘദർശികൾ ആഗതരായി ഈ മഹാപാപിയെ ആരാധിക്കരുതെന്നു് ജനങ്ങളേ ഉപദേശിക്കുന്നതു്. ആ ഉപദേശം സ്വീകരിച്ചു് പലരും പശ്ചാത്തപിക്കുകയും അന്തിക്രിസ്തുവിലുള്ള വിശ്വാസം പാടേ പരിത്യജിക്കുകയും

ചെയ്യും. അവരുടെ പ്രയത്നത്താൽ അസംഖ്യംപേർ സത്യ ദൈവമായ ക്രിസ്തുനാഥനെ വീണ്ടും വിശ്വസിച്ചാരാധിക്കുവാനിടയാകും.

ആദിപിതാവായ ആദത്തിന്റെ സീമന്തപുത്രനും മഹാപാപിയുമായ കായേൻ, തന്റെ സഹോദരനും മഹാപരിശുദ്ധനുമായ ഹാബേലിനെ നിർദ്ദയം വധിക്കയുണ്ടായല്ലൊ. ആദിപിതാവിന് ആ വിശുദ്ധ സുതന്റെ സ്ഥാനത്ത് സേത്ത് എന്ന പുണ്യാത്മാവ് ജനിക്കയുണ്ടായി. ഇദ്ദേഹത്തിൽനിന്ന് യേനോസ് ജനിച്ചു. യേനോസിൽനിന്ന് കയിനാൻ സംജാതനായി. അദ്ദേഹത്തിൽനിന്ന് മലാലയൻ ജനിച്ചു. മലാലയനിൽനിന്ന് യാരേക് സംജാതനായി. ഇദ്ദേഹത്തിൽനിന്നാണ് ഹെനോക്ക് ജനിച്ചത്. ഇദ്ദേഹത്തെ സർവ്വശക്തനായ ദൈവം ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കയുണ്ടായി. ഇതുപോലെതന്നെ ജലപ്രളയാനന്തരം, സുകൃതമാഹാത്മ്യംകൊണ്ടും ദീർഘദർശനവരംകൊണ്ടും പ്രഖ്യാതനായിരുന്ന ഏലിയാസ് എന്ന താപസപ്രവരനേയും ജീവനോടെ ദൈവം സ്വർഗ്ഗത്തിലേക്ക് എടുക്കയുണ്ടായി. ഈ മഹാത്മാക്കൾ രണ്ടുപേരും അജ്ഞാതമായ സ്ഥലത്ത് ഇപ്പോൾ അധിവസിക്കയാണ്.

അന്തിക്രിസ്തു ലോകംമുഴുവനേയും അവന്റെ ദുർഭരണത്തിലടക്കിവാഴുമ്പോൾ, അസംഖ്യം ജനങ്ങൾ അവനെ വിശ്വസിച്ച് നിത്യനാശത്തിലുൾപ്പെടാനിടയാകുമെന്ന് പറഞ്ഞിട്ടുണ്ടല്ലൊ. അങ്ങനെ നാശോന്മുഖരായി വർത്തിക്കുന്ന ജനങ്ങൾക്ക് വിശ്വാസദീപം വീണ്ടും പ്രകാശിപ്പിക്കുന്നതിനും, അവരെ സന്മാർഗ്ഗത്തിലേക്ക് ആനയിച്ച് നിത്യരക്ഷയ്ക്കവകാശികളാക്കുന്നതിനുംവേണ്ടി ഈ ദീർഘദർശികൾ രണ്ടുപേരേയും ദൈവം നിയോഗിച്ചിരിക്കയാകുന്നു. അതിനാൽ അക്കാലത്ത് അവർ രണ്ടുപേരും നാരുകൊണ്ടുള്ള തപോവസ്ത്രം ധരിച്ചും കഠിനതപസ്സ് ചെയ്തുകൊണ്ടും ജനപദങ്ങളിൽ സഞ്ചരിക്കും. അന്തിക്രിസ്തുവിന്റേയും അവന്റെ പാർശ്വവർത്തികളായ വ്യാജോപദേഷ്ടാക്കളുടേയും ദുർബോധനങ്ങളിൽ കുടുങ്ങി വിശ്വാസത്യാഗവും ഈശ്വരനിന്ദനവും ചെയ്യുവരോട്, സാക്ഷാൽ രക്ഷകനായ ക്രിസ്തുനാഥനെ വീണ്ടും വിശ്വസിച്ചാരാധിക്കണമെന്നുപദേശിക്കും. അവരോടു പശ്ചാത്താപത്തേയും പ്രായശ്ചിത്തത്തേയും കുറിച്ച് പ്രസംഗിക്കും. തങ്ങൾ ഉപദേശിക്കുന്ന സത്യങ്ങൾക്ക്

തെളിവായി അവർ യഥാൎത്ഥങ്ങളായ ദൈവവചനങ്ങൾ ഉദ്ധരിക്കയും വാസ്തവങ്ങളായ അത്ഭുതങ്ങൾ പ്രവൎത്തിക്കയും ചെയ്യും. ക്രൂരാത്മാവും, ഈശ്വരവിരോധിയും അവൻെറ സഖികളായ ആചാൎയ്യന്മാരും പഠിപ്പിക്കുന്നതെല്ലാം വെറും ഭോഷ്കുകളാണെന്നും, അവർ ചെയ്യുന്ന അത്ഭുതങ്ങളെല്ലാം പൈശാചികശക്തികൊണ്ടുള്ള വെറും കൺകെട്ടുവിദ്യകളാണെന്നും സകാരണം തെളിയിച്ചുകാണിക്കും.

അതിനാൽ നേർവഴി തെററി അബദ്ധകൂപത്തിൽ പതിച്ചുപോയ നിരവധി ജനം, ഈ ദീൎഘദൎശികളുടെ പ്രസംഗങ്ങളും ഉപദേശങ്ങളും കേട്ടും, അതിനെ തെളിയിക്കുന്ന യഥാൎത്ഥ അത്ഭുതങ്ങൾ കണ്ടും മാനസാന്തരപ്പെട്ടും. ഈ മഹാപാപി നിമിത്തം തങ്ങളും ഭയങ്കര പാപകുണ്ഡിൽ പതിക്കാനിടയായതിനേക്കുറിച്ചു് പലരും പശ്ചാത്തപിക്കയും, ലോകപരിത്രാതാവായ ക്രിസ്തുനാഥനേ അവർ വിശ്വസിക്കയും ചെയ്യും. ഉപ്രകാരം ഈ ദിവ്യന്മാർ രണ്ടുപേരും ദേശാന്തരങ്ങൾതോറും സഞ്ചരിച്ചു് എല്ലാ മനുഷ്യൎക്കും രക്ഷാമാൎഗ്ഗം ഉപദേശിക്കും. തൽകാരണത്താൽ ആ ദുഷ്ടാഗ്രിമനും അവൻെറ അനുചരന്മാൎക്കും ഈ ദിവ്യപുരുഷന്മാരോടു് അന്തമില്ലാത്ത പകയും പ്രരികാരേഛചയും ജനിക്കും. തൽഫലമായി ഈ മഹാത്മാക്കളേ പിടിച്ചു് കൊലപ്പെടുത്തുന്നതിനു് അവർ അക്ഷീണപരിശ്രമം ചെയ്യും, എങ്കിലും തൽക്കാലം അവരേക്കൊണ്ടു് അതു സാധിക്കയില്ല. കാരണം, അവരുടെ കൃത്യം മുഴുവനും അപ്പോൾ നിൎവ്വഹിച്ചുകഴിഞ്ഞിട്ടില്ലാത്തതുതന്നെ. തന്മൂലം ആ ദീൎഘദൎശികൾ രണ്ടുപേരും തങ്ങളേ ഹിംസിക്കാൻ വരുന്നവരെ ദൈവശക്തിയാൽ സംഹരിച്ചുകളയും. അതിനാൽ ഈ മഹാത്മാക്കൾ രണ്ടുപേരും ദൈവകല്പനപ്രകാരമുള്ള അവരുടെ കൎത്തവ്യങ്ങൾ പൂൎണ്ണമായി നിൎവ്വഹിക്കുന്നതുവരെ ആ ഭീരുക്കളായ മനുഷ്യർ ഇവരേ സമീപിക്കയില്ല.

ഇവർ ലോകത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് എല്ലാവരോടും രക്ഷാമാൎഗ്ഗം ഉപദേശിക്കും. ഇവരുടെ ഉപദേശം ശ്രവിച്ചു് അനവധി ആളുകൾ സദ്വൃത്തരായിത്തീരും. ഒടുവിൽ, ഇവരുടെ പൎയ്യടനജോലി പൎയ്യവസാനിപ്പിച്ചിട്ടു്, അന്തിക്രിസ്തുവിൻെറ തലസ്ഥാനമായ ജറൂസലത്തു് ചെന്നുചേരും. അനന്തരം, ഇവർ രണ്ടുപേരും അവിടെവച്ചു് ആ ഖലമൂൎത്തി

യുടെ കാപട്യങ്ങളെല്ലാം വെളിപ്പെട്ടത്തും. അപ്പോഴും അനവധി ജനം മാനസാന്തരപ്പെട്ട് സത്യദൈവത്തിൽ വിശ്വസിക്കും. പ്രത്യേകിച്ചും, യൂദജനങ്ങളിൽ അനേകംപേർ ആ പരമദുഷ്ടന്റെയും അവന്റെ വ്യാജപ്രബോധകരുടെയും വഞ്ചനകളും കൃത്രിമങ്ങളുമെല്ലാം കണ്ടുപിടിക്കും. അതെങ്ങനെയെന്നാൽ, ആ ദുർമ്മതിയുടെ ഭരണാരംഭത്തിൽ, ദൈവത്തിന്റെ ദീർഘദർശിയായ മോശയുടെ വേദനിയമങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും അന്യൂനം നടപ്പിലാക്കുമെന്നു പറഞ്ഞ് പെരുമ്പറ മുഴക്കിയെങ്കിലും, അവയിൽ ഒന്നുപോലും അവൻ ചെയ്തിട്ടില്ലെന്ന് അവർ മനസ്സിലാക്കും. ജറൂസലം ദേവാലയം വീണ്ടും പണിയിച്ച് പ്രാചീനകാലത്തേപ്പോലെ അതിൽ ദൈവാരാധനകളും ബലികളും നടത്തുമെന്ന് ജല്പിച്ചിട്ട്, അവൻ ഒരു ബ്രഹ്മാണ്ഡ കെട്ടിടം കെട്ടിച്ചതല്ലാതെ ഈശ്വരസ്തോത്രപരങ്ങളായ ആരാധനാബലികളൊന്നും സമർപ്പിച്ചിട്ടില്ലെന്ന് അവർ ഗ്രഹിക്കും. അവൻ തന്നെത്തന്നെ ദൈവമായി ആരാധിപ്പിക്കുന്നതും അവന്റെ മററനേകം നീചകൃത്യങ്ങളും അവർക്ക് സുഗ്രഹമാകും. അവന്റെ വ്യാജവേഷവും പാപജീവിതവും അവർക്ക് സുസ്പഷ്ടമാകും. അതിനാൽ ഇപ്രകാരമുള്ള ഈ ദുഷ്ടാഗ്രേസരന്റെ വിനാശകരങ്ങളായ ദുർബോധനങ്ങളിൽ കുടുങ്ങിപ്പോയതിനെക്കുറിച്ച് പലരും ലജ്ജിച്ച് ഖേദിക്കും. ഈ മഹാപാപിമൂലം തങ്ങളും വഞ്ചിക്കപ്പെട്ടുപോയെന്നറിഞ്ഞ് പലരും ഉള്ളുരുകി കരയും; തങ്ങളും അധഃപതിച്ചുപോയല്ലോ എന്നോർത്ത് പലരും പശ്ചാത്തപിക്കും. ഈ അവസരത്തിലാണ് മഹാപരിശുദ്ധരായ ആ പ്രവാചകപ്രവരന്മാർ കൃതകൃത്യരാകുമാറ് അവരുടെ ഉപദേശം പൂർവ്വാധികം സഫലമായിത്തീരുന്നത്. ഇങ്ങനെ ലോകരക്ഷകനായ ക്രിസ്തുനാഥനെ അധികംപേരും വിശ്വസിച്ചാരാധിക്കുവാനിടയാകും.

ഇപ്രകാരം ഈ മഹാത്മാക്കൾ രണ്ടുപേരും കർത്താവിന്റെ കല്പന അഭംഗമായി നിർവ്വഹിക്കുമ്പോൾ, അവന്റെ അനുചരന്മാരുടെ ക്ഷുദ്രകൃത്യങ്ങളാലുണ്ടാകാവുന്ന അത്ഭുതസംഭവങ്ങളെല്ലാം നിലച്ചുപോകും. അതിനാൽ അവന്റെ അനുയായികളായ ആചാര്യാധമന്മാരും, മററു ദുർജ്ജനങ്ങളും കോപംപകപൂണ്ട് പ്രതികാരത്തിനായി പ്രയത്നിക്കും. തന്നിമിത്തം അവർ,

ഈ മഹാത്മാക്കളെ അക്രമമായി പിടിച്ച്, അപമാനകരമായ വിധത്തിൽ കൊലപ്പെടുത്തും. അവരുടെ ശരീരം ആരും എടുത്ത് മറവു ചെയ്യരുതെന്നും കല്പിക്കും. ഇതെല്ലാം അവർക്കേറ്റം ആക്ഷേപകരമായിത്തീരണമെന്നുള്ള കരുതലോടുകൂടിച്ചെയ്യുന്നതായിരിക്കും. എന്നാൽ തിന്മയിൽനിന്ന് നന്മയെ ജനിപ്പിക്കാൻ ശക്തനായ ദൈവം, ഈ നിന്ദനങ്ങളെല്ലാം അവരുടെ മഹത്വത്തിനും ബഹുമാനത്തിനുമായി പകർത്തപ്പെടും. അതെങ്ങനെയെന്നാൽ, ഈ വിശുദ്ധന്മാരുടെ മൃതശരീരങ്ങൾ ഉടയോരില്ലാതെ മൂന്നരദിവസം മുഴുവനും ആ കൊലനിലത്തുതന്നെ വിസ്തൃതമായ ആ ജറൂസലം നഗരവീഥിയിൽത്തന്നെ കിടക്കും. ആ സമയം കഴിയുമ്പോൾ, അഖില ചരാചരങ്ങളും സംഭീതരായി, ഞെട്ടിവിറയ്ക്കുമാറ്, "നിങ്ങൾ ഇങ്ങ് കയറിവരുവിൻ" എന്നൊരു വലിയ സ്വരം സ്വർഗ്ഗത്തിൽനിന്ന് കേൾക്കപ്പെടും. അപ്പോൾ എല്ലാവരും അത്ഭുതപരതന്ത്രരാകത്തക്കവണ്ണം അവർ രണ്ടുപേരും മഹാ മഹത്വത്തോടും പ്രകാശത്തോടും കൂടി ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറിപ്പോകും. (വെളിപാട്. 11. 3-12)

ഈ മഹാത്മാക്കളുടെ മരണാനന്തരം ദിവസങ്ങൾ മുപ്പതു കഴിയും. അതുവരെ ദൈവം ക്ഷമിക്കും. അനന്തരം ക്രിസ്തുനാഥൻ കല്പിക്കും; ഈ ദുഷ്ടാഗ്രണിയുടെ അക്രമത്തിന് അന്തം വരുത്തണമെന്ന്. ഉടനെ, സ്വർഗ്ഗീയസേനകളുടെ സർവ്വാധിപതിയായ വി. മിഖായേൽ അത് അക്ഷരംപ്രതി നിർവ്വഹിക്കും. അതേ, ഈ സർവ്വേശ്വരവിരോധിയായ അന്തിക്രിസ്തുവിനെ അദ്ദൂതമുഖ്യൻ ക്ഷണേന കൊലപ്പെടുത്തും. ഈ നശീകരപുത്രന്റെ മരണവൃത്താന്തത്തെക്കുറിച്ച് ചില വിദ്യാപാരഗന്മാരുടെ വിശദീകരണം ഇങ്ങനെയാണ്:- ഈ സർവ്വേശ്വരവൈരി, ഒടുവിൽ അവന്റെ കെണിയിൽനിന്ന് മോചിതരായ സകലരേയും വീണ്ടും കുരുക്കിലാക്കണമെന്ന ദുരുദ്ദേശ്യത്തോടെ അവന്റെ അവസാനവിദ്യ പ്രയോഗിക്കും. അവൻ സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളുകയാണെന്നഭാവേന പിശാചുക്കളുടെ സഹായത്തോടെ കുറെ ഉയരത്തിൽ ആകാശത്തിലേക്ക് പറക്കും. എല്ലാവരും ഇതു കണ്ട് അത്ഭുതഭരിതരായി നിലകൊള്ളുമ്പോൾ, വി. മിഖായേൽ പ്രത്യക്ഷനായി ഈ വിനാശമൂർത്തിയെ കൊല

ശ്ലപ്പെടുത്തും. അതോടുകൂടെ എല്ലാവരും ഈ പരമദുഷ്ടന്റെ കാപട്യങ്ങളും ഗൂഢതന്ത്രങ്ങളും കണ്ടുപിടിക്കാനിടയാകും. അങ്ങനെ ആ ഘോരപാതകന്റെ കഥയും കഴിയും:

കണക്കുകൂടാതെ മദിച്ചുയർന്നാ-
ലിണക്കമേലാതെ പതിക്കുമെന്നായ്
ഖലപ്രവീരാഗ്രണിതന്റെ നാശം
ഖലപ്രവീണർക്കൊരു പാഠമത്രേ. (സ്വ)

---

## അദ്ധ്യായം അഞ്ച്

### ലോകാവസാനം. മരിച്ചവരുടെ ഉയിർപ്പ്. വി. കുരിശിന്റെ പ്രദർശനം. അതിന്റെ ഹേതുക്കൾ.

ഈശ്വരദ്രോഹിയും നരകുലവൈരിയുമായ ബാറോമീനാ എന്ന ആ കഠിനദുഷ്ടന്റെ നിര്യാണാനന്തരം, അവന്റെ പാർശ്വവർത്തികളായ വ്യാജപ്രബോധകരും മററു ദുർജ്ജനങ്ങളുമായ വളരെപ്പേർ അകാലമൃതിക്കിരയായിത്തീരും. അതെങ്ങനെയെന്നാൽ, ആ നാളുകളിൽ ജറൂസലാത്ത് മഹാ ഭയങ്കരമായ ഭൂമികുലുക്കമുണ്ടാകും. അനവധി ഗൃഹങ്ങൾ ഇടിഞ്ഞുവീഴും. ആ ഒരേ കാരണത്താൽ അവിടെത്തന്നെ ഏഴായിരംപേർ കൂട്ടത്തോടെ മരിക്കാനിടയാകുമെന്ന് വേദോക്തങ്ങളുടെ (വെളി. 11-13) വെളിച്ചത്തിൽ ഗ്രഹിക്കാം. അനന്തരം ജീവിച്ചിരിക്കുന്നവരിൽ പലരും ഭയവിഹ്വലരായി, പശ്ചാത്താപവിവശരായി, മാനസാന്തരപ്പെട്ട് സത്യവിശ്വാസത്തിലേക്ക് പിന്തിരിയും. അങ്ങനെയും അധികംപേർ ദൈവത്തെ സ്തുതിക്കുവാനിടയാകും.

ആ ദിവസങ്ങളിൽ ലോകാവസാനം സമീപിച്ചിരിക്കുന്നതിന്റെ അസന്ദിഗ്ദ്ധങ്ങളായ പലേ ലക്ഷണങ്ങളും പ്രത്യക്ഷത്തിൽ കാണപ്പെടും.

"മിന്നീടും ഭാസ്സുരാഭം കരിമഷിസമമായ"
തീരുമെന്നല്ലയെന്നും
ഉന്നിദ്രംമോദമേകും കുമുദിനിപതിയും
മങ്ങി മങ്ങിക്കുറുക്കും

ഒന്നൊന്നായ്ത്തന്നെ വീഴും നഭസിവിലസിടും
താരജാലം, വിയത്തിൽ
ചിന്നിക്കൊണ്ടുഗ്രഘോഷത്തൊടിളകിയിതരം
ഗോളമെല്ലാം നശിക്കും."

അതെ, സൂര്യൻെറ പ്രകാശം മങ്ങിപ്പോകും; ചന്ദ്രൻ രക്തവർണ്ണമായി ഭവിക്കും. രത്നമാലകൾപോലെ ശോഭിച്ചിരുന്ന താരാഗണങ്ങൾ പൊഴിഞ്ഞുവീഴും; ആകാശശക്തികൾ ചലിക്കുകയും, പ്രകൃതിയിൽ വിപരീതസംഭവങ്ങൾ പലതും ദൃശ്യമാകുകയും ചെയ്യും. വിയന്മണ്ഡലം നിരാഭമായി ഭീകരാകൃതി കൈക്കൊള്ളുകയും, ഭൂമുഖത്തിന് അത് വിനാശകാരിയായി നിലകൊള്ളുകയും ചെയ്യും. ഭയങ്കരമായ കടലാക്രമണം സകലത്തിനേയും താറുമാറാക്കും; തിരമാലകൾ പൊങ്ങിമുഴങ്ങും; വൃക്ഷലതാദികൾ അടിപറിഞ്ഞ് സർവ്വത്ര ചിതറും; ഭയാനകമായ ഭൂമികുലുക്കം അടിക്കടിയുണ്ടാകും; കുന്നുകളും മലകളുമെല്ലാം പരസ്പരം കൂട്ടിഅടിച്ച് ഭീകരരവത്തോടെ തകർന്നുവീഴും; ബ്രഹ്മാണ്ഡകെട്ടിടങ്ങൾ, പൂമേടകൾ, മണിമന്ദിരങ്ങൾ, ഉത്തുംഗഗോപുരങ്ങൾ ഇവയെല്ലാം തകർന്ന് ഭസ്മമാകും; ഈ വിപത്തിൽപെട്ട് ഭയഭ്രാന്തരായി നിരവധി ജനം അകാലമൃതിയടയും; ഇപ്രകാരം ഭൂഗോളത്തെ നയിക്കുന്ന ദൈവദൂതന്മാർ, അതിനെ വലയംചെയ്തിരിക്കുന്ന ആകാശത്തേയും, സമുദ്രം മുതലായ പ്രപഞ്ചശക്തികളേയുംകൊണ്ട് പ്രതികൂലമായി പ്രവർത്തിപ്പിക്കും; ജനങ്ങളെല്ലാം ഭയചകിതരായി ലോകാവസാനംതന്നെയെന്ന് നിസ്സംശയം ഗ്രഹിച്ച് ദുഃഖിച്ച് കരയും; തുടർന്ന് കരാളഭീകരമായ ആകാശത്തിൽനിന്ന് ഇടവിടാതുള്ള ഘോരഗർജ്ജനത്തോടെ തീമഴയും പെയ്യും; മഹാനദിപ്രവാഹംപോലെ ആ സംഹാരാഗ്നി സർവ്വത്ര പടർന്നുപിടിക്കും. സകല ജീവജാലങ്ങളും ആ ഘോരാനലജ്വാലയിൽപെട്ട് ദഹിച്ച് ഭസ്മമാകും. അതോടെ സകല മനുഷ്യരും മരിച്ച് മണ്ണോടു മണ്ണുചേരും. ഇപ്രകാരം ലോകാവസാനവും സംഭവിക്കും. *

---

* ദീർഘദർശികൾ രണ്ടുപേരുടേയും മരണാനന്തരം മുപ്പതാംദിവസമാണ്, ഈശ്വരവിരോധിയായ അന്തിക്രിസ്തു അകാലചരമമടഞ്ഞ് നരകപ്രാപ്തനാകുന്നത്. ഈ നിർഭാഗ്യൻ മൃതനാകുന്നതിൻെറ നാല്പത്ത

"പാരിന്നന്തമണഞ്ഞിടുന്ന സമയം
മാലാഖമുഖ്യന്റെയു-
ച്ചേലഞ്ചും കുഴൽനാദമീധരണിയിൽ
പാരംപരന്നീടവേ
വീണ്ടും നമ്മളുയിക്കുമെന്ന ശരണം
ദൈവത്തിലപ്പിച്ചുകൊ-
ണ്ടാത്മാവങ്ങു പിരിഞ്ഞിടുന്നു, ജഡമി
മണ്ണോടുചേരുന്നതേ."

അനന്തരം സർവ്വശക്തനായ ദൈവത്തിന്റെ കല്പന പുറപ്പെടുന്ന ക്ഷണത്തിൽ, പല മാലാഖമാർ മിന്നൽക്കൊടിയേ വെല്ലുന്ന വേഗത്തിൽ, ഭൂമിയുടെ നാനാഭാഗങ്ങളിലും സഞ്ചരിച്ച്, മേഘഗർജ്ജനത്തേയും കടൽമുഴക്കത്തേയും അതിശയിക്കുംവിധം ഭീകരശബ്ദത്തോടേ കാഹളം മുഴക്കും. "ധരാമണ്ഡലത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർത്താവായ മഹാദൈവത്തിന്റെ ന്യായവിധി കേൾക്കുന്നതിനായി മരിച്ചവരെല്ലാവരും ഉയിർത്തെഴുന്നേൽക്കുവിൻ." ഈ കല്പന കേൾക്കുന്ന മാത്രയിൽ സകല മനുഷ്യരും അവരവരുടെ ശരീരങ്ങളോടെ ഉയിർത്തെഴുന്നേൽക്കും. അതേ, ദൈവത്തിന്റെ അപരിമേയ ശക്തിയാൽ ലോകാരംഭംമുതൽ ലോകാവസാനംവരെ മരിച്ച് മണ്ണോടുമണ്ണായി, പൊടിയും ചാമ്പലുമായിപ്പോയ മനുഷ്യശരീരങ്ങളെല്ലാം അന്യൂനമായും അഭംഗമായും ഉയിർത്തെഴുന്നേറ്റുവരും.

---

ഞ്ചാംദിവസം, അഖിലേശ്വരൻ അവസാന വിധി പ്രസ്താവിക്കുന്നതിനായി എഴുന്നള്ളിവരും. ആ കടുവിലത്തെ പതിനഞ്ചുദിവസങ്ങളിൽ വിവിധങ്ങളായ ഭയങ്കര സംഭവങ്ങൾ ഉണ്ടാകുമെന്ന് യഹൂദന്മാരായ വിദ്യാപാരഗന്മാർ എഴുതിവച്ചിരിക്കുന്നു. അവ നമ്മുടെ കർത്താവിന്റെ തിരുവാക്യങ്ങളോടു ഏകദേശം യോജിച്ചുകാണുന്നതുകൊണ്ടും അവ സ്വീകാര്യങ്ങളായി തോന്നുന്നതുകൊണ്ടും അവയിൽ ചിലതു് ഇവിടെ പ്രസ്താവിക്കാം.

"സമുദ്രം ഭയങ്കരമായി ക്ഷോഭിക്കയും, ഉയന്ന മലകളേയും അതിക്രമിച്ച് തിരമാലകൾ പൊങ്ങിമുഴങ്ങുകയും ചെയ്യും. സമുദ്രത്തിലേ മത്സ്യങ്ങളും ഇതര ജന്തുക്കളും ഘോരഗർജ്ജനം പുറപ്പെടുവിക്കും. വൃക്ഷലതാദികളെല്ലാം രക്തവർണ്ണമായി കാണപ്പെടും. ദാരുണമായ ഭൂകമ്പം സകലതിനേയും കിടുകിടെ വിറപ്പിക്കും. രമ്യങ്ങളായ ഹർമ്മ്യങ്ങളും ബലവത്തരങ്ങളായ കെട്ടിടങ്ങളുമെല്ലാം അടിയോടേ തകന്ന് നിലംപതിക്കും. വന്മലകൾ പരസ്പരം കൂട്ടി അടിച്ച് ഭയങ്കര മുഴക്കത്തോടേ തകന്ന് ഭസ്മമാകും. ഇവയെല്ലാം എവിടെനിന്ന്, എങ്ങനെയുണ്ടാകുന്നെന്ന്

അപ്പോൾ ദിവ്യന്യായാധിപനായ ക്രിസ്തുനാഥൻ തൂങ്ങി മരിച്ച വിശുദ്ധ കുരിശിനെ ഉജ്ജ്വലതേജസ്സോടെ ദൈവദൂതന്മാർ കൊണ്ടുവന്ന് ആകാശമദ്ധ്യത്തിൽ സ്ഥാപിക്കും. അതനേകം കാരണങ്ങളോടുകൂടിയാണ്. അത്, യഥാർത്ഥദൈവവും മനുഷ്യനുമായ ക്രിസ്തുനാഥന്റെ വിജയക്കൊടിയായതുതന്നെ സർവ്വപ്രധാനമായ കാരണം. രാജാക്കന്മാർ ചക്രവർത്തികൾ മുതലായവർ എഴുന്നള്ളത്ത് പുറപ്പെടുമ്പോൾ അവരുടെ വിജയചിഹ്നങ്ങൾ അവരുടെ മുൻപേ സംവഹിച്ചുകൊണ്ടുപോകാറുണ്ടല്ലോ. അതുപോലെ രാജാധിരാജനായ ദൈവം, സകല മനുഷ്യരുടേയും ന്യായവിധി പ്രസ്താവിക്കുവാനായി എഴുന്നള്ളിവരുമ്പോൾ, അവിടത്തെ വിജയപതാകയായ വിശുദ്ധ കുരിശിനെ മാലാഖമാർ മഹാമഹത്വത്തോടുകൂടി തന്റെ തിരുമുമ്പിൽ കൊണ്ടുവന്ന് സ്ഥാപിക്കുന്നത് ഏററം സമുചിതമാകുന്നു. കൂടാതെയും, ദിവ്യരക്ഷകന്റെ വിരോധിയായ അന്തിക്രിസ്തു, അങ്ങേയിൽ അമർഷംപൂണ്ട് അവിടത്തെ വിജയവൈജയന്തിയായ കുരിശിനെ ഭൂമുഖത്തുനിന്ന് നിഷ്കാസനം ചെയ്യുന്നതിനും ശ്രമിച്ചുവല്ലോ. കുരിശിനു പകരമായി "നസ്രായക്കാരൻ ഈശോയെ ഞാനറിയുകയില്ല" എന്ന വാക്യം എല്ലാവരും അവരവരുടെ നെററിയിലോ കൈകളിലോ ധരിച്ചിരിക്കണമെ

---

അറിയുകയില്ല. ചില ഭയാനകസംഭവങ്ങൾ ദൃഷ്ടികൾക്ക് കാണപ്പെട്ടെന്ന് വരാം. ചിലതു കാണപ്പെടുകയില്ല.

പലരും ഭയന്നുവിറച്ച് അവർണ്ണ്യമായ ക്ലേശം അനുഭവിക്കും. ചിലർ പ്രജ്ഞ നശിച്ചതുപോലെ ഭ്രമിച്ച് ലക്കില്ലാതെ ഓടും. മനുഷ്യന് നാവനക്കാൻപോലും ശക്തിയില്ലാതാകും. ഭയത്താലും വേദനയാലും വിറയലാലും മനുഷ്യരും മൃഗങ്ങളും സ്വന്തംകാലിൽ ഉറച്ചുനില്പാൻ കഴിയാതെ നിലംപതിച്ചുപോകും. ഈ സംഹാരകൃത്യങ്ങളാൽ മനുഷ്യരെല്ലാം പേടിച്ചുവിറച്ച് മരിച്ചുപോകും. ഭയങ്കരമായ ഭൂകമ്പം തുടരെ സംഭവിച്ചുകൊണ്ടിരിക്കും. അതിനാൽ കുന്നുകളും മലകളും തകർന്നുവീണ് ഭൂമുഖം മുഴുവനും ഉഴുതുമറിച്ചപോലെ കുണ്ടും കുഴിയുമായിത്തീരും. കാടും പടലും പറിഞ്ഞു ചിതറി സർവ്വത്ര കണ്ടമാനനിലയാകും. കടലാക്രമണം അങ്ങനെയും. പൊതുവേ പ്രകൃതിയുടെ സകല ക്രമങ്ങളും തെററി, സർവ്വതും ക്രമരഹിതമായിത്തീരും. ഇങ്ങനെ പരിഭ്രമജനകങ്ങളായ സംഭവങ്ങൾ നിരവധിയായുണ്ടാകും. വർണ്ണനീയങ്ങളല്ലാത്ത ക്ലേശങ്ങളും കഷ്ടങ്ങളും സഹിച്ച് മനുഷ്യരെല്ലാം മരിച്ചവസാനിക്കും.

ലോകാരംഭംമുതൽ മരണംപ്രാപിച്ചിട്ടുള്ള സകലമനുഷ്യരും ദൈവ

ന്നും, അല്ലാതുള്ളവർക്ക് യാതൊരു സാധനങ്ങളും ക്രയവിക്രയം ചെയ്യരുതെന്നും അവൻ നിരോധിക്കയും ചെയ്തിരുന്നല്ലോ. ഇപ്രകാരം മനുഷ്യരക്ഷയുടെ അടയാളമായ വി. കുരിശിനെ ഭൂമുഖത്തുനിന്ന് നാമാവശേഷമാക്കാൻ അവൻ സർവ്വാത്മനാ പരിശ്രമിച്ചിട്ടും അതു് സാധിച്ചിട്ടില്ലെന്നുള്ളതും സ്പഷ്ടമാക്കേണ്ടതാണ്. ആ മഹാപാപിയുടെ കാപട്യങ്ങളും ദുർന്നയങ്ങളും എല്ലാവർക്കും പ്രസ്പഷ്ടമാകുന്നതിനും, അവൻെറ സ്മാരകങ്ങൾ അശേഷം ലോകത്തിൽനിന്നും നിർമ്മൂലമാക്കപ്പെട്ടുപോയെന്ന് കാണിക്കുന്നതിനും വി. കുരിശിൻെറ ദർശനം ആവശ്യമാകുന്നു. ഒടുവിൽ, നീതിമാനായ ജഗദീശ്വരൻതന്നെ വിജയംവരിച്ചെന്നും, അവിടന്ന് ശാശ്വതമായി സർവ്വത്ര വ്യാപിച്ച് പ്രശോഭിക്കുന്നെന്ന് പ്രത്യക്ഷമാക്കുന്നതിനും അവിടത്തെ വിജയചിഹ്നമായ വി. കുരിശിനെ ദൈവദൂതന്മാർ കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നതു് എത്ര ന്യായാനുസൃതവും യുക്തിയുക്തവുമാകുന്നു.

കൂടാതെയും, ക്രിസ്തുനാഥൻ ക്രൂരമായ കുരിശുമരണം കൈവരിച്ച് മാനവരാശിയെ സമുദ്ധരിച്ചതുകൊണ്ട് പാപികളായ മനുഷ്യർ ദൈവാനുഗ്രഹം പ്രാപിക്കുന്നതിനു്, അവരുടെ രക്ഷോപകരണമായ കുരിശിൻെറ ദർശനം ആവശ്യമായിരുന്നുവല്ലോ. ആ രക്ഷോപകരണത്തിൻെറ ദർശനത്താലും മാനസാന്തരപ്പെടാതിരുന്ന വജ്രഹൃദയന്മാർ, തങ്ങൾക്ക് സംഭവിക്കാനിരിക്കുന്ന ഭയങ്കര നിർഭാഗ്യത്തെ, പ്രയോജനരഹിതമായ ഖേദവേദനകളോടെയെങ്കിലും കണ്ടുപിടിക്കുന്നതിനും ഈ കുരിശിനെക്കുറിച്ചുള്ള ചിന്തയാൽ സജ്ജനങ്ങൾ സന്മാർഗ്ഗത്തിൽ സ്ഥിരനിഷ്ഠരായി വർത്തിക്കാനിടയായതിൽ കൃതാർത്ഥരായി സമ്മോദിക്കുന്നതിനും ആ തിരുസ്ലീവാ ആകാശമദ്ധ്യത്തിൽ പ്രശോ

---

ത്തിൻെറ നിസ്തുല ശക്തിയാൽ ഉയർത്തുവരും. അസംഖ്യങ്ങളായ സ്ഥലങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന മനുഷ്യശരീരാംശങ്ങൾ, മാലാഖാമാരാൽ ശേഖരിക്കപ്പെട്ടും. അപ്രകാരം ഓരോ മനുഷ്യനും ഭൂമിയിൽ സഞ്ചരിച്ച ശരീരത്തോടെ, അല്പവും കൂടുതൽ കുറവു സംഭവിക്കാതെ ഉയത്തെഴുന്നേല്ക്കും.

പിന്നീട്, ദൈവകല്പനയാൽ നരകാഗ്നി സർവ്വത്ര വ്യാപിക്കും. അതു് പാപികളായ ദുർജ്ജനങ്ങളെ മാത്രം പീഡിപ്പിക്കും. സജ്ജനങ്ങൾക്ക് അതുകൊണ്ട് യാതൊരു ദോഷവും സംഭവിക്കുകയില്ല. ഇതുമൂലം ശിഷ്ടന്മാരുടെ നന്മയുടേയും, ദുഷ്ടന്മാരുടെ തിന്മയുടേയും വ്യത്യാസം ആദ്യമായി തന്നെ സുസ്പഷ്ടമാകും.

ഭിക്കുന്നതു് ഏററം യുക്തമാകുന്നു. ഇപ്രകാരമുള്ള വിജയമഹിമകളെല്ലാം അന്തർഭവിച്ചിരിക്കുന്ന തിരുസ്ലീവായേക്കാണുമ്പോൾ യൂദന്മാർ തുടങ്ങിയ ശിലാഹൃദയരായ പാപികൾ ദുഃഖിച്ചുകരഞ്ഞുപോകുമെന്നുള്ളതിനു സംശയമില്ല. മാത്രമല്ലാ, ദിവ്യരക്ഷകനേ കഠോരബാധകളെല്ലാം ഏല്പിച്ചതുകൊണ്ടും തൃപ്തരാകാതെ, അവിടത്തെ കുരിശിൽ തറയ്ക്കണം തറയ്ക്കണമെന്നു് ആർത്തു വിളിളിക്കയും അവരുടെ ഹിതാനുസരണം കുരിശിൽതറച്ചു് കൊലപ്പെടുത്തുകയും ചെയ്ത ആ ഘാതകാധമന്മാർ വാസ്തവം ഗ്രഹിക്കുന്നതിനും, നിഷ്പ്രയോജനമായിട്ടാണെങ്കിലും പരിതപിച്ചു കരയുന്നതിനും ഈ തിരുസ്ലീവായുടെ സന്ദർഭോചിതമായ ദർശനം ആവശ്യമാകുന്നു. മൂർഖരായ പാപികളും ആ ഘോരഘാതകന്മാരായ യൂദന്മാരെപ്പോലെ പാപം ചെയ്യുന്തോറും തങ്ങൾ ദിവ്യപരിത്രാതാവിനേ വീണ്ടും വീണ്ടും കുരിശിൽ തറയ്ക്കയായിരുന്നുവെന്നു് ബോധപ്പെട്ടു് പ്രലപിക്കുന്നതിനും ആ കുരിശിൻെറ ദർശനം അവശ്യം ആവശ്യമാകുന്നു.

അത്രയുമല്ല, ദിവ്യരക്ഷിതാവു് കുരിശിൽ കിടന്നനുഭവിച്ച വേദനകളും നിന്ദനങ്ങളും ഓരോരുത്തക്കും ഉണ്ടായിട്ടില്ലെങ്കിലും നരകുലരക്ഷയ്ക്കുവേണ്ടി അവിടന്നു് സഹിച്ച യാതനകൾ എത്രമാത്രമെന്നു് ഒരു കണ്ണാടിയിൽനിന്നെന്നപോലെ വ്യക്തമായി കണ്ടറിയുന്നതിനും ഈ കുരിശിൻെറ ദർശനം പ്രയോജകീഭവിക്കും. അവിടത്തെ പീഡാസഹനങ്ങളേ അവഗണിച്ചു് ഒന്നിനുമീതേ ഒന്നായി അസംഖ്യപാപങ്ങൾ ശങ്കാവിഹീനം ചെയ്തുകൂട്ടിയ ദുർജ്ജനങ്ങൾ, ഈ കുരിശിൻെറ കാഴ്ചയാൽ അവർണ്ണ്യമാംവണ്ണം ഭയന്നു് ദുഃഖിച്ചു കരയേണ്ടതും ആവശ്യമാകുന്നു. രാജോചിതങ്ങളായ പ്രതാപമഹിമകളേയും, ക്ഷണികങ്ങളായ സുഖബഹുമാനങ്ങളേയും, യശസ്സ് ആഡംബരാദികളേയും കാംക്ഷിച്ചു് പ്രവത്തിച്ചവർ, തങ്ങൾ വെറും ബുദ്ധിഹീനരായിപ്പോയല്ലോ എന്നു ഗ്രഹിച്ചു് ആശ്വാസരഹിതരായി സ്വയം ശപിക്കും. ഇപ്രകാരം, വിക്രമവും വക്രതയും ചതിവും ഉപായവുംകൊണ്ടു് അന്യായമായി ധനധാന്യങ്ങൾ സമ്പാദിച്ചവരും, തങ്ങളുടെ അക്രമസമ്പാദ്യങ്ങളിൽ ഒന്നുപോലും തങ്ങൾക്കു പ്രയോജനപ്പെടുന്നതല്ലെന്നറിയുമ്പോൾ അകമുരുകിക്കരയുകയല്ലാതെ് ഗത്യന്തരമില്ല. ഇതേവിധംതന്നെ, വിഗ്രഹാരാധകർ, നിരീശ്വരർ, കപടഭക്തർ, ഏഷണിക്കാർ,

ദുർമ്മാതൃക നൽകിയവർ, അധികാരധിക്കാരികൾ, അസത്യവാദികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മോഷ്ടാക്കൾ, മദ്യപാനികൾ, ഭോജനപ്രിയർ, അസൂയാലുക്കൾ മുതലായവരും മഹാപരാധികളായി സ്വയം തെളിയുകയും അവരുടെ ശാശ്വതനിർഭാഗ്യത്തെ ഓർത്തു് അവർണ്ണനീയങ്ങളായ ദുഃഖവേദനകളനുഭവിക്കയും ചെയ്യും.

മേൽപ്രകാരം ലോകപരിത്രാതാവും, സകലരുടേയും വിധികർത്താവുമായ ആ ദിവ്യന്യായാധിപൻെറ വിജയവൈജയന്തി ആയ വിശുദ്ധ കുരിശു്, പൊതുവിധിയുടെ പ്രാരംഭസൂചകമായി സുന്ദരമനോഹരമാംവണ്ണം ആകാശമദ്ധ്യത്തിൽ പ്രശോഭിച്ചുകൊണ്ടിരിക്കും. അതിൻെറ ദർശനമാത്രത്താൽ സകല നീതിമാന്മാരും ആനന്ദസാഗരത്തിൽ ആറാടും. സർവ്വദുർജ്ജനങ്ങളും അതുകണ്ടു് സംഭീതരായി ഭ്രമിച്ചു് ഞെട്ടിവിറയ്ക്കുമെന്നുള്ളതിനു സംശയമില്ല.

---

## അദ്ധ്യായം ആറു്.

### ദുരാത്മാക്കളുടെ വിലപനം. പുണ്യാത്മാക്കളുടെ സംതൃപ്തി. ഉയിർപ്പിൻെറ വിശേഷങ്ങൾ.

ദിവ്യന്യായാധിപനായ സർവ്വേശ്വരൻ, നരവർഗ്ഗത്തിൻെറ അവസാനവിധി പ്രസ്താവിക്കുന്ന സമയത്തു്, ലോകാരംഭം മുതൽ ലോകാവസാനംവരെ ഉണ്ടായിട്ടുള്ള സകല മനുഷ്യരും ഹാജരായിരിക്കുമെന്നുള്ളതു് സുനിശ്ചിതമാകുന്നു. അതിനാൽ സ്വർഗ്ഗപ്രാപ്തരായ വിശുദ്ധരും, നരകപ്രാപ്തരായ പാപികളും, ജന്മപാപത്തോടെമാത്രം മരിച്ച ശിശുക്കളും ദൈവത്തിൻെറ അനന്തശക്തിയാൽ അവരവരുടെ സ്വന്തശരീരത്തോടേ ഉയിർത്തെഴുന്നേല്ക്കും. അപ്പോൾ, അവർക്കുണ്ടായിരുന്ന രോഗങ്ങളും അംഗവൈകല്യങ്ങളുമെല്ലാം നിശ്ശേഷം മാറിപ്പോകുമെന്നുള്ളതിനു സംശയമില്ല. ദൈവാജ്ഞപ്രകാരം അവിടത്തെ ദൂതൻ, "മരിച്ചവരെല്ലാവരും അഖിലേശ്വരൻെറ ന്യായവിധി കേൾക്കുന്നതിനായി എഴുന്നേററു വരുവിൻ'' എന്നു പറയുന്ന ആ സ്വരം ഏററം ഉച്ചത്തിലും എവിടെയും കേൾക്കപ്പെടുന്നതുമായിരിക്കും. അതുകൊണ്ടു് കാഹളം ധ്വനിപ്പിക്കുമെന്നു് പറയപ്പെട്ടി

രിക്കുന്നു. ആ ശബ്ദം കേൾക്കുന്ന മാത്രയിൽ "ഉണ്ടാകട്ടെ" എന്ന ഏകവാക്യത്താൽ ഇല്ലായ്മയിൽനിന്നു് സകല വസ്തുക്കളേയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവം സകല മനുഷ്യരേയും ഉയിർപ്പിക്കുമെന്നുള്ളതു് നിസ്സംശയമാകുന്നു.

അപ്പോൾ നരകപ്രാപ്തരായ പാപികളുടെ ആത്മാക്കൾ തങ്ങളുടെ ശരീരങ്ങളോടായിപ്പറയും:- "നീ, ക്ഷണികമായ സുഖം അനുഭവിക്കുന്നതിനുവേണ്ടി കഠിനമായ പാപം ചെയ്യുന്നതിനു മടിച്ചില്ല. അതിനാൽ നിത്യമായ ഭാഗ്യം നഷ്ടപ്പെടുത്തി; അനന്തമായ ദുഃഖത്തിനു പാത്രമായി; നീയും ഞാനും കൂടി കെടാത്ത തീയിൽ ദഹിക്കാത്ത കട്ടപോലെ കിടന്നു്, വാക്കിനും മനസ്സിനും അവർണ്ണനീയങ്ങളായ ദുഃഖവേദനകൾ അനുഭവിക്കുമാറാക്കിയല്ലൊ. ഹാ! നീചനീചമായ ശരീരമേ! നിന്നോടുകൂടെ ലോകത്തിന്റെ സുഖബഹുമാനങ്ങളിൽ മതിമയങ്ങി, പ്രസിദ്ധിയാന്നു് വിളങ്ങണമെന്നു കരുതി അസംഖ്യങ്ങളായ ദുഷ്കൃതങ്ങൾ ചെയ്തു; സുസാദ്ധ്യങ്ങളായ സുകൃതങ്ങൾ അനുഷ്ഠിച്ചുമില്ല. അതുകൊണ്ടിപ്പോൾ ശാശ്വതമായ നിന്ദയും അപമാനങ്ങളും സഹിക്കേണ്ടിവന്നിരിക്കുന്നു. രാജത്വം, പ്രഭുത്വം, കുബേരത്വം, ബഹുജനനേതൃത്വം തുടങ്ങിയ സമുന്നതനിലകളിൽ എത്തിച്ചേരണമെന്നു കരുതി രാപകലില്ലാതെ അദ്ധ്വാനിച്ചുവല്ലൊ. അനന്തനീതിമാനായ സർവ്വേശ്വരനെ ഭയപ്പെടാതെ വ്യഭിചാരം കൊലപാതകം *, മോഷണം, വഞ്ചന തുടങ്ങിയ അക്രമപാപങ്ങൾക്കുത്സുകനായല്ലൊ. അതിനാലിപ്പോൾ സകല വസ്തുക്കളുടേയും ഇല്ലായ്മയാകുന്ന പരിപൂർണ്ണ ദാരിദ്ര്യം അനുഭവിക്കുവാനിടയായിരിക്കുന്നു." ഇപ്രകാരം ആശ്വാസരഹിതമായ ദുഃഖത്തോടെ പാപിയുടെ ആത്മാവു് ശരീരത്തോടു് പറയുമെന്നുള്ളതു നിർവ്വിവാദമാകുന്നു. അപ്പോൾ പാപിയുടെ ശരീരം ആത്മാവിനോടു് പറയും:-"ഹാ! ബുദ്ധികെട്ട ആത്മാവേ! ലോകത്തിന്റെ സുഖബഹുമാനാദികളെല്ലാം ഒരു മാത്രനേരംകൊണ്ടു് നശിക്കുന്നതാണെന്നും അതിനുപകരം എന്നെന്നേയ്ക്കും നിലനില്ക്കുന്ന ഭയാനകങ്ങളായ ദുഃഖ

* ജീവൻ നശിപ്പിക്കുക മാത്രമല്ല, കീർത്തിനശിപ്പിക്കുക, ധനം നശിപ്പിക്കുക, സുബോധം നശിപ്പിക്കുക ഇവയെല്ലാം ഓരോജാതി കൊലപാതകങ്ങളാണു്.

വേദനകൾ അനുഭവിക്കേണ്ടിവരുമെന്നും നീ അറിയാതിരുന്ന തെന്തുകൊണ്ട്? ലോകപ്രശസ്തികളെല്ലാം പുകപോലെ നിമിഷത്തിൽ നശിച്ചുപോകുമെന്നും, ധനമാനാദികളെല്ലാം വെറുക്കത്തക്കതും യഥാർത്ഥത്തിൽ പ്രയോജനരഹിതമായിട്ടുള്ളതാണെന്നും നീ അറിയാഞ്ഞതെന്തു്? ഹാ! ഭ്രാന്തുപിടിച്ച ആത്മാവേ! എൻെറ ദുരാശകളേ നിയന്ത്രിക്കുന്നതിനു് നിനക്കു് കഴിവുണ്ടായിരിക്കെ നീ അതു ചെയ്തില്ല. സൽപഥത്തിൽക്കൂടി നീ എന്നെ നയിച്ചില്ല.'' എന്നിങ്ങനെ ശരീരം ആത്മാവിനേ കുററാരോപണം ചെയ്യുമെന്നുള്ളതിനു സംശയമില്ല. സൌഭാഗ്യവാന്മാരായി സുന്ദരശരീരരായി ഈ ലോകത്തിൽ ജീവിച്ചശേഷം മൺമറഞ്ഞുപോയവരും ഇപ്രകാരം അസമാധാനത്തോടും അസഹനീയ വേദനകളോടുംകൂടി, ദുർഗ്ഗന്ധപൂരിതമായ വികൃതവേഷത്തിൽ, ആത്മാവും ശരീരവുംചേന്നു് ഉത്ഥാനംചെയ്തു് പ്രത്യക്ഷപ്പെടും.

പുണ്യവാന്മാരുടെ ആത്മാക്കൾ തങ്ങളുടെ ശരീരങ്ങളോടു് പറയും:– "ഹാ! ഭാഗ്യമുള്ള ശരീരമേ! ദൈവേഷ്ടപ്രകാരം വത്തിക്കുന്നതിനു് അനേകം ദുഃഖവേദനകൾ നീ എന്നോടുകൂടി സഹിച്ചു; ലോകബഹുമാനങ്ങളേയും സുഖൈശ്വര്യങ്ങളേയും സർവ്വേശ്വരനുവേണ്ടി തൃണവൽഗ്ഗണിക്കയും ചെയ്തു. അതിനാൽ നീ ഇപ്പോൾ എന്നോടുകൂടെ നിൻെറ സർവ്വാഗ്രഹങ്ങളും സമ്പൂർണ്ണമായി പ്രദാനംചെയ്യുന്ന അനശ്വരമായ പരമാനന്ദഭാഗ്യം അനുഭവിക്കുക; ശാശ്വതസമ്പത്തായ ജ്ഞാനം, ശക്തി മുതലായ സുകൃതഗുണങ്ങളേയും എന്നോടുകൂടി നീ അവകാശമാക്കുക. ഹാ! നിത്യജീവനർഹമായ ശരീരമേ! സകല കാര്യങ്ങളിലും സർവ്വേശ്വരനു സ്തുതിയുണ്ടാകണമെന്നു കരുതി വിചാരം, വാക്കു്, പ്രവൃത്തികളിലെല്ലാം നീ എന്നോടുകൂടി സഹകരിച്ചു. അവിടത്തെ അതുല്യങ്ങളായ സ്നേഹകാരുണ്യങ്ങളും അനന്തമഹത്വവും എല്ലാവരും അറിഞ്ഞാരാധിക്കുന്നതിനു് സദാ നീ എന്നോടൊന്നിച്ചു് പ്രയത്നിച്ചു. അതിനാൽ നമുക്കു് നിത്യമായ മഹിമയും ബഹുമതിയും പ്രാപിച്ചു് ദൈവത്തിൻെറ പ്രിയപുത്രരിലൊരുവനായി സ്വർഗ്ഗത്തിൽ സാനന്ദം വസിക്കാം." ഇപ്രകാരമുള്ള സന്തോഷവചനങ്ങൾ വിശുദ്ധരുടെ ആത്മാക്കൾ, തങ്ങളുടെ ശരീരങ്ങളോടായിപ്പറയുമെന്നു് ന്യായസമേതം വിചാരിക്കാം.

അപ്പോൾ വിശുദ്ധരുടെ ശരീരങ്ങൾ തങ്ങളുടെ ആത്മാക്കളോടു പറയും:– "സർവ്വേശ്വരനാൽ അനുഗ്രഹീതമായ ആത്മാവേ! എന്നിലുണ്ടായ ദുരാശകളെ നീ നിഗ്രഹിക്കയും ദൈവേഷ്ടത്തിനനുസരണമായ വിധത്തിൽ എന്നെ നീ നയിക്കയും ചെയ്തുവല്ലൊ. കൂടാതെയും ഞാൻ നിമിത്തം നീ ഏതെല്ലാം പാപങ്ങളിൽ ഉൾപ്പെട്ടുവോ, ആ പാപങ്ങളെക്കുറിച്ചെല്ലാം വെറുപ്പ് ജനിപ്പിക്കയും അവയേ പരിഹരിക്കുന്നതിനായി പശ്ചാത്താപത്തിൻെറ അശ്രുധാരകൾ ചൊരിയുകയും നിന്നോടുകൂടെ പല പല തപഃക്രിയകളനുഷ്ഠിക്കുന്നതിന് എന്നെ പ്രേരിപ്പിക്കയും ചെയ്തുവല്ലൊ. അതിനാൽ സർവ്വനന്മയുടേയും ആദികാരണമായ സർവ്വേശ്വരന് നിത്യവും കൃതജ്ഞതാസ്തോത്രമുണ്ടാകമാറാകട്ടെ." ഇപ്രകാരം സന്തോഷകരവും സമാശ്വാസകരവുമായ വചസ്സുകൾ പുണ്യവാന്മാരുടെ ആത്മശരീരങ്ങൾ പരസ്പരം പറയാനിടയാകുമെന്നുള്ളതും നിസ്സന്ദേഹമാകുന്നു.

ഇനി മനുഷ്യവർഗ്ഗത്തിൻെറ ഉയിപ്പ് സംബന്ധിച്ച ചില വിശേഷങ്ങൾകൂടി പ്രസ്താവിക്കാം. പൂർണ്ണവളർച്ച പ്രാപിച്ച ശരീരങ്ങളോടെയാണ് മനുഷ്യരെല്ലാവരും ഉയിക്കുന്നതെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാലും നീളം വണ്ണം തുടങ്ങിയ ആകൃതി വലിപ്പങ്ങളിൽ എല്ലാം തുല്യങ്ങളായിരിക്കുമെന്ന് പറയുവാൻ പാടില്ല. എന്നാൽ പ്രായപൂർത്തിയായ ഒരാളിന് ഉചിതമായ ശരീരം ആയിരിക്കും ഓരോരുത്തർക്കും ഉണ്ടായിരിക്കുന്നതെന്നുള്ളതിനു സംശയമില്ല. എന്നാലും ഓരോരുത്തരുടേയും ശരീരപരിമാണങ്ങളിൽ വ്യത്യാസവും ഉണ്ടായിരിക്കും. പുണ്യാത്മാക്കളുടെ ശരീരങ്ങളെല്ലാം വലിപ്പത്തിൽ ക്രിസ്തുനാഥൻെറ ദിവ്യകളേബരത്തോട് അനുരൂപമായിരിക്കുമെന്നും പറയാൻ പാടില്ല. എന്നാൽ അവിടത്തേപ്പോലെ സൂക്ഷ്മം, അക്ഷയം, ദീപ്തി, ലഘുത്വം എന്ന ചതുർവ്വിധ വരവിശേഷങ്ങൾകൊണ്ട് അവ വിഭൂഷിതങ്ങളുമായിരിക്കും; എങ്കിലും അതിലും സാരമായ ഭേദം ഉണ്ടായിരിക്കും. ഓരോരുത്തരും പ്രാപിച്ചിരിക്കുന്ന പ്രസാദവരങ്ങളുടെ അളവനുസരിച്ച് അവയും ഭേദപ്പെട്ടിരിക്കും. ഈ വിശിഷ്ടവരങ്ങൾ വിശുദ്ധർക്കെല്ലാം ലഭിക്കുമെങ്കിലും, ഓരോരുത്തരുടേയും പുണ്യയോഗ്യതകൾക്കനുസരണമായി, സൂര്യചന്ദ്രനക്ഷത്രാദി ജ്യോതിസ്സുകളുടെ പ്രകാശവൈവിധ്യങ്ങൾ പോലെ അവയും വിഭിന്നങ്ങളായിരിക്കും. ഈ അവസരത്തിൽ

ദൈവമാതാവ് പ്രാപിച്ചിരിക്കുന്ന പ്രസാദവരങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, അതു് മററു പരിശുദ്ധരുടേതിനേക്കാൾ അനേകമടങ്ങെന്നല്ല, അവയോട്ട് യാതൊരു സാദൃശ്യവുമില്ലാത്തവിധം, അത്ര വദ്ധമാനമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, ഓരോരുത്തരുടേയും സുകൃതകർമ്മങ്ങൾക്കനുസൃതമായി സിദ്ധിച്ചിട്ടുള്ള പ്രസാദവരങ്ങളുടെ കൂടുതൽകുറവനുസരിച്ച് അവരവരുടെ ഭാഗ്യമഹിമകളും കൂടുതൽകുറവായിരിക്കുമെന്ന് ന്യായസമ്മേതം വിചാരിക്കാം.

ഈ ന്യായം അനുസരിച്ച് ജ്ഞാനസ്നാനാനന്തരം മററു പുണ്യങ്ങളൊന്നും ചെയ്യാനിടയാകാതെ മരണംപ്രാപിച്ചിട്ടുള്ള ശിശുക്കളുടെ ശരീരങ്ങളെല്ലാം ന്യൂനാധികഭേദംകൂടാതെ പ്രസാദവരങ്ങൾ തുല്യ അളവിൽ പ്രാപിച്ചിരിക്കുമെന്ന് വിചാരിക്കാവുന്നതാണ്. എന്നാൽ കർമ്മപാപങ്ങളൊന്നും ചെയ്യാനിടയാകാതെ ജന്മപാപത്തോടുകൂടിമാത്രം മരിച്ച ശിശുക്കളുടെ ശരീരങ്ങൾ, പൂർണ്ണവളർച്ചയായ ശരീരങ്ങളോടുകൂടിത്തന്നെ ഉയിക്കുമെന്നുള്ളതു് നിസ്സംശയമാകുന്നു. ആ ശരീരങ്ങളുടേയും ഉത്ഥാനത്തിന് ക്രിസ്തുനാഥൻതന്നെ ഹേതുവായിരിക്കുന്നതുകൊണ്ട് ആ ശരീരങ്ങൾ എന്തെങ്കിലും ന്യൂനതകളുള്ളതായിരിക്കുമെന്ന് വിചാരിക്കുവാൻ പാടില്ല. ആ പിഞ്ചു ദേഹങ്ങൾക്ക് വല്ല അംഗഭംഗങ്ങളുമുണ്ടെങ്കിൽ അവയെ പരിഹരിച്ച് പ്രായപൂത്തിയായവരുടെ പൂർണ്ണവളർച്ച പ്രാപിച്ച ശരീരങ്ങളേപ്പോലെ ഉയിക്കുമെന്നുള്ള അഭിപ്രായം സ്വീകാര്യമാകുന്നു. അങ്ങനെതന്നെ നരകപ്രാപ്തരായ ദുരാത്മാക്കളുടെ ഉത്ഥാനത്തിനും ക്രിസ്തുനാഥൻതന്നെ കാരണമായിരിക്കുന്നതുകൊണ്ട് അവരും അംഗവൈകല്യങ്ങളൊന്നും കൂടാതെ പൂർണ്ണവളർച്ച പ്രാപിച്ച ദൃഢഗാത്രങ്ങളോടെതന്നെ ഉയിക്കുമെന്നാണ് ചില വേദപാരംഗതന്മാരുടെ അഭിപ്രായം.

ഈ അഭിപ്രായം നാം സ്വീകരിക്കുമ്പോൾ, ഒരു സന്ദേഹത്തിനു വഴിയുണ്ടാകാം. കൈ, കാൽ, കണ്ണു്, മൂക്ക് മുതലായ അംഗങ്ങളില്ലാതെ ജനിച്ച ശരീരങ്ങൾക്ക് സർവ്വേശ്വരൻ അവയേ നൂതനമായി നൽകുമെന്നാണ് വിചാരിക്കേണ്ടതു്. അങ്ങനെ നാം വിചാരിക്കുമ്പോൾ പാപിയുടെ ശരീരത്തിലൊരിക്കലും ഇല്ലാതിരുന്നതും പാപത്തിനു സഹകരിക്കാതിരുന്നതുമായ അംഗങ്ങൾകൂടെയും നിത്യമായ നരകശിക്ഷ അനു

ഭവിക്കേണ്ടിവരുമെന്ന് സമ്മതിക്കണം. ഇതു് സർവ്വേശ്വരന്റെ അഭേദമായ നീതിക്കും ദയയ്ക്കും ചേർന്നതാണോ? എന്നൊരു ചോദ്യം പിന്നെയും ആവിർഭവിക്കുന്നു. നമുക്കറിഞ്ഞിട്ടു് കൂടിയേ കഴിയൂ എന്നില്ലാത്ത ഈ ചോദ്യത്തിനു് മറുപടി വേദശാസ്ത്രജ്ഞന്മാർതന്നെ പറയട്ടെ. എങ്കിലും പാപികളുടെ ശരീരങ്ങളിൽ മുൻപില്ലാതിരുന്ന അംഗങ്ങളെ ദൈവം നവീനമായി നൽകാതെതന്നെ അവരെ ഉയിപ്പിക്കും എന്നതാണ് വാസ്തവം. എന്നാൽ പാപി പാപം ചെയ്തതിനുശേഷം ഏതെങ്കിലും അംഗവിഹീനനായി ഭവിച്ചാൽ ആ അംഗവും നീതിപ്രകാരം നരകശിക്ഷയ്ക്കർഹമാകയാൽ, അവൻ ഉയിക്കുമ്പോൾ ആ അംഗങ്ങൾകൂടി അവനു നൽകുമെന്നുള്ളതു് ന്യായസമേതം അംഗീകരിക്കാവുന്നതാണ്. അതിനാൽ പാപിയുടെ ശരീരത്തിൽ മുൻപില്ലാതിരുന്ന യാതൊരംഗവും നീതിമാനായ ദൈവം നൂതനമായി നൽകുകയില്ല; അവൻ ഏതെല്ലാം അംഗങ്ങളോടുകൂടി പാപം ചെയ്കയും മരിക്കയും ചെയ്തുവോ, ആ അംഗങ്ങളോടുകൂടി മാത്രം അവൻ ഉയിക്കും എന്നുള്ളതാണ് യഥാർത്ഥവും യുക്തിയുക്തവുമായിട്ടുള്ളതു്.

ഈ സന്ദർഭത്തിൽ സകല വേദപാരംഗതന്മാരും ഏകാഭിപ്രായമായി സമ്മതിക്കുന്ന ഒരു സംഗതികൂടി ഇവിടെ പ്രസ്താവിക്കാം. അനന്തകൃപാസ്വരൂപനായ സർവ്വേശ്വരൻ, പുണ്യവാന്മാർക്ക് പുണ്യയോഗ്യതയ്ക്കനുസരണമായ സംഭാവനയും, പാപികൾക്ക് പാപദുഷ്കൃത്തിനനുയോജ്യമായ ശിക്ഷയും നൽകുമെന്നതിനു സംശയമില്ല. ഇപ്രകാരം ശിക്ഷാരക്ഷകൾ നൽകുന്ന സർവ്വനീതിമാനായ ആ വിധികർത്താവ്, സ്വർഗ്ഗപ്രാപ്തരായ ശിശുക്കൾക്ക് നവീനമായി അംഗങ്ങൾ നൽകുകയും, ശാശ്വതമായ നരകവേദന അനുഭവിക്കുന്ന പാപികളുടെ ശരീരങ്ങൾക്ക് നവ്യമായി അംഗങ്ങൾ നൽകാതിരിക്കയും ചെയ്യുന്നതിന്റെ ന്യായമായ കാരണം സുവിശദമായിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. എന്നാൽ, പുണ്യാത്മാക്കൾ സമ്പൂർണ്ണഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടി അവരുടെ ശരീരങ്ങൾക്ക് പുണ്യം ചെയ്യാത്ത അംഗങ്ങൾകൂടി നവമായി സർവ്വേശ്വരൻ നൽകുന്നതു് അവിടത്തെ അനന്തകൃപയ്ക്കു് അനുയോജ്യമാണെങ്കിൽ, നരകവേദന അനുഭവിക്കുന്ന പാപികളുടെ ശരീരങ്ങൾക്കും പാപം ചെയ്യാത്ത നൂതന അംഗങ്ങൾകൂടി നൽകുന്നതു്

വെറും ന്യായം മാത്രമാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതു് അവിടത്തേ അനന്തകൃപയ്ക്കു് അയോഗ്യമാണെന്നു് വന്നുകൂടും. അങ്ങനെ ശരീരാവയവങ്ങൾ നൂതനമായി നൽകുകയും നല്കാതിരിക്കുകയും ചെയ്യുന്നതിൻെറ ന്യായാന്യായങ്ങളേക്കുറിച്ചു് പര്യാലോചിച്ചാൽ, സകല അംഗങ്ങളോടുംകൂടി സംജാതനായ മനുഷ്യൻ, യാതൊരു പാപവും ചെയ്യാതിരുന്ന കാലത്തു് ഏതെങ്കിലും അംഗവിഹീനനായി ഭവിക്കയും, അവൻ പിന്നീടു് പാപിയായി നരകത്തിൽ പതിക്കയും ചെയ്താൽ വിനഷ്ടങ്ങളായ അംഗങ്ങൾകൂടി അവൻെറ ഉയിർപ്പിൽ അവൻെറ ശരീരത്തിലുണ്ടായിരിക്കുമെന്നുള്ളതു നിർവ്വിവാദമാകുന്നു.

---

## അദ്ധ്യായം ഏഴു്

### അന്ത്യവിധിക്കുള്ള ഒരുക്കം. അതിൻെറ സാഹചര്യങ്ങൾ. സാത്താൻെറ സാക്ഷ്യം. പാപികൾ സ്വയം കുററപ്പെടുത്തുന്നതു്.

മേൽപ്രകാരം ഉയിർത്തെഴുന്നേല്ക്കുന്ന സകല മനുഷ്യരും സർവ്വനീതിമാനായ ക്രിസ്തുനാഥൻെറ ദിവ്യന്യായാസനത്തിൽ അന്ത്യവിധിക്കായി നിറുത്തപ്പെടും. തദവസരത്തിൽ, മുൻപ്രസ്താവിച്ചിട്ടുള്ള വിശിഷ്ടങ്ങളായ ചതുർവരങ്ങളാൽ പ്രശോഭിതരായിട്ടാണു് പുണ്യാത്മാക്കളെല്ലാവരും സന്നിഹിതരാകുന്നതു്. അപ്പോൾ പ്രകൃതിസിദ്ധമായ ചിലരുടെ കരിനിറം, അവർക്കു് ലഭിച്ചിട്ടുള്ള "ദീപ്തി" എന്ന വരവിശേഷത്തോടു് എങ്ങനെ സംയോജിക്കും? അതിനാൽ സ്വർഗ്ഗവാസികളുടെ ശരീരങ്ങളെല്ലാം ദിവ്യരക്ഷകൻെറ സുന്ദരമനോഹരമായ ദിവ്യകളേബരത്തോടു് സദൃശമായ ശുഭ്രവർണ്ണങ്ങളിലായിരിക്കും പ്രത്യക്ഷീഭവിക്കുന്നതു്. ഇപ്രകാരം സൂര്യനേക്കാൾ ശോഭിക്കുന്ന പവിത്രഗാത്രങ്ങളോടുകൂടി സമാഗതരാകുന്ന പുണ്യാത്മാക്കൾ സകല മാലാഖാമാരുമൊന്നിച്ചു് ആകാശത്തിൽ കർത്താവിൻെറ വലത്തുഭാഗത്തായി സ്ഥിതിചെയ്യും.

"സൌരഭ്യത്തേൻകുഴമ്പോ? പനിമതിപൊഴിയും
പുഞ്ചിരിപ്പൂനിലാവോ?
ആരാമശ്രീ ലസിക്കും സുരഭിലസുമമോ?
ചാരുസൌന്ദര്യസത്തോ?
സന്തോഷത്തിന്റെ മാറ്റോ? സുഷമയുടെ പകിട്ടു-
ജ്ജ്വലിക്കുന്ന മുത്തോ?
എന്തെന്തീ നിർമ്മലാത്മൻ! സുരപതിസവിധേ
മോഹനം രൂപമേല്പൂ!!!"

ദുർഭഗരായ പാപികൾ, ദുർഗ്ഗന്ധം വമിക്കുന്ന വികൃത കോലങ്ങളോടും സർവ്വപിശാചുക്കളോടുംകൂടി കർത്താവിന്റെ ഇടതുപാർശ്വത്തിലായി ഭൂമിയിലും നിലകൊള്ളും. സർവ്വശക്തനായ സർവ്വേശ്വരൻ, മനസ്സിനും ബുദ്ധിക്കും അഗോചരങ്ങളായ പ്രതാപമഹിമകളോടെ എഴുന്നള്ളി ഉയന്ന ഭദ്രാസനത്തിൽ ഉപവിഷ്ടനാകും. തദവസരത്തിൽ, പരിശുദ്ധ ദൈവജനനി തന്റെ വത്സലകുമാരനേ ദർശിച്ച്, അനുസ്യൂതം അവിടത്തെ ദിവ്യേഷ്ടം അനുസരിച്ച് സകല പുണ്യങ്ങളുടേയും വിളനിലമായി വിരാജിച്ചുവന്നതിനാൽ ആ അമ്മ അനുഭവിക്കുന്ന സന്തോഷം അവർണ്ണനീയമായിരിക്കും. കൂടാതെയും, ആ ജഗന്മാതാവ് പെററുവളർത്തിയ ഓമൽക്കുമാരനെ പാപികൾ അന്യായമായി പീഡിപ്പിച്ച് കുരിശിൽ തറച്ചു കൊലപ്പെടുത്തിയപ്പോൾ ആ ദിവ്യമാതാവ് അവാച്യമാംവണ്ണം ദുഃഖിച്ചുവെങ്കിൽ, ഇപ്പോൾ ആ അരുമമകൻ ആ പാപികളുടേയും മാലാഖമാർ തുടങ്ങിയ സകല സ്വർഗ്ഗവാസികളുടേയും പിശാചുകൾ മുതലായ സർവ്വ ദുർഭഗരുടേയും വിധികർത്താവായി വരുന്നതും, മാലാഖമാർ തുടങ്ങിയ സകല സ്വർഗ്ഗവാസികളും അത്യന്ത ഭക്തിവിനയങ്ങളോടെ അവിടത്തെ സ്തുതിച്ചാരാധിക്കുന്നതും, പിശാചുകൾ തുടങ്ങിയ ദുഷ്ടാത്മാക്കളെല്ലാവരും അവർണ്ണ്യമാംവണ്ണം ഭയന്നു ഞെട്ടി അവിടത്തേ വണങ്ങുന്നതും കൺകുളിക്കെക്കണ്ടു് ആ അമ്മയനുഭവിക്കുന്ന പരമാനന്ദം വാചാമഗോചരമായിരിക്കും.

തദവസരത്തിൽ ദിവ്യരക്ഷകൻ, മാനവരാശിയെ രക്ഷിക്കുന്നതിനായി സഹിച്ച ഘോരപീഡകളെല്ലാം സകലരുടേയും മുമ്പിൽ സവിസ്തരമായി വെളിപ്പെടുത്തും. അപ്പോൾ

സ്വർഗ്ഗപ്രാപ്തരെല്ലാവരും നിസ്സീമസന്തോഷത്തോടും അത്യധികമായ ഭക്തിപാരവശ്യത്തോടും വിനയമസൃണരായി അവിടത്തേക്ക് കൃതജ്ഞതാസ്തോത്രം ചെയ്യും. സകല മാലാഖമാരും, ക്രിസ്തുനാഥൻ കുരിശുമരണം മൂലം സമ്പാദിച്ച അനർഘങ്ങളായ പുണ്യയോഗ്യതകൾ നിമിത്തമാണ്, തങ്ങൾ സ്വർഗ്ഗഭാഗ്യാനുഭവത്തിനും, ദൈവാനുഗ്രഹലബ്ധിക്കും പാത്രീഭൂതരായതെന്നറിഞ്ഞ് തങ്ങളുടെ ദിവ്യരക്ഷിതാവിനെ അന്തമില്ലാതെ പുകഴ്ത്തും. സ്വർഗ്ഗവാസികളായ പുണ്യാത്മാക്കൾ, ഈശോകർത്താവിൻെറ പീഡാനുഭവംമൂലമാണ്, തങ്ങളുടെ പാപങ്ങൾക്ക് പരിഹാരമുണ്ടായതെന്നും, നിത്യനരകനിർഭാഗ്യത്തിൽനിന്ന് മോചിക്കപ്പെട്ടതെന്നും, ഇപ്പോൾ പരമാനന്ദഭാഗ്യം അനുഭവിക്കുന്നതെന്നും ഗ്രഹിച്ച് അവിടത്തെ നന്ദിപൂർവ്വം വണങ്ങിസ്തുതിക്കും. പിശാചുകൾക്കടിമകളായിപ്പോയ ദുർഭഗപാപികൾ, അത്യുന്നത പ്രതാപമഹിമകളോടുകൂടി എഴുന്നള്ളിവരുന്ന അവിടത്തെക്കണ്ട് ഖേദിച്ചും ഭയന്നും ഞെട്ടിഞെട്ടി വിറകൊള്ളും.

അപ്പോൾ നരവർഗ്ഗത്തോട് കൊടുംപകയുള്ള സാത്താൻ കർത്താവിൻെറ സന്നിധിയിൽ പാപികൾക്കു വിരോധമായി ഇപ്രകാരം സാക്ഷി പറയും:– "സർവ്വശക്തനായ ദൈവമേ! അഭേദനീതിമാനായ കർത്താവേ! അവിടന്ന് ഇല്ലായ്മയിൽനിന്ന് മനുഷ്യരേ സൃഷ്ടിച്ചു; അവരെ പാപദാസ്യത്തിൽനിന്ന് മോചിക്കുന്നതിനായി മനുഷ്യനായവതരിച്ചു; ഘോരപീഡകളെല്ലാം സഹിച്ച് മരിച്ചു; അവക്ക് അസംഖ്യങ്ങളായ കൃപാവരങ്ങൾ നൽകി; ഇവയെല്ലാം ചെയ്യുതിൽ അവിടന്ന് യാതൊരു കുറവും വരുത്തിയിട്ടില്ല; എന്നാൽ ഞാനാകട്ടെ, അവരേ സൃഷ്ടിച്ചില്ല; രക്ഷിച്ചില്ല; മാത്രമല്ല, സർവ്വനേരവും അവരേ നശിപ്പിക്കണമെന്നു കരുതിയേ പ്രവർത്തിച്ചിട്ടുള്ളൂ. അവക്കൊരല്പ നന്മയെങ്കിലും സംഭവിക്കണമെന്ന് എൻെറ മനസ്സിൽ കരുതിയിട്ടുപോലുമില്ല. ഇങ്ങനെയിരിക്കെ, ഞാൻ അവക്ക് തോന്നിച്ച ദുർവ്വിചാരങ്ങൾക്ക് അവർ സന്തോഷചിത്തരായി വഴിപ്പെട്ടു. എൻെറ ദുരാലോചനകൾക്കും ദുർബുദ്ധികൾക്കും സാവേശം അവരിണങ്ങി; ത്രിവിധകരണങ്ങൾകൊണ്ടും അവരവിടത്തേ ദ്രോഹിച്ച് നിന്ദിച്ചു; അവർ ചെയ്യാത്ത ദുഷ്കൃത്യങ്ങൾ ഇനി വല്ലതുമുണ്ടോ? അവിടന്ന് അവരുടെ രക്ഷയേ അനുഗ്രഹിച്ചുകൊണ്ട് കനിവാൻ തോന്നിച്ചിട്ടുള്ള സദ്വിചാരങ്ങളേ

യും നൽകിയിട്ടുള്ള കൃപാവരങ്ങളേയും അവർ തൃണവൽഗ്ഗണിച്ച് വർജ്ജിച്ചില്ലയോ? ഇവയെല്ലാം ഞാൻ പറയാതെതന്നെ അവിടത്തേക്ക് അറിയാവുന്ന കാര്യങ്ങളാണല്ലോ. അതിനാൽ അഹങ്കാരം എന്ന ഏക പാപംനിമിത്തം ഞാൻ നിത്യനരകവേദന അനുഭവിക്കേണ്ടിവന്നുവെങ്കിൽ, അതേ ന്യായത്താൽ തന്നെ അതിനേക്കാൾ അനേകായിരംമടങ്ങ് ഘോരപാപങ്ങൾ പ്രവൎത്തിച്ചിട്ടുള്ള ഇവക്ക് അനേകായിരം മടങ്ങ് നരകവേദനകൾ അനുഭവിക്കത്തക്കവണ്ണമുള്ള ശിക്ഷ നൽകണം."

ഇരിമ്പുണ്ട വിഴുങ്ങിയിട്ട് ചുക്ക് കഷായം കുടിച്ചാലെന്നവണ്ണം:—

"ദുരിതഹര! ദയാലോ! ദൈവമേ! ദൈവമേ! യെ—
ന്നനുപദമുരചെയ്താൽ സ്വൎഗ്ഗമുണ്ടോ ലഭിപ്പൂ?
സ്വയമഖിലപിതാവിൻ വാഞ്ഛിതം നിൎവ്വഹിപ്പാൻ
നിരതനെവനവൻതാൻ തല്പദാർഹൻ ജഗത്തിൽ"

സാത്താൻ മേൽപ്രകാരം എതിർസാക്ഷി പറയുമ്പോൾ അവരുടെ മനഃസാക്ഷി അതിനേക്കാൾ ഭയാനകമായ വിധത്തിൽ അവരെ കുററപ്പെടുത്തിപ്പറയും:— "ക്രിസ്തുനാഥന്റെ കൃപാർദ്രമായ ഉപദേശങ്ങളേയും അവിടത്തെ പീഡാസഹനങ്ങളേയും അശേഷം ഗൌനിക്കാതെ ചെയ്തുകൂട്ടിയ പാപങ്ങളെല്ലാം ഭീകരാകൃതിയിൽ അവരുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടും. അവയേ എല്ലാം ഓരോന്നോരോന്നായി അവർ ദർശിച്ച് നിഷ്പ്രയോജനമായി ഖേദിക്കയും കേഴുകയും ചെയ്യും. തദവസരത്തിൽ കാമാസക്തന്മാർ, തങ്ങളനുഭവിച്ച ക്ഷണികമായ നീചസുഖത്തിനുവേണ്ടി നിത്യമായ നരകാഗ്നിയിൽ ദഹിക്കാത്ത ഇന്ധനംപോലെ കിടന്നു വേകേണ്ടിവരുമെന്ന് സൂക്ഷ്മമായി ഗ്രഹിക്കും. അപ്പോൾ അവരനുഭവിക്കുന്ന ഭയസംഭ്രാന്തികൾക്കും ശോകവേദനകൾക്കും സീമയുണ്ടായിരിക്കയില്ല. അതുപോലെതന്നെ, അശേഷം നീതിമര്യാദകളും അനുകമ്പയും പ്രദർശിപ്പിക്കാതെ പണം സമ്പാദിച്ച ദ്രവ്യാഗ്രഹികൾ, തങ്ങളുടെ ധനസമ്പാദനംകൊണ്ട് ശാശ്വതമായ സ്വർഗ്ഗീയസമ്പത്തു മുഴുവനും കൈവെടിഞ്ഞ് പരമദരിദ്രരായി നിത്യം കരയുന്നതിനു പാത്രങ്ങളായതോൎത്ത് വിലപിക്കും. കൂടാതെയും, പട്ടിണിപ്പാവങ്ങളിൽനിന്ന് ദൃഷ്ടി തിരിച്ചും, ഭിക്ഷുക്ക

ളെ അലക്ഷ്യമായി ആട്ടിയോടിച്ചും, അഗതികളുടെ വിലാപത്തിൽ വിഗതചിത്തരായും വത്തിച്ച ധനികശ്രേഷ്ഠരും, അത്യാവശ്യ ഭക്ഷ്യധാന്യങ്ങളും വസ്ത്രസാധനങ്ങളും പൂഴ്ത്തിവച്ചും, അളവിലും തൂക്കത്തിലും കൃത്രിമങ്ങൾ പ്രയോഗിച്ചും, വ്യാജവില്പന നടത്തിയും അന്യായ ലാഭമെടുത്ത പരമദ്രോഹികളായ വ്യാപാരപ്രവീണരും അനുഭവിക്കുന്ന മനോവ്യഥയ്ക്ക് അതിരുണ്ടായിരിക്കയില്ല. അവർ ഊണുറക്കമില്ലാതെ, രാവുപകലില്ലാതെ, കരകടലാകാശഭേദം കൂടാതെ സഞ്ചരിച്ച് പണിപ്പെട്ടത്, ഈ ശാശ്വതനിർഭാഗ്യവും, നിത്യദാരിദ്ര്യവും അനുഭവിക്കുന്നതിനാണല്ലോ എന്നു കണ്ടുപിടിച്ച് വിഫലമായിക്കരയും.

"ഊണില്ലുറക്കമണുവിശ്രമമൊന്നുമെന്യേ
കാണാം, കരക്കുമതുപോൽ കടൽതന്നിലായും
നാലഞ്ചുകാശിനുതകും മൃതലോത്തുമർത്ത്യൻ
മാലാണ്ടിനീന്തിമറിയുന്ന പരാക്രമങ്ങൾ."

ഈ പരാക്രമങ്ങളെല്ലാം കഴിച്ചിട്ടും ഫലം നിത്യനാശമെന്നു കാണുമ്പോഴാണ് ദുസ്സഹദുഃഖമുളവാകുന്നത്. ഇതുപോലെതന്നെ ഉദ്യോഗങ്ങൾ, സ്ഥാനമാനങ്ങൾ, പൊതുജനനേതൃത്വം തുടങ്ങിയ ലൌകികബഹുമതികൾ അന്യായമായി കരസ്ഥമാക്കുന്നതിനുവേണ്ടി അഴിമതികളും അക്രമങ്ങളും പ്രയോഗിച്ച് അനവധി പാപങ്ങൾ ചെയ്തുകൂട്ടിയ അഹങ്കാരമൂർത്തികൾ, ആ ക്ഷണികമായ മഹത്വങ്ങൾക്കായി അസഹനീയങ്ങളായ അപമാനങ്ങളും ആക്ഷേപങ്ങളും എന്നെന്നേയ്ക്കുമായി അനുഭവിക്കേണ്ടി വന്നുവല്ലോ എന്ന് ഗ്രഹിക്കും; തന്മൂലം തങ്ങൾ ബുദ്ധിഹീനരിൽ ബുദ്ധിഹീനരും, ഭ്രാന്തരിൽ ഭ്രാന്തരുമായിപ്പരിണമിച്ചുവെന്ന് സത്യമം മനസ്സിലാക്കി, അന്തമില്ലാതെ പരിദേവനം ചെയ്യും. മദ്യപാനികൾ, അസഭ്യവിഷം വമിച്ചവർ, ദുർമ്മാതൃകനൽകിയവർ, പരോപദ്രവികൾ, കപടഭക്തർ, ഏഷണിക്കാർ, പരിഹാസേച്ഛുക്കൾ, കള്ളസ്സാക്ഷിക്കാർ എന്നിവരും തങ്ങളുടെ ഭോഷത്വങ്ങളും അവിവേകങ്ങളും ഗ്രഹിച്ച് ഭയന്നു ഞെട്ടി നിഷ്ഫലമായി രോദിക്കും. വേലക്കാർക്ക് ന്യായമായ കൂലികൊടുക്കാതെ അവരെ ഞെരുക്കിയിരുന്ന യജമാനന്മാരും, വേലക്കൂലിയും ഇതരാദായങ്ങളും ശരിക്ക്

പിടിച്ചു വാങ്ങിയിട്ട് ചുമതലപ്പെട്ടുത്ത ജോലിചെയ്യാതെ മുതലാളിക്ക് നഷ്ടംവരുത്തിയ തൊഴിലാളിയും അവരുടെ കുററങ്ങൾ യഥാവിധം കണ്ടറിഞ്ഞ് കമനജലധിയിലാണ്ടുപോകും. ഇങ്ങനെ പാപികളായ സകലരും നിത്യപരമാനന്ദഭാഗ്യലബ്ധിയിൽ അശരണരായി ദുഃഖനിമഗ്നരായി പ്രലപിച്ചുകൊണ്ടിരിക്കും. അപ്പോൾ അവർ എതിരേനിൽക്കുന്ന പുണ്യാത്മാക്കളെകണ്ട് വെമ്പൽപൂണ്ട് ആവേശഭരിതരായിപ്പറയും:– "യഥാർത്ഥത്തിൽ ഭ്രാന്തരായ ഞങ്ങൾ, നിങ്ങളുടെ താഴ്മയോടുകൂടിയ ജീവിതരീതികളും അനാഡംബരവേഷങ്ങളും കണ്ട് നിങ്ങളെ ഭ്രാന്തരെന്ന് അപഹസിച്ചു; ലോകത്തിൽ സുഖങ്ങളനുഭവിക്കാത്ത നിങ്ങളുടെ ജന്മം വ്യർത്ഥമാണെന്നും വിചാരിച്ചു. എന്നാൽ നിങ്ങൾ ദൈവത്തിന്റെ പ്രിയ മക്കളുടെ ഗണത്തിൽ ചേർക്കപ്പെട്ട് സ്വർഗ്ഗവാസികളായ മഹാത്മാക്കളോടുകൂടി അനശ്വരയശസ്വികളായി സ്വർഗ്ഗീയപരമാനന്ദഭാഗ്യം അനുഭവിക്കുമാറായിരിക്കുന്നു." എന്നിപ്രകാരമുള്ള നിരാശാജനകങ്ങളും പരിതാപകരങ്ങളുമായ വചനങ്ങളും പ്രലപനങ്ങളുംകൊണ്ട് അവരുടെ വ്യഥകൾ ഉപര്യുപരി വർദ്ധിച്ചുകൊണ്ടേയിരിക്കും.

---

## അദ്ധ്യായം എട്ട്

വിധിന്യായങ്ങൾ, പൊതുവിധി.
അതിന്റെ ന്യായയുക്തത. അതിന്റെ വിവിധ വിശേഷങ്ങൾ.
സമ്മാനവും ശിക്ഷയും.

എല്ലാവരുടേയും വിധികർത്താവായി സർവ്വവിധ ശക്തികളോടും പ്രതാപമഹത്വങ്ങളോടുംകൂടി മേഘവാഹനത്തിൽ എഴുന്നള്ളിവരുന്ന സർവ്വേശ്വരകുമാരനായ ക്രിസ്തുനാഥൻ അതേ, ആ ദിവ്യന്യായാധിപൻ ഉയന്ന ഭദ്രാസനത്തിൽ എഴുന്നള്ളിയിരിക്കും; അദ്യമായി നിത്യഭാഗ്യത്തിനർഹരായ പരിശുദ്ധമാലാഖമാരോടിപ്രകാരം കല്പിക്കും:– "ഞാൻ മനുഷ്യാവതാരം ചെയ്തപ്പോൾ എന്റെ മനുഷ്യസ്വഭാവത്തിൽ നിങ്ങൾ എന്നെ വണങ്ങുകയും എനിക്ക് സേവനം ചെയ്കയും ചെയ്തു. തന്മൂലം

സ്വൎഗ്ഗഭാഗ്യലബ്ധിക്കുള്ള ദൈവകൃപയേയും പ്രസാദവരത്തേയും നിങ്ങൾ പ്രാപിച്ചു. ആ ദൈവകൃപയോട് നിങ്ങൾ വിനയസമേതരായി സഹകരിക്കയും മത്സരികളായ ദുഷ്ടാത്മപികളോട് വിയോജിക്കയും ചെയ്തു. അതിനാൽ എൻെറ മനുഷ്യാവതാരം നിങ്ങൾക്ക് സഫലമായി ഭവിച്ചിരിക്കുന്നു. ആകയാൽ പിതാവിനാൽ ആശീൎവ്വദിക്കപ്പെട്ടവരേ! നിങ്ങളുടെ സൎവ്വാഭിലാഷങ്ങളും സമ്പൂൎണ്ണമായി നൽകുന്ന സ്വൎഗ്ഗീയപരമാനന്ദഭാഗ്യം അനുഭവിക്കുന്നതിനായി നിങ്ങൾ നമ്മോടുകൂടെ വരുവിൻ."

അനന്തരം പരിശുദ്ധരായ മഹാജനസംഘത്തോടായി അവിടന്ന് ഇപ്രകാരം കല്പിക്കും:– "നിങ്ങളേ രക്ഷിക്കുന്നതിനായി ഞാൻ മനുഷ്യാവതാരം ചെയ്തു; ഘോരങ്ങളായ ദുഃഖവേദനകൾ സഹിച്ചു; കുരിശിൽ തറെക്കപ്പെട്ടു; ക്രൂരമായ കുരിശുമരണം കൈവരിച്ചു; അതിൻെറ പ്രത്യക്ഷലക്ഷ്യങ്ങളായി, ഇതാ എൻെറ ശരീരം പഞ്ചക്ഷതങ്ങളാലങ്കിതങ്ങളായിരിക്കുന്നു. ഇതിനാൽ ഞാനാൎജ്ജിച്ചുതന്ന ദൈവകൃപയോട് സഹകരിച്ച് നിങ്ങൾ സന്മാൎഗ്ഗികളായി വൎത്തിച്ചു; ഞാൻ വിശക്കുന്നവനായി വന്നപ്പോൾ നിങ്ങളെനിക്കാഹാരം തന്നു. ഞാൻ ദാഹിക്കുന്നവനായി വന്നപ്പോൾ നിങ്ങളെനിക്ക് കുടിക്കാൻ തന്നു. ഞാൻ വസ്ത്രമില്ലാത്തവനായിരുന്നപ്പോൾ നിങ്ങളെനിക്ക് വസ്ത്രം തന്നു. ഞാൻ രോഗിയായിരുന്നപ്പോൾ നിങ്ങളെന്നെ വന്നുകണ്ടു. ഞാൻ കാരാഗൃഹത്തിലായിരുന്നപ്പോൾ നിങ്ങൾ വന്നെന്നെ ആശ്വസിപ്പിച്ചു. ഇങ്ങനെ നമ്മുടെ കൃപാവരങ്ങളെ നിങ്ങൾ സദുപയോഗിച്ചു; ഇവയും ഇവപോലുള്ള മററനേകം സൽകൎമ്മങ്ങളും നിങ്ങളനുഷ്ഠിച്ചു; അതിനാൽ നമ്മുടെ കുരിശുമരണം നിങ്ങൾക്ക് സഫലമായി ഭവിച്ചിരിക്കുന്നു." അപ്പോൾ ആ വിശുദ്ധ സംഘം അവിടത്തോട് ചോദിക്കും:– "കൎത്താവേ! ഇപ്രകാരമുള്ള ഉപകാരങ്ങൾ ഞങ്ങളെപ്പോഴാണ് അവിടത്തേക്ക് ചെയ്തതു്." അവിടന്ന് മറുപടിയായി കല്പിക്കും:– "എൻെറ ഏററം എളിയജനത്തിൽ ഒരുവന് ഇവ നിങ്ങൾ ചെയ്തപ്പോഴൊക്കെയും ആ ഉപകാരങ്ങൾ നിങ്ങൾ എനിക്കുതന്നെ ചെയ്തിരിക്കുന്നു." ആ പരിശുദ്ധ മഹാജനസംഘം മുഴുവനും അവിടത്തെ ആനന്ദപ്രദമായ ഈ വാൎത്ത കേൾക്കുമ്പോൾ അനുഭവിക്കുന്ന സന്തോഷാനന്ദങ്ങൾ അവൎണ്ണനീയങ്ങളായിരിക്കും.

നരകയാതന അനുഭവിക്കുന്ന പിശാചുകൾ തുടങ്ങിയ ദുഷ്ടാത്മാക്കൾ ഈ വാർത്ത കേൾക്കുമ്പോൾ കരുണാമൂർത്തിയായ ക്രിസ്തുനാഥൻെറ തിരുമുഖം ദർശിക്കുന്നതിനുപോലും നിവൃത്തിയില്ലാതെ ഭയന്നു ഞെട്ടി നിസ്സീമങ്ങളായ ദുഃഖവേദനകളനുഭവിക്കും. അപ്പോൾ നിർഭേദനീതിമാനായ അവിടന്ന് പിശാചുകളോടിവിധം കല്പിക്കും:– "നിങ്ങൾ സൃഷ്ടിക്കപ്പെട്ട ക്ഷണത്തിൽത്തന്നെ അഹങ്കാരവിജൃംഭിതരായി നമ്മെ അനുസരിക്കാതിരുന്നു. അതിനാൽ അ നിമിഷംമുതൽ നിങ്ങൾ ഭയവിഹ്വലരായി നരകാഗ്നിയിൽ പതിച്ച് സകലവിധ ദുഃഖവേദനകളും സഹിക്കുന്നു. അതിനിടയിലും നിങ്ങൾ നമ്മാൽ സൃഷ്ടിക്കപ്പെട്ട മാനവരാശിയെ വിനാശകരങ്ങളായ തന്ത്രോപായങ്ങളിൽ കുടുക്കി, അവരിലനേകരേയും നിങ്ങളോടു കൂടെ നരകകൂപത്തിലാഴ്ത്തുന്നതിന് അവിശ്രമം പരിശ്രമിച്ചിരിക്കുന്നു. അതിനാൽ നിങ്ങളെന്നെന്നേയ്ക്കും കെടാത്ത തീയിൽ ദഹിക്കാത്ത കട്ടപോലെ കിടന്നു വേകുവിൻ."

അനന്തരം അവിടന്ന് പാപികളായ ആ ദുർജ്ജനസമൂഹത്തോട് ഇപ്രകാരം കല്പിക്കും:– "ദുർഭഗരായ മനുഷ്യരേ! നിങ്ങളെ രക്ഷിക്കുന്നതിനു ഞാൻ സഹിച്ച കഠോരപീഡകളെല്ലാം നിങ്ങൾ വിസ്മരിച്ചു; നിങ്ങളോടു കൃപയുള്ള രക്ഷകനായ എന്നെക്കുറിച്ച് ചിന്തിക്കപോലും ചെയ്യാതെ എൻെറ പ്രമാണങ്ങളേ ലംഘിച്ചു; എന്നെ അപമാനിച്ചു; ദ്രോഹിച്ചു. നിങ്ങൾ ദോഷകരങ്ങളായ അസംഖ്യപാപങ്ങൾ ചെയ്തുകൂട്ടി. നിങ്ങൾക്കു നേരിട്ട ദുഃഖവേദനകൾ ക്രൂശിതനായ എന്നെ നോക്കിയെങ്കിലും നിങ്ങൾ ക്ഷമാപൂർവ്വം സഹിച്ചില്ല. ലോകം, പിശാച്, ശരീരം എന്ന ശത്രുക്കളേ വിജയിക്കുന്നതിനു നിങ്ങൾ എൻെറ സഹായം അഭ്യർത്ഥിച്ചില്ല. നിങ്ങളുടെ ദുസ്വാതന്ത്ര്യം തോന്നിച്ചവഴിയേ സഞ്ചരിച്ച് നിങ്ങൾ നശിച്ചു. എന്നാൽ ഞാനാകട്ടെ, സകല മാലാഖമാരോടും, സകലസ്വർഗ്ഗവാസികളോടുംകൂടി നിങ്ങൾക്കു നിത്യപരമാനന്ദം നൽകുന്നതിനായി യത്നിച്ചു. നിങ്ങൾക്ക് പരിമിതി നിർണ്ണയിക്കുവാൻ കഴിയാത്തവണ്ണമുള്ള ദുഃഖപീഡകളും നിന്ദാപമാനങ്ങളും ഞാൻ സഹിച്ചു. എന്നെ കുരിശിൽ കിടത്തി എൻെറ കൈകളും കാലുകളും കാരിരുമ്പാണികളാൽ അതിൽ തറച്ചു. കുന്താഗ്രത്താൽ എൻെറ ഹൃദയം കുത്തിപ്പിളർന്നു, രണ്ടു

കള്ളന്മാരുടെ നടുവിൽ, എന്നെയും കഴുവുമരത്തിൽ ഉയർത്തി നാട്ടി. അവരേപ്പോലെ എന്നെയും ഒരു കള്ളനായി ഭാവിച്ചു. ഒടുവിൽ നിങ്ങൾക്കായി എന്റെ ജീവാപ്പ്ണവും ചെയ്തു. ഇവയെല്ലാം മകുടം ചാത്തുന്ന എന്റെ കൈകാലുകളിലേയും ഹൃദയത്തിലേയും ക്ഷതങ്ങളേ നിങ്ങൾ ദശിപ്പിൻ. ഇവയെ എല്ലാം അവഗണിച്ച് നിങ്ങൾ ദുമ്മോഹമൂത്തികളായി വത്തിച്ചു; മൃഗങ്ങളേക്കാൾ ബുദ്ധിഹീനരായി അക്രമം പ്രവത്തിച്ചു. നാനാപ്രകാരേണയും നിങ്ങൾ ദുരാചാരനിരതന്മായിത്തന്നെ കഴിച്ചു. വിവേകം അശേഷം കൈവെടിഞ്ഞു. ഇതാ നിങ്ങളനുഭവിച്ച നീചസുഖങ്ങളെല്ലാം, ശാശ്വതമായ നരകവഹ്നിയുടെ ദുസ്സഹമായ ചൂടേൽക്കുന്നതിന് നിങ്ങളെ ഇന്ധനങ്ങളാക്കിച്ചമച്ചിരിക്കുന്നു.”

പിന്നീട് അവിടന്ന്, സുഖലോലുപതയുടെ വിരിമാറിൽ പൂമെത്തമേൽ ശയനംപൂണ്ടിരുന്ന സമ്പന്നരായ മഹാപാപികളോട് ഈവണ്ണം കല്പിക്കും:– “നിങ്ങൾ അനശ്വരയശഃസ്വികളായി സ്വർഗ്ഗീയസമ്പന്നരായി നിതരാം പ്രശോഭിക്കുന്നതിനുവേണ്ടി ഞാൻ ലോകത്തിൽ കേവലം ദരിദ്രനായി ജനിച്ചു. എന്റെ തല ചായിക്കുന്നതിനുപോലും എനിക്ക് സ്ഥലമില്ലായിരുന്നു. ഇത് നിങ്ങൾ അശേഷം ഗൌനിച്ചില്ല. മാത്രമല്ല, അനേകം കുടുംബങ്ങളേ നിങ്ങൾ ഞെരുക്കി; അവരേ പെരുവഴിയാധാരമാക്കി; വേലക്കാക്ക് ന്യായമായ കൂലി കൊടുത്തില്ല. അവരുടെ കണ്ണുനീർ കാണാതിരിക്കാൻ നിങ്ങളുടെ കണ്ണുകളടച്ചുകളഞ്ഞു. ഇങ്ങനെ ധനത്തിനുവേണ്ടിമാത്രം നിങ്ങൾ അനേകം ദ്രോഹങ്ങൾ ചെയ്തുകൂട്ടി. ലോകത്തോടുകൂടി നശിച്ചുപോകുന്ന ധനം ആർജ്ജിക്കുന്നതിനായിമാത്രം നിങ്ങൾ ജാഗ്രതയുള്ളവരായിരുന്നു; നിങ്ങളുടെ സമയം മുഴുവനും നിങ്ങൾ അതിനായി വിനിയോഗിച്ചു. ഞാൻ വിശക്കുന്നവനായും ദാഹിക്കുന്നവനായും വസ്ത്രമില്ലാത്തവനായും രോഗിയായും കാരാലയവാസിയായും ഇരുന്നപ്പോൾ നിങ്ങൾ എന്നെ രക്ഷിച്ചില്ല; ആശ്വസിപ്പിച്ചുമില്ല.” അപ്പോൾ ദ്രവ്യാഗ്രഹികളായ ഈ മഹാപാപികൾ ചോദിക്കും:– “അവിടന്നെപ്പോഴാണ്, വിശക്കുന്നവനായും ദാഹിക്കുന്നവനായും വസ്ത്രമില്ലാത്തവനായും രോഗിയായും കാരാഗൃഹവാസിയായും ഇരുന്നതു്? അങ്ങനെ ഞങ്ങൾ അങ്ങയേ കണ്ടതും ഗൌനിക്കാതിരുന്നതും എപ്പോഴാ

ണ്?" അതിനു മറുപടിയായി അവിടന്ന് കല്പിക്കും:- "എന്നിൽ വിശ്വസിച്ചിരുന്നവരായ എളിയ ജനങ്ങളിൽ ഒരുവനെങ്കിലും നിങ്ങൾ ആ ഉപകാരം ചെയ്യാതിരുന്നപ്പോഴെല്ലാം അതു് നിങ്ങൾ എനിക്കുതന്നെ ചെയ്യാതിരുന്നു."

പിന്നീട് അവിടന്നു് ദുഷ്ടർക്കും ശിഷ്ടർക്കുമായി നൽകുന്ന വിധി, ഓരോ വ്യക്തികളേ സംബന്ധിച്ചും ഓരോതരത്തിലായിരിക്കും. അവരവരുടെ സുകൃതങ്ങളുടേയും ദുഷ്കൃതങ്ങളുടേയും യോഗ്യതായോഗ്യതകളായിരിക്കും, അതിൻെറ മാനദണ്ഡം. അതിനാൽ ഈ വിധി പ്രസ്താവിക്കുന്നതിനു മുൻപേ പാപപുണ്യങ്ങളുടെ ഏററം ശരിയായ ഒരു താരതമ്യ വിവേചനം നടക്കുമെന്നുള്ളതു് നിർവിവാദമാകുന്നു. തന്നിമിത്തം ക്രിസ്തുനാഥൻെറ വിധി ഏററം ന്യായസമേതമാണെന്നു് ഏവർക്കും സ്പഷ്ടമായി ബോധ്യമാകും. സർവ്വേശ്വരൻ മനുഷ്യരേ ലോകത്തിൽ ഓരോ സ്ഥിതിയിലും അന്തസ്സിലുംവച്ചു പരിപാലിച്ചുവന്നതിലും, ശിക്ഷാരക്ഷകൾ നൽകിയതിലും അവിടന്നു് പ്രദർശിപ്പിച്ചിരിക്കുന്ന അനന്തമായ കൃപയും, അഭേദമായ നീതിയും അപ്പോൾ എല്ലാവരും പ്രത്യക്ഷമായി ദർശിക്കും; എല്ലാവർക്കും സ്പഷ്ടമായി ബോധപ്പെടും.

ഇതിനെ ഒന്നുകൂടി വിശദീകരിക്കാം. ഇവിടെ ഇപ്പോൾ വലിയ ദാരിദ്ര്യത്തിലും ഞെരുക്കത്തിലും കഴിഞ്ഞുപോരുന്നവരായി പലരുമുണ്ടല്ലോ. അവരിൽ ചിലർക്കിങ്ങനെ തോന്നാം; അക്ഷമരായിച്ചിലരിങ്ങനെ പറഞ്ഞെന്നുംവരാം. "ദുഷ്ടനെ പനപോലെ വളർത്തുന്നു. ഈ സാധുക്കൾ പട്ടിണി കിടക്കുന്നു; വയറുപൊരിയുന്നു; വിശപ്പുകൊണ്ടു് ചാകാൻ തുടങ്ങുന്നു. ദൈവത്തിനു കണ്ണില്ലേ? അവിടന്നിതൊന്നും കാണുന്നില്ലേ; അറിയുന്നില്ലേ?" എന്നു്. വേണ്ടാ, അവർ അത്രയ്ക്കു് അശരണരാകേണ്ടാ. സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പ്രിയ പിതാവു് നിങ്ങളേ അധികമായി സ്നേഹിക്കുന്നു. നിങ്ങളുടെ ധീരസമരം കണ്ടു് അവിടന്നു് സന്തോഷിക്കയാണു്. നിങ്ങൾക്കവിടന്നു് സ്വർഗ്ഗീയമുടി തയാറാക്കുകയാണു്. എങ്കിലും നിങ്ങൾക്കാവശ്യമുള്ള നന്മകൾ അപേക്ഷിച്ചുവാങ്ങണമെന്നാണു് അവിടത്തേ നിശ്ചയം. അതുകൊണ്ടു നിങ്ങളുടെ ദുഃഖങ്ങളിൽ നിങ്ങൾ അവിടത്തേ സഹായം യാചിക്കുന്നില്ലല്ലോയെന്നു് കണ്ടു് അവിടന്നു് ഖേദിക്കയാണു്. അനേകലക്ഷം രക്തസാക്ഷികൾ

ക്ക് അവരുടെ ഞെരുക്കങ്ങളിലും കഠോരവേദനകളിലും ധൈര്യം നൽകിയതാരാണ്? ക്രൂരമരണം കൈവരിക്കുന്നതിനു് അവക്ക് ശക്തി നൽകിയതാരാണ്? അവരുടെ ദുഃഖങ്ങളിൽ അവർ വിശ്വാസപൂർവ്വം അപേക്ഷിച്ചതല്ലയോ അവരുടെ വിജയരഹസ്യം? അതുപോലെ നിങ്ങളും സ്നേഹസ്വരൂപിയായ നിങ്ങളുടെ സ്വർഗ്ഗീയപിതാവിനോടഭ്യർത്ഥിക്ക. നിങ്ങളുടെ ഘോരഞെരുക്കങ്ങൾക്കെല്ലാം ഉടനേ നിവൃത്തിയുണ്ടാകും. അവിടന്ന് സല്പ്പനന്മകളുടേയും സമ്പൂർണ്ണഭണ്ഡാഗാരമാണെന്ന് നിങ്ങൾ അനുസ്മരിക്കാത്തതെന്ത്? അതല്ലയോ നിങ്ങളുടെ ദയനീയാനുഭവങ്ങൾക്കെല്ലാം മുഖ്യകാരണം?

ചില ധനവാന്മാർ വലിയ ദുഷ്ടന്മാരായിരിക്കാം, മഹാപാപികളുമായിരിക്കാം. എന്നാലും അവർ അവരുടെ ജീവിതകാലത്തു് അല്പസുകൃതങ്ങളെങ്കിലും ചെയ്തിരിക്കയില്ലേ? ആ സുകൃതങ്ങൾ ഒരുപക്ഷേ, നിത്യഭാഗ്യത്തിനർഹങ്ങളല്ലായിരിക്കാം. എങ്കിലും ദൈവം അനന്തനീതിമാനല്ലയോ? അതിനാൽ അവിടുന്നു് അതിനും പ്രതിഫലം നൽകും. അതുകൊണ്ടു് ആ സൽപ്രവൃത്തികൾക്കു് സംഭാവനയായി അനിത്യങ്ങളായ ഐഹികഭാഗ്യങ്ങളായിരിക്കാം അവിടന്ന് അവക്ക് നൽകുന്നതു്. ഇതു കാണുമ്പോൾ യാഥാർത്ഥ്യം ഗ്രഹിക്കാത്ത അല്പവിശ്വാസികൾ തെററിദ്ധരിച്ചുപോകുന്നു.

കൂടാതെയും, ലോകത്തിൽ ധനവാന്മാരും ദരിദ്രരും ഇടത്തരക്കാരും എന്നിങ്ങനെ വിവിധതരക്കാരും ഇടകലന്ന് ജീവിക്കുന്നു. ഇതു് ലോകവ്യവസ്ഥിതിക്കും അതിൻെറ ക്രമീകരണത്തിനും എത്രയോ ആവശ്യമാകുന്നു. ഇതുമൂലം ധനവാൻെറ ധനം ദരിദ്രനും, ദരിദ്രൻെറ പ്രയത്നം ധനവാനും പ്രയോജനപ്പെടുന്നു. ഇങ്ങനെ എല്ലാവരും പരസ്പരസഹായത്തോടുകൂടി ജീവിക്കണമെന്നാണ് ദൈവനിശ്ചയം. അല്ലാതെ എല്ലാവരും ധനവാന്മാരാണെങ്കിൽ അവരുടെ ശുശ്രൂഷകളും ജോലികളും ചെയ്യാനാരാണുള്ളതു്? നേരേമറിച്ച് എല്ലാ മനുഷ്യരും ദരിദ്രരാണെങ്കിൽ അവരുടെവേലക്കു് കൂലികൊടുക്കാനാരാണുണ്ടാവുക? ഇങ്ങനെ വിവിധ നിലകളിലുള്ളവരുടെ സമ്മേളനമാണ് ലോകനടത്തിപ്പിൻെറ വിജയഹേതു. അല്ലാതെ ധനവാന്മാരോടു കൂടുതൽ സ്നേഹമോ, ദരിദ്രരോടു കൂടുതൽ വിരോധമോ ദൈവത്തിനില്ല. അവിടുത്തെ കൃപാവരത്തെ

സദുപയോഗിക്കുന്നവർക്ക്, അവിടത്തെ പ്രസാദവരങ്ങളും കൂടുതൽ കൂടുതലായി നൽകുന്നു. അങ്ങനെ അവിടന്ന് എല്ലാവരേയും പുത്രനിർവ്വിശേഷം സ്നേഹിക്കുന്നു. എല്ലാവരുടെ രക്ഷയേയും അവിടന്ന് അതിയായി കാംക്ഷിക്കുന്നു. ധനവാൻ, മററു നാനാതരപുണ്യങ്ങളോടുകൂടെ പ്രത്യേകമായി ദീനാനുകമ്പ, സ്നേഹം, ദയ, ഔദാര്യം, ത്യാഗം എന്നിത്യാദി സുകൃതങ്ങളനുഷ്ഠിച്ച് അവയ്ക്കുള്ള സ്വർഗ്ഗീയകിരീടം പ്രാപിക്കണമെന്ന് അവിടന്നാഗ്രഹിക്കുന്നു.

അതുപോലെതന്നെ ദരിദ്രനും വിശേഷാൽ അവനു നേരിടുന്ന ദാരിദ്ര്യം, രോഗം, വേദന, ഞെരുക്കം, സങ്കടം എന്നിവയേ ക്ഷമാപൂർവ്വം സഹിച്ച് അവയ്ക്കുള്ള സ്വർഗ്ഗീയമുടി ചൂടണമെന്നാണ് അവിടന്നഭിലഷിക്കുന്നത്. ഇടത്തരക്കാരൻ, ചിലപ്പോൾ ധനവാനേപ്പോലെ സുഖിമാനായും, ചിലപ്പോൾ ദരിദ്രനേപ്പോലെ ഞെരുങ്ങുന്നവനായും കാണപ്പെടാറുണ്ടല്ലോ. ഇവനാണ് ഒന്നുംപാടില്ലാതെ വിഷമിക്കുന്നത്. അഭിമാനംകൊണ്ട് അഗതിയെപ്പോലെ യാചിക്കാൻ നിവൃത്തിയില്ല; അവന്റെ തരക്കാരുടെ നിലയിൽനിന്ന് താഴാനും വശമില്ല. അവൻ ഉള്ളുകൊണ്ടു ഞെരുങ്ങി, ഞെളിപിരികൊള്ളുകയാണ്. അതിനാൽ ഇവന് ധനവാന്റേയും ദരിദ്രന്റേയും പ്രത്യേകമായ സുകൃതങ്ങളനുഷ്ഠിക്കാനുള്ള അവസരം കൈവരുന്നു. അതിനാലിവൻ മേൽപറഞ്ഞ രണ്ടുതരത്തിലുമുള്ള സ്വർഗ്ഗീയമകുടങ്ങൾകൊണ്ടും വിഭൂഷിതനാകണമെന്നാണ് ദൈവം ഇച്ഛിക്കുന്നതെന്ന് നമുക്ക് ന്യായമായി വിചാരിക്കാം.

ചിലർ, ദുഷിച്ച തത്വങ്ങൾ പ്രചരിപ്പിച്ച് തലമുറകളെ ദുഷിപ്പിക്കാനിടയാക്കിക്കൊണ്ടന്തരിക്കുന്നു. ചിലർ, നിലനിൽക്കുന്ന ദുർമ്മാതൃകകൾ സ്ഥാപിച്ചുകൊണ്ട് മൃതിയടയുന്നു. ചിലർ ആദർശപരങ്ങളായ സൽപ്രവൃത്തികൾ ചെയ്ത് പുരുഷാന്തരങ്ങളേ സദ്വൃത്തരാക്കാൻ സഹായിച്ചുകൊണ്ട് മൃതരാകുന്നു. ചിലർ, ആതുരാലയങ്ങൾ, അനാഥമന്ദിരങ്ങൾ തുടങ്ങിയ ധർമ്മസ്ഥാപനങ്ങളേർപ്പെടുത്തി മനുഷ്യപരമ്പരകൾക്ക് നിസ്സീമനന്മകൾ ചെയ്തുകൊണ്ടും ദിവംഗതരാകുന്നു. ഇവയെല്ലാം ഇവരുടെ നിര്യാണശേഷം ദീർഘകാലത്തേക്ക് നിലനിന്ന് എന്തുമാത്രം നന്മകളും തിന്മകളും ആണ് ലോകത്തിന് വരുത്തിവെയ്ക്കാവുന്നത്? ഇവയ്ക്കെല്ലാം നീതിമാനായ ദൈവം

തക്ക ശിക്ഷാരക്ഷകൾ അവൎക്ക് നൽകേണ്ടതല്ലയോ? അതവരുടെ മരണത്തോടുകൂടിത്തന്നെ നൽകാൻ സാധ്യമാണോ? അതിനാൽ പൊതുവിധിസമയത്ത്, അവിടത്തെ ദിവ്യപരിപാലനം എത്ര നീതിപൂൎവ്വകമായിരുന്നെന്നും, അന്ത്യവിധി എത്ര ന്യായപൂൎവ്വകവും ആവശ്യകവുമായിരുന്നെന്നും എല്ലാവൎക്കും സുസ്പഷ്ടമായി ബോധ്യമാവും.

ഇനി പറയുവാനുള്ളത് പാപങ്ങളും പുണ്യങ്ങളും ചെയ്തിട്ടുള്ള മനുഷ്യരേ മാത്രമല്ല, വിധിക്കുന്നതെന്നുള്ളതാകുന്നു. പാപം മാത്രം ചെയ്തിട്ടുള്ള പിശാചുകളേ വിധിച്ചതുപോലെ, പുണ്യം മാത്രമുള്ള മാലാഖമാരേയും, പാപത്തിന്റെ കളങ്കലേശമില്ലാതെ ഉത്ഭവിച്ചവളും, സുകൃതപഥത്തിൽ അചഞ്ചലചേതസ്സോടേ നിലനിന്നവളും, ഉൽകൃഷ്ടങ്ങളായ സൎവ്വപുണ്യങ്ങൾകൊണ്ടും പ്രശോഭിക്കുന്നവളും, മാലാഖമാർ തുടങ്ങിയ സകല സ്വൎഗ്ഗവാസികളേക്കാൾ പരമാനന്ദഭരിതങ്ങളായ പ്രതാപമഹിമകൾകൊണ്ട് ഉയൎന്ന് വിരാജിക്കുന്നവളുമായ തന്റെ ദിവ്യമാതാവിനേസ്സംബന്ധിച്ചും 'അവിടന്ന് വിധിപ്രസ്താവിക്കും എന്നുള്ളതാകുന്നു, ഒരു വിശേഷം. ആ വിധിയിൽ, പാപമാലിന്യത്തിന്റെ ലേശംപോലും കാണിക്കാൻ ഉണ്ടായിരിക്കയില്ല; ആ ദിവ്യനാഥയുടെ ഉന്നതങ്ങളും ഉൽകൃഷ്ടങ്ങളും നിസ്സീമങ്ങളുമായ സൽഗുണസ്തോമങ്ങൾതന്നെ സൎവ്വോപരി പ്രകാശിച്ചിരിക്കും. അതിനാൽ അദൃശ്സുന്ദരമായ ജീവിതവിശുദ്ധികൊണ്ട് വെട്ടിത്തിളങ്ങിയ തന്റെ പ്രിയമാതാവിന്റെ സൽഗുണപ്രകൎഷങ്ങളേ മാതൃകസ്ഥായി എല്ലാവരേയും അവിടന്ന് കാണിക്കും. തന്നിമിത്തം പരമന്യായാധിപനായ ഈശോനാഥൻ, തന്റെ ദിവ്യമാതാവിനെ ഉദ്ദേശിച്ച് പ്രസ്താവിക്കുന്ന വിധിക്ക്, ഉത്തമാംഗീകൃതവിധി എന്നും, ഉൽകൃഷ്ടസ്തോത്രവിധി എന്നും പേർ പറയും. പരിശുദ്ധ കന്യകാമാതാവാകട്ടെ, തന്റെ താഴ്മയേ ദൈവം തൃക്കൺപാൎത്തതിനാൽ തലമുറളെല്ലാം തന്നെ ഭാഗ്യവതിയെന്ന് വിളിക്കുന്നെന്ന് അതീവ വിനീതയായി ഉച്ചരിക്കും. വാക്കിനും ബുദ്ധിക്കും അഗോചരങ്ങളായ ദൈവജനനിയുടെ നിസ്തുലമഹിമകൾക്ക് ആദികാരണം ദൈവകൃപയാണെന്ന് പുരുഷാന്തരങ്ങളെല്ലാം വിനയസമന്വിതരായി വാഴ്ത്തുമെന്നുള്ളതിൽ സംശയമില്ല.

ഇപ്രകാരംതന്നെ സ്വർഗ്ഗവാസികളായ മാലാഖമാർ നിഷ്കന്മഷരാകയാൽ, അവരെക്കുറിച്ചുള്ള വിധിയിലും അവരുടെ സുകൃതധോരണികൾതന്നെ ഉയൎന്നു ശോഭിക്കും. അതിനാൽ ഈശോനാഥൻ, ആദിമുതൽ അവരിലുണ്ടായിരുന്ന ദൈവഭക്തിയുടെ പരിമാണാധിക്യം എല്ലാവരേയും ഗ്രഹിപ്പിക്കുമെന്നുള്ളതു് നിസ്സംശയമാകുന്നു. മാലാഖമാരേക്കുറിച്ചു് അവിടന്നു് കല്പിക്കുന്ന വിധിക്കു് അംഗീകൃതവിധി എന്നും, സ്തോത്രവിധി എന്നും പേർ പറയും.

മോക്ഷംപ്രാപിച്ച പുണ്യാത്മാക്കളേസ്സംബന്ധിച്ചു് ക്രിസ്തുനാഥൻ കല്പിക്കുന്ന വിധി, അവിടത്തേ അഭേദ്യമായ നീതിക്കു് സംയോജ്യമായിരിക്കും എന്നല്ലാതെ ഒന്നും പറയാനില്ല. അവരുടെ പാപപുണ്യപരീക്ഷണം അവിടന്നു് അത്ര നിർഭേദമായി നടത്തും. ആ ഭാഗ്യവാരാശികളുടെ പാപപുണ്യങ്ങളെ എല്ലാവരുടേയും സമക്ഷം ത്രാസിൽ തൂക്കുന്നപോലെ അവിടന്നു് കൃത്യമായി പരിശോധിക്കും. തന്മൂലം അവരുടെ ബലഹീനതയാലും, അറിവില്ലായ്മയാലും ചെയ്തുപോയ പാപങ്ങളെല്ലാം ദൈവകൃപയാൽ പരിഹരിക്കപ്പെട്ടുപോയെന്നും ദൈവഭക്തി, സ്നേഹം, വിശ്വാസം മുതലായ സുകൃതഗുണങ്ങൾ അധികരിച്ചിരിക്കുന്നുവെന്നും എല്ലാവൎക്കും സുഗ്രഹമാകും. അതിനാൽ ആ പുണ്യാത്മാക്കൾ ദൈവത്തിൻെറ കൃപാവരത്തോടു സഹകരിച്ചു് സദാചാരനിരതരായി വൎത്തിച്ചതും, ശാശ്വതമായ സ്വൎഗ്ഗീയപരമാനന്ദഭാഗ്യത്തിനൎഹരായി ഭവിച്ചതും ന്യായസമേതമാണെന്നു് സകലൎക്കും സുസ്പഷ്ടമാകും. ഈ വിശുദ്ധജനത്തിൻെറ അനശ്വരമായ സൌഭാഗ്യത്തിനു് ഏകകാരണം, ദിവ്യന്യായാധിപനായ ക്രിസ്തുനാഥൻെറ കുരിശുമരണമാണെന്നു് എല്ലാവരും പ്രത്യക്ഷമായി കണ്ടറിയും.

ഇവിടെ രണ്ടുവിശേഷ സംഭവങ്ങൾകൂടി വെളിപ്പെടുത്തുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു. ഒന്നു്, മോക്ഷപ്രാപ്തരായ മഹാത്മാക്കൾ ഓരോരുത്തരുടേയും പാപപുണ്യങ്ങളെ സംബന്ധിച്ച ഒരു തനതുവിധി ആദ്യമേ നടക്കുമെന്നുള്ളതാകുന്നു. അതിൽ വച്ചു് അവരുടെ പരമാനന്ദഭാഗ്യാനുഭവത്തിൻെറ പരിമാണവും, ആ വിധിയുടെ ന്യായയുക്തതയും അവർ ശരിയായി ധരിച്ചിരിക്കും. ആ വിധിതന്നെയാണു്, പരമന്യായാധിപനായ ക്രിസ്തുനാഥൻ പിന്നീടു്

എല്ലാവരുടേയും മദ്ധ്യേ പരസ്യമായി വെളിപ്പെടുത്തുന്നതു്. അപ്പോഴും അവിടത്തേ ദിവ്യപരിപാലനയുടെ മാഹാത്മ്യവും, അവിടത്തേ അനന്തമായ നീതിയുടെയും കൃപയുടേയും ശ്രേഷ്ഠ്യവും ഏററം സ്പഷ്ടമായി പ്രകാശിക്കും.

രണ്ടാമത്തെ സംഗതി ആ വിശുദ്ധജനങ്ങൾ തങ്ങളുടെ പാപങ്ങൾ പരസ്യമാക്കപ്പെടുന്നതുകൊണ്ടു് ഖേദിക്കയോ ലജ്ജിക്കയോ ചെയ്യേണ്ടിവരികയില്ലെന്നുള്ളതാകുന്നു. ആ സജ്ജനങ്ങൾ, തങ്ങൾ ഇത്രയേറെ അപരാധങ്ങൾ പ്രവൎത്തിച്ച മഹാപാപികളും, ഈശ്വരദ്രോഹികളും ആയിരുന്നിട്ടും അവയേ അവിടന്നു് ദയാസമേതം ക്ഷമിക്കയും, തങ്ങൾക്ക് വിശേഷാനുഗ്രഹങ്ങൾ നൽകി സുചരിതരായി വൎത്തിക്കുന്നതിനു് സഹായിക്കയും ചെയ്തുവെന്നറിയുമ്പോൾ അവർ പരമസന്തുഷ്ടരായി ഭവിക്കും. മാത്രമല്ല, ആ മഹത്തുക്കൾ തങ്ങളുടെ പേരിലുള്ള അവിടത്തേ കരുണാമസൃണമായ വിധി, വിനയസമന്വിതരായി കേൾക്കയും, ദിവ്യരക്ഷകനെ അതിരററ കൃതജ്ഞതയോടുകൂടി ആരാധിക്കയും ചെയ്യും.

ഇതേപ്രകാരംതന്നെ, ജ്ഞാനസ്നാനം സ്വീകരിച്ചശേഷം വിവേകബുദ്ധി ഉണ്ടാകുന്നതിനു് മുൻപ് കാലധൎമ്മം പ്രാപിച്ച ആ നിഷ്കളങ്ക ശിശുക്കളുടെ ജന്മപാപം നീങ്ങിപ്പോയതും, അവൎക്കു് പ്രസാദവരങ്ങൾ നൽകിയതും എങ്ങനെയെന്നു് ആ മഹാജനസംഘമദ്ധ്യേ ദിവ്യനാഥൻ വെളിപ്പെടുത്തും. ആ ശിശുക്കൾക്കു സ്വൎഗ്ഗീയസംഭാവന നൽകുന്നതിൽ അവിടന്നു് പ്രദശിപ്പിച്ച നീതിയും കൃപയും അപ്പോഴും സൎവ്വോപരി തിളങ്ങി വിളങ്ങുകതന്നെ ചെയ്യും.

അനന്തരം ദിവ്യന്യായാധിപനായ ക്രിസ്തുനാഥൻ, ഭൂമിയിൽ നിലകൊള്ളുന്ന ഗർവ്വിഷ്ഠരായ പിശാചുകളുടേയും, ദുർജ്ജനങ്ങളുടേയും ഘോരപാപങ്ങളെ കഠിനമായ വെറുപ്പോടെ എല്ലാവരുടെയും മുമ്പിൽ പരസ്യമാക്കും. അവൎക്കുവേണ്ടി താൻ ക്രൂരപീഡകൾ സഹിച്ചുമരിച്ചതും, കരുണാസമേതം അവൎക്ക് അനവധി സദ്വിചാരങ്ങൾ ജനിപ്പിച്ചതും, അവർ അവയേ മനഃപൂൎവ്വം തിരസ്കരിച്ചതും, കൃതഘ്നരായും സമ്മോദഭരിതരായും വിചാരം, വചനം, പ്രവൃത്തി എന്നിവകളാൽ നിരവധി ഭയങ്കരപാപങ്ങൾ സമാൎജ്ജിച്ചതും സകലരുടേയും മുമ്പിൽ അവിടന്നു് വിശദമായും സ്പഷ്ടമായും വെളിപ്പെടുത്തും. ആ ദുരാത്മാ

ക്കൾ ഓരോരുത്തരുടേയും പാപങ്ങൾ ഓരോന്നും, അവയുടെ
ദുഷ്ടതയുടെ പാരമ്യത്തിലും, പൂൎണ്ണവലിപ്പത്തിലും മാലാഖമാർ
തുടങ്ങിയ വിശുദ്ധാത്മാക്കളും, പിശാചുകൾ ആദിയായ ദുരാ
ത്മാക്കളും സുസ്പഷ്ടം ഗ്രഹിക്കത്തക്കവണ്ണവും അവൎക്ക് ദൃശ്യമാ
കും. അവരുടെ പുണ്യപാപങ്ങൾ ത്രാസ്സിൽ എന്നപോലെ
അവിടന്ന് കൃത്യമായി തുലനംചെയ്യും. അപ്പോൾ അവരുടെ
സുകൃതങ്ങൾ ബഹുനിസ്സാരങ്ങളും, അവരുടെ അനവധിയായ
ദുഷ്കൃതങ്ങൾ ഏററം ഗൌരവതരങ്ങളുമായി കാണപ്പെടും.
അതിനാൽ അവരുടെ സുകൃതങ്ങൾ ഒന്നിനും ഉതകാത്ത വി
ഫലകൃത്യങ്ങളായും അവ, അവരുടെ പാപക്കൂമ്പാരത്തിൽ മൂട
പ്പെട്ടുപോയതായും അവൎക്കുതന്നെ ബോദ്ധ്യമാകും. അതിനാൽ
ആ ദുർഭഗപാപികൾ ശാശ്വതമായ നരകയാതനകൾ അനു
ഭവിക്കത്തക്കവണ്ണം ക്രിസ്തുനാഥൻ കല്പിക്കാൻപോകുന്ന വിധി
യും അവൎക്ക് നിശ്ചയിച്ചിരിക്കുന്ന ശിക്ഷയും എല്ലാവരും മുൻ
കൂട്ടിത്തന്നെ പരസ്യമായി ഗ്രഹിക്കും.

തദവസരത്തിൽ ആ ദുർഭഗദുഷ്കൃതികൾ, തങ്ങൾ
രഹസ്യമായും പരസ്യമായും ചെയ്ത സകല പാപങ്ങളും സക
ല മാലാഖമാരും, സകല പുണ്യാത്മാക്കളും, സൎവ്വപിശാചുക
ളും, സമസ്തദുർജ്ജനങ്ങളും പരസ്യമായി അറിയുന്നതുകൊണ്ട്
അനുഭവിക്കേണ്ടിവരുന്ന പരിതാപവും ലജ്ജയും എത്രയധിക
മെന്ന് വൎണ്ണിക്കുവാൻ ആൎക്ക് സാധിക്കും! ഈ ലോകത്തിൽ
തന്നെ, ഒരുവൻ ചെയ്യുന്ന ദുഷ്കൃത്യം അന്യരറിയാനിടയാ
യാൽ അവന് എത്രമാത്രം ലജ്ജയും, മാനഹാനിയും, മനോ
വേദനയും ഉണ്ടാകുമെന്നുള്ളത് അനുഭവസിദ്ധമാണല്ലോ. ഇങ്ങ
നെയെങ്കിൽ, ഈ സന്ദർഭത്തിൽ സ്വൎഗ്ഗത്തിലും, നരകത്തി
ലും, ഭൂമിയിലുമുള്ള അസംഖ്യം ദൈവദൂതന്മാരും, വിശുദ്ധരും,
കണക്കില്ലാത്ത പിശാചുകളും, മററു ദുർഭഗജനങ്ങളും അവ
രുടെ കൊടിയ പാപങ്ങളെല്ലാം ദർശിക്കയും, അതിന് സൎവ്വേ
ശ്വരൻ ഭയങ്കരശിക്ഷ നൽകുകയും ചെയ്യുന്നതു കാണുമ്പോൾ
അവൎക്കുണ്ടാകുന്ന വ്യാകുലങ്ങൾക്കും, വേദനകൾക്കും, ലജ്ജക്കും
അതിരോ അറുതിയോ ഉണ്ടായിരിക്കയില്ല.

എല്ലാവരേസംബന്ധിച്ചും മേൽപ്രകാരം വിധി പ്രസ്താ
വിച്ചശേഷം ഒടുവിൽ, ജന്മപാപത്തോടേമാത്രം കാലഗതി
പ്രാപിച്ച ശിശുക്കളേക്കുറിച്ചുള്ള വിധി പ്രസ്താവിക്കും. ഉത്ഭവ

പാപം നിമിത്തം സ്വർഗ്ഗീയപരമാനന്ദഭാഗ്യം അവക്ക് ലഭിക്കയില്ലെന്നുള്ളതു് സുനിശ്ചിതമാണു്. അതു് ദിവ്യരക്ഷകൻെറ തിരുവുള്ളപ്രകാരവും, സ്വാഭാവികനീതിപ്രകാരവും സുവിദിതമാകുന്നു. എന്നാൽ അവർ സ്വർഗ്ഗഭാഗ്യത്തിനു് അനർഹരായി ഭവിച്ചാലും നരകയാതന അനുഭവിക്കേണ്ടിവരികയില്ലെന്നുള്ളതു് തീർച്ചയാണു്; അതു സന്തോഷപ്രദവുമാണു്. ഈ ലോകാവസാനത്തിനുശേഷം രൂപാന്തരംപ്രാപിക്കുന്ന നവീനഭൂമിയിൽ ദുഃഖവിമുക്തരായി എന്നാളും അധിവസിക്കുന്നതാകുന്നു; ഇതു് വേദപാരംഗതന്മാരാൽ സ്വീകാര്യമായ അഭിപ്രായമത്രെ.

ജന്മപാപത്തോടുകൂടി ലഘുവായ കർമ്മപാപങ്ങളും ചെയ്തുപോയിട്ടുള്ളവരെ ദയാനിധിയായ സർവ്വേശ്വരൻ നിത്യമരണത്തിനായി സന്ത്യജിക്കയില്ലെന്നുള്ള അഭിപ്രായവും, സന്തോഷസന്ദായകമാകുന്നു. അതിനുള്ള ന്യായം, ഉത്ഭവപാപത്തോടുകൂടി ലഘുപാപങ്ങളും സമാർജ്ജിച്ച ഒരുത്തനെ നിത്യമരണത്തിനായി തിരസ്കരിക്കപ്പെടുമെന്നുള്ള അഭിമതം നാം അംഗീകരിക്കുന്നപക്ഷം, പ്രസാദവരനഷ്ടനായ അവൻെറ അല്പപാപങ്ങൾക്കു് ഈ ലോകത്തും മറുലോകത്തും പരിഹാരമാർഗ്ഗം ഇല്ലെന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരേണ്ടിവരും; മാത്രമല്ല, ആ അല്പപാപങ്ങൾ നിമിത്തം നിത്യകാലത്തേക്കു് അവൻ ഏതെങ്കിലും ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും സമ്മതിക്കണം. ഈ സമ്മതം, സർവ്വേശ്വരൻെറ അനന്തകൃപയ്ക്കു് ഒരു വിധത്തിലും അനുയോജ്യമല്ലെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. കൂടാതെയും, വരപ്രസാദനഷ്ടനായ ആ മനുഷ്യൻ, ദീർഘകാലം ജീവിച്ചിരിക്കാൻ ഇടയാകുന്നെങ്കിൽ, വീണ്ടും കർമ്മപാപങ്ങളിലുൾപ്പെടാതെ വർത്തിക്കുക ദുസ്സാധമാണു്; ഇതു് ഏതു് ദുർവ്വാദികളും സശിരഃകമ്പം സംവദിക്കും. തന്മൂലം ജന്മപാപത്തോടുകൂടി ജനിച്ചവർ വിവേകബുദ്ധി ലഭിച്ചതിനുശേഷം ലഘുപാപങ്ങളോടുകൂടിമാത്രം അനേകംനാൾ ജീവിച്ചിരിക്കാൻ ഇടയാകുന്നപക്ഷം, കാലാന്തരത്തിൽ അവർ ഗൌരവതരങ്ങളായ മാരകപാപങ്ങളിലുൾപ്പെടാതിരിക്കയില്ലെന്നുള്ളതു് തീർച്ചയാണു്. അപ്പോഴേ അവർ നിത്യശിക്ഷയ്ക്കു് പാത്രീഭവിക്കുന്നുള്ളു. അപ്രകാരംതന്നെ ജന്മപാപത്തോടെ മാത്രം മരിച്ചുപോയവർ, പിതാർജ്ജിതമായ പ്രസ്തുത പാപംനിമിത്തം നിത്യഭാഗ്യം തങ്ങൾക്കു് നഷ്ടീഭവിച്ചതോർത്തു് ഖേദിക്കാൻ

ദയാപയോധിയായ ദിവ്യരക്ഷകൻ അനുവദിക്കയില്ലെന്നുള്ളതും സന്തോഷപ്രദമാകുന്നു. ഇതിനെല്ലാം മുഖ്യകാരണം ദിവ്യനാഥന്റെ കാരുണ്യപ്രവാഹംതന്നെ എന്നതിനു് സംശയമില്ല.

പ്രസ്തുത കാര്യങ്ങളെല്ലാം സമ്പൂർണ്ണമായി നിർവ്വഹിച്ചശേഷം ആ ന്യായവാരാന്നിധിയായ അഖിലേശ്വരൻ അതേ, ആ ദിവ്യന്യായാധിപൻ ദുഷ്ടരോടും ശിഷ്ടരോടും അവരവരുടെ വിധി? പ്രത്യേകം പ്രത്യേകം പ്രസ്താവിക്കും. പിന്നീട് തന്റെ പ്രിയമാതാവായ പരിശുദ്ധ കന്യകാമറിയത്തോടും, മാലാഖമാർ തുടങ്ങിയ സകല പുണ്യാത്മാക്കളോടും അവിടന്നു് ഇപ്രകാരം കല്പിക്കും:- "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭംമുതൽ നിങ്ങൾക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയഭാഗ്യം അനുഭവിക്കുന്നതിനായി നിങ്ങൾ നമ്മോടുകൂടെ വരുവിൻ." അനന്തരം പിശാചുകളോടും ആ ദുർജ്ജനസഞ്ചയത്തോടുമായി അവിടന്നീവിധം കല്പിക്കും:- "ശപിക്കപ്പെട്ടവരേ! നിങ്ങൾ പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജീകരിച്ചിരിക്കുന്ന നിത്യനരകാഗ്നിയിലേക്ക് പോകുവിൻ." വെള്ളിടിയേക്കാൾ ഭയങ്കരമായ ശബ്ദത്തോടേ ഈ സ്വരം സർവ്വത്ര മുഴങ്ങും. സർവ്വപ്രധാനമായ ഈ വിധി കർമ്മനിർവ്വഹണത്തിനു് എത്രസമയം വേണ്ടിവരുമെന്നു് ചിന്തിക്കുന്നപക്ഷം, അവിടന്നുതന്നെ അരുളിച്ചെയ്തിട്ടുള്ളപ്രകാരം അതിനു് ഒരു ഞൊടിയിടപോലും സമയം വേണ്ടിവരികയില്ല. മിന്നൽക്കൊടിയേ അതിശയിക്കുന്ന വേഗത്തിൽ സുഭദ്രമായി അവിടന്നു് ഇവയെല്ലാം നടത്തുമെന്നുള്ളതു് സുനിശ്ചിതമാകുന്നു.

ക്രിസ്തുനാഥൻ ഒരു യാമം (ഏഴരനാഴിക) മുഴുവനും നികൃഷ്ടമായ കുരിശുമരത്തിൽ ഘോരപീഡിതനായി കിടന്നുകൊണ്ടു് മനുഷ്യപരിത്രാണകർമ്മം നിർവ്വഹിച്ചുവല്ലോ. അതുപോലെ അവിടന്നു് ഒരു യാമം മുഴുവനും മാലാഖമാരാലും, പുണ്യാത്മാക്കളാലും, സകല സ്വർഗ്ഗവാസികളാലും പരിസേവിതനായി ദിവ്യഭദ്രാസനത്തിലെഴുന്നള്ളിയിരുന്നു് സർവ്വമനുഷ്യരുടേയും വിധികർമ്മം നിർവ്വഹിക്കുമെന്നൊരു പക്ഷീയരുണ്ടു്. ആ അഭിപ്രായം ആദരണീയമായും സയുക്തികമായും തോന്നാമെങ്കിലും, വേദപാരംഗതന്മാർ ആ അഭിപ്രായത്തിന്റെ സാധ്യതയേ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. മാത്രമല്ല, അതിനു്

വേദശാസ്ത്രജ്ഞന്മാരുടെ ഭൂരിപക്ഷഭൂരിബലമില്ലെന്നൊരു ഗണ്യമായ ന്യൂനതയുമുണ്ടു്.

ദിവ്യരക്ഷകൻ അന്ത്യവിധി പ്രസ്താവിച്ചു കഴിയുമ്പോൾ സകല സ്വർഗ്ഗവാസികളും സകല നരകവാസികളും "ഈശോ" എന്ന തിരുനാമത്തേക്കാൾ ഉന്നതവും മധുരമോഹനവുമായ നാമധേയം സ്വർഗ്ഗത്തിലും ഭൂമിയിലും ഇല്ലെന്നു് പ്രകീർത്തിക്കും. സ്വർഗ്ഗപ്രാപ്തരായ മഹാത്മാക്കൾ അതിരററ ഭക്ത്യാദരങ്ങൾകൊണ്ടും, ദുർഭഗരായ നരകവാസികൾ അസീമ ഭയസംഭ്രാന്തികൾ കൊണ്ടും അവിടത്തെ സാഷ്ടാംഗപ്രണാമം ചെയ്യും. ജന്മപ്പാപത്തോടേമാത്രം കാലധർമ്മം പ്രാപിച്ചവരും, തങ്ങളേ സംബന്ധിച്ചുള്ള നീതിപൂർവ്വകവും സ്നേഹമസൃണവുമായ വിധി ഗ്രഹിച്ചു് ക്രിസ്തുനാഥനേ ഹൃദയംഗമമായി പുകഴ്ത്തും. അവരുടെ സർവ്വശക്തികളോടുംകൂടി അവിടത്തേ ആരാധിക്കയും ചെയ്യും. മാനവരാശിയേ രക്ഷിക്കണമെന്നുള്ള ഏകാഭിലാഷത്താൽ, അവരുടെമദ്ധ്യേ ദരിദ്രനും നിന്ദ്യനുമായി കരുതപ്പെട്ടിരുന്ന സ്നേഹസ്വരൂപനായ ആ ദിവ്യനാഥൻ, അക്കാലത്തു് എല്ലാവരുടേയും പരമന്യായാധിപനായ വിധികർത്താവായും, സർവ്വശക്തനായ ദൈവമായും, എല്ലാവരാലും ആരാധിക്കപ്പെടുന്ന അനന്തനന്മയായും, മനുഷ്യബോധത്തിനഗോചരങ്ങളായ വിജയമഹിമകളോടുകൂടി വിരാജിക്കുമെന്നുള്ളതു് യാഥാർത്ഥ്യമാകുന്നു.

അനന്തരം വിജയപ്രതാപവാനായ ക്രിസ്തുനാഥനോടുകൂടി അവിടത്തേ ദിവ്യമാതാവും, സകല മാലാഖമാരും, സകല പുണ്യാത്മാക്കളും സ്വർഗ്ഗത്തിലേക്കു് എഴുന്നള്ളിപ്പോകും. അതേസമയംതന്നെ ഭയങ്കരമായ ഭൂകമ്പമുണ്ടാകയും, ഭൂമി പിളർന്നു് സകല പിശാചുക്കളും സകല ദുരാത്മാക്കളും തങ്ങളുടെ ശരീരങ്ങളോടുകൂടി ഘോരനരകാഗ്നിയിൽ പതിക്കയും ചെയ്യും. അവർ ആ വീണ വീഴ്ചയിലും കിടന്ന കിടപ്പിലുംതന്നെ നരകകൂപത്തിലാണ്ടു് നിശ്ചേഷ്ടരായി കിടന്നുപോകും. ഇപ്രകാരം സർവ്വ പിശാചുക്കളും ആ നിർഭാഗ്യപാപികളും ആ ഘോരാനലജ്വാലാമദ്ധ്യേ കിടന്നു്, ഒരിക്കലും ദഹിക്കാതെ എന്നും വെന്തുരുകുവാനിടയാകും; മനസ്സിനും ബുദ്ധിക്കും വർണ്ണ്യമല്ലാത്തുള്ള ദാരുണങ്ങളായ ദുഃഖവേദനകൾ അവരവിടെക്കിടന്നു് ശാശ്വതമായനുഭവിക്കും.

## അദ്ധ്യായം ഒൻപതു്

### നവീനഭൂമി. ഉയിർപ്പിന്റേയും പൊതുവിധിയുടേയും ഉദ്ദേശ്യങ്ങൾ.

മേൽപ്രകാരം അന്ത്യവിധിയും തൽസംബന്ധമായ സകല കാര്യങ്ങളും നിർവ്വഹിച്ചുകഴിയുമ്പോൾ ലോകം നവമായി സൃഷ്ടിക്കപ്പെടുമെന്നു് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതിന്റെ വിശദീകരണത്തേക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ അതിവിസ്തൃതങ്ങളായ വാദകോടികളാണു്, വേദശാസ്ത്രപണ്ഡിതന്മാർ ഉന്നയിച്ചിട്ടുള്ളതു്. അവയിൽ ഏററം സ്വീകാര്യമായി തോന്നുന്ന ഒരെണ്ണംമാത്രം ഇവിടെ പ്രസ്താവിക്കാം. അതിനെ വ്യക്തമായി ഗ്രഹിക്കുന്നതിനു് ചില വിശേഷവസ്തുതകളുംകൂടി വെളിപ്പെടുത്താം. ഇപ്പോഴുള്ള ലോകമെല്ലാം ഉല്പത്തിക്കും നാശത്തിനും വിധേയങ്ങളായ വസ്തുക്കളുടെ സംയോഗംമൂലം സംസൃഷ്ടമാണല്ലോ. അതേ, ദൈവകല്പനപ്രകാരം വൃദ്ധിക്ഷയങ്ങൾക്കധീനമായ പഞ്ചഭൂതങ്ങളേക്കൊണ്ടു് നിർമ്മിതമാണു് ഇപ്പോഴത്തെ ലോകമെന്നു് നമുക്കു് തീർച്ചയായറിയാം. എന്നാൽ അന്ത്യവിധിക്കുശേഷം ഇപ്രകാരമുള്ള ഭൂമിയും, അതിലുള്ള വസ്തുക്കളും, അവയ്ക്കു് സഹായമായി വർത്തിക്കുന്ന പരമണ്ഡലങ്ങളും, ചന്ദ്രസൂര്യനക്ഷത്രാദിഗ്രഹങ്ങളും വൃദ്ധിക്ഷയങ്ങൾക്കു് വിധേയമാകാതെ വികാരരഹിതങ്ങളായി, നിശ്ചലങ്ങളായി, അനശ്വരങ്ങളായി യഥാസ്ഥാനങ്ങളിൽ നിലകൊള്ളുകതന്നെ ചെയ്യും.

തന്നിമിത്തം പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം എന്ന പഞ്ചഭൂതങ്ങളും, ഇതരങ്ങളായ സകല പദാർത്ഥങ്ങളും ഒരു പ്രകാരത്തിൽ സർവ്വേശ്വരന്റെ പ്രിയമക്കളുടെ ഭാഗ്യാവസ്ഥതന്നെ പ്രാപിക്കുമെന്നു് വേദവാക്യങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാം. ദൈവത്തിന്റെ വത്സലസന്താനങ്ങൾ, നരകവാസികളായ ദുഷ്ചരിതരോടു് സഹവസിക്കാതിരിക്കയും അവർക്കു് സഹായം ചെയ്യാതിരിക്കയും ചെയ്യുന്നതുപോലെ, ഭൂമ്യാകാശമണ്ഡലങ്ങളും ജ്യോതിർഗ്ഗോളങ്ങളും, അവയുടെ പ്രകാശധോരണികളും നരകവാസികൾക്കു് പ്രയോജനപ്പെടാ

തെയും അവക്ക് യാതൊരുവിധ സഹായാനുകൂല്യങ്ങളും ചെയ്യാതെയുമിരിക്കും. കൂടാതെയും, ദൈവമക്കൾ അക്ഷയം, ദീപ്തി തുടങ്ങിയ പ്രസാദവരങ്ങളാൽ അലംകൃതരായി ഭവിക്കുമ്പോലെ, ലോകത്തിലുള്ള പഞ്ചഭൂതാദി സകല പദാർത്ഥങ്ങളും, സൂര്യചന്ദ്രനക്ഷത്രാദി സർവ്വവസ്തുക്കളും പ്രസ്തുത വിശിഷ്ടഗുണങ്ങളാലലംകൃതങ്ങളായി അചഞ്ചലങ്ങളായി എന്നാളും നിലനിന്ന്, ഒരുവിധത്തിൽ സർവ്വഭാഗ്യങ്ങളും അനുഭവിക്കും. ദൈവകല്പനപ്രകാരം ലോകം ഈ സ്ഥിതിയിൽ രൂപാന്തരീഭവിക്കുമ്പോഴാണ്, ലോകം നവീനമായി സൃഷ്ടിക്കപ്പെട്ടുമെന്നു പറയുന്നതു്.

ഇപ്രകാരം വിശിഷ്ടങ്ങളായ ഗുണഗണങ്ങളണിഞ്ഞ് വിളങ്ങുന്ന സുന്ദരമനോഹരമായ ആ നൂതനലോകം, ജന്മപാപത്തോടുകൂടിമാത്രം മരിച്ചുയിർത്തവർ, ദൈവത്തിൻെറ ന്യായവിധിപ്രകാരം അവരുടെ വാസസ്ഥലമായി എന്നാളും അനുഭവിക്കും. അവക്ക് ഉല്പത്തിനാശങ്ങളോ വൃദ്ധിക്ഷയങ്ങളോ ഉണ്ടായിരിക്കയില്ലെന്നും, നിത്യം അക്ഷയശരീരരായി ശോഭിക്കുമെന്നും അനേകം വേദശാസ്ത്രവിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവക്ക് വിശപ്പും ദാഹവും ആഹാരവിഹാരാദികളും സ്ത്രീസമ്പർക്കവും ഉണ്ടായിരിക്കയില്ല. തന്മൂലം, ഇവർ നിഷ്ഠാപരരായി ആ വിശിഷ്ടഭൂമിയിൽ അധിവസിക്കയും, അവക്ക് യാതൊരുവിധ സങ്കടങ്ങളും ഉണ്ടാകാതിരിക്കത്തക്കവണ്ണം കൃപാലുവായ സർവ്വേശ്വരൻ അവരെ അനുഗ്രഹിക്കയും ചെയ്യും.

ഇനി മനുഷ്യരുടെ പുനരുത്ഥാനത്തിൻേറയും വിധിയുടേയും ആവശ്യകതയേ തെളിയിക്കുന്ന പ്രബലങ്ങളായ ചില ന്യായങ്ങൾകൂടി വെളിപ്പെടുത്താം. മനുഷ്യൻ തപസ്സ് മുതലായ സുകൃതങ്ങളനുഷ്ഠിക്കുമ്പോൾ, അവൻെറ ആത്മാവു് മാത്രമോ ശരീരം മാത്രമോ അല്ല, ആ കൃത്യങ്ങളിൽ പങ്കുകൊള്ളുന്നതെന്ന് നമുക്കറിയാം. ആത്മാവും ശരീരവും ഏകോപിച്ച് അതിൽ ഭാഗഭാക്കുകളാകുന്നുവെന്നുള്ളതു് സ്പഷ്ടമാണ്. ഇപ്രകാരം ആത്മശരീരങ്ങൾ യോജിച്ച് ദൈവേഷ്ടം നിർവ്വഹിക്കുമ്പോൾ അതിൻെറ പ്രതിഫലത്തിനും അവ രണ്ടും അർഹങ്ങളായി ഭവിക്കുന്നു. ഇതു് വെറും സ്വാഭാവികന്യായപ്രകാരംതന്നെ ശരിയാണ്. തൽകാരണത്താൽ ദിവംഗതരായ സുകൃതികളുടെ ആത്മാക്കൾക്ക് പ്രതിഫലമായി അനന്തനീതിമാനായ സർവ്വേശ്വരൻ

തൽകാലംതന്നെ സ്വർഗ്ഗീയപരമാനന്ദം നൽകുന്നു. അതുപോലെ പ്രപഞ്ചസമാപ്തിക്ക് ശേഷം ആ പുണ്യാത്മാക്കളുടെ ശരീരങ്ങളും അവയർഹിക്കുന്ന സ്വർഗ്ഗീയസമ്മാനം പ്രാപിക്കേണ്ടതാണ്. അതിനായി തങ്ങളുടെ ആത്മശരീരങ്ങൾ ഒരുമിച്ചുചേർന്ന് ഉയിർത്തു് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളിച്ചുപോകുന്നതിനു് ദയാനിധിയായ സർവ്വേശ്വരൻ തിരുവുള്ളമായിരിക്കുന്നതു് എത്രയോ നീതിപൂർവ്വകമാണ്.

ഇനിയും ഒരു സംഗതിയേക്കുറിച്ചുകൂടി അല്പം പ്രസ്താവിക്കേണ്ടതുണ്ട്. നിത്യകാലത്തേക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ അനേകായിരം വർഷങ്ങൾ ഒരല്പനേരംപോലെയേ വിചാരിക്കേണ്ടതുള്ളു. ആത്മശരീരങ്ങളോടുകൂടിയ മനുഷ്യൻ, പുണ്യകൃത്യങ്ങൾ ചെയ്യുമ്പോൾ ആത്മാവു് അതിൻെറ പ്രധാന പങ്കു് വഹിക്കുകയും, ശരീരം അതിനോടു് സഹകരിക്കുകയുമാണല്ലൊ ചെയ്യുന്നതു്. അതിനാൽ മൃതരായ വിശുദ്ധരുടെ ആത്മാക്കൾക്ക് ശരീരത്തേക്കാൾ ഏതാനും കാലം മുൻപേ സർവ്വേശ്വരൻ സ്വർഗ്ഗഭാഗ്യം നൽകുന്നതും എത്രയോ ന്യായസമേതമാണ്. ഇതേപ്രകാരംതന്നെ ആത്മശരീരങ്ങളോടുകൂടിയ മനുഷ്യൻ പാപകൃത്യം ചെയ്യുമ്പോഴും ആത്മാവു് അതിൻെറ പ്രധാന ഭാഗം വഹിക്കുന്നു. പാപത്തിൻെറ ശിക്ഷയായ നരകയാതന ആത്മാവും ശരീരവുംകൂടി നിത്യകാലം അനുഭവിക്കുന്നതു് ന്യായവുമാണ്. എങ്കിലും പാപകൃത്യത്തിനു കൂടുതലായി പങ്കെടുത്ത ആത്മാവിനു് ശരീരത്തേക്കാൾ ഏതാനുംനാൾ മുൻകൂട്ടിത്തന്നെ ദൈവം നരകശിക്ഷ നൽകുന്നു. ഇവയെല്ലാം എത്രയോ ന്യായയുക്തങ്ങളും സ്വാഭാവികങ്ങളും ആകുന്നു. നീതിനിഷ്ഠനായ ഒരു രാജാവു്, രണ്ടു കൊലപാതകരിൽ കൂടുതൽ അക്രമിയേ എത്രയുംവേഗം കൊലപ്പെടുത്തുകയും, ഇതരനേ ഏതാനും ദിവസംകൂടി ജീവിക്കാനനുവദിച്ചശേഷം കൊലപ്പെടുത്തുകയും ചെയ്യിക്കുന്നതിനോടു് ഇതിനേയും ഉപമിക്കാം. ഇപ്രകാരം സകല മനുഷ്യരും ശരീരത്തോടുകൂടെ ഉത്ഥാനം ചെയ്യുന്നതിനു് ദൈവം അരുളിവാന്ന് നിശ്ചയിച്ചിരിക്കുന്നതിൻെറ ഉദ്ദേശ്യവും ഔചിത്യവും ഇപ്പോൾ സ്പഷ്ടമായിട്ടുണ്ടെന്നു് വിശ്വസിക്കുന്നു.

ഇനി അനന്തനീതിമാനായ ദൈവം, പാപികളേയും പുണ്യാത്മാക്കളേയും ഉയിർപ്പിച്ചു് തൻെറ ദിവ്യസന്നിധിയിൽ നിറുത്തി, സകല മാലാഖമാരും, സകല മനുഷ്യരും, സകല

പിശാചുകളും പരസ്യമായി അറിയത്തക്കവണ്ണം ന്യായവിധി പ്രസ്താവിക്കുന്നതിന്റെ കാരണങ്ങളും നാം അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്. അവയിൽ ചിലതു് മുൻപ്രസ്താവിച്ചിട്ടുള്ളതിനാൽ, ഒന്നുരണ്ടുകാര്യങ്ങൾമാത്രം ഇവിടെ ചുരുക്കി പ്രസ്താവിക്കാം. സർവ്വശക്തന്റെ അചിന്ത്യങ്ങളായ പരമരഹസ്യങ്ങൾ മനുഷ്യബുദ്ധിക്കതീതങ്ങളാണല്ലോ. അതിനാൽ അവിടത്തെ ദിവ്യരഹസ്യങ്ങൾ, യാതൊരു കൂടുതൽ കുറവും വൈപരീത്യങ്ങളും കൂടാതെ യഥാവിധം സകലരുടേയും മുമ്പിൽ വെളിപ്പെടുത്തണമെന്നുള്ളതാണ്, ഏററം ഉചിതവും ന്യായവുമായ ഒരു കാരണം. ഉദാഹരണത്തിനായി, നമ്മുടെ പ്രാർത്ഥനകൾ തന്നെ പലപ്പോഴും ഫലശൂന്യങ്ങളായിക്കാണാറില്ലേ? നാം ചിലപ്പോൾ ചില അത്യാവശ്യ നേർച്ചകൾ നേരുകയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യാറുണ്ടല്ലോ. അവയും ചിലപ്പോൾ വിഫലങ്ങളായിത്തീരുന്നു. ഇവയുടെയെല്ലാം കാരണങ്ങൾ നാം അറിയാറുണ്ടോ?

ഒരു കുട്ടി മൂർച്ചയുള്ള പിശ്ശാംകത്തികണ്ടു് അതു് ചോദിച്ചാൽ അതിന്റെ തള്ള തന്റെ ഓമനക്കുഞ്ഞിനു് അതു കൊടുക്കുമോ? ആ കുഞ്ഞു് അടുക്കളയിൽ കത്തുന്ന വിളക്കുകണ്ടു് അതു് ചോദിച്ചാൽ ആ തള്ള തന്റെ അരുമക്കുഞ്ഞിനു് അതു കൊടുക്കുമോ? അവ അപകടമുണ്ടാകാവുന്ന കളിപ്പാട്ടങ്ങളാകയാൽ, ആ കുഞ്ഞു് എത്രതന്നെ നിർബന്ധിച്ചാലും കരഞ്ഞാലും ആ തള്ള തന്റെ വാത്സല്യശിശുവിനു് അവ കൊടുക്കയില്ല. സിദ്ധാന്തംകൊണ്ടു് ആ തള്ള തന്റെ കുഞ്ഞിനെ തല്ലിയെന്നിരിക്കട്ടെ. അപ്പോൾ അതിന്റെ മാതാവിനെത്തന്നെ അതു് ഗാഢമായാശ്ലേഷിക്കയേ ഉള്ളു. ഇവയെല്ലാം നാം സാധാരണ കണ്ടുവരാറുള്ള സംഭവങ്ങളാണല്ലോ. ഇതുപോലെ നമ്മുടെ പ്രാർത്ഥനകളും പലപ്പോഴും വിഫലങ്ങളായിത്തീരാം. ഒരുപക്ഷേ, നമ്മുടെ പ്രാർത്ഥനയ്ക്കു് വിശ്വാസം, ആശ, സ്ഥിരത മുതലായി അവശ്യംവേണ്ട ഗുണവിശേഷങ്ങളില്ലായിരിക്കാം. അവ ഉണ്ടെങ്കിലും എത്ര ഉള്ളുരുകി പ്രാർത്ഥിച്ചാലും ചിലപ്പോൾ നമ്മുടെ അഭിലാഷം സാധിച്ചില്ലെന്നു് വരാം. അതു് നമ്മുടെ യഥാർത്ഥനന്മയ്ക്കു് ഹാനികരമായിട്ടുള്ളതാണെങ്കിൽ, ആ വാത്സല്യമാതാവിനേപ്പോലെ സ്വർഗ്ഗസ്ഥനായ നമ്മുടെ സ്നേഹപിതാവു് നമുക്കതു് നൽകുകയില്ല. അപ്പോൾ നാം നിരാശരാകാ

തെയും ആവലാതിപ്പെടാതെയും, ആ അരുമക്കുഞ്ഞിനെപ്പോലെ സ്നേഹവിശ്വാസാദികളോടെ നമ്മുടെ സ്വർഗ്ഗീയപിതാവിനെ നാം മനസ്സാ ഗാഢാലിംഗനം ചെയ്യുകയാണ് വേണ്ടത്. എങ്കിലും അതിന്റെ സാക്ഷാൽ കാരണങ്ങൾ ഇപ്പോൾ നാം അറിയുന്നില്ലല്ലോ.

കൂടാതെയും, ചില കർഷകന്മാർ, തുടരെത്തുടരെയുള്ള കൃഷിപ്പിഴകൊണ്ട് സാമ്പത്തികമായി തീരെ അധഃപതിച്ചുപോകുന്നു. ചില വ്യാപാരികൾ അടിക്കടി നഷ്ടം സംഭവിച്ച് ദരിദ്രരായിത്തീരുന്നു. നിസ്സാരന്മാരെന്ന് വിചാരിക്കപ്പെട്ടിരുന്ന ചിലർ, പെട്ടെന്ന് വലിയ ധനവാന്മാരായിത്തീരുന്നു. ശിശുപ്രായത്തിൽത്തന്നെ പല കുട്ടികളും മൃതരായിപ്പോകുന്നു. ചില കുടുംബങ്ങൾക്ക് വംശവിച്ഛേദം വന്നുപോകുന്നു. സുകൃതിനികളും നിരപരാധികളുമായ ഭാര്യമാരേ തെറ്റിദ്ധരിച്ച് ചില ഭർത്താക്കന്മാർ അവരെ ആജീവനാന്തം ദുഃഖസമുദ്രത്തിലാറാടിക്കുന്നു. ഗൌരവതരങ്ങളായ ചില അപ്രതീക്ഷിത സംഭവങ്ങളുണ്ടാകുമ്പോൾ ഇതിന്റെ രഹസ്യം ദൈവത്തിനേ അറിയാൻ പാടുള്ളു എന്നു പറഞ്ഞ് മനുഷ്യൻ കൈമലർത്തിക്കാണിക്കുന്നു. ഇങ്ങനെ എത്രയെത്ര മഹാകാര്യങ്ങളാണ്, പരിമിതബുദ്ധികളായ മനുഷ്യർക്ക് അജ്ഞാതങ്ങളും ദുർഗ്രഹങ്ങളുമായിരിക്കുന്നത്?

ഒരുകാര്യംകൂടിപ്പറഞ്ഞ് ഈ ഭാഗം അവസാനിപ്പിക്കാം. ദൈവത്തിനഹിതങ്ങളായ ഭയങ്കര അക്രമങ്ങളും കൊടിയ പാതകങ്ങളും ചെയ്ത് നരകശിക്ഷയ്ക്കർഹരായിത്തീർന്നിട്ടുള്ള ദുർജ്ജനങ്ങൾ, ആരോഗ്യവാന്മാരും, ഐശ്വര്യവാന്മാരും, കീർത്തിമാന്മാരുമായി സകലവിധ സുഖസമൃദ്ധികളോടുംകൂടി കഴിഞ്ഞുവരുന്നത് ലോകത്തിലിപ്പോൾ നാം കാണുന്നുണ്ടാകും. അതേസമയംതന്നെ സ്വർഗ്ഗഭാഗ്യത്തിനവകാശികളായ സുകൃതീരത്നങ്ങൾ, ദാരിദ്ര്യം, രോഗം, ഞെരുക്കം, നിന്ദ തുടങ്ങിയ പലവിധ കഷ്ടനഷ്ടങ്ങൾക്ക് വിധേയരായും, സദാ ദുഃഖവേദനകൾ അനുഭവിക്കുന്നവരായും നാം കാണുന്നു. ഇതിന്റെയെല്ലാം ന്യായം എന്തായിരിക്കും? ഇവയെല്ലാം മതിയായ കാരണങ്ങളോടും ന്യായങ്ങളോടുംകൂടിയാണ്, പരമസമർത്ഥനായ അഖിലേശ്വരൻ നടത്തിവരുന്നത്. നിരാക്ഷേപവും സ്തുത്യർഹവുമായ ഈ ദൈവപര്യവേക്ഷണം കാണുമ്പോൾ, ഇതിന്റെ കാരണം അ

റിയാത്ത കിഞ്ചിജ്ഞരായ ജനങ്ങൾ ഒരുവിധത്തിൽ സങ്കടം പറയുന്നില്ലേ? ദൈവപരിപാലനം പക്ഷപാതപരമാണെന്നോ, അല്ലെങ്കിൽ ദൈവം ഇതൊന്നും അറിയുന്നില്ലെന്നോപോലും പറയുന്നവരില്ലേ? ഇപ്രകാരമുള്ള ആക്ഷേപങ്ങൾക്കൊന്നിനും സ്ഥാനമില്ലാത്തവിധം പ്രപഞ്ചസമാപനത്തിനുശേഷം, ഇതിന്റെയെല്ലാം ന്യായങ്ങൾ എല്ലാവൎക്കും സുഗ്രഹങ്ങളാകത്തക്കവിധം പൊതുവിധി നടത്തുന്നതും, ഇവിടെ ഖേദവേദനകളനുഭവിച്ച പുണ്യാത്മാക്കൾക്ക് അനശ്വരമായ സ്വൎഗ്ഗീയപരമാനന്ദഭാഗ്യം നൽകുന്നതും എത്രയോ ശരിയും നീതിയുമാകുന്നു.

"ഐശ്വൎയ്യവും മാനവുമൊന്നുമേ നീ
ഭുവിട്ടുപോകുംസമയം വരില്ല.
ജീവിച്ചിരിക്കുംദിനം നടത്തും
പുണ്യൌഘമൊന്നും നിലനില്പതത്രെ."

ഇവിടെ സാധാരണ മനുഷ്യദൃഷ്ടിയിൽ യാതൊരു വിലയുമില്ലാത്ത മൂഢരായി അവഗണിക്കപ്പെട്ടുപോരുന്ന സജ്ജനങ്ങളും, അപരാധികളായി തെററിദ്ധരിക്കപ്പെട്ടുപോരുന്ന സുചരിതരും അപ്പോൾ രാജാധിരാജനായ സൎവ്വേശ്വരനാൽ സ്വീകൃതരായി, അവിടത്തെ വത്സലസന്താനങ്ങളായി എല്ലാവരുടേയും മുമ്പിൽ പരിലസിച്ചുകൊണ്ടിരിക്കും. അതിനാൽ സൎവ്വനന്മയായ ദൈവത്തെ പ്രാപിക്കണമെന്നുകരുതി, ലൌകികങ്ങളായ സുഖബഹുമാനാദി മഹിമകളെ വെറുത്ത്, ദുരാശകളടക്കി, തപസ്സ് മുതലായ സുകൃതങ്ങളനുഷ്ഠിച്ച്, ശാലീനരായി, സന്മാൎഗ്ഗികളായി വൎത്തിക്കുന്ന മഹാത്മാക്കൾ, പാപികളായ ദുർജ്ജനങ്ങളാൽ ഇവിടെ അധിക്ഷേപിക്കപ്പെടാം, അവഹേളിക്കപ്പെടാം. എന്നാലും, ഇവരായിരുന്നു ബുദ്ധിമാന്മാരെന്നും, സൎവ്വാഭിലാഷങ്ങളേയും സമ്പൂൎണ്ണമായി നൽകുന്ന സുഖസന്തോഷങ്ങളേയും, നിത്യപരമാനന്ദഭാഗ്യത്തേയും അനുഭവിക്കാനൎഹതയുള്ളവരെന്നും അവർ അപ്പോൾ കാണും.

"ചെററും തൊരാതെനിത്യം കരളിലധികഭ-
ക്ത്യാദരത്തൊടുവിശ്വം

പോററുംകൎത്താവിനോമൽത്തിരുവടിമലരോ-
ൎക്കുന്ന മൎത്ത്യനുവാക്കിൽ

പററാനെന്തുള്ളൂ? പാരിൽപരമെഴുമഴലും
ഘോരഘോരം വിപത്തും
കാററിൽപ്പെട്ടുള്ള പഞ്ഞിക്കടയൊരുഗതിയെ-
ത്തേടിമായുന്നനൂനം"

ഹാ! ഹാ! ഞങ്ങൾ നീർക്കുമിളക്കു തുല്യം ക്ഷണഭംഗുരങ്ങളായ ലോകബഹുമാനാദികളാൽ കീർത്തിക്കപ്പെട്ടിരുന്നല്ലൊ. പൂമേടകളിലും മണിമന്ദിരങ്ങളിലും ഞങ്ങൾ സസുഖം വസിച്ചിരുന്നല്ലൊ. മലർമെത്തകളിൽ ശയിച്ചിരുന്നല്ലൊ. ഇപ്പോൾ ഞങ്ങൾ സർവ്വേശ്വരൻെറ നീതിയുള്ള സിംഹാസനത്തിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെട്ടിരിക്കുന്നു; നീചനീചരായി നിത്യനരകശിക്ഷക്കു വിധിക്കപ്പെട്ടിരിക്കുന്നു; എന്നു പറഞ്ഞ് അവർ നിഷ്പ്രയോജനമായി വിലപിച്ചുകരയും.

"പാററക്കു തീററിയുമെറുമ്പിനു ഭക്ഷ്യമായും
പററാത്തവന്നിധിസനാതന ദിവ്യഭവ്യം
കണ്ണിന്നുമുമ്പിലതിലാശയെഴാത്തലോകം
മണ്ണിൽകിടന്നു പണിയെത്ര കഴിപ്പിലെന്താം"

അതെങ്ങനെയെന്ന് അല്പം വിവരിക്കാം. പരദ്രോഹങ്ങളും വഞ്ചനകളും പ്രയോഗിച്ച് ധനം സമ്പാദിച്ചവരും, കൌശലത്തിൽ പണാപഹരണം നടത്തിയവരും നിത്യദരിദ്രരായിപ്പോയെന്ന് ഗ്രഹിക്കും; ലോഭികളും, ഭോജനപ്രിയരും. സാധുക്കളോട് അനുകമ്പ കാണിക്കാത്തവരും എന്നും വിശക്കുന്നവരും, ദാഹിക്കുന്നവരും ആയിത്തീർന്നെന്ന് മനസ്സിലാക്കും; കുപിതരും, കാമാസക്തരും, പിശാചുകളുടെ അടിമകളും നിന്ദ്യരുമായിപ്പോയെന്ന് ധരിക്കും; ഈശ്വരപ്രമാണങ്ങളേ നിർഭയം ലംഘിച്ച ധിക്കാരികൾ, ശാപഗ്രസ്തരായെന്ന് ഗ്രഹിക്കും. ഇങ്ങനെ അവർ തങ്ങളേത്തന്നെ കഠിനമായി നിന്ദിച്ചു വെറുക്കും. ഇങ്ങനെ ആ ദുശ്ചരിതർ, തങ്ങളുടെ വികൃതാവസ്ഥകണ്ട് ലജ്ജിച്ച്, ഭയവിഹ്വലരായി, വികാരതരളിതരായി നിലകൊള്ളും. ഇവയെല്ലാം ദർശിക്കുന്ന സച്ചരിതരായ പുണ്യാത്മാക്കൾ, കാരുണ്യപയോധിയായ ദൈവത്തേ അധികമായി സ്തുതിക്കും; ആ ദിവ്യന്യായാധിപനേ അന്തമില്ലാതെ പുകഴ്ത്തും. ഇപ്രകാ

രം സന്മാൎഗ്ഗികളായ വിശുദ്ധാത്മാക്കൾ സ്വൎഗ്ഗത്തിൽ നിത്യപരമാനന്ദഭാഗ്യം അനുഭവിക്കും. അതേസമയംതന്നെ ദുൎമ്മാൎഗ്ഗികളായ ദുരാത്മാക്കളെല്ലാവരും ശാശ്വതമായ നരകത്തിലെ അവൎണ്യങ്ങളായ ദുരിതസങ്കടങ്ങളും അനുഭവിക്കും.

മേൽപ്രകാരം ഉള്ള പൊതുവിധിക്കുശേഷം, ലോകത്തിനു പ്രകാശം നൽകുന്ന സൂൎയ്യ, ചന്ദ്ര, നക്ഷത്രാദി ഗ്രഹങ്ങളും, പഞ്ചഭൂതാദി സകല പദാൎത്ഥങ്ങളും വികാരരഹിതങ്ങളായി അക്ഷയഭാസ്സോടെ നിലകൊള്ളും. ഇതിനേക്കുറിച്ച് സൂക്ഷ്മമായി പരിചിന്തിക്കുന്നപക്ഷം, കാരുണ്യവാരാശിയായ ദൈവത്തിൻെറ സൎവ്വശക്തിത്വത്തിനനുസൃതവും, അന്യൂനവും, വൈപരീത്യമില്ലാത്തതുമായ വിശിഷ്ടരാജ്യമായി ഭൂതലം വിളങ്ങും. ഈ രാജ്യം അക്കാലത്ത് വരാനുള്ളതാകയാൽ, കൎത്താവിൻെറ പ്രാൎത്ഥനയിൽ "നിൻെറ രാജ്യംവരണ"മെന്ന് നാം അഭ്യൎത്ഥിക്കുന്നു. ഈ അൎത്ഥന അപ്പോഴാണ് സമ്പൂൎണ്ണമായി നിറവേറുന്നത്. ഈ ദിവ്യരഹസ്യങ്ങളെല്ലാം എല്ലാവൎക്കും സ്പഷ്ടമായി മനസ്സിലാകുന്നതിനുവേണ്ടി അവസാനവിധിദിവസം എല്ലാവരും ഉയിൎക്കുന്നതിനും ഒരിടത്ത് ഒരുമിച്ചുകൂടുന്നതിനും ദൈവം കനിഞ്ഞിരിക്കുന്നു.

ഇനി അന്ത്യവിധി നടക്കുന്ന സ്ഥലത്തേക്കുറിച്ചുകൂടി ഒരു വാക്ക് പറയാം. "ഞാൻ സകല ജാതികളേയുംകൂട്ടി യോശാപ്പാത്തിൻെറ താഴ്‌വരയിലേക്ക് കൊണ്ടുപോകും" എന്ന് യോയേൽ 3–2–ൽ പറയുന്നുണ്ട്. എങ്കിലും, ജറുസലത്തിനും ഒലിവേത് മലയ്ക്കും മദ്ധ്യേകിടക്കുന്ന യോശാപ്പാത്ത് എന്ന താഴ്‌വരയിൽവച്ചാണ് വിധിനടക്കുന്നതെന്ന് തീൎച്ചയായി പറയാൻ പാടില്ല. കാരണം, "യോശാപ്പാത്ത്" എന്ന നാമത്തിന് വിധികൎത്താവായ ദൈവം എന്നും അൎത്ഥം ഉണ്ട്. അതിനാൽ കൎത്താവിൻെറ ദിവ്യേഷ്ടംപോലെ പൊതുവിധി എവിടെവച്ചും ആകാം എന്ന് ധരിച്ചാൽ മതിയാകുന്നതാണ്.

## അദ്ധ്യായം പത്ത്

### സ്വർഗ്ഗഭാഗ്യം. അതിന്റെ വിവിധ വിശേഷങ്ങൾ.

"അനവരത സമാധാനത്തിനുല്പത്തി ഭൂവായ്
പ്രണയികളുടെ കണ്ണിന്നെപ്പൊഴും പൊൻനിലാവായ്
അതിശയമതിവേലം പൂണ്ടുകൊണ്ടുല്ലസിപ്പൂ
പരമതമമ ദൈവമം ധാമമീശാഭിരാമം."

ഹൈന്ദവപുരാണേതിഹാസങ്ങളിൽ വ്യവഹരിക്കപ്പെടുന്ന സ്വർഗ്ഗം, സാക്ഷാൽ സ്വർഗ്ഗമല്ല. അതുപോലെതന്നെ വൈകുണ്ഠം, കൈലാസം, സ്വർഗ്ഗമെന്നെല്ലാം വ്യവഹരിക്കുന്ന വിവിധ സ്ഥലങ്ങളും, പുനർജന്മവാദവും യഥാർത്ഥജ്ഞാനമില്ലാത്ത അജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങളാണ്. [1] സാലോക്യ, [2] സാരൂപ്യ, [3] സാമീപ്യ, [4] സായൂജ്യാദികളിലും യഥാർത്ഥ സ്വർഗ്ഗഭാഗ്യം അടങ്ങുന്നതല്ല. അവ, നരജീവന്റെ വിനാശത്തിനായി പൂർവ്വമനീഷികളെന്ന് പറയപ്പെടുന്ന പ്രാചീന മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഓരോ കഥകളാണ്. അതിനാൽ യഥാർത്ഥസ്വർഗ്ഗവും, സ്വർഗ്ഗഭാഗ്യവും എന്താണെന്ന് യഥാമതി പ്രസ്താവിക്കാം. ശാശ്വതമായ സകല സുഖാനന്ദങ്ങളും ഉൾക്കൊള്ളുന്ന സ്വർഗ്ഗഭാഗ്യം, അനന്താനന്ദമയനായ ദൈവത്തെ സദാ അഭിമുഖമായി ദർശിക്കുന്നതിലടങ്ങിയിരിക്കുന്നെന്ന് ഒററവാക്കിൽ തീർത്തും പറയാം.

"മർത്ത്യൻതൻ പിതൃദേശമായ ഗഗനേ
ദൈവത്തെ നേരിട്ടുതാൻ
നിത്യംകാണുക, ദൈവശക്തിതനതായ്
കൈക്കൊണ്ടു ജീവിക്കുക
ദൈവത്തോടൊരുമിച്ചിരിക്ക ധനമായ്
ദൈവത്തെയാജ്ജിക്കുക
ദൈവത്തിൽ നിതരാംസുഖിക്ക, യിവതാൻ
സമ്മാനമാനന്ദവും"

---

1) കണ്ടുകൊണ്ടിരിക്കുക. 2) ഒരേ രൂപം പ്രാപിക്കുക. 3) ദേവസാമീപ്യത്തിലിരിക്കുക. 4 ദേവനോടു കലന്നിരിക്കുക.

ഈ അവസരത്തിൽ ഒരു കാൎയ്യം പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. അതു്, എങ്ങനെയാണ്, ഈ മനുഷ്യനേത്രങ്ങൾകൊണ്ടു് സർവ്വവ്യാപിയായ ദൈവത്തെ കാണാൻ സാധിക്കുന്നതെന്നുള്ളതാകുന്നു. സൂൎയ്യപ്രകാശം ഉള്ളപ്പോൾ വൌവാലിന്റെ നയനങ്ങൾക്കു് ഒന്നിനേയും കാണാൻ സാധിക്കുന്നില്ല. അതുപോലെ പ്രകൃത്യാ സൃഷ്ടവസ്തുവായ മനുഷ്യചക്ഷുസ്സുകൊണ്ടു്, സർവ്വനന്മസ്വരൂപനായ ദൈവത്തെ പ്രത്യക്ഷമായി ദർശിക്കുക എന്നതും അസാദ്ധ്യമാണ്. വൌവാലിന്റെ വീക്ഷണഗതിയും സൂൎയ്യപ്രകാശവും തമ്മിൽ യോജിക്കുന്നതല്ല. അതിന്റെ വിലോചനങ്ങൾ സൂൎയ്യനെ നേരിട്ടു ദർശിക്കുന്നതിനു ശക്തങ്ങളുമല്ല. എങ്കിലും ഒരുപക്ഷേ, അതിനു് സൂൎയ്യപ്രകാശം കാണാൻ സാധിച്ചു എന്നിരിക്കട്ടെ. എന്നാൽതന്നെയും അതൊരു അസാധാരണ സംഭവമായിട്ടോ, ഒരുൽകൃഷ്ടനന്മയായിട്ടോ പരിഗണിക്കേണ്ടതുമല്ല. എന്നാൽ ഒരു സൃഷ്ടവസ്തുവായ മനുഷ്യന്റെ ശാരീരികനേത്രംകൊണ്ടു് പരാപരവസ്തുവായ ദൈവത്തെ പ്രത്യക്ഷമായി ദർശിക്കുവാൻ സാധിക്കുന്നെങ്കിൽ, അതു് സ്വഭാവാതീതവും ശ്രേഷ്ഠവുമായ ഒരു വിശിഷ്ടനന്മയായിരിക്കുമെന്നുള്ളതിനു സംശയമില്ല. അതിനാൽ വൌവാലിന്റെ നയനങ്ങൾക്കു് ക്ലേശംകൂടാതെ സൂൎയ്യപ്രകാശം ദർശിക്കുവാനുള്ള ശക്തി ദൈവം നൽകുന്നതിനേക്കാളും, മനുഷ്യരുടെ നഗ്നനേത്രങ്ങൾകൊണ്ടു് തന്നെ ദർശിക്കുവാൻ അവിടന്നു് കനിഞ്ഞാൽ അതു് ഏററവും ശ്രേഷ്ഠമായ ഒരത്ഭുതംതന്നെയായിരിക്കും. എന്തുകൊണ്ടെന്നാൽ, സൂൎയ്യനും വൌവാലും രണ്ടും സൃഷ്ടവസ്തുക്കളാണ്. എന്നാൽ സർവ്വേശ്വരൻ അങ്ങനെയല്ല; അവിടന്നു് അനാദിയായിരിക്കുന്നവനും, അപരിമിതനന്മയുമാകുന്നു. അതിനാൽ നമ്മുടെ ശാരീരികനേത്രംകൊണ്ടു് അവിടത്തെ കാണുക എന്നതു് മനുഷ്യബുദ്ധിക്കതീതവും, ശ്രേഷ്ഠവും ആയ അത്ഭുതംതന്നെയാണ്. തന്നിമിത്തം സർവ്വശക്തനായ ദൈവത്തിന്റെ തിരുവുള്ളപ്രകാരം സ്വൎഗ്ഗഭാഗ്യത്തിലേക്കുയർത്തപ്പെട്ട ശുദ്ധീകൃതനേത്രംകൊണ്ടു് അവിടത്തെ ദർശിക്കാൻ നാം ശക്തരാകുന്നു; അല്ലാതെ ഈ മനുഷ്യദൃഷ്ടികൊണ്ടു് സാദ്ധ്യമല്ല. ഈലോകത്തിൽ പുണ്യാത്മാക്കൾക്കു് വിശ്വാസത്തിന്റെ വെളിച്ചത്തിൽ, ഇരുളിൽ മറഞ്ഞെന്നവിധം ദർശനം നൽകുന്ന അവിടന്നുതന്നെയാണ്, സ്വൎഗ്ഗത്തിൽ പ്രത്യക്ഷദർശനം നൽകിക്കൊണ്ടു്, അവരി

ഹത്തിൽ സഹിച്ച ഞെരുക്കസങ്കടങ്ങൾക്കും സകല കഷ്ടനഷ്ട ങ്ങൾക്കും, പ്രതിഫലമായി ശാശ്വതമായ സകല സുഖാനന്ദ ഭാഗ്യങ്ങളും ആയിരിക്കുന്നതു്. ഈ വസ്തുത വേദവാക്യങ്ങൾ കൊണ്ടുതന്നെ വിശ്വസിക്കാവുന്നതാണു്. അതുപോലെതന്നെ ആ സുകൃതീമണികൾ, അപരിമിതനന്മയായ ദൈവത്തെ പ്ര ത്യക്ഷമായി ദർശിക്കുമ്പോൾ, അവിടത്തെ അനന്തമഹിമകളെ യും ദർശിക്കുന്നു. അവർ ആ പരാപരവസ്തുവിൽ ദൈവികമഹി മകൾ ദർശിക്കുന്നതുമൂലം, നന്മയായിട്ടുള്ള സമസ്തകാര്യങ്ങളിലും അവർക്കു് ലഭിക്കുന്ന ആനന്ദാദിഭാഗ്യാതിരേകത്തെ ഇവിടെ സം ക്ഷിപ്തമായി വെളിപ്പെടുത്താം.

അതെങ്ങനെയെന്നാൽ, ഭൂലോകത്തിൽ ഒരു സാംയാ ത്രികനു് തുല്യനാണല്ലോ മനുഷ്യൻ; അവനു്, അനുമാനശ ക്തിയാലോ, സ്വാഭാവികജ്ഞാനത്താലോ, ഈശ്വരദത്തമായ ദിവ്യദർശനവരത്താലോ ഏതെങ്കിലും വിധത്തിൽ ദൈവത്തെ കാണാൻ സാധിച്ചു എന്നിരിക്കട്ടെ; എന്നാലും അന്ധകാരത്തിൽ ദർശിക്കുന്ന വസ്തുക്കളെപ്പോലെ അസ്പഷ്ടമായി മാത്രമേ അവിട ത്തെ കാണാൻ അവനു സാധിക്കയുള്ളൂ. എന്നാൽ സ്വർഗ്ഗവാ സികൾക്കു ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യക്ഷദർശനം അപ്ര കാരമുള്ളതല്ല. അതു് അവിടത്തെ പ്രത്യേക സഹായത്താൽ ഏററം സ്പഷ്ടമായിത്തന്നെ— ഉള്ളതു് ഉള്ളപ്രകാരംതന്നെ— അവ രുടെ അക്ഷികൾക്കു് ലക്ഷീഭവിക്കുന്നു. അതുകൊണ്ടു് മററു ദർശനങ്ങളെല്ലാം വിവിധങ്ങളായ സൃഷ്ടവസ്തുക്കളുടെ പ്രതി ബിംബനവികല്പത്താൽ ദൈവമാണെന്നു് അവർക്കു് മിത്ഥ്യയാ യി തോന്നുന്നതാണെന്നു് വിചാരിക്കവാൻ പാടില്ല. സ്വർഗ്ഗീയ യോഗ്യത സിദ്ധിച്ച ആ ശുദ്ധീകൃതനേത്രം, ദൈവത്തിന്റെ പ്രത്യക്ഷദർശനത്താൽ, ആ പരാപരവസ്തുവിൽ വിശേഷവി ധിയായി പ്രവേശിക്കുകയാകുന്നു. സൂക്ഷ്മതയേറിയ ശാരീരിക നേത്രംകൊണ്ടു് പകൽസമയത്തു് സൂര്യപ്രകാശം ഉള്ളപ്പോൾ സൂര്യനെ ദർശിക്കുന്നതെങ്ങനെയോ അതിനേക്കാൾ ഉയന്ന തും ഉൽകൃഷ്ടവുമായവിധത്തിൽ ആ ആത്മീയചക്ഷുസ്സു്, ആ പരാപരവസ്തുവായ ദൈവത്തിന്റെ സ്വഭാവരൂപത്തെയും, അ ങ്ങയിൽ അന്തർഭൂതങ്ങളായിരിക്കുന്ന അനന്തമഹിമകളെയും നിതരാം സുസ്പഷ്ടമായി ദർശിക്കുന്നു.

ഇതിനെ അല്പംകൂടി വിശദമാക്കാം. നല്ല പ്രകാശം

ഉള്ളപ്പോൾ നമ്മുടെ നഗ്നനേത്രങ്ങൾകൊണ്ട് സൂര്യബിംബത്തെ നാം കാണുന്നു. എന്നാൽ അതിന്റെ ബാഹ്യാകൃതി മാത്രമേ നമ്മുടെ നയനങ്ങൾക്ക് ഗോചരീഭവിക്കുന്നുള്ളു. അതിൽ അന്തർഭൂതങ്ങളായിരിക്കുന്ന വിവിധ പദാർത്ഥങ്ങളെയും, അതിന്റെ ഗുണവിശേഷങ്ങളെയും കണ്ടുപിടിക്കുന്നതിന് നമ്മുടെ വിലോചനങ്ങൾ അശക്തങ്ങളാകുന്നു. എന്നാൽ നിത്യഭാഗ്യപദവിയിലേക്കുയർത്തപ്പെട്ട ആത്മീയദൃഷ്ടി, തന്നിൽത്തന്നെ തെളിഞ്ഞുവിളങ്ങുന്ന സർവ്വേശ്വരനെ, ബിംബപ്രതിബിംബഭാവത്തിലല്ലാതെ യഥാർത്ഥത്തിൽ പ്രത്യക്ഷമായിക്കാണുന്നു; അവിടത്തെ സ്വയംഭൂത്വം, അനാദിത്വം, സർവ്വനന്മസ്വരൂപത്വം, സർവ്വവ്യാപകത്വം, അനന്തജ്ഞാനം, നീതി, ദയ എന്നിത്യാദി ഗുണവിശേഷങ്ങളെയും അഭിമുഖമായി കണ്ടു ഗ്രഹിക്കുന്നു. നല്ല പകൽസമയത്ത് ഒരു മനുഷ്യൻ, മറ്റൊരു മനുഷ്യനെ ശരിയായിക്കണ്ടറിയുന്നതുപോലെതന്നെ അവിടത്തെ ദൈവസ്വഭാവത്തിലും, അതിന്റെ അനന്തമഹിമകളോടുകൂടിയും അവിടത്തെ കണ്ടറിയുവാൻ സാധിക്കുന്നു. അപ്പോൾ അവിടന്ന്, അവധിയില്ലാത്ത സർവ്വനന്മസ്വരൂപമായ പരാപരവസ്തുവാണെന്നും, അഖണ്ഡമായ ഏക നന്മയാണെന്നും ബോധ്യമാകും. അഖണ്ഡമായ ആ ഏകനന്മതന്നെയാണ്, ലേശംപോലും ഭേദംകൂടാതെ അനന്തജ്ഞാനമായും, സർവ്വശക്തിയായും, കൃപാസാഗരമായും, നിർഭേദമായ നീതി തുടങ്ങിയ സർവ്വനന്മകളുടെയും ആകരമായും വിളങ്ങുന്നതെന്നും സുഗ്രഹമാകും.

കൂടാതെയും, നശ്വരങ്ങളായ സകല പദാർത്ഥങ്ങളുടെയും ഉല്പത്തിക്കും, അവയുടെ പരിമിതങ്ങളായ നന്മകൾക്കും കാരണമായി ദൈവത്തെ അവയിൽ കാണുമ്പോൾത്തന്നെ, നിജാവസ്ഥയിൽ അവിടന്ന് അസൃഷ്ടനും, അനശ്വരനും, അപരിമിത നന്മയുമായിരിക്കുന്നെന്നും കണ്ടു ഗ്രഹിക്കും. തന്നിമിത്തം, സകല സൃഷ്ടവസ്തുക്കളും സർവ്വശക്തനായ ദൈവത്തിൽ അത്യുത്തമമാംവണ്ണം അന്തർഭൂതങ്ങളായിരിക്കുന്നെന്ന തത്വം, സ്വർഗ്ഗവാസികൾ കണ്ടു ബോധിക്കും. അതാവിത്, സർവ്വേശ്വരനാകുന്ന ആ അനന്തശക്തി, സ്വയംഭൂവും, അനാദ്യനും, സർവ്വവ്യാപകനും, നിർവ്വികാരനും, സർവ്വനന്മസ്വരൂപനും, സർവ്വവസ്തുക്കളുടെയും ഉത്ഭവകേന്ദ്രവുമായി പരിലസി

ക്കന്ന വസ്തുത ഗ്രഹിച്ച് സ്വർഗ്ഗവാസികൾ അനവരതം അവിടത്തെ പ്രത്യക്ഷമായി ദർശിച്ചാനന്ദിച്ചുകൊണ്ടിരിക്കും.

ഇതു് ഒരു ചെറിയ ഉദാഹരണംകൊണ്ടു് വിശദമാക്കാം. അനേകം മഹാരോഗങ്ങളെ അത്ഭുതകരമാംവണ്ണം സുഖമാക്കുന്ന ഒരു സിദ്ധൌഷധമുണ്ടെന്നു വിചാരിക്കുക. എന്നാൽ ആ ഔഷധം കണ്ടതുകൊണ്ടുമാത്രം, അതു് ഇന്നിന്ന രോഗങ്ങൾ സുഖപ്പെടുത്തുന്നതാണെന്നോ, അതിൽ അടങ്ങിയിരിക്കുന്ന ഗുണവിശേഷങ്ങൾ ഇന്നതാണെന്നോ അറിയാൻ സാധിക്കുമോ? സാധിക്കയില്ലെന്നുള്ളതു് തീർച്ചയാണു്. അപ്രകാരം കാഴ്ചക്കാർക്ക്, അതിൽ അന്തർഭവിച്ചിരിക്കുന്ന ഗുണവിശേഷങ്ങൾ അറിയാൻ സാധിച്ചില്ലെങ്കിലും, അതിൻെറ ഗുണോല്പാദകശക്തിക്ക് തെല്ലും കുറവില്ലെന്നുള്ളതു് നിർവിവാദമാണല്ലോ. അതുപോലെ സർവ്വേശ്വരൻ അത്യന്താഭാവമായ ശൂന്യാവസ്ഥയിൽനിന്നു് വസ്തുക്കൾക്ക് ഭാവാവസ്ഥയെ പ്രദാനംചെയ്യുമ്പോൾ, ആ പദാർത്ഥസമൂഹങ്ങൾ സർവ്വേശ്വരനിൽ അടങ്ങിയിരിക്കുന്നതായി സ്വർഗ്ഗവാസികൾ കാണുന്നില്ല; എങ്കിലും അവിടത്തെ അതിരററ ശക്തിയുടെ അവർണ്ണനീയ സാധ്യത അവർ കണ്ടുഗ്രഹിക്കുന്നു. കൂടാതെയും, ഏകവരാപരവസ്തുവായ ദൈവത്തിൽ, മനസ്സിനും ബുദ്ധിക്കും അഗോചരമായ വേറൊരു പരമരഹസ്യംകൂടെയും അവർ പ്രത്യക്ഷത്തിൽ കണ്ടറിയുന്നു. യാതൊരു വൈപരീത്യവും വൈവിധ്യവും, അസ്വാഭാവികതയും കൂടാതെ ഏകസത്യദൈവത്തിൽ, പരിശുദ്ധ പരമത്രിത്വത്തെയും ദർശിച്ച് അവർ അത്ഭുതപരതന്ത്രരായും, ആനന്ദപുളകിതരായും ഭവിക്കുന്നു എന്നുള്ളതാകുന്നു.

ഇപ്രകാരം ഉന്നതമായ പ്രകാശപദവിയിലേക്കുയർത്തപ്പെട്ടതിനാൽ പ്രബുദ്ധരായ പുണ്യാത്മാക്കൾ, ദൈവത്തിൻെറ അനന്തങ്ങളായ മഹിമാവിശേഷങ്ങളെ അഭിമുഖമായി ദർശിച്ച്, ആ പരമനന്മയിൽ അന്യൂനഭക്തരായി ആനന്ദതുന്ദിലരായി അധിവസിക്കുമെന്നുള്ളതു് നിസ്സംശയമാകുന്നു. സ്വർഗ്ഗീയമായ വിജ്ഞാനതേജസ്സുകൊണ്ടു് പ്രശോഭിക്കുന്ന ആ നിർമ്മലാത്മാക്കൾ, അപരിമിതനന്മയായ ദൈവത്തിൻെറ അഭിമുഖദർശനത്താൽ ഭക്തിലഹരിയിൽ നിമഗ്നരായി ഭവിക്കുമ്പോൾ തന്നെ, സകല നന്മകളുടെ പരിപൂർണ്ണതയും സമ്പൂർണ്ണതൃപ്തിയും നൽകുന്ന പരമാനന്ദഭാഗ്യത്തെയും അനുഭവിക്കുന്നു. തന്നിമി

ത്തം, സൃഷ്ടവസ്തുവായ ആത്മാവ്, തൻെറ സ്രഷ്ടാവും ആദികാരണവുമായ ആ പരാശക്തിയിൽ മനസ്സിനും ബുദ്ധിക്കും അഗോചരമായ സ്നേഹപാശത്താൽ ദൃഢബന്ധിതമായിത്തീരും. എങ്കിലും അതു്, അഖിലേശ്വരനിൽ ലയിച്ചുപോകയില്ല; സൃഷ്ടവസ്തുക്കൾ, സൃഷ്ടവസ്തുക്കളായിത്തന്നെയിരുന്നാലും തങ്ങളുടെ അസ്തിത്വത്തിനു് ഹേതുവായ ആ പരാപരവസ്തുവിൽ സന്തതമുള്ള അഭിമുഖവീക്ഷണത്താലും, ആ സ്നേഹസ്വരൂപനിലുള്ള ഭക്തി പ്രചുരിമയാലും സ്വർഗ്ഗവാസികൾ ഒരുവിധത്തിൽ ദൈവത്തിൽ ഏകീഭവിച്ചുപോകുമെന്നു പറയാം. എന്നാലും അവരുടെ വ്യക്തിത്വത്തിനു് ഭംഗം വരികയുമില്ല. അവർ അവിടത്തെ ദൈവസ്വഭാവത്തിൽ സ്നേഹിതരും, ദൈവികനന്മകളുടെ അവകാശികളും ആണെന്നും, അവർ സകലേശനെ അനവരതം ദർശിച്ചാനന്ദിച്ചുകൊണ്ടിരിക്കുന്നതിനാൽ അവർ ഒരുവിധത്തിൽ അവിടത്തെപ്പോലെതന്നെ നന്മയായി ഭവിക്കുന്നെന്നും, അവിടന്നു് സകല വസ്തുക്കളുടെയും സ്ഥാനത്തു് സകല വസ്തുക്കളുമായി സ്വർഗ്ഗവാസികളിൽ വിളങ്ങുന്നെന്നും, അവിടന്നു് പ്രകാശത്തിൽനിന്നുള്ള പ്രകാശമായി പരിണമിക്കുന്നെന്നും വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. സ്വയംഭൂവും, അപരിമേയനന്മയുമായ സർവ്വേശ്വരനിൽ സ്വാഭാവികമായിട്ടുള്ള അനന്തങ്ങളായ മഹിമാവിശേഷങ്ങൾ, സ്വർഗ്ഗഭാഗ്യത്തിനായി ഉയർത്തപ്പെട്ടിരിക്കുന്ന വിശുദ്ധാത്മാക്കളും ഒരുവിധത്തിൽ പ്രാപിച്ചിരിക്കുന്നെന്നാകുന്നു മേൽപറഞ്ഞ വേദവാക്യങ്ങളുടെ അന്തരാർത്ഥം.

ഇതു് അല്പംകൂടി വിശദമാക്കുന്നതിനു് സ്വർഗ്ഗവാസികൾക്കു് ലഭിച്ചിരിക്കുന്ന പ്രസാദവരങ്ങളുടെ രീതികളേക്കുറിച്ചു് സ്വല്പം പറയേണ്ടിയിരിക്കുന്നു. ദൈവം സ്വയംഭൂവായിരിക്കുന്നു എന്ന സ്ഥിതി, ദൈവത്തിൻെറ നാനാമഹിമകളിൽവച്ചു് ഒരുവിധത്തിൽ, ഒരു പ്രധാന മഹിമയാണെന്നു പറയണം. തന്നിമിത്തം, മററു സർവ്വനന്മകളും സ്വയമായി തന്നിൽത്തന്നെ ഉണ്ടായിരിക്കുന്നതല്ലാതെ, അവ അന്യവസ്തുവിൽനിന്നു് അവിടത്തേക്കു് സിദ്ധിച്ചിട്ടുള്ളതല്ല. അതിനാൽ സ്വർഗ്ഗവാസികളുടെ പരമാനന്ദഭാഗ്യത്തിൻെറ ഹേതു, സൃഷ്ടവസ്തുക്കളല്ലെന്നും ആ പരാശക്തി മാത്രമാണെന്നും പറയുമ്പോൾ, ആ ഏക പരാപരവസ്തു മാത്രമാണു് സ്വർഗ്ഗവാസികൾക്കു് സർവ്വനന്മയുമായിരിക്കുന്നതെന്നു് സ്പഷ്ടമാകുന്നു. അപ്രകാരം തന്നാൽതാനായി അസ്ത

ഷ്ടനായിരിക്കുന്ന ആ ഏക ദൈവത്തിന്റെ മഹിമകളെ സ്വർഗ്ഗവാസികൾ പ്രാപിക്കുമ്പോൾ അവിടന്നുമാത്രം അവരുടെ സർവ്വഭാഗ്യവുമായിരിക്കുന്നു; അതിനാൽ അവരും ഒരുവിധത്തിൽ സ്വയംഭൂതത്വം എന്ന നന്മയുള്ളവരാകുന്നു എന്നു് പറയേണ്ടിയിരിക്കുന്നു. ഭൂതഭവിഷ്യൽക്കാലങ്ങളിലെ സമസ്തവസ്തുക്കളും, സമസ്തവസ്തുക്കളുടെയും സമൂഹങ്ങളും, അവയുടെ ആദികാരണവും അനന്തജ്ഞാനവുമായ ദൈവത്തെസ്സംബന്ധിച്ചതാകയാൽ അവിടന്നു് തന്നെത്തന്നെ പ്രത്യക്ഷമായികാണുന്നതോടുകൂടി തന്നിൽനിന്നു്തന്നെ സമസ്തവസ്തുക്കളെയും അവിടന്നു് കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെ സ്വർഗ്ഗവാസികളും സർവ്വേശ്വരനെ അഭിമുഖമായി ദർശിച്ചുകൊണ്ടിരിക്കുന്നതിനാൽ സകലവസ്തുക്കളെയും അങ്ങയിൽത്തന്നെ അവർ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നു. അതിനാൽ ഇപ്രകാരമുള്ള അവരുടെ അന്യൂനമായ ജ്ഞാനം, ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തെ പരിമിതമായി അനുഗമിക്കുന്നു എന്നു പറയണം.

സത്യസ്വരൂപനായ സർവ്വേശ്വരൻ, യാതൊരു തെററിദ്ധാരണകൾക്കും വശംവദനാകാതെ സമസ്തവസ്തുക്കളെയും തന്നിൽത്തന്നെ യഥാവിധം കണ്ടറിഞ്ഞുവരുന്നു. അതുപോലെ സ്വർഗ്ഗവാസികളും പരമസത്യമായ അഖിലേശ്വരനിൽ തങ്ങളെ സംബന്ധിച്ചവയെല്ലാം കണ്ടറിയുന്നു; അതുകൊണ്ടു് ഒന്നിലും അവർ വഞ്ചിക്കപ്പെടുകയില്ല. കൂടാതെയും ദൈവമായ കർത്താവു്, സർവ്വനന്മസ്വരൂപമായ തന്നെ, സ്വയം കണ്ടറിഞ്ഞു ആനന്ദിച്ചുകൊണ്ടിരിക്കുന്നതിനാൽ അവിടന്നു് പരമാനന്ദസ്വരൂപമാണെന്നും സിദ്ധിക്കുന്നു. അങ്ങനെ സ്വർഗ്ഗവാസികളും സർവ്വേശ്വരനെ പ്രത്യക്ഷമായി ദർശിച്ചുകൊണ്ടിരിക്കുന്നതിനാൽ, അവർ സർവ്വതിലും സംതൃപ്തി നൽകുന്ന പരമാനന്ദഭാഗ്യം അനുഭവിക്കുന്നു. ആ ആനന്ദാനുഭവംമൂലം സ്വർഗ്ഗവാസികൾ ഒരുവിധത്തിൽ അഖിലേശ്വരനു് തുണയായിരിക്കുന്നെന്നും പറയേണ്ടിയിരിക്കുന്നു. അതിനാൽ സ്വർഗ്ഗവാസികൾ ദൈവത്തിന്റെ പരമാനന്ദത്തിൽ സഹകരിക്കുന്നെന്നു് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. കൂടാതെയും സർവ്വശക്തനായിരിക്കുന്ന ഈശ്വരൻ, തന്റെ അനന്തശക്തിയാൽ സകല വസ്തുക്കളെയും സൃഷ്ടിച്ചു് രക്ഷിച്ചുവരുന്നതിനേക്കുറിച്ചു് ചിന്തിക്കുമ്പോൾ, അവിടത്തോടൊന്നിച്ചു സഹകരിക്കുന്ന സ്വർഗ്ഗവാസികൾ അവിടന്നു് നട

ത്തുന്നതിനെയെല്ലാം പൂൎണ്ണമായി അംഗീകരിച്ചുവരികയാണു്; അതിനാൽ ആ അംഗീകാരംനിമിത്തം സൎവ്വേശ്വരനോടുകൂടെ സകലതിനേയും അവരും ഭരിച്ചു നടത്തുകയാണെന്നു് പറയേണ്ടിയിരിക്കുന്നു. അതിനാൽ അവിടത്തെ അനന്തശക്തിയേ സംബന്ധിച്ചിടത്തോളം സ്വൎഗ്ഗവാസികളും തങ്ങളുടെ ഭാഗം അഖിലേശ്വരനു് തുണയായിരിക്കുന്നെന്നുള്ളതു് സ്വീകാൎയ്യമാകുന്നു.

കൂടാതെയും ദൈവം, സൎവ്വനന്മസ്വരൂപനായിരിക്കുന്നതുകൊണ്ടു് അവിടത്തേക്കു് പാപാധീനനാകുക സാദ്ധ്യമല്ല. അതുപോലെ സ്വൎഗ്ഗവാസികളും അവിടത്തെ പരമനന്മയനുഭവിച്ചു് ദൈവഭക്തിയിൽ സ്ഥിരമായി നിലനില്ക്കുന്നതുകൊണ്ടു് കൎത്താവിനു വിരോധമായി എന്തെങ്കിലും ഇച്ഛിക്കുന്നതിനോ, അല്പപാപംപോലും ചെയ്യുന്നതിനോ തീൎച്ചയായും സാധിക്കയില്ല. മാത്രമല്ല, അനന്തപരമാനന്ദസ്വരൂപനായിരിക്കുന്ന അവിടത്തേക്കു് രോഗം, ദുഃഖവേദനകൾ തുടങ്ങിയ പീഡകളോ മനഃശല്യങ്ങളോ യാതൊരു കാരണവശാലും ഉണ്ടാകുന്നതല്ല. അതുപോലെ കൎത്താവിന്റെ പരമാനന്ദത്തിൽ പ്രവേശിച്ചിരിക്കുന്ന സ്വൎഗ്ഗവാസികൾ കരകാണാത്ത സന്തോഷാനന്ദസാഗരത്തിൽ നിമഗ്നരായിരിക്കും. തന്മൂലം ഒരല്പദുഃഖമോ രോഗവേദനകളോ സ്വൎഗ്ഗവാസികളെ സമീപിക്കപോലും ചെയ്കയില്ല. അത്രയുമല്ല, തന്നാൽതാനായിരിക്കുന്ന ദൈവം, നിത്യനും നിൎവ്വികാരനും നീതിസ്വരൂപനും ആയി എന്നെന്നും നിലനിന്നു് വിരാജിക്കുന്നതുപോലെ സ്വൎഗ്ഗവാസികളും അവിടത്തെ അഭിമുഖമായി ദൎശിച്ചു്, അവിടത്തെ കൃപയുള്ള തിരുവുള്ളപ്രകാരം രോഗവേദനമരണസങ്കടങ്ങളൊന്നും തീണ്ടാതെ നിൎവ്വികാരരായും ഏകാഗ്രചിത്തരായും നിത്യമായി സ്വൎഗ്ഗീയഭാഗ്യങ്ങളനുഭവിച്ചു് വിളങ്ങിക്കൊണ്ടിരിക്കും. എങ്കിലും അവർ, ദൈവത്തിൽ ലയിച്ചുപോകാതെയും, സൃഷ്ടവസ്തുക്കൾക്കുള്ള അപൂൎണ്ണതകൾക്കൊന്നിനും വശംവദരാകാതെയും, അവക്കു് സ്വാഭാവികമായി ലഭിച്ചിരിക്കുന്ന അനന്തമഹിമയുള്ള വിശേഷനന്മകളോടുകൂടി നിലനില്ക്കും.

ഇതു് ഒരുദാഹരണംകൊണ്ടു് വിശദമാക്കാം. പഞ്ചലോഹങ്ങളിൽ ഒന്നാണല്ലോ ഇരുമ്പു്. അതിനു പ്രകൃത്യാ ഉള്ള ഗുണവിശേഷങ്ങളേക്കുറിച്ചു് പരിചിന്തിച്ചാൽ, അതിനു് അഞ്ചു

വിധ ഗുണങ്ങളുണ്ടെന്നു് തെളിയും. കറുത്തവൎണ്ണം, തണുപ്പ്, കടുപ്പം, ദൃഷ്ട് അല്ലെങ്കിൽ തുരുമ്പ്, ഭാരം അല്ലെങ്കിൽ ഘനം. ഈ പഞ്ചഗുണങ്ങളോടുകൂടിയ ഇരുമ്പ് അഗ്നിപോലെ ചുമക്കുന്നതുവരെ ഉലയിൽവച്ചു പഴുപ്പിച്ചാൽ അതു് ദ്രവമായിപ്പോകയില്ല; എന്നു മാത്രമല്ല, കറുപ്പുനിറം തുടങ്ങി ഇരുമ്പിനു സഹജമായുള്ള ഗുണങ്ങളൊന്നും അവശേഷിക്കുകയുമില്ല; മാത്രമല്ല, അഗ്നിക്കുള്ള സ്വാഭാവികഗുണങ്ങൾ മാത്രം കാണപ്പെടുകയും ചെയ്യും. ഇതുപോലെ മനുഷ്യാത്മാവ്, കറുത്തവൎണ്ണത്തിനു സദൃശമായ അജ്ഞാനവും, ഈശ്വരഭക്തിരാഹിത്യം എന്ന ശൈത്യവും, പാപമാകുന്ന തുരുമ്പും, ദൈവഹിതം അനുസരിക്കായ്ക എന്ന കടുപ്പവും, ലൌകികവസ്തുക്കളിലുള്ള ക്രമമററ ആശ എന്ന ഭാരവുംകൊണ്ടു് ഇരുമ്പിനുതുല്യമായി കാണപ്പെടുന്നു. ഇപ്രകാരമുള്ള ആത്മാവ്, സ്വൎഗ്ഗത്തിൽ പ്രവേശിച്ച് ദൈവദൎശനം ലഭിച്ചുകഴിയുമ്പോൾ, അഗ്നിയിൽ സംശോധിച്ച ഇരുമ്പുപോലെ ദൈവസ്നേഹാഗ്നിമൂലം കറുപ്പുനിറത്തിനു തുല്യമായ അജ്ഞാനമുഴുവനും ബഹിഷ്കരിക്കപ്പെട്ടുപോകും. പകരം വിജ്ഞാനശോഭകൊണ്ടു് സമ്പന്നമായി ഭവിക്കും. ദൈവഭക്തി ഇല്ലായ്ക എന്ന ശൈത്യഗുണം മുഴുവനും വേർപെട്ടുപോകും. തൽസ്ഥാനത്തു് ഈശ്വരഭക്തി സ്ഥലംപിടിക്കയും, കൎത്താവിന്റെ ചിത്തത്തിനു് കീഴ്‌വഴക്കമുള്ളതായി ഭവിക്കയും ചെയ്യും. കടുപ്പം തുടങ്ങിയ സകലതും അതിനോടേ നിഷ്കാസനം ചെയ്യപ്പെട്ടുപോകുമെന്നുള്ളതു് നിസ്തൎക്കമാകുന്നു.

കൂടാതെയും, മേൽപ്രകാരമുള്ള ഈശ്വരഭക്തിമൂലം സ്വൎഗ്ഗവാസികൾ അവിടത്തേക്ക് അനിഷ്ടമായിട്ടുള്ള യാതൊന്നും ഇച്ഛിക്കാതെ അവിടത്തേക്ക് പ്രകൃഷ്ടയായിട്ടുള്ള കാൎയ്യങ്ങൾ മാത്രം അവശ്യം അപേക്ഷിക്കും. പാപമോ, പാപലേശമോ അവരിലേക്കേശുകയില്ല. ഏതന്മൂലം, സർവ്വദാ നന്മയേ അഭിലഷിച്ച് അതിൽത്തന്നെ സ്ഥിരമായി നിലനില്ക്കും. അതിനാൽ ആ വിശുദ്ധാത്മാക്കൾ ദൈവവരപ്രസാദങ്ങൾകൊണ്ടു് എന്നെന്നും അലംകൃതരായി ശോഭിക്കും. അവർ ഭൌമികമായ യാതൊന്നിനേയും ആഗ്രഹിക്കയില്ല. അത്യുന്നത നന്മയായ ആ പരാപരവസ്തുവിൽ അവരുടെ ആശാവല്ലി പടൎന്നു കയറി വിശ്രമംകൊള്ളും. അപ്പോൾ അവരുടെ ഭാരമെല്ലാം അകന്ന്

ദൈവത്തിൻെറ പ്രസാദവരത്താലുളവാകുന്ന ലാഘവം പ്രാപിക്കാം.

ഒരു മനുഷ്യനു്, ഇതിലുപരി അപേക്ഷണീയമായിട്ടെന്താണുള്ളതു്? ഇതിനേക്കാൾ അഭിലഷണീയമായിട്ടു് യാതൊന്നും ഇല്ല. അതിനാൽ ഈ ഭാഗ്യാവസ്ഥ സ്വർഗ്ഗവാസികളുടെ ആഗ്രഹത്തെ പരിപൂർണ്ണമായി സംതൃപ്തിപ്പെടുത്തുന്നു. അപൽശങ്കയില്ലാത്ത ഈ ഭാഗ്യസ്ഥിതിയിൽ അവരെന്നെന്നും നിലനില്ക്കുമെന്നുള്ള ബോധംതന്നെ അവർക്കു് സമ്പൂർണ്ണസൌഭാഗ്യവും പരിപൂർണ്ണ ചാരിതാർത്ഥ്യവും നൽകുന്നു. മനസ്സിനും ബുദ്ധിക്കും അചിന്ത്യമായ സുഖാനുഭൂതിയും പരമാനന്ദവും പ്രദാനംചെയ്യുന്നു. അതവരുടെ പരമഗതിയും പരമാന്ത്യവും ആയി ഭവിക്കുന്നു. അല്ലാതെ ആത്മനാശത്തിനായി കണ്ടുപിടിച്ചിട്ടുള്ള അജ്ഞന്മാരുടെ കല്പിതകഥകളിൽ പറയുന്നപോലെയുള്ള സ്വർഗ്ഗം, വൈകുണ്ഠം, കൈലാസം എന്ന അശുദ്ധഭോഗസ്ഥലങ്ങളോ, സാലോക്യ, സാരൂപ്യ, സാമീപ്യ, സായൂജ്യാദി പദവികളോ ഇല്ലെന്നുള്ളതാകുന്നു യാഥാർത്ഥ്യം.

ഒടുവിൽ, സ്വർഗ്ഗവാസികളെ സംബന്ധിച്ച് ഒരു സംഗതികൂടി വിശേഷാൽ എടുത്തുപറയേണ്ടതായിട്ടുണ്ടു്. അവർ ദൈവത്തിൽ ഏററം ഭക്തരായിരിക്കുന്നു. അവർക്കു്, അവിടന്നു് തന്നെ സമസ്ത സമ്പത്തുകളും സർവ്വഭാഗ്യങ്ങളും ആകുന്നു; അവിടന്നുതന്നെ അവർക്കു് സകല വസ്തുക്കളും സകല സുഖങ്ങളുമാകുന്നു. അവർ അനേകം മഹിമയേറിയ പ്രസാദവരങ്ങൾ പ്രാപിച്ചിരിക്കുന്നു. ഇങ്ങനെ, അവിടത്തെ കൃപനിറഞ്ഞ തിരുവുള്ളപ്രകാരം സമസ്തനന്മകളും അവരനുഭവിച്ചുവരുന്നു. ഇവയെല്ലാംകൊണ്ടും, സർവ്വനന്മസ്വരൂപനും കൃപാസമുദ്രവുമായ ദൈവത്തെ അധികമധികമായി സ്നേഹിക്കുന്നതിനും സ്തുതിക്കുന്നതിനും അവർ കഴിവുള്ളവരായിത്തീരുന്നു. ഈ നിലയിലാണ് അവർ അതിരററു സന്തോഷിക്കുന്നതു്. അല്ലാതെ, അനവധി ഭാഗ്യനന്മകൾ പ്രാപിച്ചതുകൊണ്ടുമാത്രം അവർ സന്തുഷ്ടചിത്തരായി ഭവിക്കുന്നെന്നു പറഞ്ഞുകൂടാ. അഖിലേശ്വരൻമാത്രം അവർക്കു് സർവ്വനന്മയുമാകുന്നു. അതുകൊണ്ടു് അവിടന്നുമാത്രമാണ്, അവർക്കു് സ്വർഗ്ഗഭാഗ്യവും സർവ്വാനന്ദപദാർത്ഥങ്ങളും എന്ന വേദവാക്യം അന്വർത്ഥമത്രെ. ഒരു കാര്യംകൂടി പറഞ്ഞു് ഈ ഭാഗം അവസാനിപ്പിക്കാം.

സുകൃതജീവിതത്തിൻെറ അന്ത്യമാണ് സ്വർഗ്ഗഭാഗ്യം. ആ അന്ത്യം പ്രാപിച്ച പുണ്യാത്മാക്കൾ, ദൈവഭക്തിയിൽ സ്ഥിരചിത്തരായി നിലനില്ക്കും. ബലഹീനരേപ്പോലെ സർവ്വേശ്വരനഹിതമായ ഒരല്പപാപംപോലും ചെയ്യാൻ അവക്ക് സാധിക്കയില്ല. കാരണം, പാപം എന്താണെന്നവരറിയും. അതിനാൽ അവർ എന്നെന്നേയ്ക്കും സർവ്വേശ്വരഭക്തരായിരിക്കും. തൻമൂലം അവർ അവിടത്തെ അഭിമുഖമായി ദർശിക്കും; ആ ദർശനത്താൽതന്നെ അവർ സർവ്വ സ്വർഗ്ഗീയാനന്ദഭാഗ്യങ്ങളും ശാശ്വതമായനുഭവിക്കും. സ്വർഗ്ഗഭാഗ്യത്തിൻെറ സ്വഭാവത്തേക്കുറിച്ച് ഇനിയും കൂടുതലായി വളരെപ്പറയുവാനുണ്ട്. എത്ര പറഞ്ഞാലും അതവസാനിക്കയില്ല.

"ദിവ്യാനന്ദംലസിക്കും വസതിയെവിടെ
യാരെന്തുവർണ്ണിപ്പുപാർത്താ-
ലവ്യക്തം; ശുദ്ധശൂന്യം നരനുടെമൊഴിയും
ഭാഷയും ശുഷ്കതാനും
ആ ഭവ്യംകണ്ടകണ്ണോ പരമതുപറയും
ജിഹ്വയോ കേട്ടകാതോ
ഇബ് ഭുവിൽ ദൃശ്യമാവില്ലനുപമ വിഭവം
ചാരുസായുജ്യബന്ധം."

---

## അദ്ധ്യായം പതിനൊന്ന്

## നരകം

### അതിലെ നാനാതര പീഡകൾ.

ലോകത്തിൽ ജീവിക്കുന്ന സകല മനുഷ്യരും സഞ്ചരിക്കുന്ന വഴി രണ്ടായി പിരിയുന്നതാണെന്ന് തീർച്ചയായും പറയാം. അവ, സന്മാർഗ്ഗമെന്നും ദുർമ്മാർഗ്ഗമെന്നും രണ്ടു നീണ്ട പാതകളാണ്. ഇവിടെ അല്പം ശ്രദ്ധാപൂർവ്വം ചിന്തിക്കണം. മനുഷ്യൻ ഭൂമിയിൽ അധിവസിക്കുന്ന കാലത്തോളം അവൻ

വെറുമൊരു യാത്രക്കാരനു തുല്യനാണ്. ആ യാത്രക്കാരനായ മനുഷ്യന് ഇടത്തേക്കോ വലത്തേക്കോ തിരിഞ്ഞുപോകുന്നതിനു കഴിവുണ്ട്. അതുപോലെ അവൻ, ഇഷ്ടമുള്ള ഏതു വഴിയിൽക്കൂടെ സഞ്ചരിക്കുന്നതിനും സ്വാതന്ത്ര്യമുള്ളവനാകുന്നു. അതിനാൽ അവന് സൽപഥത്തെയൊ ദുഷ്പഥത്തെയൊ യഥേഷ്ടം സ്വീകരിക്കാം. ഈ രണ്ടു മാർഗ്ഗങ്ങളിൽ ഒരെണ്ണം സ്വർഗ്ഗത്തിലേക്ക് പോകുന്നു. മറെറാന്നാകട്ടെ, നരകത്തിലേക്ക് പോകുന്നതാണ്. മനുഷ്യൻെറ ജീവിതാന്ത്യമാകുന്ന മരണത്തോടുകൂടി അവൻെറ യാത്രയും അവസാനിക്കുന്നു. അതിനാലവൻ, ആത്മീയമായി ഏതു സ്ഥിതിയിലിരിക്കുമ്പോൾ— ഏതുവഴിയിലായിരിക്കുമ്പോൾ— മരണമടയുന്നുവോ, ആ സ്ഥിതിക്കനുസരണമായ പരമാന്ത്യം, സ്വർഗ്ഗമോ നരകമോ പ്രാപിക്കുമെന്നുള്ളതു് നിസ്തർക്കമാകുന്നു.

അപ്രകാരംതന്നെ, അനേകംനാൾ അപഥസഞ്ചാരം ചെയ്തു് പാപിയായി വർത്തിച്ചവൻ, ആ പാപത്തെ വെറുത്തു് ഈശ്വരഭക്തനായി കാലഗതി പ്രാപിക്കുന്നെങ്കിൽ, നിശ്ചയമായും ആ മരണം അവൻെറ പരമാന്ത്യമാകുന്ന സ്വർഗ്ഗലാഭത്തിനു് കാരണമാകും. അതുപോലെതന്നെ ഒരുത്തൻ അനേകവർഷം സന്മാർഗ്ഗിയായി ജീവിച്ചശേഷം ഒടുവിൽ, കഠിനപാപത്തിലുൾപ്പെട്ടു് ഈശ്വരദ്രോഹിയായിത്തീന്നാൽ അവൻെറ മരണം, നരകമാകുന്ന പരമാന്ത്യത്തെ അർഹിക്കുന്നതായിരിക്കും. ഇവയെല്ലാം കൃപയുള്ള ദൈവത്തിൻെറ എത്രയോ നീതിപൂർവ്വകങ്ങളായ ക്രമങ്ങളാണ്. ഉഴുക, വിതയ്ക്കുക, നടുക ആദിയായവയെല്ലാം യഥാകാലം ചെയ്യില്ലെങ്കിൽ കൊയിത്തുകാലത്തു് പതിരായിപ്പോകുന്നതു് പിന്നീടു നെന്മണിയാകയില്ലല്ലൊ. യഥാകാലം യഥാവിധി ചെയ്യുന്ന കൃഷി ഫലസമൃദ്ധമായി ഭവിക്കുമെന്നുള്ളതിനു സംശയമില്ല. അപ്രകാരം മനുഷ്യൻ ഭൂമിയിൽ വസിക്കുന്ന കാലംമുഴുവനും ഏററം ജാഗ്രതയുള്ള കൃഷകനേപ്പോലെ ഏതെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും എത്രയേറെ പ്രയാസങ്ങളും ഞെരുക്കസങ്കടങ്ങളും സഹിക്കേണ്ടിവന്നാലും സൽപഥത്തിൽതന്നെ സ്ഥിരനിഷ്ഠനായി ചരിക്കണം. അല്ലെങ്കിൽ, കൊയിത്തുകാലത്തു് ആ നെൽപതിരുകളേപ്പോലെ, മരണസമയത്തു് നരകാഗ്നിയിലേക്ക് എറിയപ്പെടും.

"അയ്യയ്യോ!! കാണ്മതെന്തിപ്പട്ടകുഴി! കഠിനം!
പാരിടഞ്ഞതന്ധകാരം
ചെയ്യുന്നോ! ഭീതഴയ്ക്കും പരിസരമെരിയു
ന്നെന്തുഘോരാട്ടഹാസം!
മെയ്യിൽത്തീയും ധരിച്ചീ നരനിവനിതിലോ
സർവ്വപീഡയ്ക്കരങ്ങായ്
ചെയ്യും വൻഗോഷ്ഠികാണ്മാനരുതു! മിഴികൾപോ
രാതെനിന്നീടുമെന്നും."

അതിനാൽ ആ നരകത്തേക്കുറിച്ചാണ്, ഇനി അല്പം പ്രതിപാദിക്കാനുദ്യമിക്കുന്നത്. അതിരില്ലാത്ത തീക്കടലായ നരകത്തെയും, അതിലെ ദുരന്തങ്ങളായ ദുരിതവേദനകളെയുംകുറിച്ച് യഥാവിധം വിവരിക്കുവാൻ ആർക്കും സാധിക്കയില്ല. പരിമിതബുദ്ധികളായ മനുഷ്യർ എങ്ങനെ അതു വർണ്ണിക്കും!! അതിനാൽ ചില സംഗതികൾ ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു. നാം എത്ര വിസ്തരിച്ചു പറഞ്ഞാലും അതില്യമുപരിയായ പലവിധം കഠോരപീഡകൾ നരകത്തിലുണ്ടെന്ന് ആദ്യമേ ധരിച്ചിരിക്കുന്നതുകൊള്ളാം. അതിനേക്കുറിച്ച് ഒരല്പജ്ഞാനമെങ്കിലും ഉണ്ടാകുന്നതിനുവേണ്ടി നമുക്ക് മൂന്നു പ്രധാന സംഗതികളേപ്പററി ചിന്തിക്കാം. ഒന്ന്, നരകയാതനകൾ എത്രതരത്തിലുണ്ടാകാം? രണ്ട്, അശരീരികളായ പിശാചുകളും ദുർഭഗരായ മനുഷ്യാത്മാക്കളും അഗ്നിയാൽ പീഡിപ്പിക്കപ്പെടുന്നതെങ്ങനെ? മൂന്ന്, നരകപ്രാപ്തരായവർ അതിൽ അധിവസിക്കേണ്ടതു് എത്ര കാലത്തേയ്ക്കാണ്? പാപികൾ തങ്ങളുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ അഹങ്കാരത്താൽ നിന്ദിക്കയും, അരോചകങ്ങളായ അശുദ്ധ പാപങ്ങളിൽ മുഴുകി, തങ്ങൾക്ക് സംപ്രാപ്യമായിരുന്ന സ്വർഗ്ഗീയഭാഗ്യം നഷ്ടപ്പെടുത്തുകയും ചെയ്തു. ഒടുവിൽ, സർവ്വേശ്വരൻെറ നീതിപൂർവ്വകമായ കോപത്തിന്നിരയാകുകയും, നിഷ്ഠുരബാധകളനുഭവിക്കുന്നതിന്, ഏററം നീചനീചവും അധമാധമവും ആയ ആ ദുർഭഗസ്ഥലത്തേക്ക് പരിത്യജിക്കപ്പെടുകയും ചെയ്യുമ്പോൾ അവരുടെ മനഃസ്ഥിതി എന്തായിരിക്കുമെന്നു് അല്പം ഒന്നു ചിന്തിച്ചുനോക്കണം.

ഇതിനോടുകൂടി നരകാഗ്നിയുടെ കഠോരബാധ, തീവ്ര

മായ അന്ധകാരത്തിൻെറ ഉപദ്രവം, നശിക്കാത്ത കൃമികളെ പ്പോലെ സദാ പീഡിപ്പിക്കുന്ന മനഃശല്യം, ശാശ്വതമായ സ്വർഗ്ഗഭാഗ്യം കൈവെടിഞ്ഞതിലുള്ള തീരാദുഃഖം, ഒരിക്കലും മോചനമില്ലെന്നുള്ള ശരണക്കേട്ട് ഇവയോരോന്നിനേക്കുറിച്ചും യഥാക്രമം ചിന്തിക്കാം. വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ പ്രകാരം, നരകാഗ്നിയുടെ അത്യുഗ്രമായ ചൂടിനോട്ട് താരതമ്യ പ്പെടുത്തിയാൽ ഭൂമിയിലെ അഗ്നി, നരകാഗ്നിയുടെ ഛായ പോലും ആകയില്ല. എന്തുകൊണ്ടെന്നാൽ, ഭീകരമായ നരകാഗ്നിക്ക് പ്രകാശമില്ല; അത് അരൂപികളായ ദുരാത്മാക്കളെ ക്രൂരമായി ശിക്ഷിക്കുന്നതിനുവേണ്ടിമാത്രം സർവ്വശക്തനായ ദൈവത്താൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്; അത്, ഇന്ധനാപേക്ഷകൂടാതെ നിത്യമായി നിലനിന്നു കത്തിക്കാളുന്നതാണ്; ആ തീ, യാതൊരു കാരണവശാലും കെട്ടുപോകുന്നതല്ല; മാത്രമല്ല, അത് അനന്തനീതിമാനായ ദൈവത്തിൻെറ തിരുവുള്ളപ്രകാരം ശിക്ഷാകർമ്മം നിർവ്വഹിക്കുന്നതിനായിമാത്രം സൃഷ്ടമായ അവിടത്തെ ശക്തിയേറിയ ഉപകരണമാണ്; സ്വർഗ്ഗവാസികൾ, ദൈവഭക്തിയിൽനിന്നു ജ്വലിക്കുന്ന ദൈവസ്നേഹതീക്ഷ്ണതയാൽ മനുഷ്യബുദ്ധിക്കതീതമായ പരമാനന്ദഭാഗ്യം അനുഭവിക്കയാണല്ലൊ. നേരേമറിച്ച്, അപ്രകാരമുള്ള സമ്പൂർണ്ണസൌഭാഗ്യം, തങ്ങളുടെ സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിച്ചു നഷ്ടപ്പെടുത്തിയ പാപികൾ, ദൈവത്തിൻെറ നീതിപൂർവ്വകമായ കോപത്താൽ, അത്യുഗ്രമായി ജ്വലിക്കുന്ന നരകവഹ്നിയിൽ പതിക്കപ്പെട്ട് അനന്തകാലം ദഹിക്കാതെ ദഹിക്കുകയാകുന്നു. ഇത് അവിടത്തെ അഭേദമായ നീതിക്ക് സർവ്വഥാ യോഗ്യമായ ശിക്ഷതന്നെ.

കൂടാതെയും, ആ നിർഭാഗ്യപാപികൾ അവർണ്ണ്യമായ നരകാഗ്നിയുടെ അതിഘോരമായ ചൂടേററ് അവധിയില്ലാത്ത പീഡകൾ അനുഭവിക്കും. ഇതിൻെറ കാരണം, അവർ ദൈവഭക്തിയിൽനിന്നൽഭൂതമാകുന്ന ദൈവസ്നേഹാഗ്നിയെ വെറുത്തതും, പാപഫലമായ കഠോരാഗ്നിയിൽ നിപതിക്കത്തക്കവണ്ണം പ്രയത്നിച്ചതുംതന്നെ. ഈ കഠിന ചൂടനുഭവിക്കുമ്പോൾ, അവർക്ക് അസഹനീയമായ ഘോരശൈത്യം അനുഭവപ്പെടുന്നത്, ഒരു വിരോധാഭാസമായി തോന്നാം; അല്ലെങ്കിൽ വെറും അതിശയോക്തിയായി തോന്നാം; എങ്കിലും അതു പരമാർത്ഥമാകുന്നു.

അതവരർഹിക്കുന്ന ന്യായാനുസരണമുള്ള ശിക്ഷയുമത്രെ. ഒരിക്കലും ഒരുവിധത്തിലും ഒരാശ്വാസവും ലഭിക്കാതിരിക്കത്തക്കവണ്ണം ദൈവശാപമേററ അ മഹാപാപികൾ ആ കഠോരാഗ്നിയിൽകിടന്നു് നിഷ്ഠുരവേദനകൾ സഹിക്കുമ്പോൾ, ദുസ്സഹമായ തണുപ്പുകൊണ്ടു് വല്ല ശാന്തിയും ഉണ്ടാകുമെന്നു് വിചാരിക്കുന്നെങ്കിൽ അതു് പരമാബദ്ധമാകുന്നു. മരച്ചുകോച്ചുന്ന ഉഗ്രമായ ശീതബാധയനുഭവിക്കുമ്പോൾ, അതിൽ അസഹനീയമായി ഘോരാഗ്നിയിൽ വേകുന്നതാണു് നല്ലതെന്നു് അവർ വിചാരിക്കും. ഇങ്ങനെ തീവ്രമായ അന്ധകാരത്താൽ വലയം ചെയ്യപ്പെട്ടും, ഒരേസമയത്തു് കഠോരചൂടും ദുസ്സഹ തണുപ്പും ഏററുകിടക്കുന്ന ആ മൂർഖപാപികൾ, തങ്ങൾക്കു് അടിക്കടി ദുഃഖവേദനകൾ വർദ്ധിച്ചുപെരുകിവരുന്ന നൂതനരീതികൾ കണ്ടു് പരിതപിക്കും; കരയും. എന്തു ഫലം! ആരു കാണാൻ? ആരു സഹതപിക്കാൻ? ഇങ്ങനെയല്ലാതെ ഒരു ക്ഷണനേരത്തേക്കെങ്കിലും ആശ്വാസത്തിൻെറ കിരണങ്ങൾ അവരിൽ പ്രവേശിക്കയില്ല. എന്നു മാത്രമല്ല, ദൈവഹിതാനുസരണം വർത്തിക്കുന്നതിനുവേണ്ടി അവിടന്നു് സമയം നൽകിയിട്ടുള്ള ന്യായപ്രമാണങ്ങളെ അഗണ്യങ്ങളായി തിരസ്കരിച്ചതിനാൽ, ഒന്നിലും നീതിന്യായങ്ങളറിയാത്ത പരിഭ്രാന്തികളോടേ അവർ സകലതും വിപരീതങ്ങളായി കാണും. കൂടാതെ, അവർ ചെയ്തിട്ടുള്ള ക്രൂരകൃത്യങ്ങളും ഹീനപാപങ്ങളും അവരുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടു് സദാ അലട്ടിക്കൊണ്ടിരിക്കും. ആ ഭയങ്കര കാഴ്ചകളാലുളവാകുന്ന ഘോരദുഃഖം, ഒരിക്കലും ഒരാശ്വാസവും നൽകാതെ സദാ കരൾ തുരക്കുന്ന പുഴവിനെപ്പോലെ അവരുടെ മനസ്സിനെ നിരന്തരം ഭേദിച്ചു് വേദനപ്പെടുത്തിക്കൊണ്ടിരിക്കും. ഇതു് ഏററം ന്യായയുക്തമായ ശിക്ഷയാണെന്നു് സമ്മതിക്കണം. എന്തുകൊണ്ടെന്നാൽ, ദയാവത്സലനായ ദൈവത്തിൻെറ അസംഖ്യങ്ങളായ കൃപാവരങ്ങളെ അവർ മനഃപൂർവ്വം സംത്യജിച്ചു; അവിടത്തെ അനവധിയായ സഹായോപകാരങ്ങളേ മുഴുവനും അവർ വിസ്മരിച്ചു; മാത്രമോ, അറസ്റ്റത്തക്ക നീചസുഖങ്ങളേമാത്രം ഇച്ഛരിക്കയും ചെയ്തു. ഈദൃശചിന്തകൾതന്നെ, ആ മഹാപാപികളുടെ ഹൃദയങ്ങളെ സദാ തുരന്നു കരളുന്ന കൃമികളാണെന്നു പറയണം.

ഇനി വേറൊന്നു ചിന്തിക്കാം. ഈ ദുർജ്ജനങ്ങൾ ഘോര

പാപങ്ങളെല്ലാം ചെയ്തുകൂട്ടിയതു് എന്തിനാണു? എന്തു് ലാഭം ഉദ്ദേശിച്ചാണു്? ജലത്തിലെ കുമിളയെന്നോണം ക്ഷണഭംഗുരങ്ങളായ കാര്യങ്ങൾക്കു്; അനന്തരം പരമസങ്കടമുളവാക്കുന്ന സംഗതികൾക്കു്; തങ്ങൾക്കുതന്നെ അവജ്ഞ ജനിപ്പിക്കുന്ന നീചസുഖങ്ങൾക്കു്. ഇവയ്ക്കുവേണ്ടി അവർ നഷ്ടപ്പെടുത്തിയതോ? ശാശ്വതമായ ദുഃഖവിമുക്തി; നിത്യമായ സൽബ്ബഹുമതികളും; അനശ്വരമായ സ്വർഗ്ഗീയപരമാനന്ദഭാഗ്യം; സച്ചിദാനന്ദമയമായ ദൈവത്തിൻെറ ദിവ്യദർശനം. അഹോ! കഷ്ടം!! ഈ പരമാർത്ഥചിന്തയാൽ നീതിമാനായ ദൈവത്തിൽ അവർക്കൊട്ടങ്ങാത്ത വൈരം ജനിക്കയും, അവർണ്ണ്യങ്ങളായ ഖേദവേദനകളനുഭവിക്കയുംതന്നെ ഫലം. ഈ ദുരന്തദുരിതങ്ങളിൽ നിന്നൊഴിയുന്നതിനു് അവരെന്തു ചെയ്യേണ്ടിയിരുന്നു? അല്ലെങ്കിൽ, എന്തു് ത്യാഗം അനുഷ്ഠിക്കേണ്ടിയിരുന്നു? മൃഗസ്വഭാവത്തിൽനിന്നു് ഒരു വ്യതിയാനം; അതേ, ജഡികവാസനയ്ക്കൊരു നിയന്ത്രണം, സ്വല്പമായ ആശാനിഗ്രഹം, ജാഗ്രത്തായ ബോധം അഥവാ വിവേകം കൈവെടിയാത്ത സുബുദ്ധി; ക്ഷണികമായ സുഖവർജനം. ഇവമാത്രം മതിയായിരുന്നു. ഇവയ്ക്കു് വൈമനസ്യം കാണിച്ചതിൻെറ ദുരന്തഫലമാണു്, സ്വർഗ്ഗം കൈവെടിഞ്ഞതിനാലുണ്ടാകുന്ന കഠോരദുഃഖം.

ഇങ്ങനെ, നരകപ്രാപ്തനായ പാപി, സദാ അനുഭവിച്ചുപോരുന്ന അവർണ്ണനീയങ്ങളായ ഖേദവേദനകൾ ഒരിക്കലും ലേശംപോലും കുറയാതെ എന്നെന്നും നിലനില്ക്കുമെന്നു് അവൻ സുവ്യസനം അറിയുന്നു. തന്നിമിത്തം അവനു് തന്നോടുതന്നെ വിരോധം ജനിക്കയും, തന്നെത്തന്നെ ഹിംസിക്കുന്നതിനും നശിപ്പിക്കുന്നതിനും നിഷ്ഫലയത്നം ചെയ്കയും ചെയ്യുന്നു. എന്നാൽ, അതുകൊണ്ടു് അവൻെറ അസ്തിക്യത്തിനൊരു ഹാനിയോ, അഭാവമോ, വല്ലൊരു നന്മയോ സിദ്ധിക്കുമെന്നൊരു വിശ്വാസവും അവനുണ്ടാകുന്നില്ല. ഇതിലും ദൈവത്തിൻെറ അതിരററ നീതിയാണു് സർവ്വോപരി പ്രകാശിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യത്തിൽ അല്പമെങ്കിലും ദോഷാംശം കലരാത്ത അസംഖ്യം നന്മകൾ പ്രാപിക്കാമെന്നു് മനുഷ്യൻ വിശ്വസിക്കുന്നതിനു് ദയാനിധിയായ സർവ്വേശ്വരൻ കൃപ ചെയ്തിരുന്നു. ഇപ്രകാരമുള്ള ദൈവസഹായങ്ങളെല്ലാം പാപം ചെയ്യുവൻ വിസ്മരിച്ചു; ഒരു മറുലോകജീവിതമുണ്ടെന്നും, അ

വിടെ തനിക്ക് നന്മ സംഭവിക്കാമെന്നും, ഒരു വിശ്വാസവുമില്ലാത്തവനെപ്പോലെ, വർത്തിച്ചു; വെറും മൃഗസാധാരണങ്ങളായ ജഡികസുഖങ്ങളെമാത്രം അവൻ ഇച്ഛിച്ചു; ആവേശഭരിതനായി അവൻ അവയെ അനുഗമിച്ചു; ആർത്തിയോടെ അവൻ അവയനുഭവിച്ചു. ഇവ മാത്രമാണ്, അഭിലഷണീയങ്ങളായ ഭാഗ്യങ്ങളെന്ന് അവൻ നിശ്ചയിച്ചു; അതിനായി സൃഷ്ടിക്കപ്പെട്ടവനെപ്പോലെ അവൻ, അവനേക്കരുതി. ഇപ്രകാരം പാപാധീനനായിത്തീർന്നവൻ, ദൈവകൃപയിലും തനിക്ക് നിഷ്പ്രയാസം പ്രാപിക്കാമായിരുന്ന ഉന്നതനന്മകളിലും ലേശവും വിശ്വസിച്ചില്ല. അതുകൊണ്ട് നരകത്തിലെങ്കിലും തനിക്ക് അല്പനന്മ ലഭിക്കണമെന്ന് വിഫലമായി ആശിക്കയും തന്റെ അസ്തിത്വത്തിന് യാതൊരു നാശവും വരുത്താൻ സാധിക്കയില്ലെന്നു കണ്ട് നിരാശപ്പെടുകയും ചെയ്യുന്നു. ഇത് ദൈവത്തിന്റെ നിർഭേദമായ നീതിക്ക് സർവ്വഥാ യോജിക്കുന്ന ശിക്ഷയാണെന്നുള്ളത് നിസ്സന്ദേഹമാകുന്നു. അതുപോലെതന്നെ നരകമാകുന്ന ദുഃഖസമുദ്രത്തിലാണ്ടു കിടക്കുന്ന പാപികൾ, പിശാചുകളോടുകൂടെ സകല ദുരിതവേദനകളും അനുഭവിക്കുന്നതുകൂടാതെ, ഈദൃശങ്ങളായ വേറെയും അനേകം നൂതനോപദ്രവങ്ങളും സഹിച്ചുവരുന്നു.

അതെങ്ങനെയെന്നാൽ, ഈ മഹാപാപികൾ ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു്; അവരുടെ ദുർവ്വാസനകളെ ഉദ്ദീപിപ്പിക്കത്തക്കവണ്ണം സഭ്യേതരങ്ങളായ നാടകങ്ങൾ, അശ്ലീലങ്ങളായ ചലനചിത്രങ്ങൾ, പടങ്ങൾ, നഗ്നരൂപങ്ങൾ മുതലായവ കണ്ടു രസിച്ചിട്ടില്ലയോ? ആ മാർഗ്ഗേണ നിരവധി പാപങ്ങളാർജ്ജിച്ചിട്ടില്ലയോ? അവയ്ക്കു് ശിക്ഷയായി അവർ ഘോരരൂപികളായ പിശാചുകളെ സദാ ദർശിച്ചു ഭയവിഹ്വലരാകുന്നു. കൂടാതെയും, നരകവാസികൾ പ്രകൃത്യാ പാപാകരങ്ങളായ ശൃംഗാരസംഭാഷണങ്ങൾ, സഭ്യേതരഗാനങ്ങൾ, പരപരിഹാസങ്ങൾ, പരദൂഷണങ്ങൾ എന്നിവ പറഞ്ഞും കേട്ടും സമ്മോദിച്ചിട്ടില്ലയോ? അവയ്ക്കു് ശിക്ഷയായി, നരകത്തിലവർ അയ്യയ്യോ എന്നുള്ള ഭീകരനിലവിളികളും, ഇടവിടാതുള്ള വിലപനീയരോദനങ്ങളും, സർവ്വേശ്വരനേക്കുറിച്ചു പറയപ്പെടുന്ന കർണ്ണകഠോരങ്ങളായ ദൂഷണങ്ങളും സർവ്വദാ കേൾക്കേണ്ടിവരുന്നു. തന്മൂലം അവരുടെ ശ്രവണങ്ങൾ വ്രണിതങ്ങളായി ഭവി

ക്കന്നു; അവ പുണ്ണിൽ അമ്പേററാലെന്നപോലെ വേദനപ്പെടു ന്നു. ഇത്രമാത്രമോ? പാപികൾ തങ്ങളുടെ ജീവിതകാലത്തു് ദുരുദ്ദേശ്യത്താൽ പ്രേരിതരായി പരിമളദ്രവ്യങ്ങൾ പൂശിയും, സൌരഭ്യമാലകളണിഞ്ഞും; അനാശാസ്യമാംവണ്ണം വസ്ത്രധാര ണം ചെയ്തും, ആഡംബരങ്ങളായ വേഷവിധാനങ്ങളോടുകൂടി യും ദുരഭിമാനികളായി നടന്നു് ദുർമ്മാതൃകകൾ നൽകിയതി ന്നു് ശിക്ഷയായി അവർ ദുസ്സഹങ്ങളായ ദുർഗ്ഗന്ധങ്ങൾ സഹി ക്കേണ്ടിവരും. തന്മൂലം അവക്കു് നാസാരന്ധ്റങ്ങൾ ഇല്ലായി രുന്നെങ്കിൽ നന്നായിരുന്നെന്നു വിചാരിക്കും. കൂടാതെയും അ വർ ലോകത്തിൽവച്ചു് ഏററം രുചികരങ്ങളായ ഭക്ഷ്യപദാത്ഥ ങ്ങളിൽ മോഹിച്ചു് അമിതമായി ഭക്ഷിച്ചതിനും, ലഹരിപദാ ത്ഥങ്ങൾ ധാരാളമായി പാനംചെയ്തു് മദോന്മത്തരായി വത്തി ച്ചതിനും, ക്രമരഹിതമായ ഭോജനപ്രിയത്തിനും ശിക്ഷയായി നരകത്തിലവർ, അരോചകമായ കൈപ്പും, കഠിനമായി ബാ ധിക്കുന്ന വിശപ്പും ദാഹവും ഇടവിടാതനുഭവിക്കേണ്ടിവരും.

അപ്രകാരംതന്നെ, തങ്കക്കസവൊളി ചിതറുന്ന മൃദുപ ട്ടാംബരങ്ങൾ, കനകമാലകൾ തുടങ്ങിയ വേഷഭൂഷാദികളണി ഞ്ഞും, മലർമെത്തമേൽ ശയിച്ചും, അത്ഭുത ഭോഗസുഖങ്ങളനു ഭവിച്ചും, അന്യരെ ബലമായാകർഷിച്ചു് ദുർമ്മാതൃകകൾ നൽകി യതിനും പ്രതിഫലമായി, അവർ നരകത്തിലെ ഘോരാഗ്നി യിൽകിടന്നു് സന്തതം വെന്തുനീറേണ്ടിവരും; അത്രമാത്രമോ, അഗ്നിപീഠത്തിൽ കിടത്തി പിശാചുകളാൽ ക്രൂരമായി മർദ്ദി ക്കപ്പെടുകയും ചെയ്യും. കൂടാതെ ധനസമൃദ്ധിയിലഹങ്കരിച്ചും, അഗതികളോടും, സാധുക്കളോടും, ദരിദ്രരോടും, യാചകരോടും (പല പല സ്ഥിതികളിലുള്ള പാവങ്ങളെ ഇവിടെ കാണിക്കുന്നു) അനുകമ്പ കാണിക്കാതെ നിഷ്കരുണം പ്രവത്തിച്ചുംവന്ന സമ്പ ന്നരെയും, ബുദ്ധിമുട്ടും ദാരിദ്ര്യവുംകൊണ്ടു ഞെരുങ്ങി വലഞ്ഞ അധമന്മാരോടു യാതൊരു ദയവും ദാക്ഷിണ്യവും ചെയ്യാതെ അവരെ അന്യായമായി നശിപ്പിച്ചു് പെരുവഴിയാധാരമാക്കി യ ഉത്തമന്മാരെയും, നിർദ്ദോഷികളെ ശിക്ഷിക്കയും, അപരാ ധികളെ കോഴവാങ്ങി ശിക്ഷിക്കാതിരിക്കയും ചെയ്യു ന്യായാ ധിപന്മാരെയും, അഴിമതിയും അക്രമവും പ്രവത്തിച്ചു് പണം സമ്പാദിച്ച ഉദ്യോഗസ്ഥദുഷ്പ്രഭുക്കന്മാരെയും, നീതിനിവ്വഹിക്കാ ത്ത അധികാരപ്രമത്തരെയും നരകപിശാചുകൾ കഠോരമായി

മർദ്ദിച്ച് പീഡിപ്പിക്കുമെന്ന് ചുരുക്കിപ്പറയാനേ നിവൃത്തിയുള്ളു. എന്നാൽ, ഇതേവരെ പ്രസ്താവിച്ച ദുഃഖവേദനകളും ക്രൂരബാധകളും കൂടാതെ അവർണ്ണനീയങ്ങളായ വേറനേകം ഭയങ്കരയാതനകളും അവരനുഭവിക്കേണ്ടി വരുമെന്നുള്ളതു് നിർവ്വിവാദമാകുന്നു. കണ്ണിനു കണ്ണ്, പല്ലിനു് പല്ല് എന്നും, അവനവനളക്കുന്ന അളവുകൊണ്ടു് അവനവനെ അളക്കും എന്നും ഉള്ള ന്യായങ്ങളനുസരിച്ചു്, ഓരോരുത്തർക്കും അവരവരർഹിക്കുന്നവിധം, തക്ക തക്ക ശിക്ഷകൾ നീതിമാനായ ദൈവം അവർക്കു് നൽകുകതന്നെ ചെയ്യുമെന്നുള്ളതിനു് യാതോരു സംശയവുമില്ല.

ഇനി, അരൂപികളായ പിശാചുകളും മനുഷ്യ ദുരാത്മാക്കളും രൂപരഹിതമായ അഗ്നികൊണ്ടു് പീഡിപ്പിക്കപ്പെടുന്നതെങ്ങനെ? അവർ ആ നാരകീയവേദനകൾ ശാശ്വതമായനുഭവിക്കുന്നതെങ്ങനെ? ഈ രണ്ടു കാര്യങ്ങളുടെയും യാഥാർത്ഥ്യങ്ങൾ, ചില ന്യായങ്ങൾകൊണ്ടു് ശാസ്ത്രീയമായി തെളിയിക്കാൻ ശ്രമിക്കാം. അരൂപികളായ പിശാചുകളും ദുരാത്മാക്കളും അഗ്നിമുതലായ വസ്തുക്കളേക്കൊണ്ടു് നരകത്തിൽ അവർണ്ണനീയങ്ങളായ ദുഃഖവേദനകൾ അനുഭവിക്കുന്നെന്നു് ദിവ്യരക്ഷകൻതന്നെ അരുൾചെയ്തിട്ടുള്ളതാണു്. അതിനാൽ അതിൻെറ പാരമാർത്ഥ്യത്തേക്കുറിച്ചു് ലേശമെങ്കിലും സംശയിക്കേണ്ട ആവശ്യമില്ല. എങ്കിലും രൂപരഹിതങ്ങളായ വസ്തുക്കൾ, സരൂപവസ്തുക്കളേക്കാൾ ശ്രേഷ്ഠതരങ്ങളാണെന്നതിനു സംശയമില്ല. അതിനാൽ ഉത്തമങ്ങളായ നിരാകാരവസ്തുക്കൾ, അധമങ്ങളായ സാകാരവസ്തുക്കളെ നയിക്കുന്നു എന്നു് ഒരുവിധത്തിൽ പറയാം. എന്നാൽ അപ്രകാരമുള്ള ഉത്തമവസ്തുക്കൾ, കീഴ്ത്തരങ്ങളായ സാകാരവസ്തുക്കളേക്കൊണ്ടു് പീഡിപ്പിക്കപ്പെടുന്നതെങ്ങനെയെന്നു് ഗ്രഹിക്കുക ദുഷ്കരമാകുന്നു. ഇപ്രകാരമുള്ള ദുർഗ്രഹവിഷയങ്ങളിൽ വേദശാസ്ത്രജ്ഞന്മാർ ഖണ്ഡിതമായ ഏകാഭിപ്രായക്കാരായിരിക്കുന്നുമില്ല. അതിനാൽ അവരുടെ ഭിന്നാഭിപ്രായങ്ങളിൽ ചിലതിനേമാത്രം ഇവിടെ പ്രസ്താവിക്കാം.

ചിലർ പറയുന്നു:– "രൂപരഹിതരായ പിശാചുകളും, മനുഷ്യാത്മാക്കളും നരകവഹ്നി തുടങ്ങിയ ദഹനവസ്തുക്കളേക്കൊണ്ടു് പീഡിപ്പിക്കപ്പെടാതിരുന്നാലും ക്രൂരതരങ്ങളായ യാതനകൾകൊണ്ടു് അവാച്യങ്ങളായ ദുഃഖവേദനകൾ നിരന്തരം അ

നുഭവിക്കുന്നതു വാസ്തവമാകുന്നു.'' മററു ചിലർ പറയുന്നു:- "സാകാരമായ അഗ്നി, നിരാകാരങ്ങളായ ആത്മാക്കളെ തനിക്കധീനമാക്കി, അവക്കൊരു കാരാഗാരംപോലെ അവരെ ചുററി കഠിനമായി ഞെരുക്കുകയും അവർ തന്നെ വിട്ടുപോകാത്തവണ്ണം വർത്തിക്കയും ചെയ്യുന്നു.'' ഇനിയും വേറേചിലർ പറയുന്നു:- "നരകാഗ്നി തുടങ്ങിയ അരൂപവസ്തുക്കൾ, ദുഷ്ടാരൂപികളായ പിശാചുകളെയും ദുരാത്മാക്കളെയും ദൈവനിർദ്ദേശപ്രകാരം അവക്കൊരു ഗുണപാഠം നൽകത്തക്കവണ്ണം അവർണ്ണ്യമായി ദുഃഖിപ്പിക്കയും വേദനപ്പെടുത്തുകയും ചെയ്യുന്നു."

ഇത്യാദി അഭിപ്രായവൈവിധ്യങ്ങൾ, അസ്വീകാര്യങ്ങളാണെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ല. കാരണം, ഏതൽസ്സംബന്ധമായുള്ള വേദവാക്യങ്ങളോട്, അവ അശേഷം യോജിക്കുന്നില്ലെന്നുള്ളതുതന്നെ. അതിനാൽ നരകത്തിലെ അഗ്നി തുടങ്ങിയ പീഡനോപകരണങ്ങൾ പിശാചുകളേയും ദുഷ്ടാത്മാക്കളേയും പ്രത്യേകതരത്തിലും വെവ്വേറെ പ്രകാരത്തിലും പീഡിപ്പിക്കുമെന്നു സിദ്ധിക്കുന്നു. സമാദരണീയങ്ങളല്ലാത്ത അഭിപ്രായങ്ങളുടെ വിശദീകരണകൃത്യം വേദശാസ്ത്രവിശാരദന്മാക്കായി വിട്ടുകൊള്ളുന്നു. അവർ ശരിയായ നിഗമനത്തിൽ എത്തിച്ചേരട്ടെ.

ഓരോ വസ്തുക്കൾക്കും നൈസർഗ്ഗികമായുള്ള ഗുണവിശേഷങ്ങൾ, അപരിമേയബലവാനായ സകലേശ്വരന് അധീനമായിരുന്ന്, അവയേക്കൊണ്ട് സ്വതേ അസാദ്ധ്യങ്ങളായിട്ടുള്ള കർമ്മങ്ങൾ, അവിടന്ന് തൻെറ ശക്തിയാൽ നിർവ്വഹിപ്പിക്കയാണെന്നതിനേക്കുറിച്ച് തെല്ലും സന്ദേഹിക്കേണ്ടതില്ല. ദൈവം, പ്രസ്തുത വസ്തുക്കളേക്കൊണ്ട് മേൽപറഞ്ഞ കാര്യങ്ങൾ അത്ഭുതകരമാംവണ്ണം നിവർത്തിപ്പിക്കുമ്പോൾ ആ പദാർത്ഥശക്തിക്ക് "ശ്രാവണശക്തി'' എന്നു പേർ പറയും. അപ്രകാരം അവ കർത്താവിൻെറ ദണ്ഡനോപകരണം എന്ന പേരിൽ അറിയപ്പെടുകയും ചെയ്യും. ഇങ്ങനെയൊരു ശക്തിവിശേഷത്തിൻെറ ആസ്തിക്യത്തെ, അതിനേ പ്രയോഗിക്കുന്ന വിധത്തിലായാലും അതിനേ ഉൾക്കൊണ്ടിരിക്കുന്നവിധത്തിലായാലും അംഗീകരിക്കാവുന്നതാണ്. എന്നാൽ ഈ ശക്തിക്ക് ദണ്ഡനകർമ്മം സ്വാഭാവികമായി തനിയേ ചെയ്യുവാൻ കഴിവില്ല. അതു് ചെയ്യണമെങ്കിൽ അത് അനന്ത ശക്തിസ്വരൂപനായ ദൈവത്തി

ന്റെ പീഡനോപകരണമായി ഭവിക്കണം. ഈ ശക്തി, സ്വാഭാവികമായി ആധേയമല്ലാത്ത വസ്തുവിൽ ആധേയമാക്കിയും കർത്താവിന് തന്റെ പീഡനോപകരണമാക്കിത്തീക്കാവുന്നതാണ്. തന്നിമിത്തം ഉപയോഗിക്കുന്ന ശക്തി എന്ന നിലയിലും, ധരിച്ചിരിക്കുന്ന ശക്തി എന്ന നിലയിലും "ശ്രാവണശക്തി" രണ്ടായി തിരിയുമെന്നു പറയേണ്ടിയിരിക്കുന്നു.

ഇത്രയും പറഞ്ഞതിൽനിന്ന്, രൂപരഹിതങ്ങളായ അഗ്നി മുതലായ വസ്തുക്കൾ, അശരീരികളായ പിശാചുകളെയും മനുഷ്യാത്മാക്കളെയും പീഡിപ്പിക്കുന്നതെങ്ങനെയെന്ന് ഒരുവിധം മനസ്സിലായിരിക്കുമെന്ന് വിശ്വസിക്കുന്നു. രൂപരഹിതമായ അഗ്നി, അതിന്റെ സ്വാഭാവികശക്തികൊണ്ടാണ് മനുഷ്യശരീരത്തെ പീഡിപ്പിച്ച് വേദനപ്പെടുത്തുന്നത്. അഗ്നി, മനുഷ്യശരീരത്തിൽ അതിന്റെ കഠിന ചൂട് പ്രവേശിപ്പിക്കയും അപ്പോൾ അത് മനുഷ്യശരീരത്തെ വേദനപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെയല്ലാതെ, ആത്മാവിൽ അതിന്റെ ചൂട് ജനിപ്പിക്കുവാൻ പ്രകൃത്യാ അതിനു കഴിയുകയില്ല. ശരീരത്തോട് ബന്ധപ്പെട്ടിരിക്കുന്ന അംഗങ്ങളെ അതിന്റെ കഠിന ചൂടുകൊണ്ട് വേർപെടുത്തുമ്പോഴും ആ അഗ്നി ശരീരത്തിൽ ഘോരവേദനയുളവാക്കുന്നു. എന്തുകൊണ്ടെന്നാൽ ജീവനുള്ള ശരീരാംശങ്ങളുടെ വേർപാട് വേദനാജനകമാണ്. ജീവശക്തികളെല്ലാം അരൂപിയിൽനിന്ന് ജലംകണക്കേ ജീവനിൽനിന്നുതന്നെ പുറപ്പെടുകയാകുന്നു. എങ്കിലും ശരീരത്തിൽ ആധേയമായിരിക്കുന്ന ബുദ്ധിയുടെ സ്പർശംകൊണ്ട് ശരീരത്തിൽ വ്യാപകമായിരിക്കുന്ന ജീവൻ വേദന അനുഭവിക്കുന്നു. ആത്മാവും ശരീരവും ദൃഢബന്ധിതമായിരിക്കുമ്പോൾ, സകല വസ്തുക്കളെയും അപേക്ഷിച്ച് തന്റെ സ്വന്തമായിരിക്കുന്ന ശരീരത്തിന് നാശകരമായ വേദന ഉണ്ടായിരിക്കുന്നതറിഞ്ഞ്, ആ വേദനയ്ക്കനുസൃതമായ ദുഃഖം, തന്നിൽ ആധേയമായിരിക്കുന്ന മനസ്സാകുന്ന ശക്തിമൂലം ആത്മാവനുഭവിക്കുന്നു. അതെന്തുകൊണ്ടെന്നാൽ, തന്നാൽ സ്നേഹിക്കപ്പെട്ട ശരീരത്തോടുകൂടി എപ്പോഴും വസിക്കുന്നതിനും, അതിന് യാതൊരു നാശവും സംഭവിക്കാതിരിക്കുന്നതിനും, ശരീരത്തെക്കൊണ്ട് സാധിക്കുന്ന സുഖങ്ങളെല്ലാം അനുഭവിക്കുന്നതിനും ആത്മാവ് സ്വതേതന്നെ ഇച്ഛിക്കുന്നു. അതിനാൽ തന്റെ ശരീരത്തിനുണ്ടാകുന്ന

വേദന ആ ആഗ്രഹത്തിനു് വിപരീതമായി ഭവിക്കുന്നു. തന്നിമിത്തം, തന്നിൽമാത്രം ആധേയമായിരിക്കുന്ന മനസ്സാകുന്ന ശക്തികൊണ്ടു് ആത്മാവു് കഠിന ദുഃഖം അനുഭവിക്കുന്നു. ഇതു് ജീവൽസ്വഭാവത്തിനു് അനുയോജ്യമായ ന്യായമത്രെ.

ഇങ്ങനെ ആത്മാവു് ശരീരത്തോടൊന്നിച്ചു ദുഃഖിക്കുമ്പോൾ, അതു് അഗ്നിയാൽ വേകുന്നെന്നും, ദഹിക്കപ്പെടുന്നെന്നും, പീഡിക്കപ്പെടുന്നെന്നും പറയാം. എന്നാൽ ശരീരമില്ലാത്ത ആത്മാവു് നരകാഗ്നികൊണ്ടു വേകുന്നതെങ്ങനെ? ശിക്ഷാർഹനായ ഒരുവൻെറ ശരീരമില്ലാത്ത ആത്മാവിൽ, അതിൻെറ കഠോരച്ചൂടിനെ പ്രവേശിപ്പിക്കുന്നതിനു് നരകാഗ്നിക്കു് സ്വയമേവ ശക്തിയുള്ളതാണു്. ആ അഗ്നിയുടെ കഠോരച്ചൂടു മൂലം ആത്മാവിൽ ഉണ്ടാകുന്ന ദുഃഖവേദനകൾ, സർവ്വേശ്വരൻെറ ദണ്ഡനോപകരണം എന്ന നിലയിലുള്ള അതിൻെറ അതുല്യമായ ഘോരശക്തിയെ അതു് വെളിപ്പെടുത്തുന്നതാകുന്നു. ഇതാണു് വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

ഒരു ഓയിൽമിൽ, കൊപ്രാ ഇടാതെ നടത്തിയാൽ അതു് അലറിക്കൊണ്ടങ്ങനെ കറങ്ങുകമാത്രം ചെയ്യും. നേരമെറിച്ചു് കൊപ്രാ ഇട്ടുകൊടുക്കുമ്പോൾ കാണാം, അതു് എണ്ണവേറെ, പിണ്ണാക്കു് വേറെ ആക്കുന്ന സമ്പ്രദായം. അതുപോലെ, മേല്പറഞ്ഞ ഗുണങ്ങളെല്ലാം നരകാഗ്നിയുടെ സ്വഭാവികഫലമായി ജനിക്കുന്നതല്ലെന്നു് വ്യക്തമായല്ലൊ. അതു് അപരിമേയ ബലവാനായ ദൈവത്തിൻെറ പീഡനോപകരണമായി ഭവിക്കുമ്പോഴാണു്, അത്ഭുതകരമാംവണ്ണം അതിൻെറ ഭയങ്കരച്ചൂടു് അരൂപവസ്തുക്കളിൽ ജനിപ്പിക്കുന്നതു്. അല്ലാതെ, പിശാചുകളിലും മനുഷ്യാത്മാക്കളിലും അവർണ്ണനീയങ്ങളായ വേദനകളുളവാക്കുന്നതിനു് അതു് സ്വയം ശക്തമല്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും അതു് ശിക്ഷാകർമ്മം നിർവ്വഹിക്കുന്നതിനായിമാത്രം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതാണെന്നു് അനുസ്മരിക്കണം. കൂടാതെയും ആ അഗ്നി, പിശാചുകളെയും മനുഷ്യാത്മാക്കളെയും അതിൽനിന്നു് പിരിഞ്ഞുപോകാതിരിക്കത്തക്കവണ്ണം അവയെ ഒരു കാരാലയംപോലെ വലയംചെയ്യപ്പെട്ടുകൊണ്ടു്, അതിൻെറ കഠിനമായ ചൂടുമൂലം പീഡിപ്പിക്കയാണെന്നു് ചില വേദപാരംഗതന്മാർ അഭിപ്രായപ്പെട്ടിട്ടുമുണ്ടല്ലൊ. നരകാഗ്നി, രൂപരഹിതവസ്തുക്കളെ അതിനധീനമാക്കി

അതിൻെറ കഠിനച്ചൂട്ടമൂലം അവയെ വേദനപ്പെടുത്തുമ്പോൾ, അവയിൽ നരകാഗ്നിയാൽ ഉണ്ടാക്കപ്പെടുന്ന ഒരു വിരോധഗുണമാണതെന്നു പറയണം. രൂപരഹിതവസ്തുക്കളെ അപേക്ഷിച്ച് അധമതരമായ അഗ്നി, അതിൻെറ കഠോരച്ചൂട് അവയിൽ സ്വയം ജനിപ്പിക്കുന്നില്ല. അതു് അവയിൽ, അത്ഭുതജനകമാംവണ്ണം തീക്ഷ്ണതരമായ ചൂടു് ജനിപ്പിക്കുന്നതു്, സർവ്വശക്തനായ ദൈവത്തിൻെറ ദണ്ഡനോപകരണം എന്ന നിലയിലാണെന്നു് മുൻപറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ അവ, ആ അഗ്നിയുടെ സമീപസ്ഥിതങ്ങളായിരിക്കയോ നരകത്തിൽതന്നെ അധിവസിക്കയോ ചെയ്യണമെന്നില്ല. എന്തുകൊണ്ടെന്നാൽ അനന്ത നീതിസ്വരൂപനായ ദൈവം, കഠിന പാപികളെ ശിക്ഷിക്കുന്നതിനു്, തൻെറ അനന്തശക്തിക്കനുസൃതമായ ഉപകരണമായി അതിനെ നിർദ്ദേശിച്ചിരിക്കുന്നു. അതുകൊണ്ടു് ആ ഘോരാഗ്നി അതിൻെറ നശീകരണകൃത്യം നിർവ്വഹിക്കുന്നതിനു്, ആ ശക്തിയുടെ ആസ്തിക്യം മാത്രമേ ആവശ്യമുള്ളൂ. അല്ലാതെ സ്ഥലസാമീപ്യം ആവശ്യമില്ല. ചുരുക്കിപ്പറഞ്ഞാൽ വസ്തു ശിക്ഷാർഹമായിരിക്കണമെന്നുമാത്രം.

ഒന്നുകൂടി വിശദമാക്കാം. നഭോമണ്ഡലത്തിൽ ഉജ്ജ്വലപ്രഭയോടുകൂടി ഉദിച്ചുയർന്നുവരുന്ന സൂര്യൻ, ഭൂമുഖത്തെ മുഴുവൻ അതിൻെറ പ്രകാശധോരണിയിൽ നിമഗ്നമാക്കിച്ചെയ്യുന്നു. എന്നാൽ അപൂർണ്ണമായിട്ടെങ്കിലും ഭൂഗർഭത്തിലും അതിൻെറ പ്രഭാപൂരത്തെ പ്രസരിപ്പിക്കുന്നുണ്ടെന്നു് നാം അറിയുന്നില്ല. എന്നാലും ഭൂഗർഭത്തിലാണ്ടുകിടക്കുന്ന സ്വർണ്ണത്തിനും, മാണിക്യം, മരതകാദി രത്നങ്ങൾക്കും, സൂര്യൻ അതിൻെറ തേജസ്സുകൊണ്ടു് പ്രകാശം നൽകാൻ ശക്തമായി ഭവിക്കുന്നു. അപ്രകാരംതന്നെ അനന്തമായ ദൈവശക്തിക്ക് കരുവായിരിക്കുന്ന നരകാഗ്നി പാതാളത്തിലായിരുന്നാലും, അതിൻെറ ശക്തിവിശേഷംകൊണ്ടു് ദൂരത്തിൽ സ്ഥിതിചെയ്യുന്ന രൂപരഹിതവസ്തുക്കളിൽ അത്ഭുതത്താലെന്നവണ്ണം അതിൻെറ കഠോരച്ചൂടേല്പിക്കുന്നതിനു് കഴിവില്ലാത്തതാണെന്നു് പറയുവാൻ ന്യായമില്ല. ഇതേവരെ പ്രസ്താവിച്ച ന്യായങ്ങൾകൊണ്ടു്, രൂപരഹിതരായ പിശാചുക്കളെയും പാപാത്മാക്കളെയും നരകാഗ്നി എങ്ങനെയാണു് പീഡിപ്പിക്കുന്നതെന്നു് ഒരുവിധം വിശദമായിട്ടുണ്ടെന്നു് വിശ്വസിക്കുന്നു. ഇനി, നരകകുണ്ഡത്തിൽകി

ടന്ന് അസംഖ്യങ്ങളായ പീഡകളും ദുഃഖവേദനകളും നിരന്തരമായനുഭവിച്ചുപോരുന്ന ആ ദുരാത്മാക്കൾക്ക് ഒരിക്കലും അതിൽനിന്ന് മോചനം ലഭിക്കയില്ലെന്നുള്ളതിനേക്കുറിച്ചാണ് അല്ലം പ്രസ്താവിക്കുവാനുള്ളതു്. ഈ സത്യത്തെ വേദശാസ്ത്രവിചക്ഷണന്മാർ അനേകാനേകം ന്യായങ്ങളേക്കൊണ്ടു് തെളിയിക്കയും സ്ഥാപിക്കയും ചെയ്തിട്ടുള്ളതാകുന്നു. അവയിൽ ഒരെണ്ണംമാത്രം ഇവിടെ പ്രസ്താവിക്കാം. അതു്, നശിച്ചുപോകുന്ന ഭൌതികശരീരത്തോടുകൂടി മനുഷ്യജീവനും ഏകീഭവിച്ചിരിക്കുന്നിടത്തോളംകാലം അവൻ ഒരു വഴിപോക്കൻെറ സർവ്വ ലക്ഷണങ്ങളും തികഞ്ഞവനാകുന്നു എന്നുള്ള തത്വത്തിലന്തർഭവിച്ചിരിക്കുന്നു.

ആ വഴിപോക്കന്, ഇടതുവശത്തേക്കോ വലതുവശത്തേക്കോ തിരിഞ്ഞുപോകുന്നതിന് സ്വാതന്ത്ര്യമുണ്ടല്ലൊ. അതുപോലെ അവന്, തൻെറ സ്വതന്ത്രമനസ്സുകൊണ്ടു് ഇടതുപക്ഷമായ ദുഷ്പഥത്തിലേക്കോ വലതുപക്ഷമായ സൽപഥത്തിലേക്കോ മാറിപ്പോകാമെന്നുള്ളതിനു സംശയമില്ല. ഇങ്ങനെയെങ്കിൽ, മരണംനിമിത്തം നരജീവൻ ഭൌതികശരീരത്തെ വിട്ടുപിരിയുന്ന ക്ഷണത്തിൽത്തന്നെ, മനുഷ്യാത്മാവു് ആ വഴിപോക്കൻെറ നിലയിൽനിന്ന് വ്യതിയാനം ചെയ്യുന്നു. അതോടെ അതു്, അതിൻെറ പരമാന്ത്യം പ്രാപിക്കയും ചെയ്യുന്നു. അതിനാൽ ആ പരമാന്ത്യപ്രാപ്തമായ വസ്തുവിൻെറ സ്വഭാവവും ഗുണവും ആ മനുഷ്യാത്മാവിനും സംലബ്ധമാകുന്നു. പരമാന്ത്യപ്രാപ്തി, വഴിപോക്കനർഹമായിട്ടുള്ളതല്ല. തന്മൂലം ആ പരമാന്ത്യം പ്രാപിച്ച വസ്തുവിന് അങ്ങുമിങ്ങും സഞ്ചരിക്കുന്നതിനു കഴിവില്ലാതായിത്തീരുന്നു. തന്നിമിത്തം അതിൻെറ സഞ്ചാരഗതി നിലച്ചുപോകുന്നു. അതിനാൽ പാപത്തോടുകൂടി പരമാന്ത്യം പ്രാപിച്ച നരജീവൻെറ മനസ്സ് ആ പാപാവസ്ഥയിൽത്തന്നെ സുസ്ഥിരമായി നിലകൊള്ളുന്നു. സന്മാർഗ്ഗത്തിലേക്ക് തിരിച്ചു മടങ്ങുന്നതിന് അതിനു സാധ്യമല്ല. തന്മൂലം അതു് ശിക്ഷാപാത്രമായി ഭവിക്കുന്നു. അതിനാൽ അതു് നിത്യകാലത്തേക്ക് ഭയങ്കരമായ നരകപാതാളത്തിൽ കിടന്ന് ക്രൂരപിശാചുകളുടെയും ഘോരാഗ്നിയുടെയും, മനസ്സിനും ബുദ്ധിക്കും വർണ്യമല്ലാതുള്ള കഠോര പീഡകളും ദാരുണങ്ങളായ ദുഃഖവേദനകളും ഒരുമിച്ചനുഭവിക്കയേ നിർവ്വാഹമുള്ളു.

അഹോ! കഷ്ടം!! ഈ ദുരന്തദുരിതങ്ങളിൽ നിപതിച്ച് നശിക്കാതിരിക്കുന്നതിനു് നമ്മുടെ സ്നേഹരക്ഷകനും ദിവ്യന്യായാധിപനുമായ ഈശോകർത്താവിന്റെ പരിപാവനസന്നിധിയിലേക്ക് നമുക്ക് ആത്മനാ പറന്നു പററാൻ ശ്രമിക്കാം. വിശ്വാസവും ആശയും എന്ന സുന്ദരമനോഹരങ്ങളായ രണ്ടു ചിറകുകൾ നമുക്ക് ധരിക്കാം. മധുരമോഹനവേഷംപൂണ്ട് ക്ഷണനേരത്തിനുള്ളിൽ മിന്നിപ്പൊലിയുന്ന ലോകമെന്ന പാംസു[illegible] ആകർഷകങ്ങളായ കരാളഹസ്തങ്ങളിൽ കുടുങ്ങി നശിക്കാതിരിക്കുന്നതിനായി നമുക്കവിടത്തോടഭ്യർത്ഥിക്കാം. പിശാചാകുന്ന ആ ഘോരവൈരിയുടെ കെണിയിൽപെടാതെ പരിരക്ഷിക്കുന്നതിനായി നമുക്കവിടത്തോടപേക്ഷിക്കാം. ശരീരമെന്ന കഠിന വഞ്ചകിയുടെ വൻചതിയിലമരാതെ വിജയപഥത്തിലെത്തിച്ചേരുന്നതിനും നമുക്കവിടത്തോടു യാചിക്കാം. ഇങ്ങനെ നമ്മുടെ രിപുത്രയങ്ങളെ നമുക്ക് വിജയിക്കാം. ആ സ്നേഹരാജൻ അവിടത്തെ അരുമസഹോദരങ്ങളായ നമ്മേ സദയം അനുഗ്രഹിക്കുമാറാകട്ടെ. അവിടത്തെ ദിവ്യഹൃദയത്തിൽ നമുക്ക ഭയമരുളുകയും ചെയ്യുമാറാകട്ടെ. കരുണാവത്സലയും അവിടത്തെ പരിശുദ്ധ മാതാവുമായ ആ "ദിവ്യജനനി"വഴിയായി നാം അതിനു് സർവ്വഥാ യോഗ്യരായി ഭവിക്കട്ടെ.

ഇക്കാണുമീലോക സുഖങ്ങളെല്ലാം
തല്ക്കാലകോലാഹലമാത്രമാത്രം
ചിക്കെന്നു കമ്പം തകരുന്നവണ്ണം
വെക്കെന്നു തീരും; കരുതേണ്ടതാത്മാ. (സ്വന്തം)

"കാലത്തു ചെന്നുററു പഠിച്ചു സായം-
കാലത്തു വിദ്യാർത്ഥികൾ വീടെഴുംപോൽ
ഈശങ്കൽനിന്നിങ്ങു വരുന്ന നമ്മൾ-
സാശംതിരിച്ചങ്ങമരേണമെന്നും."

Printed and Published, for the Proprietor
by Rev. Fr. Wilfrid T. O. C. D. at the St. Joseph's Press,
Mannanam. 1957.

# വിഷയവിവരണിക


| അദ്ധ്യായം. | | പേജ്. |
|---|---|---|
| | അവതാരിക. | |
| | മുഖവുര. | |
| | സമൎപ്പണം. | |
| | ആശിൎവ്വാദം. | |
| | അഭിപ്രായം. | |
| 1. | ലോകാവസാനം. | 1–10 |
| 2. | ലോകാവസാന-ലക്ഷണങ്ങൾ. | 11–21 |
| 3. | അവസാനലക്ഷണങ്ങൾ. | 21–34 |
| 4. | അന്തിക്രിസ്തു. | 34–46 |
| 5. | ലോകാവസാനം. മരിച്ചവരുടെ ഉയിൎപ്പ്. | 46–52 |
| 6. | ദുരാത്മാക്കളുടെ വിലപനം. പുണ്യാത്മാക്കളുടെ സംതൃപ്തി. ഉയിൎപ്പിന്റെ വിശേഷങ്ങൾ. | 52–58 |
| 7. | അന്ത്യവിധിക്കുള്ള ഒരുക്കം. അതിന്റെ സാഹചര്യങ്ങൾ. | 58–63 |
| 8. | വിധിന്യായങ്ങൾ, പൊതുവിധി. | 63–76 |
| 9. | നവീനഭൂമി. ഉയിൎപ്പിന്റെയും പൊതുവിധിയുടെയും ഉദ്ദേശ്യങ്ങൾ. | 77–84 |
| 10. | സ്വൎഗ്ഗഭാഗ്യം, അതിന്റെ വിവിധവിശേഷങ്ങൾ. | 85–95 |
| 11. | നരകം. | 95–109 |

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. M200 Acc. No. 14077

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 JUN 2019 | | |
| 3 JUL 2019 | | |
| 31 JUL 2019 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M200
JOS-D

14077

ജോസഫ്. എം. മേപ്രത്ത്

ദിവ്യന്യായാധിപൻ.

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 14077

JOS-D

Author ജോസഫ്. എം. മേച്ചുത്ത്

Title ദിവ്യന്യായാധിപൻ.

Indic Digital Archive Foundation

gpura.org